എന്നിവർക്ക് പകരം വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. പി. കെ. അബ്ദുറബ്ബ്, ശ്രീ. കെ. സി. ജോസഫ്, ശ്രീ. ജി. കാർത്തികേയൻ, പ്രൊഫ. കെ. വി. തോമസ് എന്നിവരെ നിയമിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. Speaker: The motion is adopted.

XI. നിയമനിർമ്മാണകാര്യം

2005-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, 2005-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഞാൻ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 28,000 കോടി രൂപ ചെലവഴിക്കാനുള്ള ഒരു authorisation ഈ ഗവൺമെന്റിന്റെ കൈയിൽ കൊടുക്കുമ്പോൾ വളരെയേറെ ഭയാശങ്കകളുണ്ട്. എന്താണ് ഈ ഗവൺമെന്റിന്റെ നാലു വർഷക്കാലത്തെ performance? അങ്ങേയറ്റം പിടിപ്പുകേടിന്റേയും, ഭാവനയില്ലായ്മയുടേയും ഒരു പര്യായമാണ് ഈ സർക്കാർ. കൊടുത്ത പണം ചെലവാക്കുന്നുണ്ടോ? പലതും lapse ആകുകയാണ്. കേന്ദ്ര ധനസഹായം ലഭിച്ചുകഴിഞ്ഞാൽ അത് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ? ഞാൻ ഒരു ഉദാഹരണം പറയാം. ഏറ്റവും ഒടുവിൽ ഈ നിയമസഭയിൽ തന്നെ പറഞ്ഞ കാര്യമാണ്. NABARD കാർഷിക മേഖലയ്ക്ക് 400 കോടി രൂപ നൽകി. പക്ഷേ കേവലം 100 കോടി രൂപ മാത്രമേ ഈ ഗവൺമെന്റിന് ചെലവഴിക്കാൻ സാധിച്ചുള്ളൂ. Plan cut-നെ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്ന് ഈ കഴിഞ്ഞ 24-12-2004-ന് ഗവൺമെന്റ് ഉത്തരവ് കൊടുത്തു. അതിൽ പറഞ്ഞിട്ടുള്ള കാര്യം ക്രോപ് ഹസ്ബെന്ററി, ട്രെഡിഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡസ്ട്രീസ്, കുടുംബശ്രീ, പവർ സെക്ടർ ഒഴികെ എല്ലാ മേഖലയിലും ശരാശരി Plan cut 15%. എന്നാണ് MGP.-ക്ക് വേണ്ടി കൊടുത്തിട്ടുള്ള 600 കോടി രൂപയിൽ 350 കോടി ഉറുപ്പികയുടെ കട്ട് വരുത്തി. മറ്റെല്ലാ മേഖലയിലും ഞാൻ നേരത്തെ പറഞ്ഞതുപോലെയുള്ള കട്ട് ആണ് വന്നിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള ചർച്ച നടത്തിയപ്പോൾ 200 കോടി രൂപ കട്ട് വരുത്തുമെന്നാണ് പറഞ്ഞത്. യഥാർത്ഥത്തിൽ 136 കോടി രൂപ നേരത്തെ കട്ട് നടത്തിക്കഴിഞ്ഞു. ഇങ്ങനെ പോവുകയാണ് cut-ന്റെ സ്ഥിതി. ഇതാണ് കഴിഞ്ഞ നാല് വർഷക്കാലത്ത് ഉണ്ടായിട്ടുള്ള സ്ഥിതി. 15 ലക്ഷം തൊഴിൽ നൽകുമെന്നാണല്ലോ നിങ്ങൾ വാഗ്ദാനം ചെയ്തത്. യഥാർത്ഥത്തിൽ അഞ്ചേകാൽ ലക്ഷം ജീവനക്കാർ ഉണ്ടായിരുന്നത് ഇപ്പോൾ നാല് ലക്ഷത്തി അൻപത്തിയാറായിരം ആയി ചുരുങ്ങി, ഡൗൺസൈസിംഗാണ്. ഇനി കലാമിറ്റി റിലീഫ് ഫണ്ടിന്റെ സ്ഥിതിയോ? ഇന്നലെ കേരളം ഒന്നടങ്കം വളരെ ഭയാശങ്കയിലായിരുന്നില്ലേ, സുനാമി വീണ്ടും വരുന്നു എന്നു കേട്ടപ്പോൾ? എന്താണ് സുനാമിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് ചെയ്യുന്നത്? ഞാൻ ഒന്നും പറയുന്നില്ല. സുനാമി ബാധിച്ച ആലപ്പാട് ഗ്രാമ പഞ്ചായത്തിന്റെ ഭരണ സമിതി യു.ഡി.എഫ്.-കാരാണ്. ഭരണ സമിതി അംഗങ്ങൾ ഇന്നു മുതൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാരസമരം അനുഷ്ഠിക്കുകയാണ്. മൊത്തത്തിൽ കേന്ദ്ര ഗവൺമെന്റ് സുനാമിബാധിതരുടെ റിഹാബിലിറ്റേഷനുവേണ്ടി 235 കോടി രൂപ കേരള ഗവൺമെന്റിന്റെ കൈയിൽ ഏൽപ്പിച്ചു. പോരാതെ 38 കോടി രൂപ കേരളത്തിൽ നിന്ന് പിരിച്ചു എന്നാണ് ഗവൺമെന്റിന്റെ കണക്ക്. അങ്ങനെ 274 കോടി രൂപ ഇവിടെ കലാമിറ്റി റിലീഫ് ഫണ്ട് ഇനത്തിൽ ലഭിച്ചു. വേണ്ടത്ര വീട് നിർമ്മിച്ചു കൊടുത്തോ? കടൽഭിത്തി കെട്ടിയോ? പുലിമുട്ട് നിർമ്മിച്ചോ? റോഡുകളും കുടിവെള്ളവും കൊടുത്തോ? സ്കൂളുകൾ വീണ്ടും നിർമ്മിച്ചോ? അംഗൻവാടികൾ നിർമ്മിച്ചോ? ഈ പ്രശ്നങ്ങൾ ഉന്നയിച്ചാണ് യു.ഡി.എഫിന്റെ ഭരണ കർത്താക്കളായിട്ടുള്ള പഞ്ചായത്തിന്റെ ആളുകൾ ഇന്നു മുതൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാര സമരം നടത്തുന്നത്. കലാമിറ്റി റിലീഫിനു നിങ്ങൾക്ക് കിട്ടിയത് ചെലവഴിച്ചോ? അതുകൊണ്ട് വീണ്ടും തുക അനുവദിക്കുവാൻ വേണ്ടിയുള്ള ഈ ബില്ലിനെ ഞങ്ങൾ അതുപോലെ തന്നെയാണ് കാണുന്നത്. ഇനി ഒരു മുന്നേറ്റവും കേരളത്തിൽ ഇല്ല എന്ന് ഞങ്ങൾ പറയില്ല. കാരണം മറ്റെല്ലാ മേഖലയിലും നിങ്ങൾ പരാജയപ്പെട്ടെങ്കിൽപ്പോലും, ഇവിടെ കാർഷിക മേഖലയിൽ ശ്രീമതി ഗൗരിയമ്മ കൈകാര്യം ചെയ്യുന്ന കാർഷിക മേഖല വട്ടപ്പൂജ്യമാണെങ്കിലും, കേരളത്തിലിപ്പോൾ നിങ്ങൾ ആശയോടെ ഒരു കൃഷി നടത്തുന്നുണ്ട്. അതാണ് റാലികൃഷി. എല്ലാ വിഭാഗവും ഗ്രൂപ്പുകളും ഇപ്പോൾ റാലിക്കൃഷി നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ട് കരുണാകര വിഭാഗവും മുരളിയുടെ വിഭാഗവും റാലിക്കൃഷി നടത്തി. പിന്നീട് അവർ തിരുവനന്തപുരത്ത് റാലി നടത്തി. ഇപ്പോഴാണെങ്കിൽ കൊച്ചിയിൽ റാലിക്കൃഷി നടത്തി. അപ്പോഴാണ് നമ്മുടെ ഹസ്സൻജിയുടെ നേതൃത്വത്തിൽ റാലി നടത്താൻവേണ്ടി തീരുമാനിച്ചിരിക്കുന്നത്. ഔദ്യോഗിക റാലികൾ.....

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: ഞങ്ങൾ കോഴിക്കോട്ടും, എറണാകുളത്തും തിരുവനന്തപുരത്തുമൊക്കെ റാലിക്കൃഷി നടത്തി. മലപ്പുറത്ത് നടന്ന കൃഷി ഏത് കൃഷി ആയിരുന്നു?

ശ്രീ. ടി. കെ. ബാലൻ : ഞങ്ങളുടെ പാർട്ടി സമ്മേളനത്തോടനുബന്ധിച്ച് ചരിത്രത്തിൽ ഇതുവരെയില്ലാത്ത ഒരു mobilization ഞങ്ങൾ നടത്തി. അതിൽ നിങ്ങൾ ഒരിക്കലും അസൂയപ്പെടേണ്ട കാര്യമില്ല. നിങ്ങൾ നടത്തുന്നത് നിങ്ങൾക്ക് എതിരായിട്ടല്ലേ? ഇവിടെയുള്ള ജനകീയ പ്രശ്നത്തിന്റെ പേരിലാണോ നിങ്ങൾ ഈ റാലിക്കൃഷി നടത്തുന്നത്? ശ്രീ. ഹസ്സന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് റാലി നടത്താൻ തീരുമാനിച്ചപ്പോൾ ഇവിടുത്തെ കഥയറിയാമോ? ആ റാലിക്കു വേണ്ടിയുള്ള സ്വാഗതസംഘം രൂപീകരണ യോഗത്തിൽ കസേര എടുത്ത് അടി. ഹസ്സൻ കേൾക്കുന്നുണ്ടോ എന്ന് അറിയില്ല, ഹസ്സൻ എന്തായാലും കേൾക്കില്ല. തിരുവനന്തപുരത്ത് റാലിക്കൃഷിക്കുവേണ്ടിയുള്ള സ്വാഗതസംഘം രൂപീകരണ യോഗത്തിൽ പൊതിരെ അടിവന്നു. കസേര എടുത്ത് തല്ലി. എനിക്ക് തോന്നി ഇന്നലെ നമ്മളെല്ലാവരും ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കലാപരിപാടി കണ്ടില്ലേ അവിടെ ഈ കസേര എടുത്തുള്ള തല്ലുംകൂടി ബഹുമാനപ്പെട്ട വേണുവിന് നടത്താമായിരുന്നു. ആ മാതിരി പൊതിരെ തല്ലി. ഇത് എന്തിനാണ്? ജനങ്ങളുടെ പ്രശ്നത്തിനുവേണ്ടിയാണോ? ഇനി ഐക്യത്തിന്റെ ആളുകളുടെ റാലി വരുമോ എന്നറിയില്ല. ബഹുമാനപ്പെട്ട കാർത്തികേയൻ സാർ അതേപ്പറ്റി ഒന്നു വ്യക്തമാക്കിയാൽ തരക്കേടില്ല. അതുംകൂടി വന്നാൽ റാലിക്കൃഷി കേരളത്തിൽ വിജയകരമായി നിങ്ങൾ കൊണ്ടുപോകും. ജനങ്ങളുടെ പ്രശ്നങ്ങൾ എവിടെ എത്തി? നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടോ? പോരെങ്കിൽ നമ്മുടെ സീനിയറായിട്ടുള്ള രണ്ട് മന്ത്രിമാർ ജൂനിയറായിട്ടുള്ള ഒരു പയ്യനെ ഭീഷണിപ്പെടുത്തി, റാഗ് ചെയ്യുന്നു. എന്താണ് സ്ഥിതി? അദ്ദേഹം രാജി കൊടുത്തു എന്നാണറിയുന്നത്. അഭിമാനമാണ് നിങ്ങൾക്ക് അല്ലേ? സീനിയറായ ആ മന്ത്രിമാരിൽ ഒരാൾ നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയാണോയെന്ന് പത്രക്കാർ ചോദിച്ചു. നിങ്ങൾ വളരെ മോശമായ രൂപത്തിൽ പെരുമാറി, ഭീഷണിപ്പെടുത്തി. അപ്പോൾ നമ്മുടെ ധനമന്ത്രി പറഞ്ഞു, ഏയ്, ഞാനൊരു മൃദുഹൃദയനാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: മന്ത്രി ശ്രീ. അനിൽകുമാർ തന്നെ നിഷേധിച്ചിട്ടുണ്ട്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്ന്. അങ്ങ് ചാനലിലൂടെ കണ്ടതല്ലേ?

ശ്രീ. വർക്കല കഹാർ : മലപ്പുറത്തെ റാലിക്കിടയിൽ ശ്രീ. അച്ചുതാനന്ദനെ കുറിച്ച് നല്ല വർത്തമാനം പറഞ്ഞുകൊണ്ടു നിന്ന മീഡിയാ പ്രവർത്തകനെ തൂത്തുവാരി തല്ലിയത് ബാലേട്ടന് അറിയാമോ?

ശ്രീ. ടി. കെ. ബാലൻ : അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. നടന്നത്, ഞങ്ങളുടെ റാലി നടക്കുന്ന മൈതാനത്ത് ആയിരക്കണക്കിനുള്ള ആളുകളുടെ മുന്നിൽവച്ച് ഞങ്ങൾക്കെതിരായി അയാൾ റിപ്പോർട്ട് convey ചെയ്യുമ്പോൾ അത് ഇവിടെവച്ച് വേണ്ട, വേറൊരിടത്തുവച്ച് നടത്തൂ എന്നേ പറഞ്ഞുള്ളൂ. അയാൾക്ക് പരാതിയില്ലാത്തിടത്ത് എന്തിനാണ് വർക്കല കഹാറിന് പരാതി? എന്തായാലും ഇതും ഈ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഭീഷണിപ്പെടുത്തി എന്നാണ് റിപ്പോർട്ട് വന്നത്. അദ്ദേഹം തന്നെ പറഞ്ഞത് ഞാനൊരു മൃദുഹൃദയനാണെന്നാണ്. എന്താണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്ന് നമ്മൾ കാണാതിരുന്നുകൂടാ. ഇപ്പോൾ നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയേപ്പറ്റി പറയുന്നത് "Iron man", "A man of action" എന്നൊക്കെയാണ്. നമ്മൾ സമ്മതിച്ചു കൊടുത്തു. പക്ഷേ ഇന്നു മുതൽ മൂന്നുദിവസം കട അടപ്പാണ്. ജനജീവിതം സ്തംഭിപ്പിക്കത്തക്ക വിധത്തിലാണ്. ഞാൻ ചോദിക്കട്ടെ, ഈ Iron man-ന് ഇത്രയും ശക്തനായിട്ടുള്ള ധനമന്ത്രിക്ക്, ഗവൺമെന്റിന് ഇവരെയൊന്ന് അടക്കി നിർത്താൻ പറ്റില്ലേ? അവർ ചെക്ക് പോസ്റ്റിൽ വച്ച് ലോറി ചെക്ക് ചെയ്യുന്നു. ആര് അധികാരം കൊടുത്തു? ഞാൻ ചോദിക്കട്ടെ ധനകാര്യവകുപ്പുമന്ത്രിയുടെ കീഴിൽ ഇങ്ങനെയൊരു വ്യാപാരി വ്യവസായി സംഘടനയുടെ ആളുകൾക്ക് ചെക്ക് പോസ്റ്റിൽ വച്ച് ചെക്ക് ചെയ്യാനുള്ള അധികാരം ആര് കൊടുത്തു? ഇന്ന് നസീറുദ്ദീന്റെ ഒരു പ്രസ്താവനയുണ്ട്. ഈ നസീറുദീൻ പറയുന്നത് ഞങ്ങൾ അഖിലേന്ത്യാ പണിമുടക്കിന്റെ ഭാഗമായിട്ടാണ് ഇത് ചെയ്യുന്നത്. ഞങ്ങളുടെ കടമുടക്കിനു 3 ദിവസം മുമ്പെയുള്ള സ്ഥിതിതന്നെ ഈ 3 ദിവസം കഴിഞ്ഞാലും കേരളത്തിലുണ്ടാകും എന്നാണ്. അങ്ങനെയാണെങ്കിൽ പിന്നെ എന്തിനാണ് ഈ കടയടപ്പ് നടത്തുന്നത്? നസീറുദീന്റെ വിടുവായത്തത്തിനെ സംബന്ധിച്ച് ഞാൻ ഈ അസംബ്ലിയിൽ പറഞ്ഞതാണ്. ഈ കച്ചവട കമ്മ്യൂണിറ്റിയെ പരിശോധിക്കാൻ നിയമപ്രകാരം സെയിൽസ് ടാക്സ് ഓഫീസർമാർ വന്നാൽ ബിസ്മികൂട്ടി തല്ലണമെന്ന് പറഞ്ഞിട്ടില്ല. ഔദ്ധത്യത്തോടുകൂടി പെരുമാറിയിട്ടില്ല. ഒരു നേതാവല്ലേ ഈ നസിറുദ്ദീൻ? ബിസ്മികൂട്ടി എന്നുപറഞ്ഞു കഴിഞ്ഞാൽ ആട്ടിനേയും, പശുവിനേയും ഒക്കെ അറക്കുന്ന സമയത്ത് ഒരു മന്ത്രം

LIBRARY ARCHIVES Kerala Legislative Assembly

ചൊല്ലിയിട്ടാണ് അറക്കുന്നത്. അതുപോലെ സെയിൽസ് ടാക്സ് ഓഫീസർമാരെ അടിക്കുന്നതിനു മുൻപേ നിങ്ങൾ ഒന്ന് ബിസ്മികൂട്ടി അടിക്കണമെന്നാണ് പറഞ്ഞത്. ഈ നേതാവിനെ നിലയ്ക്കു നിർത്തുവാൻ ഈ ഗവണ്മെന്റിന് സാധിച്ചോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങേയറ്റം stubborn ആയിട്ടുള്ള ഒരു Iron man ആണെന്നല്ലേ പറയുന്നത്? ഞാൻ ചോദിക്കട്ടെ ഇത്രമാത്രം ഔദ്ധത്യത്തോടെ നമ്മളെ വെല്ലുവിളിച്ചിട്ട് എന്തു ചെയ്തു ഈ ഗവണ്മെന്റ്? നമ്മുടെ ശ്രീ. എം. എം. ഹസ്സൻ അവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തോട് ഒരു കാര്യം ചോദിച്ചോട്ടെ? കേരളത്തിലെപ്പോഴും ബന്ദുവരുമ്പോൾ, എപ്പോഴും ഹർത്താൽ വരുമ്പോൾ അതിനെതിരായി ഉപവസിച്ച ആളാണ് ഇദ്ദേഹം. കടയടപ്പുണ്ടായിട്ട് ഒരു പ്രതികരണമുണ്ടായില്ലല്ലോ? നാട്ടിന്റെ താൽപ്പര്യത്തിനായി ഹസ്സൻജി വല്ലതും പറഞ്ഞോ? ഞങ്ങൾ സെക്രട്ടറിയേറ്റിനു മുമ്പിൽക്കൂടി ഒരു ജാഥ നയിച്ചാൽ ഹസ്സൻജി വികാരഭരിതനാകും, പ്രതികരിക്കും, അദ്ദേഹമിവിടെ ഉണ്ണാവ്രതമെടുക്കും. എന്തായി? വാസ്തവത്തിൽ ഈ നസിറുദ്ദീന്റെ ഭീഷണിക്കു മുൻപിൽ തലകുനിച്ചിരിക്കുകയല്ലേ ഹസ്സൻജി? ഒരു സ്റ്റേറ്റുമെന്റ് പുറപ്പെടുവിക്കാൻ അദ്ദേഹത്തിന് ധാർമ്മിക ബോധമുണ്ടായോ? ഈ 3 ദിവസം ഇവിടെ സ്തംഭിച്ചിരിക്കുകയല്ലേ.?

ശ്രീ. ജി. കാർത്തികേയൻ: സർ, ഇവിടെ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ സദുദ്ദേശപരമായിട്ടുള്ള ഒരു മൂവ്മെന്റിന്റെ ആളാണ്. അവരെ കബളിപ്പിച്ചത് വ്യാപാരികളാണ്. പ്രതിഷേധിക്കാനുള്ള അവസരം ഈ ജനാധിപത്യരാജ്യത്ത് വേണമെന്നാണ് എന്റെ അഭിപ്രായം. ഞാനതു പറയുകയും ചെയ്തു. ഞാൻ പറഞ്ഞത് ശരി എന്നു വച്ചുകൊണ്ടാണ് അവരിപ്പോൾ സമരം ചെയ്യുന്നത്, അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്തത്. പക്ഷേ അവർ ശ്രീ. എം. എം. ഹസ്സനെ കബളിപ്പിച്ചു. അതിന് ശ്രീ. എം. എം. ഹസ്സനല്ല ഉത്തരവാദി.

ശ്രീ. ടി. കെ. ബാലൻ. സർ, ശ്രീ. എം. എം. ഹസ്സനെതിരെ ഒരു കബളിപ്പിക്കലും നടന്നിട്ടില്ല. ശ്രീ. എം. എം. ഹസ്സനെ കബളിപ്പിച്ചിട്ടുണ്ടെങ്കിൽ സത്യസന്ധമായി ഓപ്പണായി അദ്ദേഹം ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിക്കേണ്ടേ?

ശ്രീ. എം. എം. ഹസ്സൻ. സർ, ഞാൻ ഉപവാസം നടത്തിയത് നിർബന്ധിത ഹർത്താലുകൾക്കും അടിച്ചേൽപ്പിക്കപ്പെടുന്ന ഹർത്താലുകൾക്കുമെതിരായിട്ടാണ്. ഏതെങ്കിലും ഒരു ജനവിഭാഗത്തിന് അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം നടത്താൻ ഞാനെതിരല്ല. വ്യാപാരി വ്യവസായികൾ അവരുടെ ആവശ്യത്തിനുവേണ്ടി കടയടയ്ക്കുന്നതും ഒരു സുപ്രഭാതത്തിൽ ഒരു രാഷ്ട്രീയപാർട്ടി മിന്നൽ ബന്ദ് പ്രഖ്യാപിക്കുന്നതും വാഹനഗതാഗതം സ്തംഭിപ്പിക്കുന്നതും ഒരു പോലെയാണോ? അത് ന്യായീകരിക്കുകയല്ല. നിർബന്ധിത ഹർത്താലുകൾക്കെതിരായിട്ടാണ് ഞാൻ സമരം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: സർ, ഞങ്ങൾക്ക് ഈ സംഗതി മനസ്സിലായി. ഇതു നിങ്ങളുമായിട്ടുള്ള ഒരു ഒളിച്ചുകളിയാണ്. ചെക്ക് പോസ്റ്റിൽവച്ച് ലോറികൾ നിർബന്ധമായിട്ട് പരിശോധിക്കുന്നവർക്കെതിരായിട്ട് നിങ്ങൾ ഒരക്ഷരം പറഞ്ഞോ? ഇവിടെ അവർ നിയമം കയ്യിലെടുക്കുകയല്ലേ ചെയ്തത്? നിങ്ങളുടെ നിരാഹാരത്തിന്റെ കഥയറിയാം. ഇവിടെയിപ്പോൾ ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞു 10 മണി മുതൽ 5 മണി വരെയായിരുന്നു ഗാന്ധി മണ്ഡപത്തിൽ ഉപവാസം നടത്തിയത് എന്ന്. അതൊരു നിരാഹാരമല്ല. പക്ഷെ ഇപ്പോൾ എല്ലാ വിധത്തിലുള്ള ഗുട്ടൻസും പുറത്തുവന്നല്ലോ. ആരാ ഇവർ? പണ്ട് ഇ. കെ. നായനാരുടെ കാലത്ത് മാവേലി സ്റ്റോറുകൾ കൊണ്ടുവന്നപ്പോൾ വാമനസ്റ്റോറുണ്ടാക്കിയ ആളാണ് ഈ നസിറുദ്ദീൻ. നിങ്ങൾ ഇപ്പോൾ പ്രതികരിക്കാത്തത് എന്താണ്? ഭരണം നിങ്ങളുടെ കയ്യിലല്ലേ? എസ്മ എടുത്ത് ഉപയോഗിക്കാൻ നിങ്ങൾ തയ്യാറാണോ? പാവപ്പെട്ട ജീവനക്കാരോ, തൊഴിലാളികളോ ഇവിടെയെന്തെങ്കിലും പ്രക്ഷോഭം നടത്തുമ്പോൾ അതിനെ അപലപിക്കാൻ ശ്രീ. എം. എം. ഹസ്സനുണ്ടാകും. ESMA എടുത്ത് ഉപയോഗിക്കലല്ലേ ഇക്കാര്യത്തിൽ നിങ്ങൾ ചെയ്തുവന്നത്? ഇപ്പോൾ നിങ്ങൾ എവിടെയെന്നറിയാൻ ഞങ്ങൾ നോക്കുകയാണ്. ഇനി മറ്റൊരുകാര്യം ഞാൻ ഗവണ്മെന്റിനെപ്പറ്റിതന്നെ പറയട്ടെ. ഈ നാട്ടിന്റെ പ്രശ്നം വല്ലതും പരിഹരിക്കാൻ വേണ്ടിയാണോ നിങ്ങളുടെ ഭിന്നിപ്പ്? നിങ്ങളുടെ ഹൈക്കമാൻഡിലെ ഒരു നേതാവിനെപ്പറ്റി ഇവിടെ ഒരു നേതാവ് പറഞ്ഞത് എങ്ങനെയാണ്. അദ്ദേഹം പറഞ്ഞത് എങ്ങനെയാണ്? അദ്ദേഹം പറഞ്ഞത് അഹമ്മദ് പട്ടേലല്ല, അലുമിനിയം പട്ടേലെന്നാണ്. ഞങ്ങൾ പറഞ്ഞതല്ല, അപ്പോൾ വേറൊരു നേതാവ് പറഞ്ഞു അലുമിനിയം പട്ടേലല്ല, അത് ആക്രി പട്ടേലാണെന്നാണ്... തീരുന്നില്ല വേറൊരാൾ പറഞ്ഞു, അത് ആക്രി പട്ടേലുമല്ല, പാതിരാപട്ടേലാണെന്നാണ്. അത് ഞങ്ങൾക്ക് മനസ്സിലായില്ല; കോൺഗ്രസ്സുകാർ പാതിരാപട്ടേലെന്ന് പറയുന്നതെന്തിനാണെന്ന്. അപ്പോൾ ഞങ്ങൾ ഇക്കാര്യം ചോദിച്ചു. അവർ പറഞ്ഞു 12 മണി വരെയാണ് നമ്മുടെ പത്രം ന്യൂസ് കിട്ടിയാൽ എല്ലാം അടിക്കുന്നതെന്ന്. പത്രം അടിച്ചു എന്നു ഉറപ്പു വന്നാൽ മാത്രമെ ഈ പാതിരാപട്ടേൽ സ്റ്റേറ്റുമെന്റ് കൊടുക്കൂ; നേരം പുലരുമ്പോഴേയ്ക്കും അത് പിൻവലിക്കുകയും ചെയ്യും. അതുകൊണ്ടാണ് അദ്ദേഹത്തെപ്പറ്റി അങ്ങനെ പറയുന്നതെന്നാണ് അവർ പറഞ്ഞത്. ഇതു ഞാൻ പറയുന്നതല്ല. എന്റെ മുമ്പിൽ പത്രം ഉണ്ട്. ആ പത്രവാർത്തയിൽ വന്ന കാര്യങ്ങളാണ് ഇതെന്ന് നിങ്ങൾ കാണണം. ഇപ്പോൾ ഈ അസംബ്ളി തെരഞ്ഞെടുപ്പുകാലത്ത് നിങ്ങളുടെ നേതാവായ ശ്രീ. വയലാർ രവി ആർ.എസ്.എസ്.-ന്റെ കേന്ദ്രത്തിൽ പോയി. അക്കാര്യം ശ്രീ. സുദർശൻ പറഞ്ഞു. ഇപ്പോൾ പുതിയ തെളിവുകൾ വന്നല്ലോ. നിങ്ങൾ അത് നിഷേധിച്ചതുകൊണ്ട് കാര്യമില്ല. ഞങ്ങളുടെ ഇന്നയിന്ന ഓഫീസുകളിൽ പോയി ഇന്നയിന്ന ആളുകളെയാണ് കണ്ടതെന്ന്. അക്കാലത്തെ ഈ ബി.ജെ.പി.-യുടെ വോട്ടുതന്നെ പരിശോധിച്ചാൽ അത് അറിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യമല്ലേ? അന്നേ ഞങ്ങൾ പറഞ്ഞു ബി.ജെ.പി.യുടെ വോട്ടുകൊണ്ടാണ് നിങ്ങൾ ഇപ്പോൾ ഈ കളി കളിക്കുന്നതെന്ന്. ഇപ്പോൾ സത്യം സത്യമായി പുറത്തു വന്നിരിക്കുന്നു. എന്തു പറയാനുണ്ട് നിങ്ങൾക്ക്? നിങ്ങളുടെ രാഷ്ട്രീയ സദാചാരത്തിന്റെ നിലവാരമല്ലേ അത്?

ശ്രീ. പി. ജെ. ജോയി: സർ, ശ്രീ. സുദർശൻ പറയുന്നതാണോ, ശ്രീ. വയലാർ രവി പറയുന്നതാണോ അങ്ങ് വിശ്വസിക്കുന്നത്?

ശ്രീ. ടി. കെ. ബാലൻ: സർ, വോട്ട് മറിച്ചുവെന്ന് അന്ന് ബി.ജെ.പി.യുടെ ഇലക്ഷൻ റിവ്യൂവിൽ ഉണ്ടായിരുന്നു. ഇത് ആകെത്തന്നെ analyse ചെയ്താൽ അറിയാൻ പറ്റും. ഇപ്പോൾ ശ്രീ. സുദർശൻ പറഞ്ഞപ്പോൾ, തടി തപ്പാൻ ശ്രീ. വയലാർ രവി നിഷേധിച്ചാൽ ആര് വിശ്വസിക്കാനാണ്? ഈ നാട്ടിൽ ആരെങ്കിലും വിശ്വസിക്കുമോ? ഇനി വേറെ ഒരു കാര്യം പറയട്ടെ. ഇനി വരൾച്ച വരികയാണ്. കഴിഞ്ഞ പ്രാവശ്യം കഠിനമായ വരൾച്ചയായിരുന്നു. അന്ന് നിങ്ങൾ ചെലവാക്കാൻ തീരുമാനിച്ചതൊന്നും ചെലവാക്കിയില്ല. നിങ്ങൾക്കെങ്ങനെ ഇതൊക്കെ ചെലവാക്കാൻ പറ്റും? കൃഷി നശിച്ചവർക്ക് നിങ്ങൾ 63 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. മൊത്തം 305 കോടി രൂപ അനുവദിച്ചുവെന്ന് നിങ്ങൾ പ്രഖ്യാപിച്ചതാണ്. നിങ്ങൾ ഒന്നും കൊടുത്തില്ല. പഞ്ചായത്തുകളിൽ 50 ലക്ഷം മഴക്കുഴി കുഴിക്കുമെന്ന് പറഞ്ഞു. അതെല്ലാം ചതിക്കുഴിയാവുകയല്ലേ ചെയ്തത്? നിങ്ങൾ വല്ലതും ചെയ്തോയെന്ന് ആലോചിച്ചുനോക്കണം. നേരത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി പറഞ്ഞത്, ഇതാ 49 കോടി രൂപ കേന്ദ്രത്തിന്റേതുകൂടി ചേർത്ത് 200 കോടി രൂപ ജില്ലാ കളക്ടറുടെ കയ്യിൽ കൊടുക്കുന്നുവെന്ന്. മാർച്ച് 24-ന്, 105 കോടി കൊടുക്കുന്നുവെന്ന് പറഞ്ഞു. ആകെ 4000 കോടി രൂപയുടെ കൃഷിനാശം സംഭവിച്ച 40 ലക്ഷം കൃഷിക്കാർക്ക് നിങ്ങൾ 63 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ കൂടി പറയാം. ചന്ദ്രിക പത്രം ഒഴികെ ബാക്കി ഇന്നത്തെ എല്ലാ പത്രവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്, നമ്മുടെ കെ.എസ്.ടി.പി. എന്നു പറയുന്നത് ഒരു റോഡ് പ്രോജക്ടാണ്. ലോക ബാങ്കിന്റെ കയ്യിൽ നിന്നും ലഭിക്കുന്ന പണം ഉപയോഗിച്ചു നടത്തുന്നതാണ്. അതിൽ 1300 കോടി രൂപ ഉൾപ്പെടുന്ന arbitration case വരികയാണ്. ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെപ്പറ്റി നമ്മുടെ P.W.D. യുടെ സ്പെഷ്യൽ സെക്രട്ടറി മിസ്സിസ് ലിഡാ ജേക്കബ്, അതുപോലെത്തന്നെ ഗവണ്മെന്റ് പ്ലീഡറായ ശ്രീ. അനിൽ തോമസ് ഇവരും P.W.D.യിലെ മറ്റ് ഉദ്യോഗസ്ഥന്മാരും കൂടെ എറണാകുളത്ത് ഈ കഴിഞ്ഞ ദിവസം 16-ാം തീയതി അവിടെയുള്ള അബാദ് പ്ലാസാ എന്ന ഹോട്ടലിൽ യോഗം ചേരുകയുണ്ടായി. ആ ഹോട്ടലിലെ യോഗത്തിൽ വച്ച് അവർ തീരുമാനിച്ചത് ആർബിട്രേഷൻ കേസിൽ ഒരു ശതമാനം ഈ ഗവണ്മെന്റ് പ്ലീഡർക്ക് കൊടുക്കണമെന്നാണ്. 1300 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ ഒരു ശതമാനം എത്രയാണ്? ഒരു ശതമാനമാണ് ഗവൺമെന്റ് പ്ളീഡർക്കു കൊടുക്കുന്നത്. ഈ ഇനത്തിൽ 13 കോടി രൂപയാണ് ഗവൺമെന്റ് പ്ളീഡറുടെ കൈയ്യിലേക്ക് പോകുന്നത്. ഗവൺമെന്റ് മാറിയാലോ, അര ശതമാനം കൊടുക്കണം. എന്നുപറഞ്ഞാൽ ആറരകോടി രൂപ ഗവൺമെന്റ് പ്ളീഡർക്കു കൊടുക്കണം. അത്ഭുതകരമായ കാര്യമാണ്. സാധാരണ എ.ജി. യോട് ചോദിക്കുകയാണ് ചെയ്യുക. അതിനുപകരം ശ്രീ. അനിൽ തോമസിനെതന്നെ നേരിട്ടു കിട്ടണം എന്ന് പറഞ്ഞുകൊണ്ട് ഇവിടെനിന്ന് അങ്ങോട്ട് എഴുതുകയാണ്. എ. ജി. അറിഞ്ഞില്ല. അദ്ദേഹം മൂന്നു ദിവസം ശബരിമലയിൽ ആയിരുന്നു. അദ്ദേഹം തിരിച്ചുവന്നപ്പോൾ ഈ വിവരം അറിഞ്ഞു. അത് ക്യാൻസൽ ചെയ്തു. 23-ാം തീയതി ചേർന്നിട്ടുള്ള യോഗത്തിന്റെ മിനിട്സിൽ അതിശക്തമായി ശ്രീമതി ലിഡാ ജേക്കബിനെതിരായിട്ട് എ. ജി. എഴുതിവച്ചിരിക്കുകയാണ്. സത്യസന്ധമല്ലാതെ തിരിമറി നടത്താൻ വേണ്ടി ഈ 13 കോടി രൂപ തട്ടിയെടുക്കാൻവേണ്ടി ഈ അനിൽ തോമസും ലിഡാ ജേക്കബും ചെയ്തതാണിത്. എ. ജി. ഒരു ഗവൺമെന്റ് സെക്രട്ടറിയ്ക്കെതിരായി പറഞ്ഞിട്ടുള്ളതാണ്. ഇതിനെപ്പറ്റി കാര്യമായി ആലോചിക്കണം. ഒരു കാര്യം കൂടി പറയാനുണ്ട്. നികുതി ഇളവ് വഴിവിട്ട് കൊടുത്തിരിക്കുന്നത് ബഹുമാനപ്പെട്ട ധനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. Packed Mineral Water Unit-പത്തെണ്ണം ഇതിൽ ഉണ്ട്. വ്യവസായ വകുപ്പ് അവർക്ക് tax exemption കൊടുത്തു. അവസാനം ഇതിന് നികുതി ബാധകമാണെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ അപ്പീൽ നൽകി. അപ്പീൽ നൽകിയപ്പോൾ ഹൈക്കോടതി പറഞ്ഞത്, കുപ്പിയിൽ വെള്ളം നിറയ്ക്കുന്നത് മാനുഫാക്ചറിംഗ് പ്രോസസ് അല്ല; അതിനാൽ അവർ ടാക്സ് കൊടുത്തേ തീരൂ, 20% ടാക്സ് ആണ് എന്നാണ്. മൂന്നുകോടി തൊണ്ണൂറു ലക്ഷം രൂപയാണ് ഈ ഇനത്തിൽ നഷ്ടമായത്. ഈ ഗവൺമെന്റ് ഹൈക്കോടതി വിധിയെക്കൂടി കാറ്റിൽ പറത്തിയിരിക്കുന്നു. മൂന്നുകോടി തൊണ്ണൂറു ലക്ഷം രൂപ എന്തിന് തിരിച്ചു കൊടുത്തു? ഗവൺമെന്റിന് ഹൈക്കോടതി വിധി ബാധകമല്ലേ? ടാക്സസ് ഡിപ്പാർട്ട്മെന്റിൽ എന്താണ് തിരിമറി നടത്തുന്നത്? അങ്ങ് ഇതിനെപ്പറ്റി കാര്യമായി ആലോചിക്കണം. ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രി വരുന്നതിനുമുൻപ് നടന്നിട്ടുള്ളതാണ്. അതുകൊണ്ടാണ് ഞാൻ എഴുതിക്കൊടുത്ത ആരോപണം കൊണ്ടുവരാത്തത്. ഇങ്ങനെ ഹൈക്കോടതി വിധിയെപ്പോലും, പാക്കഡ് ഗുഡ്സ് ഒരു പ്രോസസിംഗ് യൂണിറ്റ് അല്ല എന്ന് പറഞ്ഞുകൊണ്ട് എക്സംഷൻ കൊടുത്തിട്ടുള്ളതിനെ, ഹൈക്കോടതി വിധി മറികടന്നുകൊണ്ട് ഇവിടെ എന്തു നടന്നു എന്നുള്ളത് അങ്ങ് ഗൗരവതരമായി അന്വേഷിച്ച് സഭയെ അറിയിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

XII. പരാമർശം

ഉദ്യോഗസ്ഥ ഗ്യാലറിയിൽ ഉദ്യോഗസ്ഥൻമാർ ഹാജരില്ലാത്തതു സംബന്ധിച്ച്

ശ്രീ. സാജു പോൾ : സർ, ധനകാര്യ ബില്ലിനെ സംബന്ധിച്ച് ഇത്ര ഗൗരവമായ ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥ ഗ്യാലറിയിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻമാരാരുമില്ല. ഇത് ആരാണ് നടപ്പാക്കുന്നത്? ഇവിടെ ഒരു ഭരണ സംവിധാനമുണ്ടോ? ഇത് ആരു ചെയ്യും? ഇവിടെ ചർച്ച ചെയ്യുന്ന കാര്യങ്ങളടക്കം നടപ്പാക്കേണ്ടതല്ലേ? അങ്ങ് ശക്തമായി ഇടപെടുകയും ഇന്ന് ഹാജരാകാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയറിന് ഓർമ്മയുണ്ട്.

ശ്രീ. സാജു പോൾ : സർ, അങ്ങിൽ മാത്രമാണ് ഞങ്ങളുടെ പ്രതീക്ഷ.

മി. ഡെപ്യൂട്ടി സ്പീക്കർ : പറഞ്ഞത് ശരിയാണ്, അതിൽ കാര്യമായ നടപടിയെടുക്കും.

ശ്രീ. എം. വി. ജയരാജൻ : സർ, അസാധരണമായ ഒരു കാര്യമാണിത്. ധനകാര്യവകുപ്പിന്റെ ധനകാര്യ ബില്ലിന്റെ ചർച്ചയാണ്. ധനകാര്യവകുപ്പിൽ നിന്നും ഒരു ഉദ്യോഗസ്ഥൻപോലും ഇല്ല. അതാണ് ഗൗരവതരമായ വിഷയം.

നിയമനിർമ്മാണകാര്യം *(തുടർച്ച)*

ശ്രീ. വി. ഡി. സതീശൻ : സർ, ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ പിൻതാങ്ങുന്നു. സാധാരണയായി നമ്മുടെ നിയമസഭയിൽ ഡിമാന്റ് ചർച്ചകൾ നടക്കുമ്പോൾ ഓരോ വകുപ്പിനെയും കുറിച്ചുള്ള കൂലങ്കഷമായ ചർച്ചകളാണ് നടക്കാറുള്ളത്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. കെ. ബാലൻ കോൺഗ്രസ് ഗ്രൂപ്പ് വഴക്കിനെപ്പറ്റിയും മറ്റും സൂചിപ്പിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയത്. എന്റെ വിനീതമായ അഭിപ്രായം ഈ കഴിഞ്ഞ ഡിമാൻഡ് ചർച്ചയിൽ രണ്ടു പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഉണ്ടായ ആഭ്യന്തര കലഹങ്ങൾ ഇത്രയും ദിവസം നീണ്ടു നിന്ന സഭയിൽ നടന്ന ഡിമാന്റ് ചർച്ചകളെ സ്വാധീനിച്ചിട്ടുണ്ട് എന്നാണ്. ഞാൻ പഴയ റിക്കോഡുകൾ പരിശോധിച്ചപ്പോൾ ഡിമാന്റ് ചർച്ചകളിൽ പോരുകോഴികളെപോലെ പൊരുതുന്ന പ്രതിപക്ഷാംഗങ്ങളെയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ദൗർഭാഗ്യവശാൽ മലപ്പുറത്തുനടന്ന പെരുമഴയ്ക്ക് ശേഷം നനഞ്ഞ കോഴിയെപ്പോലെ ഇരുന്ന പ്രതിപക്ഷത്തെയാണ് കഴിഞ്ഞ ദിവസങ്ങളിൽ ഡിമാന്റ് ചർച്ചകളിൽ നമുക്കിവിടെ കാണാൻ കഴിഞ്ഞത്. ഇപ്പോഴും എന്ത് രാഷ്ട്രീയമുണ്ടായാലും ഒരോ വകുപ്പുകളെക്കുറിച്ചുമുള്ള തലനാരിഴ കീറിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന ഡിമാന്റ് ചർച്ചകളിൽ നടക്കണം, എന്നാഗ്രഹിക്കുന്ന ഒരംഗമാണ് ഞാൻ. നാലുവർഷത്തെ യു.ഡി.എഫ്. ഭരണത്തെക്കുറിച്ച് ഒരു റിവ്യൂ നടത്താനും യു.ഡി.എഫ്.-ന്റെ പോളിസി എങ്ങനെയാണ് ഇവിടെ നടപ്പിലാക്കിയിരിക്കുന്നതെന്നു പരിശോധന നടത്താനുമുള്ള ഒരു അവസരം തന്നെയാണ് ഈ ചർച്ചകൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം ഈ ഗവൺമെന്റ് ഒരു ജനാധിപത്യഭരണകൂടം എന്ന നിലയിൽ, അല്ലെങ്കിൽ ഒരു ക്ഷേമരാഷ്ട്രം, ഒരു Welfare State എന്നുള്ള സങ്കല്പത്തിൽ നിന്ന് ഒളിച്ചോടുന്നു എന്നുള്ളതായിരുന്നു. ഓരോ വകുപ്പിലും ഉണ്ടായ മാറ്റങ്ങളും ഓരോ വകുപ്പിലും നടപ്പിലാക്കിയ പോളിസികളും പരിശോധിക്കുമ്പോൾ ഒരു ജനാധിപത്യ ഭരണകൂടത്തിന് അലങ്കാരമായ രീതിയിൽ ഒരു Welfare State എന്ന സങ്കല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളോടുള്ള ബാധ്യതകളിൽ നിന്ന് ഒളിച്ചോടാതെയുള്ള തീരുമാനങ്ങൾ തന്നെയാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സമ്പദ്ഘടന വളരെ അടുക്കും ചിട്ടയോടുംകൂടിയതാക്കി മാറ്റാൻ ഇപ്പോൾ നമുക്കു കഴിഞ്ഞിരിക്കുന്നു എന്നുള്ളത് ധനവിനിയോഗബില്ലിന്റെ ചർച്ചയിൽ ഏറ്റവും പ്രധാനമായി പരാമർശിക്കപ്പെടേണ്ടകാര്യമാണ്.... ഇതിനു മുൻപുണ്ടായിട്ടുള്ള ബജറ്റിംഗിൽ നിന്നും വ്യത്യസ്തമായി വളരെ ചിട്ടയോടും ക്രമത്തോടും കൂടിയ ബജറ്റിംഗ് സംവിധാനം ആവിഷ്ക്കരിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ധനകാര്യമന്ത്രിയ്ക്ക് അഭിമാനിക്കാനുള്ള ഒരു കാര്യം. ഇതിനുമുൻപുണ്ടായിരുന്ന ബജറ്റിംഗ് poor budgeting എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതായിരുന്നു. യാതൊരു അടുക്കും ചിട്ടയുമില്ലാത്ത ഒരു ബജറ്റിംഗ് സമ്പ്രദായമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് budget constraint rules അനുസരിച്ച് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകേണ്ട നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട്, നിയമങ്ങൾ പാലിച്ചുകൊണ്ട് ഒരു ചട്ടക്കൂട് ഇവിടെ ഉണ്ടാക്കിയിരിക്കുന്നു. അതാണ് നമ്മുടെ സാമ്പത്തിക സൂചകങ്ങൾ കാണിക്കുന്നത്. നമുക്ക് പൂർണ്ണമായ സംതൃപ്തി നൽകുന്നില്ലായെങ്കിൽ പോലും ആശാവഹമായ മാറ്റങ്ങൾ നമ്മുടെ സാമ്പത്തിക സൂചകത്തിൽ കാണിക്കുന്നു. ഞാൻ ബജറ്റ് പ്രസംഗത്തിൽ ആ കാര്യം സൂചിപ്പിച്ചിരുന്നതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. ഇവിടെ സമ്പൂർണ്ണ ബഡ്ജറ്റ് നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞതിന് ഞാൻ ബഹുമാനപ്പെട്ട ധനമന്ത്രിയെ അഭിനന്ദിക്കുന്നു. അദ്ദേഹം വളരെ കർശനക്കാരനാണ്, Iron Man ആണെന്നൊക്കെ ശ്രീ. ടി. കെ. ബാലൻ ഇവിടെ സൂചിപ്പിച്ചു. ധനകാര്യ മാനേജ്മെന്റിന്റെ ഒരു ചട്ടക്കൂടുണ്ടെന്നും ഒരു Frame work ഉണ്ടെന്നും വളയമില്ലാതെ ചാടാൻ കഴിയില്ലെന്നും അദ്ദേഹം എല്ലാവരെയും ബോധ്യപ്പെടുത്തി എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രധാന നേട്ടം. അദ്ദേഹം കർശനക്കാരൻ ആണ്. കർശനമായ നിയന്ത്രണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുമുൻപുണ്ടായിരുന്ന സംവിധാനത്തിൽ ബഡ്ജറ്റിൽ എന്തുപറഞ്ഞാലും consolidated fund-ൽ നിന്നുപോലും ക്യാബിനറ്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം പോലുമില്ലാതെ പണം എടുത്തു ചെലവാക്കിയിരുന്ന യാതൊരു നിയന്ത്രണവുമില്ലാത്ത ധനവിനിയോഗത്തിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കാനും നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞു എന്നുള്ളതാണ് ധനകാര്യമാനേജ്മെന്റിന്റെ ഒരു മികച്ച വിജയമായി കാണുന്നത്. ധന സംബന്ധിയായ കാര്യങ്ങളിൽ അതിന്റെ ഒരു ഏകോപനം, നമ്മുടെ പൊതു മേഖലയുടെ restructuring-നുള്ള, അതുപോലെ നമ്മുടെ ഊർജ്ജ മേഖലയുടെ പരിഷ്ക്കരണത്തിനുവേണ്ടിയുള്ള ഇടപാടുകളിലെ സുതാര്യത, ഇവയെല്ലാം ലക്ഷ്യമിട്ടുകൊണ്ട് നിരവധി പരിഷ്ക്കാരങ്ങൾ ധനസംബന്ധിയായ പരിഷ്ക്കാര നടപടികൾ കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും എല്ലാം നടപ്പിലാക്കി കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അതിന് അനുസൃതമായ, കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കി മുന്നോട്ടു പോകേണ്ട ഒരു ബാധ്യത നമുക്കുണ്ട്. നമ്മൾ ഇവിടെ സ്കീം ചെയ്തിരിക്കുന്നത് Medium Term Fiscal Reforms Programme ആണ്. സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മറ്റു പല സംസ്ഥാനങ്ങളിലും ചെയ്തതുപോലെ Medium Term Fiscal Policy നമ്മളും എടുത്തിരിക്കുന്നു. റവന്യൂ കമ്മി കുറയ്ക്കുന്നതിനും മാതൃകാപരമായ നീക്കങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. എനിക്ക് നിർദ്ദേശിക്കാനുള്ളത് സാമ്പത്തിക സൂചകങ്ങൾ ചൂണ്ടിക്കാണിക്കുന്നതുപോലെ വെറുമൊരു ന്യൂമെറിക്കൽ ടാർജറ്റിനെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനം അല്ല നമുക്ക് വേണ്ടത്. ധനകാര്യ മാനേജ്മെന്റിന്റെ പ്രസക്തിയെന്താണ്, എന്താണ് നല്ല ധനകാര്യ മാനേജ്മെന്റിന്റെ യുക്തി എന്നുള്ളതിനെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും മന്ത്രിമാരെയും ഉദ്യോഗസ്ഥൻമാരെയും ജനപ്രതിനിധികളെയുമെല്ലാം ബോധ്യപ്പെടുത്താൻ കഴിയുന്ന സാമ്പത്തിക നിയന്ത്രണങ്ങളുടെ ആവശ്യകതയെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള ഒരു പരിപാടികൂടി ധനവകുപ്പിന്റെ ഭാഗമായി നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ ബഡ്ജറ്റിംഗിലും ക്യാഷ് മാനേജ്മെന്റിലും ആവശ്യമായ അനുബന്ധ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കണം. നമ്മുടെ ബഡ്ജറ്റിംഗും ക്യാഷ് മാനേജുമെന്റുമൊന്നും നമ്മുടെ വികസനപ്രക്രീയയെ തടസ്സപ്പെടുത്തുന്നതാകരുത്. അതിനാവശ്യമായ പരിഷ്ക്കാരങ്ങൾ ഉണ്ടാകണം. ട്രഷറി കോഡിലായാലും ഫിനാൻഷ്യൽ കോഡിലായാലും അതിലൊന്നും പറയുന്ന നിർദേശങ്ങൾ നമ്മുടെ വികസന പ്രക്രിയയെ തുരങ്കം വയ്ക്കാനും അതിനെ തടസ്സപ്പെടുത്താനും പാടില്ല. നമ്മുടെ ട്രഷറിയുടെ ക്രയവിക്രയങ്ങളെ തടസ്സപ്പെടുത്താനുള്ള എന്തെങ്കിലും നിർദേശങ്ങൾ അത്തരം കോഡുകളിൽ ഉണ്ടെങ്കിൽ അതൊക്കെ കാലാനുസൃതമായി മാറ്റാൻ നമുക്ക് ബാധ്യതയുണ്ട്. ഇവിടെ ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് മറുപടിയായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു, വിവിധ വകുപ്പുകളിൽനിന്നു വരുന്ന നിർദേശങ്ങളാണ് ബഡ്ജറ്റിൽ നമ്മൾ ക്രമീകരിക്കുന്നതെന്ന്. വിവിധ വകുപ്പുകളിൽ നിന്ന് നിർദ്ദേശങ്ങൾ വരുമ്പോൾ ആ

നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിലുള്ള നിർദ്ദേശങ്ങൾ ആയി മാറരുത്. ഇവിടെ നമ്മുടെ ബഡ്ജറ്റിൽ ക്ഷീര വകുപ്പിൽ നിന്ന് വന്ന നിർദ്ദേശം അൻപതുപേർക്ക് രണ്ടു പശുക്കളെ വീതം നൂറു പശുക്കളെ കൊടുക്കണമെന്നതാണ്. പഞ്ചായത്തിന്റെ ബഡ്ജറ്റിൽപോലുംപ്പെടുത്തുന്ന കാര്യങ്ങളല്ല ഇത്. ഓരോ വകുപ്പിലെയും പ്രയോറിറ്റി എന്താണെന്ന് തീരുമാനിച്ചുകൊണ്ട് അതിനനുസരിച്ചുള്ള മൊത്തമായ ഒരു സംവിധാനമാണ് നമുക്ക് വേണ്ടത്. വകുപ്പിന്റെ പ്രയോറിറ്റി അതാതു വകുപ്പുകൾ തിരുമാനിക്കുകയും അവർ അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും അത് കോ-ഓർഡിനേറ്റ് ചെയ്യുന്ന, ധനസംബന്ധിയായ നിയന്ത്രണം ഏർപ്പെടുത്തുന്ന, ഒന്നായി നമ്മുടെ ബഡ്ജറ്റ് മാറണം എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇത്തരം കാര്യങ്ങളിൽ നമ്മുടെ സബ്ജക്ട് കമ്മിറ്റിക്ക് നിയന്ത്രണങ്ങൾ ഉണ്ട്. സബ്ജക്ട് കമ്മിറ്റി നിർദ്ദേശിക്കുന്നവയെല്ലാം നമുക്ക് ബഡ്ജറ്റിൽ ചേർക്കാൻ കഴിയില്ലെങ്കിലും അതിന്റെ പ്രയോറിറ്റി തീരുമാനിക്കുന്ന കാര്യത്തിൽ വിലപ്പെട്ട നിർദ്ദേശങ്ങൾ കൊടുക്കാൻ സബ്ജക്ട് കമ്മിറ്റിക്ക് കഴിയും എന്നുതന്നെയാണ് എനിക്ക് തോന്നുന്നത്.സർ, നമ്മുടെ ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പണം ചെലവാക്കുന്നത്, വലിയ ശതമാനം പണം ചെലവാക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടിയാണ്. കേരളത്തിലെ ഏറ്റവും സെൻസിറ്റീവായ ഒരു ഡിപ്പാർട്ട്മെന്റാണ് വിദ്യാഭ്യാസ വകുപ്പ്. എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകും. നമ്മുടെ പ്രബുദ്ധ കേരളം, സാക്ഷര കേരളം വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളെ വളരെ ഉൽക്കണ്ഠയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഒരുപാട് ആക്ഷേപങ്ങൾ ഏറ്റുവാങ്ങുകയും ഒരുപാട് ആരോപണങ്ങൾക്ക് വിധേയമാകുകയും ചെയ്തത് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടാണ്. പക്ഷേ ആദ്യകാലത്തുണ്ടായ ആക്ഷേപങ്ങളിൽ നിന്നും അതുന്നയിച്ച ആളുകൾ തന്നെ പുറകോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് വിദ്യാഭ്യാസപരമായി ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിലനിർത്തുന്ന കാര്യത്തിൽ പിന്നോട്ടു പോയിട്ടില്ല എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് സർക്കാർ വിദ്യാലയങ്ങൾ മുഴുവൻ അടച്ചുപൂട്ടാൻ പോകുന്നു, എല്ലാ വിദ്യാലയങ്ങളും സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുക്കാൻ പോകുന്നു, വിദ്യാഭ്യാസമേഖലയെ മുഴുവൻ കച്ചവടച്ചരക്കാക്കാൻ പോകുന്നു എന്ന ആക്ഷേപമുന്നയിച്ച ആളുകളാണ് ഇവിടെയുള്ളത്. എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഈ ഗവൺമെന്റ് വന്നശേഷം അടച്ചുപൂട്ടിയത്? നിങ്ങൾക്ക് പറയാമോ? ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വർഷങ്ങൾക്ക് മുമ്പു തന്നെ അടച്ചുപൂട്ടേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ പോകുന്നു എന്ന ഭീഷണിയുണ്ടായപ്പോൾ അത് ഗൗരവത്തോടുകൂടി കണ്ടുകൊണ്ട്, അവിടെയുള്ള അദ്ധ്യാപകരും രക്ഷാകർത്താക്കളും ജനപ്രതിനിധികളും ഒരുമിച്ച് ചേർന്നുകൊണ്ട് ആ വിദ്യാഭ്യാസ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും അവിടെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്തു. നമ്മുടെ സർക്കാർ വിദ്യാലയങ്ങളിൽ നാലാം ക്ളാസ് വരെ പഠിച്ചാൽപ്പോലും എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത നമ്മുടെ കുട്ടികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എഴുതാനും വായിക്കാനുമുള്ള സ്ഥിതിവിശേഷമുണ്ടാക്കി. സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ മോശക്കാരാണോ? പി.എസ്.സി. പരീക്ഷ എഴുതി ഒന്നാം സ്ഥാനത്ത് വന്ന ആളുകളാണ് സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ. പി.എസ്.സി. പരീക്ഷയിൽ തോറ്റുപോകുന്ന ആളുകളാണ് എയ്ഡഡ് സ്കൂളുകളിലേയും അൺ എയ്ഡഡ് സ്കൂളുകളിലേയും അദ്ധ്യാപകർ. അങ്ങനെ വരുമ്പോൾ നിലവാരം വേണ്ടത് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്കാണ്. പക്ഷേ ഒരു കാലഘട്ടത്തിൽ പഠിച്ചാലും പഠിപ്പിച്ചില്ലെങ്കിലും ഒന്നാം തീയതി ശമ്പളം കിട്ടുന്നു എന്നുള്ള ധാരണ സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഉണ്ടായപ്പോൾ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച നമുക്ക് അനുഭവപ്പെട്ടു. ഈ ഗവൺമെന്റ് കർശനമായ തീരുമാനങ്ങൾ എടുത്തപ്പോൾ വിദ്യാഭ്യാസ നിലവാരമില്ലാത്ത സ്കൂളുകൾ, കുട്ടികളുടെ എണ്ണം തീരെ ഇല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുമെന്നുള്ള ഭീഷണി പുറപ്പെടുവിച്ചപ്പോൾ അതിന് പോസിറ്റീവായ ഒരു ഫലമുണ്ടായി. അതിന്റെ ഫലമായി അടച്ചുപൂട്ടേണ്ടിയിരുന്ന കേരളത്തിലെ നിരവധി സർക്കാർ വിദ്യാലയങ്ങൾ ഇന്ന് നല്ല രീതിയിൽ നടന്നുപോകുന്നു. നമ്മൾ സ്വാശ്രയ കോഴ്സുകൾ ആരംഭിച്ചപ്പോൾ...

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പക്ഷേ ഇതുപോലെ പരിഹരിക്കപ്പെടേണ്ട ഒരു കാര്യമാണ് കേരളത്തിൽ എയ്ഡഡ് വിദ്യാലയങ്ങൾ, സർക്കാർ വിദ്യാലയങ്ങൾ എന്നിവ ഉള്ള സ്ഥലത്തുതന്നെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ വ്യാപകമായി അനുവദിക്കുകയാണ് എന്നത്. കഴിഞ്ഞ വർഷം മാത്രം 46 അൺ എയ്ഡഡ് വിദ്യാലയങ്ങൾ അനുവദിച്ചതിന്റെ ഫലമായി എന്റെ മണ്ഡലത്തിൽപ്പെടുന്ന രണ്ട് സ്കൂളുകൾ അൺ ഇക്കണോമിക് ആയി മാറിയെന്ന കാര്യം എനിക്ക് അനുഭവമുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. സർക്കാർ വിദ്യാലയങ്ങൾ നല്ല രീതിയിൽ നടക്കുന്നത് നോക്കി, ഒരു പ്രത്യേക ദൂരപരിധി വച്ചുകൊണ്ട് മറ്റ് അൺ എയ്ഡഡ് വിദ്യാലയങ്ങൾ അനുവദിക്കുന്നതിനോട് വ്യക്തിപരമായി യോജിപ്പുള്ള ആളല്ല ഞാൻ. ഇത്തരം കാര്യങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരം സർക്കാർ വിദ്യാലയങ്ങൾക്കും അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

പി.ടി.എ.യ്ക്കും പരാതികൾ കൊടുക്കാനും ആ പരാതികൾ ഒരു കമ്മിറ്റിയിൽ പരിശോധിക്കാനുമുള്ള സംവിധാനം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്തു വിലകൊടുത്തും നിലനിർത്തണമെന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റിന്റെ പോളിസി. സ്വാശ്രയ സ്ഥാപനങ്ങൾ വന്നതുകൊണ്ട് എല്ലാ പൊതുവിദ്യാലയങ്ങളും അടച്ചുപൂട്ടണം എന്നുള്ള നിലപാടല്ല ഈ ഗവൺമെന്റിനുള്ളത് എന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്ക് പൂർണ്ണമായി തള്ളിക്കളയാൻ കഴിയുമോ? ഒന്നോ രണ്ടോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെന്റിനേയും കേരളത്തിലെ ജനങ്ങളേയും വെല്ലുവിളിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കിയെങ്കിലും അതോടൊപ്പം വന്ന നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാഭ്യാസ കേന്ദ്രമായി കേരളത്തിനെ മാറ്റാൻ ഒരുപാട് സഹായിച്ചിട്ടുണ്ട് എന്ന അഭിപ്രായം എനിക്കുണ്ട്. കേരളത്തിൽ ആരംഭിച്ച നേഴ്സിംഗ് കോളേജുകൾ, ലക്ഷക്കണക്കിന് നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ജോലിക്കുള്ള സാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. നല്ല മാനേജ്മെന്റ് സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. നല്ല എൻജിനീയറിംഗ് സ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്, നല്ല സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അതുമായി ബന്ധപ്പെട്ട നിക്ഷേപം ഇതെല്ലാം കേരള ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ടുണ്ടായതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയം മുതൽ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് രണ്ട് സ്വാശ്രയ കോളേജ് ഒരു ഗവൺമെന്റ് കോളേജിന് തുല്യം എന്നുള്ളത്. ഇതുവരെ ഇക്കാര്യം പാലിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഈ കാര്യത്തിൽ ആത്മാർത്ഥമായ നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? മാനേജ്മെന്റിന് അനുകൂലമായ തീരുമാനമല്ലേ ഗവൺമെന്റ് എടുക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ഗവൺമെന്റിന് ഒരു പോളിസിയുണ്ട്. പക്ഷേ അതിനിടയ്ക്കുണ്ടായ സുപ്രീംകോടതി വിധിയും, വിദ്യാഭ്യാസ മേഖലയും സ്വാശ്രയ മേഖലയുമായി ബന്ധപ്പെട്ടുണ്ടായ നിയമനിർമ്മാണവും അതിനുശേഷംവന്ന സുപ്രധാനമായ സുപ്രീംകോടതി വിധിയും ഇത് പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ ഗവൺമെന്റിന് വിലങ്ങുതടിയായി നിന്നു എന്നുള്ള യാഥാർത്ഥ്യം കൂടി നിങ്ങൾ തിരിച്ചറിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള പണം ഗവൺമെന്റിന് ഇല്ലാത്തതുകൊണ്ട്, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ, നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള നിരവധി വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ പോയി കുട്ടികൾക്ക് പഠിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന യാഥാർത്ഥ്യം ആർക്കും മറച്ചുവയ്ക്കാൻ കഴിയില്ല. മറ്റൊന്നു പറയാനുള്ളത്, ധർമ്മാശുപത്രികൾ എന്നൊരു സങ്കൽപ്പം നമുക്കുണ്ട്. ഗവൺമെന്റ് ധർമ്മാശുപത്രികൾ മുഴുവൻ അടച്ചുപൂട്ടാൻ പോകുന്നു എന്ന ആക്ഷേപം ഇവിടെ ഉന്നയിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 200 ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിൽസ നടത്താനുള്ള സംവിധാനമുണ്ടാക്കുകയും അതിലേക്കാവശ്യമായ നിയമനങ്ങൾ നടത്തുകയും ചെയ്തു. അത്ര വലിയ ബാധ്യതയാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി പ്രവർത്തിക്കുന്ന 200 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിൽസ നടത്താനുള്ള തീരുമാനമെടുക്കുകയും അവിടെ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുകയും ചെയ്ത നടപടി ഈ ഗവൺമെന്റിന്റെ മുഖം വ്യക്തമാക്കുന്നു. ക്ഷേമരാഷ്ട്രം എന്ന നിലയിൽ ബാധ്യതകളിൽ നിന്നും ഒളിച്ചോടാൻ ആഗ്രഹിക്കാത്ത ഒരു ഗവൺമെന്റാണിത്. ഈ മേഖലയെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതി കൊടുക്കാൻ ആഗ്രഹിക്കാത്ത ഒരു ഗവൺമെന്റാണിത്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ രംഗത്തും ഈ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ പരിശോധിച്ചാൽ അത്തരം പൊതുവായ ബാധ്യതകൾ നിറവേറ്റാൻ ആഗ്രഹിക്കുന്ന ഒരുഗവൺമെന്റാണെന്ന് വ്യക്തമാകുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ക്വാളിറ്റേറ്റീവ് ഇംപ്രൂവ്മെന്റ് ഉണ്ടാക്കാനുള്ള പരിശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഇനിയുള്ള പ്രധാനപ്പെട്ട ശ്രമം അതു തന്നെയാണ്. മറ്റൊരു ആക്ഷേപം നേരിട്ടത് കുടിവെള്ളം വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന, നദികൾ വിൽക്കാൻ പോകുന്ന ഒരു ഗവൺമെന്റാണിത് എന്നാണ്. ഏതു കുടിവെള്ളമാണ് വിറ്റത്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണ കാലത്ത് സംസ്ഥാനത്ത് കുടിവെള്ളം വിതരണംചെയ്യുന്ന കാര്യത്തിൽ നിങ്ങൾക്കും ഞങ്ങൾക്കും ഒരുപോലെ അറിയാവുന്ന ഒരു കാര്യമുണ്ട്, ഇവിടെ സ്റ്റാഗ്നേഷൻ ആയിരുന്നു. ഏതു പദ്ധതിയാണ് മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞത്? ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കാൻ പോകുമ്പോൾ, കാലാവധി പൂർത്തിയാക്കുന്നതോടൊപ്പം കേരളത്തിലെ നിരവധി കുടിവെള്ള പദ്ധതികൾ, കോടിക്കണക്കിന് രൂപ ചെലവഴിച്ച കുടിവെള്ള പദ്ധതികൾ യാഥാർത്ഥ്യമാകാൻ പോകുകയാണ്. അഞ്ചു വർഷക്കാലം സ്റ്റാഗ്നന്റായി നിന്നിരുന്ന നിരവധി പദ്ധതികളാണ് റെക്കോർഡ് വേഗതയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ ഫസ്റ്റ് പ്രയോറിറ്റിയാണ്. ആ ശ്രമകരമായ ദൗത്യത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നു. കഴിഞ്ഞ നാലു വർഷക്കാലമായി പ്രഥമ പരിഗണന വച്ചുകൊണ്ടുതന്നെ കുടിവെള്ളത്തിന്റെ കാര്യത്തിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് പറഞ്ഞത്,

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളത്തിന്റെ വിൽപ്പനയ്ക്കുവേണ്ടി നിലകൊള്ളുന്നു എന്നുള്ള ആക്ഷേപത്തിന് ഇപ്പോൾ യാതൊരു പ്രസക്തിയുമില്ലാതെ മാറിയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ ആരംഭകാലത്ത് ഗവൺമെന്റിനെക്കുറിച്ച് ഉന്നയിച്ച മുഴുവൻ ആക്ഷേപങ്ങൾക്കും ഒരർത്ഥവുമില്ലാതിരിക്കുന്നുവെന്ന് നമുക്കിപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെയാണ് പൊതുമേഖലാസ്ഥാപനവുമായി ബന്ധപ്പെട്ട കാര്യം. പൊതുമേഖലാസ്ഥാപനങ്ങൾ മുഴുവൻ സ്വകാര്യവൽക്കരിക്കാൻ പോകുന്നു എന്നാണ് ഇവിടെ പറഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ നാലു വർഷമായി ഏതു പൊതുമേഖലാസ്ഥാപനത്തെയാണ് വിറ്റഴിച്ചത്? ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യമേഖലയ്ക്ക് ഈ ഗവൺമെന്റ് തീറെഴുതിക്കൊടുത്തോ? മറിച്ച് കെ.എസ്.ആർ.ടി.സി.-യേയും വാട്ടർ അതോറിറ്റിയേയുംപോലുള്ള സ്ഥാപനങ്ങളെ കൂടുതൽ ജനകീയമാക്കി മാറ്റാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ടുതന്നെ, അവയ്ക്കാവശ്യമായ ചോരയും നീരും പകർന്നുകൊടുക്കാൻ ഈ ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. വൈദ്യുതി ബോർഡ് പ്രൈവറ്റൈസ് ചെയ്യാൻ പോകുന്നു എന്നുള്ള ആക്ഷേപം ഇവിടെ ഉന്നയിച്ചു. സെൻട്രൽ ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ടു തന്നെ അത് സ്വകാര്യവൽക്കരിക്കാതെ, ഒരു സ്വകാര്യവ്യക്തിക്കും തീറെഴുതി കൊടുക്കാതെ, കമ്പനികളായി രജിസ്റ്റർ ചെയ്തുകൊണ്ട് പൊതുമേഖലയിൽതന്നെ നിലനിർത്താനുള്ള വിപ്ലവകരമായ തീരുമാനം ഈ ഗവൺമെന്റ് എടുത്തിരിക്കുന്നു. അതുകൊണ്ടു തന്നെ ഈ ധനവിനിയോഗ ബില്ലിനെ പിൻതാങ്ങുമ്പോൾ ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു, യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ പ്രഖ്യാപിത നയങ്ങളിൽ നിന്നും പിന്നോട്ടു പോകാതെ ജനാധിപത്യ ഭരണകൂടം എന്നുള്ളത് അലങ്കാരമാക്കി മാറ്റിക്കൊണ്ട് ജനങ്ങളോടുള്ള ബാധ്യത നിലനിർത്തിക്കൊണ്ട് കൂടുതൽ പുതിയ നേട്ടങ്ങൾ കൊയ്തെടുക്കാൻ മുന്നോട്ടു പോകുമ്പോൾ അതിന് പ്രേരകമാകുന്ന ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, 28,000 കോടി രൂപ ധൂർത്തടിക്കാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയങ്ങൾ ഏതു ദിശയിലേക്കാണ് നീങ്ങുന്നതെന്നുള്ളതു സംബന്ധിച്ച് നമ്മൾ കൂടുതൽ ആലോചിക്കേണ്ട കാര്യമില്ല. സാധാരണക്കാരുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഗണന കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വിമുഖതയാണ് കാണിക്കുന്നത്. ഇവിടെ നമ്മൾ പരിശോധിച്ചാൽ വിവിധയിനം പെൻഷനുകൾക്കായി,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതായത് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ, മത്സ്യത്തൊഴിലാളി പെൻഷൻ എന്നിവയുടെ വിതരണത്തിൽ ഏതാണ്ട് 350 കോടി രൂപയുടെ കുടിശ്ശികയാണ് ഇപ്പോഴുള്ളത്. അതുപോലെതന്നെ വിധവാ പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, ചികിത്സാ സഹായം എന്നീ ഇനങ്ങളിൽ ഏതാണ്ട് 200 കോടി രൂപയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. തൊഴിലില്ലായ്മ വേതന കുടിശ്ശിക 125 കോടി രൂപയാണ് നൽകാനുള്ളത്. അതുപോലെതന്നെ സാമൂഹ്യ സുരക്ഷയുടെ ഭാഗമായി വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് 1250 കോടി രൂപയാണ് ഈ ഗവൺമെന്റ് നൽകാനുള്ളത്. അങ്ങനെ സാധാരണക്കാർക്ക്, പാവപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാതെ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന് 28,000 കോടി രൂപ ചെലവഴിക്കാൻ ഞങ്ങൾ കൂട്ടുനിന്നാൽ അത് കേരളത്തിലെ ജനങ്ങളോടു കാണിക്കുന്ന ഏറ്റവും വലിയ പാതകമായിരിക്കും. അതുകൊണ്ട് ഒരു കാരണവശാലും ഇതിനോട് യോജിക്കാൻ കഴിയില്ല. അതുപോലെതന്നെ ഇവിടെ കാർഷികമേഖലയുമായി ബന്ധപ്പെട്ട് കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായി. അവരെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകിയ പൈസപോലും വകമാറ്റി ചെലവഴിച്ച ഗവൺമെന്റാണിത്. പിന്നെ എങ്ങനെ ഈ ഗവൺമെന്റിന്റെ നടപടികളോട് യോജിക്കാൻ കഴിയും? അതുപോലെ സുനാമി ഫണ്ടിൽ പ്രധാനമന്ത്രി കൊടുത്ത കോടിക്കണക്കിന് രൂപയുണ്ട്. അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച കോടികളുണ്ട്. സുനാമി ഫണ്ടിൽ ലഭിച്ച തുക എത്രയാണെന്നും ഇത് ഏതെല്ലാം ആവശ്യത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ചും നിരവധി തവണ ഈ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് ചോദ്യം ഉയർന്നിട്ടും അതിനെ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ വയ്ക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുപറയുമ്പോൾ, ഗവൺമെന്റ് ഇക്കാര്യത്തിൽ ഒളിച്ചുകളിക്കുകയാണ് എന്നത് വ്യക്തമാണ്. ഈ പണം ധൂർത്തടിക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന ആലപ്പാട് പഞ്ചായത്തിന്റെ അധികാരികൾ ഇന്ന് ശ്രീ. വക്കം പുരുഷോത്തമനും മുഖ്യമന്ത്രിക്കുമെതിരായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുകയാണ്. ഈ ഫണ്ട് തിരിമറി നടത്തിയെന്ന് അവർ ആരോപിക്കുകയാണ്. ഈ ഗവൺമെന്റിന് എന്താണ് പറയാനുള്ളത്? കണക്കുകൾ ഈ നിയമസഭയിൽ വയ്ക്കണ്ടേ? അതുപോലെതന്നെ ആ മേഖലയുമായി ബന്ധപ്പെട്ട് അവർക്ക് കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കാത്തതിന്റെ അടിസ്ഥാനത്തിൽ സുനാമി ബാധിതരായിട്ടുള്ള ആളുകൾ ശക്തമായ സമരത്തിലേർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നമുക്ക് നിത്യനിദാന ചെലവുകൾക്കുപോലും പൈസയില്ല. ആ സാഹചര്യത്തിലാണ് 50 ലക്ഷം രൂപ മുടക്കി മുഖ്യമന്ത്രിക്ക് പത്രസമ്മേളനം നടത്താൻ ഫൈവ്സ്റ്റാർ രീതിയിലുള്ള ഡർബാർ ഹാൾ പണിതിരിക്കുന്നത്. അദ്ദേഹത്തിന് ഇപ്പോൾ യാത്രചെയ്യാൻ വിമാനം വാങ്ങുന്നതിനെക്കുറിച്ചുപോലും ഗവൺമെന്റ് ആലോചിച്ചു

കൊണ്ടിരിക്കുകയാണ്. ഇതൊക്കെ ധൂർത്തല്ലേ? നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ വീട് മോടിപിടിപ്പിക്കാൻ വേണ്ടിത്തന്നെ 25 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഇതൊക്കെ നമുക്ക് താങ്ങാൻ കഴിയുന്നതാണോ? ഇത് ധൂർത്തല്ലേ? ഇതുസംബന്ധിച്ച് നമ്മൾ ഗൗരവമായി ആലോചിക്കണ്ടേ? ഈ ഗവൺമെന്റിന് കേരളം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എന്തു മനോഭാവമാണുള്ളത്? കേരളത്തിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിന് എന്തു സമീപനമാണുള്ളത്? ഇന്നുമുതൽ വാറ്റ് നടപ്പാക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് വ്യാപാരികൾ സമരത്തിലാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സമരം ഒഴിവാക്കാൻവേണ്ടി ഗവൺമെന്റ് ക്രിയാത്മകമായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? സാധനങ്ങൾ വാങ്ങാൻ സാധാരണക്കാരായ ആളുകൾക്ക് കഴിയുന്നില്ല. മന്ത്രിമന്ദിരങ്ങളിൽ ആവശ്യത്തിന് സാധനങ്ങളുണ്ടാകും. അല്ലെങ്കിൽ സമ്പന്നരായിട്ടുള്ള ആളുകൾ അവർക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങി കരുതിവച്ചിരിക്കും. പക്ഷേ അന്നന്ന് അദ്ധ്വാനിച്ച് അന്നന്ന് സാധനം വാങ്ങുന്ന ആളുകളെ സംബന്ധിച്ച് പറഞ്ഞാൽ കടയടഞ്ഞു കിടക്കുന്നതിനാൽ അവർക്ക് സാധനം വാങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നത്? ചെക്പോസ്റ്റുകളിൽക്കൂടി സാധനങ്ങൾ വരാത്ത സ്ഥിതിയാണുള്ളത്. വ്യാപാരി വ്യവസായി പ്രസിഡന്റ് ശ്രീ. നസിറുദ്ദീൻ പറഞ്ഞത് എല്ലാ ചെക്പോസ്റ്റുകളിലും ഞങ്ങളുടെ സ്കാഡുകളുണ്ടെന്നാണ്. എന്തിനാണത്? അവിടെ അവർ സമാന്തര പ്രവർത്തനം നടത്തുകയാണ്. അവിടെ സാധനങ്ങൾ വരാൻ അനുവദിക്കുന്നില്ല. ഗവൺമെന്റ് എന്തുകൊണ്ട് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്നില്ല? അവിടെ ഗവൺമെന്റും വ്യാപാരികളും തമ്മിലുള്ള ഒത്തുകളിയെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് അനുകൂലമായി നിന്നവരാണ് ഈ വ്യാപാരി-വ്യവസായികൾ. വീണ്ടും തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. ഇലക്ഷൻ ഫണ്ടിലേക്ക് വ്യാപാരികളുടെ കൈയിൽ നിന്നും സംഭാവന ലഭിക്കണം. അതുപോലെ അവരുടെ വോട്ടുവാങ്ങണം. അതുകൊണ്ടാണ് വ്യാപാരി വ്യവസായികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് സാധാരണക്കാരെ വലയ്ക്കുന്ന ഈ സമരത്തിനെതിരായ നിലപാട് സ്വീകരിക്കാതെ, ഗവൺമെന്റ് വ്യാപാരി വ്യവസായികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സർക്കാരിന്റെ മദ്യനയമെന്താണ്? പരമ്പരാഗത വ്യവസായമായ കള്ളുചെത്തു വ്യവസായത്തെ തകർക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. എന്തിനുവേണ്ടിയാണത്? ആർക്കുവേണ്ടിയാണത്? മദ്യമാഫിയകളെ സഹായിക്കാൻ വേണ്ടിയാണ്. ഇവിടെ ആർക്കും ബാറുകൾ അല്ലെങ്കിൽ ആർക്കും ബിയർ പാർലറുകൾ തുടങ്ങാനുള്ള അനുവാദം കൊടുക്കുകയാണ്. ഇവിടെ ചാരായം ഒഴുക്കുവാൻ തന്നെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. വക്കം പുരുഷോത്തമൻ ശ്രീനാരായണ

LIBRARY ARCHIVES Kerala Legislative Assembly

ഗുരുദേവന്റെ ഒരു അനുയായിയാണ്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ ചിന്തകളനുസരിച്ച് പ്രവർത്തിക്കുന്ന ആളാണ് എന്നൊക്കെയാണ് അദ്ദേഹം പറയുന്നത്. ശ്രീനാരായണ ഗുരുദേവൻ എന്താണോ പാടില്ലെന്നു പറഞ്ഞത് അത് വ്യാപകമായി കേരളത്തിൽ ഒഴുക്കുന്ന പ്രവർത്തനമാണ് ശ്രീ. വക്കം പുരുഷോത്തമൻ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, രാവിലെ പറഞ്ഞപ്പോൾ ശ്രീ. ടി. പി. രാമകൃഷ്ണനും പറഞ്ഞില്ല; എന്നാൽ ശ്രീ. പി. എസ്. സുപാൽ എങ്കിലും പറയൂ, ഏതു നയമാണ് മദ്യമാഫിയയെ സഹായിക്കുന്നത്?

ശ്രീ. പി. എസ്. സുപാൽ: ബാറിന്റെ എണ്ണം കൂട്ടാൻ തീരുമാനിച്ചു. അതുപോലെതന്നെ ബിയർ പാർലറുകൾ ആവശ്യത്തിന് അനുവദിക്കാനും തീരുമാനിച്ചു. ഗവൺമെന്റിന്റെ ഈ നയസമീപനംമൂലം ഇന്ന് പല കള്ള് ഷാപ്പുകളും തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുപോലെ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്നാണ് ഗവൺമെന്റ് പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇന്നും അദ്ദേഹം ഈ സഭയിൽ അത് ആവർത്തിക്കുകയുണ്ടായി. കേരളം മുഴുവൻ മദ്യം ഒഴുക്കിയിട്ട് ഘട്ടംഘട്ടമായി ഞങ്ങൾ മദ്യം നിരോധിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. എന്തു വിരോധാഭാസമാണിത്? ഘട്ടംഘട്ടമായി മദ്യം നിരോധിക്കുന്ന പുതിയ രീതി, കേരളത്തിൽ വിജയകരമായി നടപ്പാക്കുന്ന ഈ വക്കം രീതി പഠനവിഷയമാക്കേണ്ടതാണ്. അദ്ദേഹത്തിനൊരു നോബൽ സമ്മാനം യഥാർത്ഥത്തിൽ ഈ വിഷയത്തിൽ കൊടുക്കേണ്ടതാണ്.

ശ്രീ. വർക്കല കഹാർ: സർ, ചാരായ നിരോധനത്തിനെതിരെ തൃശ്ശൂർ കമ്പോളത്തിൽ തല്ലും കുഴപ്പങ്ങളും സൃഷ്ടിച്ച അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും എപ്പോഴാണ് ബിയറിനോട് വിരോധം തോന്നിത്തുടങ്ങിയത്?

ശ്രീ. പി. എസ്. സുപാൽ: ഞങ്ങൾ തൊഴിലാളിക്കുവേണ്ടി ചിലപ്പോൾ തല്ലുകൊള്ളും ചിലപ്പോൾ മർദ്ദനമേൽക്കും. പക്ഷേ ശ്രീ. വർക്കല കഹാർ ശ്രീ. കെ. കരുണാകരനെ ഒന്ന് സൂക്ഷിക്കുന്നത് നല്ലതായിരിക്കും. ഈയിടെ നല്ലതുപോലെ തല്ലുനടക്കുന്നുണ്ട്, പലർക്കും കിട്ടുന്നുണ്ട്. അങ്ങ് ഒന്ന് ശ്രദ്ധിച്ചു നടക്കുന്നത് നല്ലതായിരിക്കും. പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ്. ഇവിടെ പുതിയ പുതിയ ദണ്ഡിയാത്രകൾ നടക്കുകയാണ്. കേരളത്തിൽ നിന്നും ദണ്ഡിയാത്രയിൽ പങ്കെടുക്കാനായി ചിലയാളുകൾ പോവുകയുണ്ടായി. എത്ര ഗാന്ധിമാരാണ് നമുക്ക് ഇപ്പോഴുള്ളത്? ശ്രീ. കെ. ബാബു ഗാന്ധി, ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഗാന്ധി,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് ഗാന്ധി, ശ്രീമതി ഷാനിമോൾ ഉസ്മാൻ ഗാന്ധി അങ്ങനെ എത്രയെത്ര ഗാന്ധിമാരാണ് നമുക്കുള്ളത്? നാടുനീളെ മദ്യം ഒഴുക്കുന്ന ആളുകളാണ് ദണ്ഡിയാത്ര നടത്തുന്നത്. നമ്മുടെ പഞ്ചായത്തിന്റെ തുക വെട്ടിക്കുറയ്ക്കുന്നവരാണ് ഇപ്പോൾ ദണ്ഡിയാത്ര നടത്തുന്നത്. പത്രസമ്മേളനത്തിൽ മദ്യംവിളമ്പുന്ന ആളുകളാണ് ദണ്ഡിയാത്ര നടത്തുന്നത്. അഴിമതി മുഖമുദ്രയായി നടത്തുന്ന ആളുകളാണ് ദണ്ഡിയാത്ര നടത്തുന്നത്. ഗാന്ധിത്തൊപ്പി ധരിച്ചാൽ ഗാന്ധിയാകുമോ? അങ്ങ് ഒരു കോൺഗ്രസ്സുകാരനല്ലേ? അഹിംസാവാദിയായ ഗാന്ധിജി ജീവിച്ചിരുന്നുവെങ്കിൽ ഈ കപട ഗാന്ധിമാരെ വെടിവച്ചുകൊല്ലാൻ അദ്ദേഹം തോക്കെടുക്കുമായിരുന്നു. അങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ നമ്മുടെ രാജ്യത്തിന്റെ മതേതര മൂല്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ജീവത്യാഗം ചെയ്ത ആളാണ് മഹാത്മാഗാന്ധി. സ്വതന്ത്ര ഭാരതത്തിന് ഭരണം വാഗ്ദാനം ചെയ്ത ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തെ . ആർ.എസ്.എസ്.കാരനായ, ഹിന്ദു വർഗ്ഗീയവാദിയായ നാഥുറാം വിനായക ഗോഡ്സെ വെടിവച്ചുകൊല്ലുകയുണ്ടായി. ആ നാഥുറാം വിനായക ഗോഡ്സെയുടെ പാരമ്പര്യമുള്ള ആർ.എസ്.എസ്. എന്ന സംഘടനയുടെ ആസ്ഥാനത്ത് വോട്ടുതെണ്ടിപ്പോയത് ആരാണ്? കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. വയലാർ രവിയാണ് പോയത്. എന്ത് അപമാനകരമായിട്ടുള്ള കാര്യമാണത്? ഇപ്പോൾ ശ്രീ. വയലാർ രവിക്ക് ഒന്നും പറയാൻ കഴിയില്ലല്ലോ? ശ്രീ. വയലാർ രവി ഇനി മിണ്ടിയാൽ, വന്നില്ലെന്നു പറഞ്ഞാൽ കൂടുതൽ കാര്യങ്ങൾ പറയേണ്ടിവരുമെന്ന് ഈയിടെ ആർ.എസ്.എസ്.-ന്റെ നേതാവ് മുന്നറിയിപ്പ് നൽകി. ശ്രീ. വയലാർ രവിക്കു മാത്രമല്ല, ഒറ്റ കോൺഗ്രസ് നേതാക്കന്മാർക്കും കമാ എന്നൊരക്ഷരം മിണ്ടാൻ കഴിയുന്നില്ലല്ലോ. കോൺഗ്രസ്സിന്റെ സ്ഥിരം പരിപാടിയാണിത്. കോൺഗ്രസ്സിന്റെ ബേപ്പൂർ-വടകര മോഡൽ നമുക്കറിയാമല്ലോ? അതുപോലെതന്നെ കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിലുള്ള ആർ.എസ്.എസ്. ചങ്ങാത്തത്തെക്കുറിച്ച് നമുക്കറിയാമല്ലോ. അതുപോലെതന്നെ രാമജന്മ ഭൂമി, ബാബറി മസ്ജിദ് തർക്കം നിലനിന്ന അവസരത്തിൽ അത് ആരാധനയ്ക്കുവേണ്ടി തുറന്നുകൊടുത്ത രാജീവ്ഗാന്ധിയുടെ നിലപാട്, അതുപോലെ ബാബറി മസ്ജിദ് തകർക്കാൻ വേണ്ടി അവിടെയുള്ള വർഗ്ഗീയവാദികൾക്ക് കൂട്ടുനിന്ന കോൺഗ്രസ് നേതാവായ നരസിംഹറാവുവിന്റെ നിലപാട് ഇവ നമുക്കറിയാവുന്നതാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശ്രീ. ടി. കെ. ബാലൻ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. കെ.എസ്.ടി.പി. യുടെ 1300 കോടി രൂപയുടെ കാര്യം— എല്ലാ വാർത്താമാധ്യമങ്ങളിലും പ്രധാനപ്പെട്ട വാർത്തയായി അതു വന്നിട്ടുണ്ട്. ഒരു സർക്കാർ അഭിഭാഷകനായ അനിൽ തോമസിനെ കേസ് നടത്തിപ്പിനായി ചുമതലപ്പെടുത്താൻ പി.ഡബ്ല്യു.ഡി. സെക്രട്ടറി എ.ജി.യോടു ആവശ്യപ്പെട്ടകാര്യമാണത്. ഒരു സെക്രട്ടറി ഇന്ന അഭിഭാഷകനെ ഞങ്ങൾക്കു അനുവദിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് സാധാരണ ഗതിയിലുള്ള ഒരു സംഭവമല്ല; അസാധാരണമായ ഒരു സംഭവമാണ്. ഇതിന്റെ പിന്നിൽ വലിയ ഗൂഢാലോചന നടന്നിട്ടുണ്ട്. ഒരു പി.ഡബ്ല്യു.ഡി. സെക്രട്ടറി മാത്രമാണ് ഇതിന്റെ പിന്നിലെന്നു പറയാൻ കഴിയില്ല. ഉന്നതരായിട്ടുള്ള, ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന ആളുകൾ നടത്തിയ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് 1300 കോടി രൂപയുടെ വെട്ടിപ്പിന് ഇടയാക്കുന്ന ഈ സംഭവമുണ്ടായത്. ഈ അനിൽ തോമസ് ആരാണ്? രാജിവച്ച ഒരു ലീഗു മന്ത്രിയും വിവാദ നായകനായ മന്ത്രി ബന്ധുവും ചേർന്നാണ് സർക്കാർ അഭിഭാഷകന് കോടികളുടെ പ്രതിഫലം സമ്പാദിക്കാനുള്ള വഴിയൊരുക്കിയത് എന്നുള്ള ആരോപണമുണ്ട്. ഐസ്ക്രീം പാർലർ കേസ്സിൽ ജസ്റ്റീസ് പത്മനാഭൻ നായരെ ആ ബഞ്ചിൽ നിന്നും മാറ്റാനുള്ള ഗൂഢാലോചനയിലും ഈ സർക്കാർ അഭിഭാഷകന് പങ്കുണ്ടെന്നുള്ള ആരോപണം ഉണ്ടായിരുന്നു. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കണം, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. എനിക്ക് മറ്റൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് കെ.എസ്.ടി.പി. യുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോടിക്കണക്കിനു രൂപയുടെ വർക്കുകൾ കേരളത്തിൽ നടക്കുന്നു. കോടികളുടെ അഴിമതിയാണ് ഇതിൽ നടക്കുന്നത്. ഇതു ഗൗരവമായി പരിശോധിക്കണം. ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷിക്കണം കെ.എസ്.ടി.പി. യുടെ നേതൃത്വത്തിൽ നടക്കുന്ന, ഭരണ പങ്കാളിത്തമുള്ള ആളുകളുടെ നേതൃത്വത്തിൽ നടക്കുന്ന, കെ.എസ്.ടി.പി. യുടെ നിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധന വിനിയോഗബില്ലിനെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ടി. പി. എം. സാഹിർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. ഒരു മാസം കൂടി കഴിഞ്ഞാൽ ഈ ഗവൺമെന്റ് അഞ്ചാം വർഷത്തിലേക്കു കടക്കുകയാണ്. കഴിഞ്ഞ നാലു വർഷക്കാലത്തെ ഭരണം കേരളത്തെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടും നേട്ടങ്ങൾ ഉണ്ടാക്കിയ ഒരു ഭരണമാണ് എന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സാമ്പത്തിക സ്ഥിതി ആരംഭഘട്ടത്തിൽ എന്തായിരുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പക്ഷേ ഇന്നിപ്പോൾ നമ്മളെ ഒരു ഭദ്രമായ അവസ്ഥയിൽ എത്തിക്കാൻ, റവന്യൂ കളക്ഷൻ ആയിരത്തിൽപ്പരം കോടി രൂപയായി വർദ്ധിപ്പിക്കാൻ, കഴിഞ്ഞ മൂന്നു വർഷക്കാലത്തെ നേട്ടം കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കു കഴിഞ്ഞു. അതു കൂടാതെ കേരളത്തിൽ "വാറ്റ്" നടപ്പാക്കാൻ തീരുമാനിച്ചതുമൂലം, വരും വർഷങ്ങളിൽ വലിയ നേട്ടമുണ്ടാകും "വാറ്റ്" നടപ്പിലാക്കിയതുമൂലം വല്ല

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടവും വരികയാണെങ്കിൽ അതു കേന്ദ്ര ഗവൺമെന്റ് വഹിച്ചുകൊള്ളാമെന്ന് ഒരു ധാരണയും ഉണ്ട്. "വാറ്റി"നെതിരെ ഇന്നു വ്യാപാരികളുടെ ഒരു സമരം നടക്കുകയാണ്. സമരങ്ങൾ ചെയ്ത് തഴമ്പിച്ച ഒരു പാർട്ടിയാണ് അവർ. അനാവശ്യമായ സമരം എന്നാണ് എനിക്ക് ഇതിനെപ്പറ്റി പറയാനുള്ളത്. കാരണം സെയിൽസ് ടാക്സ് സിസ്റ്റത്തിൽ നിന്നും "വാറ്റ്" സിസ്റ്റത്തിലേക്ക് ഒരു ചെയിഞ്ച് എന്നുള്ളതല്ലാതെ വേറെ ഒരു പുതുമയുമില്ല. കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇനിയങ്ങോട്ട് വളരെ സുതാര്യമായി ബിസിനസ്സ് നടത്തിക്കൊണ്ട് പോകാൻ വ്യവസ്ഥ ചെയ്യുന്ന ഒരു സംവിധാനമാണ് "വാറ്റ്" മൂലം ഉണ്ടാകാൻ പോകുന്നത്. സംഘടനകളുടെ നിലനിൽപ്പിനുവേണ്ടി അവർ ഓരോന്നു തീരുമാനിക്കും, സമരവും പ്രഖ്യാപിക്കുമെന്നല്ലാതെ മുഴുവൻ കച്ചവടക്കാരും ഇന്നു വാറ്റിനെതിരല്ല. 70 ശതമാനം കച്ചവടക്കാരുടെ പ്രശ്നങ്ങളും വാറ്റുകൊണ്ട് ഇല്ലാതാകുന്ന ഒരു സിസ്റ്റമാണ് ഇന്നുള്ളത്. അതായത് 10 ലക്ഷം രൂപവരെ വിറ്റുവരവുള്ള കച്ചടവടക്കാർ ഇന്നു ടാക്സിൽ നിന്നും ഒഴിവാക്കപ്പെടുകയാണ്. 10 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ ടേൺ ഓവർ വരുന്നവർ മാത്രമാണ് അല്ലെങ്കിൽ അതിന്റെ മുകളിൽ വരുന്നവർക്കാണ് ഇന്നു വാറ്റിൽ ടാക്സുള്ളത്. അതുകൊണ്ടു തന്നെ കേരളത്തിൽ 70 ശതമാനം വരുന്ന കച്ചവടക്കാരും ഇന്നു വാറ്റിൽ നിന്നും ഒഴിവാക്കപ്പെടുകയാണ്. കച്ചവട സമൂഹം ഇന്നു സംതൃപ്തരാണ്. പക്ഷേ അവർക്ക് സംഘടനയുണ്ട്, അതിനു നേതാക്കന്മാരുണ്ട്. അവരെ ഗവൺമെന്റുമായി സംഭാഷണത്തിലേർപ്പെടാൻ ക്ഷണിച്ചപ്പോൾ അവർ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണെന്നോ? ഇന്ത്യയിൽ 50 ശതമാനത്തിൽ കൂടുതൽ സ്റ്റേറ്റുകൾ വാറ്റ് നടപ്പിലാക്കാൻ തീരുമാനിച്ചാൽ മാത്രമേ കേരളത്തിൽ വാറ്റു നടപ്പാക്കാൻ പാടുള്ളൂ എന്നാണ് അവർ ആവശ്യപ്പെട്ടത്. അതു തീർത്തും ശരി വച്ചുകൊണ്ട് നമ്മുടെ മുഖ്യമന്ത്രിയും ധനകാര്യവകുപ്പു മന്ത്രിയും അന്നു നടന്ന സംഭാഷണത്തിൽ പങ്കെടുത്തു. ഇന്ത്യയിൽ 27-ഓളം സ്റ്റേറ്റുകൾ വാറ്റ് നടപ്പാക്കാൻ തീരുമാനിച്ചു. വാറ്റിനെ സംബന്ധിച്ച സമരം ഇന്നു നടക്കുകയാണെങ്കിൽ തന്നെ അതൊരു സൂചന മാത്രമായിരിക്കും കാരണം കേരളത്തിലെ വ്യാപാരികൾ അതിനെതിരാണ്. ഹോട്ടൽ വ്യാപാരികൾ സമരം പിൻവലിച്ചു. മരുന്നു വ്യാപാരികൾ സമരം പിൻവലിച്ചു. പച്ചക്കറി വ്യാപാരികൾ സമരം പിൻവലിക്കാൻ പോകുന്നു. കാരണം രണ്ടു മൂന്നു ദിവസം കടയടച്ചിട്ടിരുന്നാൽ മലക്കറികൾ കേടാകും. രണ്ടു മൂന്നു ദിവസത്തെ സമരത്തിനൊന്നും വ്യാപാരികൾ തയ്യാറാകുമെന്നു എനിക്കു തോന്നുന്നില്ല. സംഘടനകൾ ചിലപ്പോൾ സമരം പ്രഖ്യാപിച്ചേയ്ക്കാം. നമ്മുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം തൊട്ടടുത്ത സ്റ്റേറ്റുകളിലേക്ക് പോകുന്ന സാഹചര്യമുണ്ടായിരുന്നു. സെൽഫ് ഫിനാൻസിംഗ് കോളേജുകളെ സംബന്ധിച്ചുള്ള ബിൽ ഇവിടെ അവതരിപ്പിച്ചു. ആ ബില്ലിൽ വേണ്ട മാറ്റങ്ങൾ വരുത്തി സുപ്രീംകോടതി അതിൽ ഇടപെട്ടു. ഇവിടെ 27 എൻജിനീയറിംഗ് കോളേജുകളും 6 മെഡിക്കൽ കോളേജുകളും 45 നേഴ്സിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളും ഒരു സിദ്ധ കോളേജും ആരംഭിച്ചു. അങ്ങനെ 1,500 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് ഈ കഴിഞ്ഞ രണ്ടു വർഷംകൊണ്ട് കേരളത്തിൽ തന്നെ പിടിച്ചു നിർത്താനും, 1,50,000 പേർക്ക് ഇതുമായി ബന്ധപ്പെട്ട് തൊഴിൽ നൽകാനും സാധിച്ചു എന്നുള്ളത് വലിയൊരു നേട്ടമാണ്. ആരോഗ്യരംഗത്ത് മുമ്പെന്നത്തേക്കാളും വലിയ ഇൻവെസ്റ്റുമെന്റ് ഇപ്പോൾ വന്നിട്ടുണ്ട്. ഗവൺമെന്റ് സുതാര്യമായി ചെയ്തിട്ടുള്ള നടപടികൾമൂലം, ഡോക്ടർമാരുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നത് പരിഹരിക്കാൻ അവരെ പി.എസ്.സി.യിൽ നിന്നും നിയമിക്കാൻ നടപടി സ്വീകരിച്ചു; 330 നേഴ്സുമാരെ പുതിയതായി നിയമിക്കുകയും ചെയ്തു. ജില്ലാ ആരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിക്കാൻ ഗവൺമെന്റ് ശ്രദ്ധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ വർക്ക് പൂർത്തീകരിച്ചതിലൂടെ ഏകദേശം 20 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റാണ് ഈ വർഷം അവിടെ നടത്തിയത്. ചരിത്രത്തിൽ ആദ്യമായി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നാലരക്കോടി രൂപ ചെലവിൽ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു. അങ്ങനെ ഒരുപാട് പുതിയ പുതിയ പദ്ധതികൾ ആരോഗ്യരംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സുനാമി മാനേജുമെന്റിനെപ്പറ്റി പ്രതിപാദിച്ചു. മൂന്നു മാസം മുമ്പുണ്ടായ ആ സംഭവത്തിൽ, ഗവൺമെന്റ് പൊടുന്നനെ ആക്ടു ചെയ്തു. ഒരു മാസത്തിനുള്ളിൽ ചെയ്യേണ്ട നടപടികൾ, രണ്ട് മാസത്തിനുള്ളിൽ ചെയ്യേണ്ട നടപടികൾ, മൂന്നു മാസത്തിനുള്ളിൽ ചെയ്യേണ്ട നടപടികൾ ഇങ്ങനെ മൂന്നായി തരംതിരിച്ച് അതിനുവേണ്ട പ്രവർത്തനങ്ങൾ ചെയ്തു. സുനാമിയുടെ ഫണ്ട് വകമാറ്റി ചെലവഴിച്ചു എന്നു പറഞ്ഞു. ഫണ്ട് വന്നിട്ടേയുള്ളൂ. ഫണ്ട് ചെലവഴിക്കാൻ തുടങ്ങിയതേയുള്ളൂ. വകമാറ്റി ചെലവു ചെയ്യാനുള്ള സമയംപോലും ആയിട്ടില്ല. ഇല്ലാത്തത് ഉണ്ടെന്നു പറഞ്ഞുകൊണ്ട് എപ്പോഴും ആവർത്തിക്കുന്ന ഒരു ആരോപണം എന്നല്ലാതെ ഇതിനെപ്പറ്റിവേറൊന്നും പറയാനില്ല. ഇന്നിവിടെ പറഞ്ഞ മറ്റൊരു കാര്യം ഒരു പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു വക്കീലിനെ അപ്പോയിന്റു ചെയ്ത വിഷയമാണ്. കെ.എസ്.ടി.പി.യുടേത് 1300 കോടി രൂപയുടെ വർക്കാണ്. അതിൽ ആർബിട്രേറ്ററെ നിയമിച്ചാൽ 1300 കോടി രൂപയുടെ വർക്കും ആർബിട്രേഷനു പോകുന്നില്ല. രണ്ടു കോടി രൂപയുടെ അല്ലെങ്കിൽ 20 കോടി രൂപയുടെ വർക്കു പോയാൽ ആ വക്കീലിനു ഒരു കമ്മീഷൻ കിട്ടും. ഞാൻ അതിനെപ്പറ്റി കാര്യമായി പഠിച്ച് അവതരിപ്പിക്കുകയല്ല. കാരണം 1300 കോടി രൂപയുടെ കെ.എസ്.ടി.പി. വർക്കു മുഴുവൻ ആർബിട്രേഷനു പോയിട്ടില്ല. ഇവിടെ സംഭവിക്കാത്തതു സംഭവിച്ചു എന്നു പറഞ്ഞ് വലിയ പ്രസംഗങ്ങൾ നടത്തുന്നത് സാധാരണമാണ്. അതുകൊണ്ട് അതിൽ വലിയ കാര്യമൊന്നുമില്ല. അതുപോലെ വിദ്യാഭ്യാസ മേഖലയിൽ ഹയർ സെക്കന്ററി വിഭാഗത്തിനുവേണ്ടി എറണാകുളത്തും, കോഴിക്കോടും റീജിയണൽ ഓഫീസുകൾ തുറക്കും. ഒരു മാസം കഴിഞ്ഞാൽ എൻട്രൻസ്സ് പരീക്ഷ നടക്കാൻ പോവുകയാണ്. എല്ലാ കാര്യത്തിനും, മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽ ഭേദഗതി വരുത്താൻ, സ്പെല്ലിംഗ് മിസ്റ്റേക്കു തിരുത്താൻ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ വരണം. ചിലപ്പോൾ അപേക്ഷ അയയ്ക്കാൻ രണ്ടു ദിവസം മാത്രമേ കാണൂ. മാതാപിതാക്കൾ കുട്ടികളേയും കൂട്ടി ഓഫീസിൽ വന്ന് അലയേണ്ട ഒരു സ്ഥിതിവിശേഷം മുമ്പുണ്ടായിരുന്നു. ഇതിനു പരിഹാരമായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ റീജിയണൽ ഓഫീസുകൾ കോഴിക്കോടും എറണാകുളത്തും ആരംഭിക്കാൻ തീരുമാനിച്ചു; അതിന്റെ ഫലമായി ഇത്തരം പ്രശ്നങ്ങൾ അവിടെ വച്ചു സോൾവു ചെയ്യാൻ കഴിയും. ഒന്നര ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നം കോഴിക്കോട് റീജിയണൽ ഓഫീസിൽ കൈകാര്യം ചെയ്യാൻ കഴിയും. ഇപ്പോൾ ആകെ ആറു ലക്ഷം വിദ്യാർത്ഥികളാണ് ഈ വിഭാഗത്തിൽ വരുന്നത്. നിലവിലുള്ള ഡയറക്ടറേറ്റ് വിഭജിച്ചുകൊണ്ട് ആ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടി ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുകയാണ്. പെരുമാട്ടി പഞ്ചായത്തിൽ കുടിവെള്ളക്ഷാമം ആരാണുണ്ടാക്കിയത്? കൊക്കകോള ഫാക്ടറി സ്ഥാപിക്കാൻ അംഗീകാരം

1.00 P. M.] കൊടുത്തത് പ്രതിപക്ഷമാണ്. ഇന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവച്ചതിന്റെ ഫലമായി പെരുമാട്ടി പഞ്ചായത്തിൽ കുടിവെള്ള പ്രശ്നം ഭാവിയിൽ ഉണ്ടാകാൻ പോകുന്നില്ല. അതായത് ഇടതുപക്ഷ ഗവൺമെന്റ് ഉണ്ടാക്കിയ ഒരു പ്രശ്നം ഈ ഗവൺമെന്റ് ഇടപെട്ട് ജനങ്ങൾക്ക് ഉപകാരപ്രദമാക്കി മാറ്റി. റോഡുകളുടെ സ്ഥിതിയെക്കുറിച്ച് പറയാം. ഇവിടെ കെ.എസ്.ടി.പി. വർക്കിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾ സഞ്ചരിക്കുന്ന റോഡുകൾ മിക്കതും കെ.എസ്.ടി.പി. ചെയ്ത റോഡുകളാണ്. അത് ഇന്ന് കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുകയാണ്. ഞാൻ ഇതിനുമുൻപ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ് കേരളത്തിലെ റോഡുകളെല്ലാം രാജപാതകളായി മാറിയിരിക്കുകയാണ്. കേരളത്തിൽ വരുന്ന ടൂറിസ്റ്റുകൾക്ക് മതിപ്പുളവാക്കുന്ന തരത്തിൽ മാറിയിരിക്കുകയാണ്. കേരളത്തിൽ ധാരാളം ടൂറിസ്റ്റുകൾ വരണമെന്നുള്ള ഒരാശയം പണ്ടേയുണ്ട്. അതുവേണമെന്ന് പറയുകയും അതിനെതിരായി പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്. പ്രൈവറ്റ് ഹോട്ടലുകളിൽപ്പോയി അവർ അവിടെ താമസിക്കുന്നയവസരത്തിൽ അവരെ അടിച്ചിറക്കുന്നു. അങ്ങനെ ചെയ്യുന്നത് ശരിയല്ല. ടൂറിസ്റ്റുകൾ വന്നാൽ അവർ നമ്മുടെ ഗസ്റ്റാണെന്നാണ് നമ്മൾ പഠിച്ചിട്ടുള്ളത്. ഒരു ചെറിയ ജ്ഞാനമുള്ള ഒരാളാണെങ്കിൽ ഒരു ഗസ്റ്റിനോട് പെരുമാറുന്ന രീതി അറിയാൻ കഴിയും. നിങ്ങൾ നന്നാകുമ്പോൾ മാത്രമേ കേരളം നന്നാകൂയെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സപ്പോർട്ട് ചെയ്യുന്നു.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ 140 സീറ്റുള്ളതിൽ 100 സീറ്റ് നേടിക്കൊണ്ടാണ് ശ്രീ. എ. കെ. ആന്റണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇപ്പോൾ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റല്ല കേരളത്തിലുള്ളത്. അതിന്റെ കാരണം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റിൽ ഒരു സീറ്റിൽപോലും യു.ഡി.എഫ്. നേതൃത്വം നൽകുന്ന കോൺഗ്രസ് (ഐ)-ക്ക് വിജയിക്കാൻ സാധിച്ചിട്ടില്ല എന്നതാണ്. 19 സീറ്റിൽ ഇടതുപക്ഷകക്ഷികൾ ജയിച്ചു. ശേഷിച്ച ഒരു സീറ്റിൽ ഇടതുപക്ഷജനാധിപത്യ മുന്നണി കുറെക്കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ വിജയിക്കുമായിരുന്നുവെന്നുള്ള കണക്കാണ് പിന്നീട് വന്നിട്ടുള്ളത്. ഇതിനു സമാനമായ ഒരു ഉദാഹരണം ഇൻഡ്യാ രാജ്യത്തെ മറ്റൊരു സംസ്ഥാന നിയമസഭയിലുമുണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ടി. പി. എം. സാഹിർ വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റത്തെക്കുറിച്ച് പറഞ്ഞു. എനിക്ക് തോന്നുന്നു കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് പുരോഗതിയുണ്ടാകാൻ കാരണം ഇവിടത്തെ ക്രൈസ്തവ മാനേജുമെന്റുകളും എൻ. എസ്. എസ്.-ഉം എസ്. എൻ. ഡി. പി.-യും അതുപോലെ മലബാർ ഭാഗത്തെ മുസ്ലീം നേതൃത്വത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാമാണ് എന്ന്. അദ്ധ്യാപക-വിദ്യാർത്ഥി നിയമനത്തിന് പണം വാങ്ങാതെ ഒരു സാമൂഹ്യ മാറ്റത്തിനുള്ള നേതൃത്വമെന്ന നിലയ്ക്കാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഈ സംഘടനകളെല്ലാം പ്രവർത്തിച്ചത്. ഇപ്പോൾ വയനാട്ടിൽ ഒരു ബി. എഡ്. കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കേസിൽ അവിടത്തെ ഒരു ക്രൈസ്തവ പുരോഹിതൻ കോടതിയിൽ പോകുകയും മുഖ്യമന്ത്രി സാക്ഷി പറയേണ്ടതായും വന്നു. ഇതുപോലുള്ള അനേകം സംഭവങ്ങളുണ്ടായിട്ടുണ്ട്. സാമൂഹ്യ രംഗത്ത് പ്രവർത്തിച്ചിരുന്ന കേരളത്തിലെ ആളുകൾക്ക്, വിദേശത്തുപോയി സാമ്പത്തികമായി കുറെക്കൂടി കഴിവുള്ള ആളുകളുടെ സഹായം കൂടുതലായി ഉപയോഗിക്കാൻ സാധിച്ചെന്നുവരാം. എന്നാൽ കേരളത്തിൽ വിദ്യാഭ്യാസമെന്നുള്ളത് ഒരു കച്ചവടച്ചരക്കായി മാറ്റിയെന്നുള്ളത് എന്തുകൊണ്ട് നമുക്ക് കാണാൻ സാധിക്കുന്നില്ല? ഈ രീതിയിൽ ഇവരുടെയെല്ലാം സഹകരണം ഉപയോഗിച്ചിരുന്നെങ്കിൽ, കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചിരുന്നെങ്കിൽ, വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നിങ്ങൾ വരുത്തിയെന്ന് പറയുന്ന ഈ മാറ്റങ്ങളിലൂടെ, കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് എന്തൊക്കെ ഗുണം ചെയ്യാൻ കഴിയുമായിരുന്നു! നമ്മൾ ഇവിടെ നരേന്ദ്രൻ കമ്മീഷനെ സംബന്ധിച്ചും പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ പറയുന്നവരാണ്. കേരളത്തിൽ ഈ ഗവൺമെന്റ് വരുന്നതിനു മുൻപ് ഇവിടത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിനും ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കും ഉന്നത വിദ്യാഭ്യാസ രംഗത്ത് ലഭിച്ച തോത് ഈ മേഖലയിൽ സ്വകാര്യവൽക്കരണം നടപ്പാക്കിയതിന്റെ ഫലമായി നേടാൻ സാധിച്ചിട്ടുണ്ടോയെന്ന് വസ്തുതകൾ പരിശോധിച്ചാൽ കാണാൻ സാധിക്കുന്നതാണ്. അപ്പോൾ ഇതിനുവേണ്ടി പറയുന്ന നമ്മളടക്കമുള്ള ആളുകൾ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ പിന്നോക്ക വിഭാഗങ്ങളോടും പട്ടികജാതി പട്ടികവർഗ്ഗത്തോടും അനീതി കാണിച്ചുവെന്ന് പറയേണ്ടിവരും. ഇവിടെ പെരുമാട്ടി പഞ്ചായത്തിന്റെ കാര്യം പറഞ്ഞു. പാലക്കാട് ജില്ലയിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾ കൃഷി ചെയ്യാനുള്ള ബുദ്ധിമുട്ടുകൊണ്ട് കഷ്ടപ്പെടുന്ന ഒരു കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആ മേഖലയിൽ കൊക്കകോള കമ്പനി കടന്നുവന്ന അവസരത്തിൽ, പെപ്സികോള കടന്നുവന്നയവസരത്തിൽ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുമെന്നുള്ളതിന്റെയടിസ്ഥാനത്തിൽ വലിയ എതിർപ്പില്ലാതെ അന്ന് ആ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. പക്ഷെ ഇന്ന് ഈ കമ്പനികൾ പാലക്കാട് ജില്ലയിൽ ജലചൂഷണം നടത്തുന്നു. പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിൽ അപകടമുണ്ടാക്കുന്നുയെന്നത് മനസ്സിലാക്കിയ ആ ഘട്ടത്തിൽ പെരുമാട്ടി പഞ്ചായത്ത് കൊക്കകോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കി. ലൈസൻസ് റദ്ദാക്കിയ പെരുമാട്ടി പഞ്ചായത്തിന്റെ ആ നടപടിയുടെ കൂടെ സർക്കാർ നിന്നില്ല. ഒടുവിൽ പെരുമാട്ടി പഞ്ചായത്തിന് ഹൈക്കോടതിയിൽ പോകേണ്ടിവന്നു. പാവപ്പെട്ട ആളുകൾ നയിക്കുന്ന ഒരു പഞ്ചായത്ത് നടത്തിയ പോരാട്ടത്തിന്റെ ഫലമായി ആ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കാൻ സാധിച്ചു. ഭൂഗർഭ ജലത്തിന്റെ തോത് കുറയുന്നത് സംബന്ധിച്ചുള്ള അനേക സ്ഥിതിവിവര കണക്കുകൾ കേരളത്തിൽ വന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി കൊക്കകോള കമ്പനിയിൽ പോയി. അന്തർദേശീയരായ പ്രശസ്തരായ ശാസ്ത്രജ്ഞൻമാർ, ഭൂഗർഭജലത്തെ സംബന്ധിച്ച് പറയാൻ സാധിക്കുന്ന ശാസ്ത്രജ്ഞൻമാർ, അവർ സാറ്റലൈറ്റിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇവിടെ വന്നതെന്നൊക്കെയാണ് അവർ പറഞ്ഞത്. അവർ വസ്തുതകൾ മനസ്സിലാക്കിയെങ്കിലും കമ്പനിയുടെ പ്രവർത്തനം നിർത്താൻ അവർക്ക് സാധിച്ചില്ല. ഒടുവിൽ ജനങ്ങൾ വലിയ പോരാട്ടം നടത്തി അവരെ ഒഴിവാക്കി. ഈ കമ്പനി രാജ്യത്തിനപകടമാണെന്ന് കണ്ട ആ നിമിഷം ലൈസൻസ് റദ്ദാക്കിയ സ്ഥിതിയാണുണ്ടായത്. പിന്നീട് പെരുമാട്ടി പഞ്ചായത്ത് അവർക്ക് ലൈസൻസ് കൊടുത്തില്ല. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണ് കൈത്തറിമേഖല. കൈത്തറി സഹകരണസംഘങ്ങളിലെ തൊഴിലാളികളിൽ വലിയൊരു വിഭാഗം ഇന്ന് പട്ടിണിയിലാണ്. ആ വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുന്ന സന്ദർഭത്തിൽ തുക അനുവദിക്കുന്നു. തുക അനുവദിക്കുന്നുയെന്ന് പറയുകയല്ലാതെ അവർക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ വിധത്തിൽ അവർക്ക് കൊടുക്കാനുള്ള തുക ഓരോ കൈത്തറി സഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് കൊടുക്കാൻ സർക്കാർ സന്നദ്ധമാകുമോ? ഇതുപോലെ അനേകം മേഖലകളുണ്ട്. സാമ്പത്തികമായി കഴിവുള്ളവൻ അന്യസംസ്ഥാനങ്ങളിൽപ്പോയി കുട്ടികളെ പഠിപ്പിച്ചിരുന്നത് കേരളത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പണമുണ്ടാക്കാൻ സാധിച്ചുവെന്നുള്ള വിലയിരുത്തലുകളുമുണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിൽ പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികളും, ആദിവാസികളും, കൈത്തറിത്തൊഴിലാളികളും, തെങ്ങ് കയറ്റത്തൊഴിലാളികളും ഉണ്ട്. അവരുടെ കാര്യം പറയുമ്പോൾ, ആന്ധ്രാ സംസ്ഥാനത്തുനിന്നും കർണ്ണാടകയിൽ നിന്നും, ഇവിടെ ചക്കര കൊണ്ടുവരാനുള്ള സൗകര്യമുണ്ടാക്കുന്നു. ഔഷധവീര്യമുണ്ടെന്നു പറയുന്ന ചക്കര മലബാർ മേഖലയിൽ ഒരു വലിയ വിഭാഗം ആളുകളുടെ ഉപജീവനമായിരുന്നു എന്തൊക്കെ പറഞ്ഞാലും ഇത് അംഗീകരിക്കാൻ പറ്റാത്തതാണ് എന്നാണ് സർക്കാർ പറയുന്നത്. ഓരോ മേഖലയും പരിശോധിച്ചാൽ പാവപ്പെട്ട ആളുകളെന്നുപറയുന്ന ഒരു വലിയ വിഭാഗം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. പല കാരണങ്ങളാലും തൊഴിൽ നഷ്ടപ്പെട്ടവരായ ഒരു വിഭാഗം ആളുകളുണ്ട്. എന്നാൽ അവരുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നയവസരത്തിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു നിലപാടെടുക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞടുപ്പിനുശേഷം ഭരണത്തിൽ മാറ്റമുണ്ടായി. റെയിൽവേയുടെ പ്രശ്നം വന്നു. കേരളത്തിലെ എം. പി. മാർ ഗൗരവമായി പറഞ്ഞപ്പോൾ അത് മനസ്സിലാക്കിക്കൊണ്ട് റെയിൽവേ വികസനത്തിന് കേന്ദ്രമന്ത്രി സന്നദ്ധമായി. ഞാൻ ആവർത്തിച്ചു പറയുന്നു, ഏത് ഗവൺമെന്റായാലും നമ്മുടെ നാട്ടിലെ ഭരണകൂടത്തെക്കൊണ്ട് ആവശ്യമുള്ള ജനവിഭാഗത്തെ സഹായിക്കാതെകണ്ട് ഉയർന്ന മേഖലകളിലുള്ളവർക്ക് സഹായകരമായ നിയമം പാസ്സാക്കിയെടുക്കുന്നു. പാവപ്പെട്ട ചുമട്ടുകാരോട് നീ അക്രമിയാണെന്ന് പറഞ്ഞുകൊണ്ട് അവരുടെ ഗുണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതെ, മറ്റ് ആവശ്യത്തിനുവേണ്ടി തുക ചെലവഴിക്കാൻ ശ്രമിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കാര്യക്ഷമമായ ഒരു ധനകാര്യമാനേജുമെന്റിലൂടെ സമസ്തമേഖലയിലും മാറ്റത്തിന്റെ ശംഖൊലി മുഴക്കി മുന്നേറുന്ന ഈ ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 24,000 കോടി രൂപയോളം പൊതുകടവും 3500 കോടി രൂപയോളം കുടിശ്ശികയും ഉണ്ടായിരുന്നു. ഈ കാര്യം വിസ്മരിക്കാൻ പാടില്ല. സാമ്പത്തിക അച്ചടക്കത്തിൽ അധിഷ്ടിതമായ ധനകാര്യമാനേജുമെന്റ് എന്ന നയമാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും, പൊതുകടം കുറച്ചുകൊണ്ടുവരാനും ഈ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചു. ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു എന്നുള്ളത് ഏറെ അഭിനന്ദനാർഹമാണ്. അതിലൂടെ കോടിക്കണക്കിന് രൂപയുടെ ലാഭമാണ് ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ വികസന പ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിച്ച് വ്യഥാ അധരവ്യായാമം നടത്തിയിട്ട് യാതൊരു പ്രയോജനവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചപ്പോൾ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഈ സഭയിൽ ഉന്നയിച്ചില്ല. ഗവൺമെന്റ് പൊതുവായ നയം സ്വീകരിച്ചതിന്റെ ഭാഗമായി ഏറിയ വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അറിഞ്ഞോ അറിയാതേയോ നിയമസഭയ്ക്കകത്തും പുറത്തും ആക്ഷേപവാക്കുകൾ മാത്രം പറയുന്ന ശൈലി സ്വീകരിക്കുന്നതിലൂടെ പ്രതിപക്ഷം ജനങ്ങളിൽനിന്നും അകന്നുപോകുന്നു എന്നുള്ളത് അവർ മനസ്സിലാക്കുന്നില്ല. വ്യവസായരംഗത്ത് പിന്നോക്കം നിൽക്കുന്ന കേരളം ഇന്ന് നിക്ഷേപകരെ ആകർഷിക്കുന്ന സംസ്ഥാനമായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഇത് ഗവൺമെന്റിന്റെ സുപ്രധാന നേട്ടം തന്നെയാണ്. കേരളത്തിൽ വ്യവസായ നിക്ഷേപകരെ സ്വീകരിക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജിം-നെ അട്ടിമറിക്കാനുള്ള സംഘടിതശ്രമം നടത്തിയിട്ടും എല്ലാ പ്രതിസന്ധികളേയും തരണം ചെയ്തുകൊണ്ട് മുന്നോട്ടു പോകാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. ജിം-നെതിരെ ഉന്നയിച്ച ആരോപണങ്ങളും ആക്ഷേപങ്ങളും ഈ സഭയിൽ നമ്മൾ കേട്ടതാണ്. ഇതിനുവേണ്ടി രാജ്യത്തുണ്ടായ വിപ്ലവകരമായ സംസാരങ്ങളിലൂടെ ഏറിയ മുതൽമുടക്കിന് സാദ്ധ്യത ഒരുങ്ങുന്ന നമ്മുടെ സംസ്ഥാനത്തേക്ക് വരാനിരുന്ന വ്യവസായികളെ പിൻതിരിപ്പിക്കാനുള്ള നയമാണ് പ്രതിപക്ഷം സ്വീകരിച്ചത് എന്നുള്ളത് ഇത്തരുണത്തിൽ നമുക്ക് മറക്കാൻ കഴിയില്ല. ജിം-ൽ ധാരണാപത്രത്തിൽ ഒപ്പുവച്ച വ്യവസായസംരംഭങ്ങൾ ഇതിനകം സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച അനുകൂല സമീപനംമൂലം 196 കോടി രൂപയുടെ മുതൽമുടക്കുള്ള 11 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു എന്നത് ഈ ഗവൺമെന്റിന്റെ അഭിനന്ദനാർഹമായ നേട്ടമാണ്. ശുദ്ധജലക്ഷാമമാണ് ഇന്ന് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടാകണം. അതിരൂക്ഷമായ വരൾച്ച കാരണം ജലസ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുന്നു. ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ മുൻകൂട്ടികണ്ടുകൊണ്ട് കുടിവെള്ള മെത്തിക്കുന്നതിന് ജില്ലാഭരണകൂടത്തിന് ആവശ്യമായ നിർദ്ദേശം നൽകുകയും അതിനുവേണ്ടി തുക അനുവദിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ നടത്തിയ സ്റ്റേറ്റ്മെന്റ് സ്വാഗതാർഹമാണ്, എന്നാൽ ഇതുകൊണ്ടുമാത്രം ഈ കാര്യത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാവുകയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽപ്പോലും കുടിവെള്ളമെത്തിക്കാൻ നിർവ്വാഹ മില്ലാത്ത മേഖലകൾ ഉണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ പുതിയ പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കുവാനും ആ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനുമുള്ള ക്രമീകരണങ്ങൾ ഇത്തരുണത്തിൽ സ്വീകരിക്കണം. കഴിഞ്ഞ വർഷം വരൾച്ചാബാധിതപ്രദേശങ്ങൾ സന്ദർശിക്കുന്ന കൂട്ടത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീമാൻ എ. കെ. ആന്റണി ഇടുക്കി ജില്ലയിൽ പര്യടനത്തിനുവന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇടുക്കി കൊന്നത്തടി പഞ്ചായത്തിലെ അഞ്ചാംമയിൽ മുക്കുടം കുരിശുമുത്തി, വെള്ളിത്തോട് എന്നീ സ്ഥലങ്ങളിലെ ലിഫ്റ്റ് ഇറിഗേഷന്റെ പദ്ധതികൾ പൂർത്തിയായി. അവിടെ ടാങ്ക് ഉണ്ട്. അതിന്റെ പൈപ്പ്ലൈൻ എല്ലാം ക്രമീകരിച്ചു. പക്ഷേ മോട്ടാറിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയാതെ സാങ്കേതിക തടസ്സം നേരിട്ടതുകൊണ്ട് അതു പൂർത്തിയാക്കാനാവശ്യമായ തുക അനുവദിക്കണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയുണ്ടായി; അർഹിക്കുന്ന ഗൗരവത്തോടുകൂടി ഈ വിഷയത്തിൽ പരിഹാരം ഉണ്ടാക്കിതരികയും ഇതിലേക്കാവശ്യമായ തുക അനുവദിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ഒരു വർഷം പൂർത്തിയാകാൻ പോകുന്നു. ഞാൻ വിവിധ ഡിപ്പാർട്ടുമെന്റിൽ കയറിയിറങ്ങി. ഇതുവരെ അതിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കട്ടെ. അതുപോലെതന്നെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ. ഇടുക്കിപോലുള്ള മലയോര ഗ്രാമങ്ങളിൽ അൺഎയ്ഡഡ് സ്കൂളുകൾ വന്നതുകൊണ്ട് ഗവൺമെന്റ് സ്കൂളുകൾ നിർത്തലാക്കുന്ന സ്ഥിതി ഒരു ഘട്ടത്തിൽ ഉണ്ടായപ്പോൾ ഞങ്ങളെല്ലാം എതിർക്കുകയുണ്ടായി. ഇനി ആവശ്യം അതല്ല. സ്കൂളുകൾ നിർത്തലാക്കുക എന്നുള്ളതോടൊപ്പം സ്കൂളുകൾ ഇനിയും അനുവദിക്കേണ്ട സ്ഥലങ്ങൾ കേരളത്തിൽ ബാക്കിയുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കാൻ പാടില്ല. അത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഈ നിയമനിർമ്മാണസഭയുടേതാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനും ഉപരിപഠനത്തിനും ഇപ്പോഴും കിലോമീറ്ററോളം ദൂരം സഞ്ചരിക്കുന്ന കുട്ടികൾ ഇടുക്കിയിലുണ്ട്. അവരെ പരിരക്ഷിക്കുവാൻ എയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽപ്പോലും നയപരമായ തീരുമാനം എടുക്കണമെന്നാണ് എന്റെ അഭിപ്രായം. അൺ എയ്ഡഡ് സ്കൂളുകൾകൊണ്ട് കാര്യമില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ മേഖലയിൽ സാമ്പത്തിക പരിമിതിയുള്ളതുകൊണ്ട് കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ കഴിയില്ല. അതുകൊണ്ട് ഗവൺമെന്റ് സ്ഥാപനങ്ങൾ കൂടുതൽ പോഷിപ്പിക്കുവാനും അവരെ പരിരക്ഷിക്കുവാനുമുള്ള നിലപാട് സ്വീകരിക്കണം. അതുപോലെ പി. എച്ച് സെന്ററുകൾ അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. പ്രാഥമിക ചികിത്സാരംഗത്ത് മുൻതൂക്കം നൽകുന്ന സ്റ്റേറ്റ് എന്ന നിലയിൽ നമ്മളെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അഭിമാനകരമാണ്. അടിസ്ഥാനസൗകര്യങ്ങളുടേയും സ്റ്റാഫിന്റേയും കുറവുകാരണം ഉൾനാടൻ ഗ്രാമങ്ങളിൽ ഇതൊന്നും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇടുക്കി പോലുള്ള ഉൾനാടൻ പ്രദേശങ്ങളിൽ പി. എച്ച്. സെന്ററുകൾ അപ്ഗ്രേഡ് ചെയ്ത് രോഗികളെ കിടത്തി ചികിൽസിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇടുക്കി ജില്ലാ ആശുപത്രിയുടെ കാര്യം ഞാൻ ആവർത്തിച്ചു പറയാറുള്ള ഒരു കാര്യമാണ്. ഭരണനവീകരണത്തിന്റെ ഭാഗമായി തുക അനുവദിച്ചിരിക്കുന്നു എന്നുള്ളതിൽ നമുക്ക് സന്തോഷമുണ്ട്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ജില്ലാ ആശുപത്രി എന്ന കൺസെപ്റ്റോടുകൂടി ഇതര ജില്ലാ ആശുപത്രികൾക്കുള്ള അടിസ്ഥാന സൗകര്യമെങ്കിലും ഏർപ്പെടുത്താൻ തയ്യാറാകണം. ആ വിഷയം പരിഹരിക്കാൻ തീർച്ചയായും ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് വിശ്വസിക്കുന്നു. ഓരോ വകുപ്പുകളിലേയും വികസനത്തിനായി ഈ ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ പരിശോധിച്ചുനോക്കിയാൽ എല്ലാ രംഗത്തും നാം മുന്നോട്ടുപോകുന്നതായി കാണാം. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഈ ധനവിനിയോഗബില്ലിനെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. എം. മുരളി : സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ അവസാനവർഷം സമ്പൂർണ്ണ വാർഷിക ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് വോട്ട് ഓൺ അക്കൗണ്ട് ഇല്ലാതെ ഒരു വർഷത്തേക്കുള്ള സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞു. ഈ പ്രക്രിയയിൽ നമ്മുടെ സഭ പങ്കുചേർന്നു എന്നുള്ള അഭിമാനം എല്ലാവർക്കും പങ്കിടാൻ കഴിയുന്ന സന്ദർഭമാണിത്. ഗവൺമെന്റുകൾ തുടർ പ്രക്രിയയാകാം. പക്ഷേ നയപരമായ തീരുമാനങ്ങൾ ഓരോ ഗവൺമെന്റും രാഷ്ട്രീയമായ കാഴ്ചപ്പാടോടുകൂടി തന്നെയാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ നാലു വർഷക്കാലം ശ്രീ. എ. കെ. ആന്റണിയുടേയും ശ്രീ. ഉമ്മൻ ചാണ്ടിയുടേയും നേതൃത്വത്തിലുള്ള ഭരണകാലഘട്ടമായിരുന്നു. കേരളത്തിന് വികസനവും ഉൽക്കർഷയും പ്രദാനംചെയ്ത കാലഘട്ടമായിരുന്നു ഈ നാല് വർഷക്കാലം. വിവാദങ്ങളും പ്രതിസന്ധികളും യു.ഡി.എഫ്. ഗവൺമെന്റിന്റെ കൂടപ്പിറപ്പുകളായിരുന്നുവെങ്കിലും ഈ ഗവൺമെന്റ് കേരളത്തിന്റെ സമഗ്രമായ മാറ്റത്തിനും പുരോഗതിക്കുംവേണ്ടി നൽകിയ സംഭാവനകൾ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്നവർക്കുപോലും വിസ്മരിക്കാനാവില്ല എന്നാണ് ഞാൻ കരുതുന്നത്.

വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഇവിടെ നേരത്തെ പ്രസംഗിച്ച നിരവധി മെമ്പർമാർ ചൂണ്ടിക്കാണിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്ത്, നമ്മുടെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഉൾപ്പെടെ പിന്നോട്ടുപോയ കേരളത്തിനെ ബഹുദൂരം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞ നാലുവർഷക്കാലംകൊണ്ട് കഴിഞ്ഞു. ഒരുപക്ഷെ ഫീസ് സ്ട്രക്ച്ചറിനെക്കുറിച്ച് നമ്മുടെ അൺ എയ്ഡഡ് മേഖലയിൽ അല്ലെങ്കിൽ സ്വാശ്രയ മേഖലയിൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അക്കാഡമിക്കായിട്ടുള്ള, ഭരണപരമായിട്ടുള്ള പ്രശ്നങ്ങളെ കുറിച്ചൊക്കെ വിവാദം ഉണ്ടാകാം, അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. അത് പലതും സുപ്രീംകോടതി ഉൾപ്പെടെയുള്ള ഉന്നത നീതിപീഠങ്ങളുടെ പരിഗണനയിലുമാണ്. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോയ വിദ്യാർത്ഥികൾക്ക് ഇവിടെത്തന്നെ ഉന്നത വിദ്യാഭ്യാസം, പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയെടുക്കാനും ലോകത്തെമ്പാടുമുള്ള തൊഴിലവസരങ്ങൾ വെട്ടിപ്പിടിക്കാനുമുള്ള അവസരം കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് സംജാതമായി എന്നുള്ളത് വിസ്മരിക്കാൻ കഴിയില്ല. ഐ. ടി. മേഖലയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള ഭരണകർത്താക്കളുടെ കാലഘട്ടത്തിൽ നമ്മൾ കൈവരിച്ച നേട്ടങ്ങൾ വിസ്മരിക്കാൻ കഴിയില്ല. കൃഷിയും വ്യവസായവും കേരളത്തിൽ വളർച്ച മുരടിച്ചുപോയ, സ്റ്റാഗ്നേഷൻ സംഭവിച്ച മേഖലകളായിരുന്നു. പക്ഷെ ഇന്ന് ആ മേഖലകളിൽപ്പോലും നമുക്ക് പച്ചപ്പു കാണാൻ കഴിഞ്ഞു എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. കേന്ദ്ര നിക്ഷേപങ്ങൾ, 'ജിം' എന്നിവ ഞങ്ങൾക്ക് അല്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്ക്, ലോകത്തെമ്പാടും കേരളത്തിന്റെ വികസനത്തെ കാണാൻ ആഗ്രഹിക്കുന്നവർക്ക് വളരെ പ്രതീക്ഷ നൽകി. ആ പ്രതീക്ഷ പൂർണ്ണമായും സഫലീകരിക്കാൻ കഴിഞ്ഞില്ല എന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ ഞാൻ പറയട്ടെ, കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപമാണെങ്കിലും ഇപ്പോൾ പുതിയ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് കേരളത്തോട് കാണിച്ചിരിക്കുന്ന സമീപനം സ്വീകരിച്ചുകൊണ്ടുതന്നെ പറയട്ടെ, കേന്ദ്ര ഗവൺമെന്റ് നിക്ഷേപത്തിന്റെ കാര്യത്തിലാകട്ടെ, വിവര സാങ്കേതിക വിദ്യയുൾപ്പെടെയുള്ള മേഖലകളിലെ വിദേശ നിക്ഷേപത്തിന്റെ കാര്യത്തിലാകട്ടെ, നമുക്ക് ബഹുദൂരം മുന്നോട്ടുപോകാൻ ഒരുപക്ഷേ ലക്ഷ്യപ്രാപ്തിയിൽ എത്താൻ കഴിഞ്ഞില്ല എങ്കിലും, ബഹുദൂരം മുന്നോട്ടുപോകാൻ ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിനു കഴിഞ്ഞ നാലു വർഷക്കാലത്തെ ഭരണ കാലഘട്ടത്തിൽ കഴിഞ്ഞു. പക്ഷെ ഞങ്ങൾ ഈ വികസന പ്രക്രിയയുമായി മുന്നോട്ടുപോകുമ്പോൾ പാരമ്പര്യത്തിന്റെ പാതവിട്ടുകൊണ്ട് പുതിയ പാത സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോയതിന്റെ സൽപേര് പൂർണ്ണമായി നേടിയെടുക്കാൻ കഴിഞ്ഞില്ല. കാരണം ഈ ഗവൺമെന്റിന്റെ ഓരോ കാലഘട്ടത്തിലും ഉയർന്ന രാഷ്ട്രീയ പ്രതിസന്ധികളും വിവാദങ്ങളും അതിന് ഒരു പുകമറയിട്ടു എന്ന യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. ഇപ്പോൾ ഈ ഗവൺമെന്റ് നാലാമത്തെ വർഷത്തിലേക്ക് കടക്കുകയാണ്. അഞ്ചാമത്തെ സാമ്പത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച ഈ വ്യത്യസ്തമായ അജണ്ട, പാരമ്പര്യത്തിന്റെ പാത വിട്ടുകൊണ്ടു സ്വീകരിച്ച ഈ അജണ്ട, പൂർത്തീകരിക്കാൻ നിശ്ചയമായിട്ടും ഒരു പക്ഷെ ഇലക്ഷൻ ഇയറിലേക്ക് വരുന്നു എങ്കിൽപ്പോലും, നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഇലക്ഷൻ ഇതിനിടയിൽ നടക്കണമെങ്കിൽപ്പോലും രാഷ്ട്രീയ വിവാദങ്ങൾ അൽപ്പമെങ്കിലും മാറ്റിവച്ചുകൊണ്ട് നാം പ്രവർത്തിക്കണം. രാഷ്ട്രീയ വിവാദങ്ങൾ ആകട്ടെ, കേരളത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമായിട്ടുള്ള രാഷ്ട്രീയ സംവാദമാകട്ടെ, അത് അൽപ്പം മാറ്റിവച്ചുകൊണ്ട് നമുക്ക് ഈ വികസന പ്രക്രിയ അനുസ്യൂതം

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യം ഉണ്ടാക്കണം എന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഘട്ടത്തിൽ ഈ ഗവൺമെന്റിന്റെ അജണ്ടയിൽ വരേണ്ട അല്ലെങ്കിൽ ഭാവിയിലുള്ള നമ്മുടെ ഭരണകൂടങ്ങളുടെ അജണ്ടയിൽ വരേണ്ട ചില കാര്യങ്ങളെ മാത്രം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. ഇവിടെ ഇപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ച എ.ഡി.ബി. വായ്പയുടെ പേരിൽ കേരളത്തിൽ എത്രയോ സമരത്തിന്റെ വേലിയേറ്റങ്ങൾ ഉണ്ടായി, അവർ വച്ച വ്യവസ്ഥകൾ നമ്മൾ അംഗീകരിക്കാൻ പാടില്ല എന്ന കർക്കശമായ നിലപാട് നമ്മുടെ പ്രതിപക്ഷം ഉൾപ്പെടെ സ്വീകരിച്ചു. അതനുസരിച്ചുള്ള നിലപാട് സ്വീകരിക്കാൻ ഗവൺമെന്റും നിർബന്ധിതമായി. അത് കേരളത്തിന്റെ താൽപ്പര്യത്തിന് അനുപേക്ഷണീയവുമായിരുന്നു, യാതൊരു സംശയവുമില്ല. പക്ഷെ നമ്മൾ 600 കോടി രൂപയ്ക്ക് 12 ശതമാനം പലിശ കൊടുത്തുകൊണ്ട് എ.ഡി.ബി. വായ്പ എടുക്കാൻ നെട്ടോട്ടം ഓടുമ്പോൾ, ആ നെട്ടോട്ടത്തിന് നിങ്ങളുടെ കാലഘട്ടത്തിൽ തന്നെ തുടക്കം കുറിച്ചുവെങ്കിൽ നമ്മുടെ നാഷണലൈസ്ഡ് ബാങ്കുകൾ ഉൾപ്പെടെ, പൊതുമേഖലാ ബാങ്കിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെ, സഹകാരി ബാങ്കിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെ, കേരളീയരുടെ നിക്ഷേപം മുഴുവൻ കുമിഞ്ഞുകൂടുന്ന നമ്മുടെ ബാങ്കിംഗ് സ്ഥാപനങ്ങൾ കേരളത്തിന്റെ വികസന പ്രക്രിയയിൽ എന്ത് പങ്ക് വഹിക്കുന്നു എന്നുള്ള വിഷയം പലപ്പോഴും നമ്മുടെ ഈ സഭയിലാകട്ടെ, പുറത്താകട്ടെ ചർച്ചാവേദികളിൽ ഉയർന്നുവന്നിട്ടുണ്ട്. അത് നമ്മൾ വളരെ ഗൗരവമായി വിലയിരുത്തേണ്ടതുണ്ട് എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ധനവിനിയോഗ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഹുമാന്യനായ ശ്രീ. വക്കം പുരുഷോത്തമൻ വരുന്ന ഒരു വർഷക്കാലം ഈ കാര്യത്തിന് വളരെ stress കൊടുക്കണമെന്ന് emphasis കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അദ്ദേഹത്തിന്റെ ചില കർക്കശമായ നിലപാടുകൾ റിസർവ്വ് ബാങ്കിന്റെ മുമ്പിലും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിലും അതോടൊപ്പം തന്നെ നമ്മുടെ പൊതുമേഖലയിലെ ബാങ്കിംഗ് സ്ഥാപനങ്ങളെ അല്ലെങ്കിൽ സഹകാരി മേഖലയിലെ ബാങ്കിംഗ് സ്ഥാപനങ്ങളെ നിലയ്ക്ക് നിർത്താനും കേരളത്തിന്റെ താൽപ്പര്യങ്ങൾ ചവിട്ടിമെതിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ ധനകാര്യ സ്ഥാപനങ്ങളെ മൂക്കുകയറിട്ടുകൊണ്ട് നമുക്ക് അനുകൂലമാക്കി മാറ്റി എടുക്കുന്ന കാര്യത്തിലും വിനിയോഗിച്ചാൽ ഈ 600 കോടി രൂപയുടെ എ.ഡി.ബി. വായ്പയല്ല മറിച്ച്, നമുക്ക് ഏതാണ്ട് 20,000 കോടി രൂപ വരുന്ന സാമ്പത്തിക വർഷം കേരളത്തിന്റെ വിവിധ മേഖലകളിൽ ചെറുതും വലുതുമായ നിരവധി മേഖലകളിൽ, നിക്ഷേപിപ്പിക്കാനും വായ്പയായി നേടിയെടുക്കാനും അതിലൂടെ നമ്മുടെ വികസന പ്രക്രിയ ശക്തിപ്പെടുത്താനും കഴിയും എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ സി.ഡി. റേഷ്യോയിലുള്ള അന്തരത്തെക്കുറിച്ചൊന്നും ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല. അത് ഇവിടെ എത്രയോ തവണ നമ്മുടെ സാമ്പത്തിക വിദഗ്ദ്ധൻമാർ ചർച്ച ചെയ്ത വിഷയമാണ്. കേന്ദ്രമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പാർലമെന്റിൽ നൽകിയ മറുപടിയിൽ നമ്മുടെ വായ്പാ-നിക്ഷേപത്തിന്റെ അനുപാതം 43:11 എന്നുപറയുകയുണ്ടായി. ആ കണക്ക് പറഞ്ഞതിലൂടെ, നമ്മുടെ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെ, വായ്പാ-നിക്ഷേപ അനുപാതം 43:11 ശതമാനമാണെന്ന് പറഞ്ഞതിലൂടെ അദ്ദേഹം സ്ഥാപിച്ചത്, വായ്പ സ്വീകരിക്കാനുള്ള ശേഷി കേരളത്തിനില്ല എന്നാണ്. അത് നമ്മുടെ കരണത്തേറ്റ അടിയാണ്. അപമാനകരമായ ഒരു കമന്റാണ്. വായ്പ സ്വീകരിക്കാനുള്ള ശക്തി കേരളത്തിനില്ല, കേരളീയർക്കില്ല എന്നുപറഞ്ഞത് വേദനാജനകമായ ഒരു കമന്റായി ഞാൻ കാണുകയാണ്. നമ്മുടെ സംസ്ഥാനത്ത് ബാങ്കുകളുടെ നിക്ഷേപം 70,000 കോടി രൂപയാണ്, അതിൽ എസ്.ബി.ടി. ഉൾപ്പെടെയുള്ള, നാഷണലൈസ്ഡ് ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സ്ഥാപനങ്ങളിൽ 40,000 കോടി രൂപയുടെ നിക്ഷേപം മലയാളികളുടേതായിട്ടുണ്ട്, കേരളീയരുടേതായിട്ടുണ്ട്. അതിൽ 17,000 കോടി രൂപ മാത്രമാണ് കേരളീയർക്ക് വായ്പയായി നൽകിയിട്ടുള്ളത്. 40,000 കോടി രൂപയുടെ ആകെ നിക്ഷേപം—സ്റ്റേറ്റ് ബാങ്കുകൾ ഉൾപ്പെടെയുള്ള നാഷണലൈസ്ഡ് ബാങ്കുകളിൽ 40,000 കോടി രൂപയുടെ നിക്ഷേപമുണ്ട്. ആ 40,000 കോടിയിൽ 17,000 കോടി രൂപ മാത്രമാണ് നമ്മുടെ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വായ്പയായി ലഭിച്ചിരിക്കുന്നത്. എന്നാൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമുക്ക് 60 ശതമാനം വായ്പ ലഭിക്കേണ്ടതാണ്; ഇത് നമുക്ക് അവകാശപ്പെട്ടതാണ്. തമിഴ്നാട്ടിൽ 50,000 കോടി രൂപയാണ് ഈ ബാങ്കിംഗ് സ്ഥാപനങ്ങൾ വായ്പയായി നൽകുന്നത്; കർണ്ണാടകത്തിൽ 35,000 കോടി രൂപയാണ്; ആന്ധ്രയിൽ 37,400 കോടി രൂപയാണ്. എന്നാൽ കേരളത്തിൽ മാത്രം നടപ്പു സാമ്പത്തിക വർഷം പൂർത്തീകരിക്കുമ്പോൾ 17,000 കോടി രൂപയാണ് എന്നത് ലജ്ജാകരമാണ്. ധനകാര്യമന്ത്രി ഈ വിഷയത്തിൽ ഇടപെടണം, ഗവൺമെന്റ് ഇടപെടണം, ബാങ്കിംഗ് കേന്ദ്ര വിഷയമാണെങ്കിൽപ്പോലും റിസർവ്വ് ബാങ്കിന്റെ മുമ്പിൽ ഗവൺമെന്റ് ഈ വിഷയം ടേക്ക് അപ് ചെയ്തുകൊണ്ട് കേരളത്തോട് കാണിക്കുന്ന ഈ അനീതി, അന്തരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്ക്, അവരുടെ വികസനത്തിന്, അവരുടെ ദൈനംദിന ആവശ്യത്തിന്, പണം നൽകാൻ ബാധ്യതയുള്ള, നമ്മുടെ നിക്ഷേപം സ്വീകരിക്കുന്ന ബാങ്കുകൾ സ്വീകരിച്ചിരിക്കുന്ന നിഷേധാത്മകമായ ഈ നിലപാട് തിരുത്താനുള്ള നടപടി സ്വീകരിച്ചേ മതിയാകൂ. എങ്കിൽ മാത്രമേ നമ്മൾ തുടങ്ങിവച്ച വികസന പ്രക്രിയ ഐ.ടി. യിൽ ആകട്ടെ, സ്മാൾ സ്കെയിൽ യൂണിറ്റുകളിൽ ആകട്ടെ, പുതുതായി ആവിർഭവിച്ച് ശക്തിപ്പെട്ടുവന്നിരിക്കുന്ന കുടുംബശ്രീ പ്രസ്ഥാനങ്ങളിലാകട്ടെ, ആ മേഖലയിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ എല്ലാ പ്രസ്താവനകളും നടക്കുന്നുണ്ട്. ഒരു ആത്മഹത്യയുടെ ദയനീയമായ സാഹചര്യം ഇവിടെ ഉണ്ടായ സംഭവം നമുക്കറിയാം. പക്ഷെ റിസർവ്വ് ബാങ്ക് പറഞ്ഞിരിക്കുന്നത് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടവിനുള്ള മാതാപിതാക്കളുടെ ശേഷികൂടി നോക്കിയിട്ട് വേണം വിദ്യാഭ്യാസ വായ്പ കേരളത്തിലെ കുട്ടികൾക്ക് കൊടുക്കാൻ എന്നാണ്. ആ കണ്ടീഷനാണ് ബാങ്കുകളെ വായ്പകൾ നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്. നമ്മൾ ഇടപെടേണ്ട ഒരു ഘട്ടമാണ്. ഇടപെടണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഈ ബഡ്ജറ്റിലും ഗവർണ്ണറുടെ പ്രസംഗത്തിലുമൊക്കെ പറഞ്ഞിരിക്കുന്ന ഒരു കാര്യം മൈക്രോ ഫിനാൻസിനെക്കുറിച്ചാണ്. കേരളത്തിൽ എസ്.എൻ.ഡി.പി. പ്രസ്ഥാനം ഈ രംഗത്തേയ്ക്കു കടന്നുവന്നു. ഗ്രാമീണ മേഖലയിൽ വലിയ മാറ്റം ഉണ്ടായി. ബംഗ്ളാദേശിലെ മുഹമ്മദ് യൂനൂസ് എന്ന മനുഷ്യനാണ് ഈ പ്രസ്ഥാനത്തിന് ലോകത്തിൽ ആദ്യമായി രൂപം നൽകിയത്. Banking for the Poor ആണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഡോ. തോമസ് ഐസക്: സർ, ജാതി അടിസ്ഥാനത്തിൽ ഈഴവർ, നായൻമാർ, കെ.പി.എം.എസ്. എന്നിവർ സ്വയം സഹായസംഘങ്ങൾ സംഘടിപ്പിക്കുന്നത് നാട്ടിന് ഉചിതമായിരിക്കുമോ?

ശ്രീ. എം. മുരളി: സർ, നമ്മൾ അതിനെ നെഗറ്റീവ് ആയിട്ട് കാണരുത്. ജാതികളും വിഭാഗങ്ങളും മറ്റും ഒക്കെ കേരളത്തിന്റെ സാമൂഹിക യാഥാർത്ഥ്യമല്ലേ?. സോഷ്യൽ ഫാക്ടർ അല്ലേ?. എസ്.എൻ.ഡി.പി. ആകട്ടെ എൻ.എസ്.എസ്. ആകട്ടെ അത്തരം പ്രസ്ഥാനങ്ങൾ നമ്മുടെ നാട്ടിന്റെ സമ്പദ്ഘടനയ്ക്ക് മാറ്റം വരുത്താൻ, ഗവൺമെന്റ് പരാജയപ്പെടുമ്പോൾ, നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങൾ പരാജയപ്പെടുമ്പോൾ, ആ മേഖലയിലേക്ക്, ജനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനങ്ങളാണ്. അവ ഈ മേഖലയിലേക്ക് കടന്നുവരേണ്ടത് അനിവാര്യമാണ്. അപ്പോൾ നമ്മൾ അതിനെ നെഗറ്റീവ് ആയിട്ട് കാണേണ്ട; ക്രീയാത്മകമായിട്ട് കണ്ടാൽ മതി; പോസിറ്റീവ് ആയിട്ട് കണ്ടാൽ മതി. ഇപ്പോൾ കുടുംബശ്രീയുണ്ട്. കുടുംബശ്രീ വലിയ ഒരു പ്രസ്ഥാനമാണ്. കുടുംബശ്രീയോടൊപ്പം തന്നെ ഇത്തരം സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ കടന്നുവന്നുകൊണ്ട് ബാങ്കിംഗിന്റെ സൗകര്യങ്ങൾ ഇന്നലെവരെ നിഷേധിച്ചിരുന്ന പട്ടിണിക്കാർക്ക്, ദരിദ്രർക്ക്, ബാങ്കിംഗിന്റെ സൗകര്യങ്ങൾ, Banking for the poor, ആ കോൺസെപ്റ്റ് മൈക്രോ ഫിനാൻസിൽക്കൂടി കേരളത്തിൽ ആവിഷ്ക്കരിക്കാൻ കഴിഞ്ഞാലേ നമുക്ക് നഷ്ടപ്പെട്ടുപോയ ഗ്രാമീണ സമ്പദ്ഘടന വീണ്ടെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഗവൺമെന്റിന് മുൻകൈയെടുക്കാം. ഈ രംഗത്ത് കടന്നുവരുന്നവർ ആരായാലും അത് എസ്.എൻ.ഡി.പി. ആണെങ്കിലും എൻ.എസ്..എസ്. ആണെങ്കിലും മറ്റ് ക്രൈസ്തവസഭകൾ ആണെങ്കിലും ആരു കടന്നുവന്നാലും അവരെ പ്രോൽസാഹിപ്പിക്കുക. കെ.പി.എം.എസ്. ആണെങ്കിലും അവരെ പ്രോൽസാഹിപ്പിക്കുക. പാവങ്ങളെ രക്ഷിക്കാനുള്ള ഒരു കോൺസെപ്റ്റ് ആയിട്ട് അതിനെകണ്ടാൽ മതിയെന്നുള്ളതാണ് എന്റെ കാഴ്ചപ്പാട്. അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള സംരംഭമുണ്ടാകണം. കെ. എസ്. ടി. പി. ക്ക് രൂപം നൽകിക്കൊണ്ട് വേൾഡ് ബാങ്ക് സഹായത്തോടുകൂടി റോഡ് വികസനം നടക്കുന്നു. റോഡ് ഇല്ലാതെ നമുക്ക് മുന്നോട്ടുപോകാൻ പറ്റില്ല. ഒരുപക്ഷെ വിദേശത്തുള്ള മലയാളികൾ ഉറ്റുനോക്കുന്ന ഒന്നാണ് എക്സപ്രസ് ഹൈവേ. മുപ്പത് ലക്ഷം വാഹനങ്ങളുള്ള കേരളത്തിന്റെ ഒരറ്റത്ത് നിന്നു മറ്റേ അറ്റത്ത് എത്തണമെങ്കിൽ ഇന്ന് എത്ര മണിക്കൂറുകൾ വേണം. തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേക്ക് പോകണമെങ്കിൽ എത്ര മണിക്കൂറുകൾവേണം! പുതിയ റോഡുകൾ ഉണ്ടാകണം. ഗതാഗതസൗകര്യം ഉണ്ടാകണം. എക്സ്പ്രസ് ഹൈവേ എന്നു പറയുമ്പോൾ അതിനെ പുച്ഛിച്ചുതള്ളിയിട്ട് കാര്യമില്ല. കേരളത്തിന്റെ നാളത്തെ വികസനം ലക്ഷ്യം വച്ചുകൊണ്ട് എക്സ്പ്രസ് ഹൈവേ പ്രാവർത്തികമാക്കാൻ പ്രതിപക്ഷം നിലപാട് മാറ്റിയിട്ടുണ്ട്. പ്രാവർത്തികമാക്കാൻ ഏവരും സഹകരിക്കണ മെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. വർക്കല കഹാർ: സർ, ഇവിടെ എക്സ്പ്രസ് ഹൈവേയെ പുച്ഛിച്ചുതള്ളുന്നു എന്നുപറഞ്ഞു, ആയിരത്തിയഞ്ഞൂറ് കോടി രൂപ മുടക്കി നിർമ്മിക്കുന്നതും ഒരു ലക്ഷം പേർക്ക് ജോലി ലഭിക്കുന്നതുമായ സ്മാർട്ട് സിറ്റി പദ്ധതി നമുക്ക് നഷ്ടമാകുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ സഭയിൽ കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗം ഒറ്റ കാരണം കൊണ്ട് ദുബായിലെ ഷേക്കിന്റെ നേതൃത്വത്തിലുള്ള ദുബായ് ടീം അവരുടെ ട്രിപ്പ് ക്യാൻസൽ ചെയ്തിരിക്കുന്നു എന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ.

ശ്രീ. എം. മുരളി: കൊച്ചിയിലെ സ്മാർട്ട് സിറ്റി സംബന്ധിച്ച്, നമുക്ക് അതിന്റെ രൂപത്തിലും ഘടനയിലും വേണമെങ്കിൽ ചർച്ചകൾ ആകാം. പക്ഷെ അവിടെ കടന്നുവരുന്ന ദുബായ് ടീമിനെ ഭയപ്പെടുത്തി ആട്ടിപ്പായിക്കാനുള്ള നിലപാട് ആരു സ്വീകരിച്ചാലും ഒരിക്കലും പാടില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഗതാഗതസൗകര്യം വർദ്ധിപ്പിക്കണം. അത് റോഡ് ഗതാഗതം മാത്രമല്ല റെയിൽവേയുടെ വികസനത്തിൽ നമ്മൾ ശബ്ദം ഉയർത്തുന്നു, ഒച്ചപ്പാട് ഉണ്ടാക്കുന്നു. ലാലു പ്രസാദ് യാദവിന്റെ നിലപാട്, ഗവൺമെന്റും എം.പി.മാരും ചേർന്ന് തിരുത്തി. പക്ഷെ നമ്മൾ റെയിൽവേയുടെ വികസനത്തിന് ആത്മാർത്ഥമായി സഹകരണം നൽകേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. ഡബ്ളിംഗ്, എന്റെ പ്രദേശത്ത് ഒരു ഡബ്ളിംഗ് നടക്കുകയാണ്. പക്ഷെ ആ പ്രക്രിയ ഇഴഞ്ഞുനീങ്ങുകയാണ്. സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര ശുഷ്കാന്തി അതിന് കാണിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ജലഗതാഗതമുൾപ്പെടെ ഗതാഗത സൗകര്യം വർദ്ധിപ്പിച്ചുവെങ്കിൽ മാത്രമേ ഭാവിയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള അടിസ്ഥാനസൗകര്യം ആകുകയുള്ളൂ. വൈദ്യുതിയെക്കുറിച്ച് ഒരു കാര്യംകൂടി പറയട്ടെ. എൻ. ടി. പി. സി. യുണ്ടായി. കായംകുളം താപവൈദ്യുത നിലയം നമ്മുടെ എത്രയോ വലിയ സംരംഭമായിരുന്നു. അതിന്റെ രണ്ടാംഘട്ടം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നതിനായി പ്രധാനമന്ത്രി വന്നു തറക്കല്ലിട്ട് ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. പക്ഷെ എൻ. ടി. പി. സി. യുടെ കായംകുളം നിലയത്തിന്റെ വൈദ്യുതി നമ്മൾ വാങ്ങുന്നില്ലായിരുന്നു. ഇപ്പോൾ ആ നിലയം തകരാറിലായി. അവരുടെ കറണ്ട് വേണ്ടെന്ന നിലപാടാണ് നിർഭാഗ്യവശാൽ നമ്മൾ സ്വീകരിച്ചത്. ഞാൻ പറഞ്ഞുവന്നത് വൈദ്യുതി ആകട്ടെ, റെയിൽവേ, ഉൾപ്പെടെയുള്ള റോഡ് ഉൾപ്പെടെയുള്ള ജലഗതാഗതം ഉൾപ്പെടെയുള്ള മേഖലയാകട്ടെ, നമുക്ക് തുറന്നുകിട്ടേണ്ട ആ മേഖലകളിൽ വികസനത്തിന്റെ പാത പുതുതായിട്ട് വെട്ടിത്തുറക്കാനും വിപുലീകരിക്കാനും നമുക്ക് കഴിയണം. നാളത്തെ വലിയ പ്രശ്നം വെള്ളം തന്നെയായിരിക്കും. ഒരുപക്ഷെ, ഇന്ന് ഈ സഭയിലും ചോദ്യോത്തരവേളയിൽ, സബ്മിഷൻ വേളയിൽ ഏറ്റവും കൂടുതൽ ജനപ്രതിനിധികൾ ഉന്നയിച്ച ആവശ്യം എന്താണ്? കുടിവെള്ളത്തിന്റെ പ്രശ്നമാണ്. ലോകത്ത് എമ്പാടും ഭൂമിയുടെ പേരിൽ യുദ്ധം നടന്നുവെങ്കിൽ നാളെ വെള്ളത്തിന്റെ പേരിൽ യുദ്ധം നടക്കുമെന്ന് ദീർഘദർശിത്വമുള്ളവർ പ്രഖ്യാപിച്ചിരിക്കുന്നു. കേരളത്തിലും അതാണ് വരാൻ പോകുന്നത്. കേരളത്തിന്റെ കുടിവെള്ള പ്രശ്നം, കേരളത്തിന്റെ ജലപ്രശ്നം അതും ദീർഘദൃഷ്ടിയോടുകൂടി കണ്ടുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ അജണ്ടയിൽ ജലവും കുടിവെള്ളവും ഉണ്ടാകണം എന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാലു വർഷക്കാലമായി ഈ ഗവൺമെൻറ് വെട്ടിത്തെളിച്ച വികസനപാത, വിവാദങ്ങൾ അതിനു പുകമറ സൃഷ്ടിച്ചുവെങ്കിൽപ്പോലും, പ്രതിസന്ധികൾ അതിന് തടസ്സങ്ങൾ സൃഷ്ടിച്ചുവെങ്കിൽ പോലും ശ്രീ. എ. കെ. ആന്റണി തുടങ്ങിവച്ച, ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുന്ന വികസനപ്രക്രിയ, വ്യത്യസ്ത പാതയിൽക്കൂടി മുന്നോട്ടുപോകുന്ന വികസനപ്രക്രീയ, കേരളത്തെ പുതിയ നൂറ്റാണ്ടിൽ ആത്മവിശ്വാസത്തോടുകൂടി നയിക്കും. അതിനുള്ള വാർഷിക ബഡ്ജറ്റിന്റെ ഭാഗമായുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇന്ന് ഈ ധനവിനിയോഗ ബിൽ പാസ്സാക്കുന്നതോടുകൂടി ബഡ്ജറ്റിന്റെ എല്ലാ ക്രമീകരണങ്ങളും എല്ലാ കാര്യങ്ങളും പൂർത്തിയാകുകയാണ്. കഴിഞ്ഞ മുപ്പത്തിയൊന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് ഒരു ഫുൾ ബഡ്ജറ്റ് കൊണ്ടുവന്ന്, അത് പാസ്സാക്കാനുള്ള അവസരം ഉണ്ടായത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമന്റെ കാലത്താണ്. അദ്ദേഹം ഇത്രയും താൽപ്പര്യപൂർവം ഇതിനകത്ത് ഒരു ഇനിഷ്യേറ്റീവ് എടുത്തതിൽ അദ്ദേഹത്തെ പ്രത്യേകമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഈ ബഡ്ജറ്റിന്റെ വിശദാംശങ്ങളൊക്കെ ഇവിടെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. ഞാൻ അതിലേക്ക് കടന്നുപോകാൻ ഉദ്ദേശിക്കുന്നില്ല. സമയത്തിന്റെ പരിമിതിയാണ് കാരണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വ്യക്തമായ പ്രകടനപത്രികയുടെ അടിസ്ഥാനത്തിലാണ്. ഇനി കാലാവധി പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞാൽ അതിനായി അവശേഷിക്കുന്ന മാസങ്ങൾ വളരെ വിരളമാണ്. അതിനിടയിൽ, ഇതുവരെ വാഗ്ദാനം ചെയ്ത കാര്യങ്ങൾ പൂർത്തീകരിച്ചു എന്നു ജനങ്ങളോട് പറയാനുള്ള അവസരം സൃഷ്ടിച്ചെടുക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, മുന്നണി മര്യാദകൾ ഞങ്ങൾ പാലിക്കുന്നില്ലായെന്ന്. സർ, ഞങ്ങൾ മുന്നണി മര്യാദകൾ പാലിക്കുന്നുണ്ട് എന്നുതന്നെയാണ് എനിക്കു പറയാനുള്ളത്. ഒരു മുന്നണി സംവിധാനം എങ്ങനെ പോകണമെന്നുള്ളതിനെ സംബന്ധിച്ച് കേരളത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവോ രാഷ്ട്രീയപ്പാർട്ടിയോ ഞങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ല. കാരണം കേരളം മുന്നണി സംവിധാനം പരീക്ഷിച്ച് വിജയിച്ച ഒരു സ്റ്റേറ്റാണ്. കഴിഞ്ഞ ഗവൺമെന്റിൽ ഞാനും പങ്കാളിയായിരുന്നു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലും ഗവൺമെന്റിന് പല ഇഷ്യൂസും ഫെയിസ് ചെയ്യേണ്ടിവന്നിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ കാബിനറ്റിൽ ചർച്ച ചെയ്യുമ്പോൾ, എനിക്ക് വ്യക്തമായിട്ടറിയാം, ഒരു ഇഷ്യൂ വന്നുകഴിഞ്ഞാൽ ആ പ്രശ്നം യു.ഡി.എഫിൽ ചർച്ച ചെയ്യേണ്ടതാണെങ്കിൽ അത് കാബിനറ്റിൽ വന്നാൽപ്പോലും യു.ഡി.എഫിൽക്കൂടി ചർച്ച ചെയ്യണമെന്ന് പറഞ്ഞ് അത് മാറ്റിവയ്ക്കും—അതായിരുന്നു. അന്നു സ്വീകരിച്ചിരുന്ന നിലപാട്. ഈ ഗവണ്മെന്റ് വന്നതിനുശേഷം അങ്ങനെ ഒരു ഇൻസിഡന്റ്, ഏതെങ്കിലും ഒരു ഇഷ്യൂ ചർച്ചചെയ്യാൻ വേണ്ടി യു.ഡി.എഫ്.-ലേയ്ക്ക് വന്നിട്ടില്ല. യു.ഡി.എഫ്. യോഗം കൂടാറുണ്ട് എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞല്ലോ, ഞങ്ങൾ മുന്നണി മര്യാദ പാലിക്കുന്നില്ലേ? എവിടെയാണ് ഇക്കാര്യം പറയേണ്ടത്? ഇത് പറയേണ്ടത് യു.ഡി.എഫ്. യോഗത്തിലാണ്. ആകെ എത്ര യു.ഡി.എഫ്. യോഗം കൂടി? കഴിഞ്ഞ നവംബറിൽ രണ്ട് യു.ഡി.എഫ്. യോഗം കൂടി. പിന്നെ കൂടിയത് സുനാമി വന്നപ്പോൾ റിലീഫ് മെഷേഴ്സ് സംബന്ധിച്ച് എന്ത് ചെയ്യാമെന്ന് ആലോചിക്കുന്നതിനുവേണ്ടിയായിരുന്നു. ഇന്ന് രാവിലെ ഞാൻ യു.ഡി.എഫ്. കൺവീനറെ വിളിച്ചു, ഞാൻ ചോദിച്ചു, ഒരുപാട് പ്രശ്നങ്ങൾ ഉണ്ടല്ലോ, ചർച്ച വേണ്ടേയെന്ന്. അപ്പോൾ കൺവീനർ പറഞ്ഞു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ചില ക്രമീകരണങ്ങൾകൂടി ചെയ്യാനുണ്ട്, അതിനുശേഷം യു.ഡി.എഫ്. യോഗം കൂടാമെന്നാണ്. എന്ത് ക്രമീകരണമാണ് ചെയ്യാൻ പോകുന്നതെന്ന് എനിക്കറിയില്ല. അതിനുശേഷം കൂടാമെന്ന് യു.ഡി.എഫ്. ചെയർമാൻകൂടിയായ മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു. ഞാൻ 15-10-2004-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്ത ഒരു കത്ത് മാത്രം വായിക്കാം. "ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്, യു.ഡി.എഫ്. ഉന്നതാധികാര സമിതി നവംബർ രണ്ടാം തീയതി ചേരുന്നതായിട്ടുള്ള അറിയിപ്പു കിട്ടി. ഞങ്ങൾ യോഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിക്കുന്നുണ്ട്. യു.ഡി.എഫ്. യോഗം സംബന്ധിച്ച് സെപ്തംബർ പതിനാറാം തീയതി ഞാൻ അങ്ങേയ്ക്കു നേരിട്ടു നൽകിയ കത്തിലെ വിഷയങ്ങളെല്ലാം നവംബർ രണ്ടിലെ യോഗത്തിൽ ചർച്ച ചെയ്യണമെന്ന് താൽപര്യപ്പെടുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-നുണ്ടായ പരാജയം, എ. കെ. ആന്റണി മന്ത്രിസഭയുടെ രാജി, അങ്ങയുടെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരം ഏറ്റ സാഹചര്യം, പുതിയ മന്ത്രിസഭയിൽനിന്നും ഞങ്ങളുടെ പാർട്ടിയെ ഒഴിവാക്കപ്പെടാനുള്ള കാരണങ്ങൾ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച നിലപാട് എന്നിവയെല്ലാം തന്നെ രണ്ടാം തീയതിയിലെ യോഗത്തിൽ ചർച്ച ചെയ്യത്തക്കവിധം ഈ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. സെപ്തംബർ പതിനാറാം തീയതി ഞാൻ അങ്ങേയ്ക്കു നൽകിയ കത്തിന്റെ ഫോട്ടോകോപ്പി ഇതോടൊപ്പം വച്ചിട്ടുണ്ട്. വിശ്വസ്തതയോടെ, ടി. എം. ജേക്കബ്." ഇതിനുശേഷം എന്ത് ചർച്ച യു.ഡി.എഫ്.-ന് അകത്ത് നടന്നു. അവിടെയാണല്ലോ പ്രശ്നങ്ങൾ പറഞ്ഞു തീർത്ത് മുന്നോട്ടു പോകേണ്ടത്. അതിനുള്ള അവസരം ഉണ്ടാകുന്നില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പ് സെപ്തംബറിൽ നടക്കണം. ഇപ്പോൾ നടക്കുമോ ഇല്ലയോ എന്നുള്ള സന്നിഗ്ദ്ധാവസ്ഥയിലാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടെങ്കിൽ എന്തുചെയ്യും? ഇനി വാർഡ് ഡീ-ലിമിറ്റേഷൻ നടത്തണം. എന്യൂമറേഷൻ നടത്തണം. അങ്ങനെ പല കാര്യങ്ങളുമുണ്ട്. പഞ്ചായത്ത് ഇലക്ഷനെ സംബന്ധിച്ച് യു. ഡി. എഫ്. ഇപ്പോഴെങ്കിലും ചർച്ച ചെയ്യണ്ടേ? ആരെയെങ്കിലും എവിടെയെങ്കിലും വിളിച്ചുകൂട്ടുന്നുണ്ടോ? ഇത് ഏത് ഫോറത്തിൽ പറയണം? എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ തീരുമാനിച്ചാൽ മതിയോ? ഇപ്പോൾ ഈ മുന്നണിയിൽ ഒരുപാട് ഇഷ്യൂസുണ്ട്. ഈ മുന്നണിയിൽ ഇപ്പോൾ ഉൽഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾക്ക് മുന്നണിയോ ഘടകകക്ഷികളോ ആരും ഉത്തരവാദികളല്ല. മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് പാർട്ടിയാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. അതും പ്രത്യേകിച്ച് മുഖ്യമന്ത്രി. അദ്ദേഹമാണ് ഇനിഷ്യേറ്റീവെടുക്കേണ്ടത്. യു.ഡി.എഫ്.-ന്റെ ചെയർമാൻ അദ്ദേഹമാണ്. അദ്ദേഹം എന്തെങ്കിലും ഇനിഷ്യേറ്റീവ് എടുക്കുന്നുണ്ടോ? ഇല്ലല്ലോ? ഇഷ്ടമില്ലാത്തവരോടൊക്കെ പ്രതികാരമായിട്ട് പെരുമാറുക. അതൊരു ശരിയായ സമീപനമല്ല. ഞാൻ നേരത്തെ കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞിരുന്നു. അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ദിവസം അദ്ദേഹം ദണ്ഡിയാത്ര കഴിഞ്ഞ് എയർപോർട്ടിൽ വന്നപ്പോൾ പത്രക്കാർ ചോദിച്ചു, ടി. എം. ജേക്കബ് യു.ഡി.എഫ്.-ന് എതിരായി വോട്ട് ചെയ്തല്ലോയെന്ന്. ആ ബില്ല് പൈലറ്റ് ചെയ്ത മന്ത്രി ഇവിടെയുണ്ട്. ഞാൻ യു.ഡി.എഫ്.-ന് എതിരായിട്ടല്ല വോട്ട് ചെയ്തത്. അദ്ദേഹം പറയട്ടെ. ആ ബില്ലിന് അനുകൂലമായി ഞാൻ എത്ര വോട്ട് ചെയ്തു എന്ന്. ഇഷ്യൂ എന്താണെന്ന് അദ്ദേഹം മനസ്സിലാക്കിയില്ലല്ലോ? മുന്നണി മര്യാദ പാലിച്ചില്ല എന്ന് പറയുന്നു. ലോട്ടറി ഇഷ്യൂ ആദ്യം പ്രതിപക്ഷം റെയ്സ് ചെയ്തു. പ്രതിപക്ഷനേതാവുമായി മുഖ്യമന്ത്രി ചർച്ച നടത്തി. ഞങ്ങൾ പ്രതിപക്ഷത്തല്ലല്ലോ? ഞങ്ങൾ ആ യോഗത്തിലില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതു കഴിഞ്ഞ് ക്യാബിനറ്റിൽ ബില്ല് വന്നു. ക്യാബിനറ്റ് അപ്രൂവ് ചെയ്തു. ക്യാബിനറ്റിലും ഞങ്ങളില്ല. പിന്നെ എവിടെയാണ് ഇത് പറയേണ്ടത്? പിന്നെ പറയേണ്ട ഫോറം നിയമസഭയാണ്. അവിടെ ഞാൻ പറഞ്ഞത് ശരിയാണെന്ന കാര്യത്തിൽ ഉറച്ചു നിൽക്കുകയാണ്. എന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ശ്രീ. സതീശൻ അഭിപ്രായം പറഞ്ഞല്ലോ? അദ്ദേഹം വോട്ട് ചെയ്തില്ല എന്നുള്ളത് ശരിയാണ്. ഞാൻ ഒരു ക്ലാസിന്റെ അമെന്റുമെന്റിൽ മാത്രമാണ് വോട്ട് ചെയ്തത്. പി.എസ്.സി.-യിൽ നിയമനം നടന്നു. പ്ലാനിംഗ് ബോർഡിൽ നിയമനം നടന്നു. ആരോടെങ്കിലും ആലോചിച്ചോ? ഇല്ലല്ലോ? പ്ലാനിംഗ് ബോർഡ് വീണ്ടും വികസിപ്പിക്കാൻ പോകുകയാണ്. എനിക്ക് കിട്ടിയ ഇൻഫർമേഷനാണ് ഞാൻ പറയുന്നത്. അതുപോലെതന്നെ കാർഷിക മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി നെല്ല് സംഭരണം. അതിൽ ഒരുപാട് ഇഷ്യൂസ് വന്നതല്ലേ? നമ്മൾ കളക്ടീവായിട്ട് ആലോചിച്ചോ? കുറേ കാര്യങ്ങൾ ഗവണ്മെന്റ് ചെയ്തു. കളക്ടീവായിട്ട് ആലോചിക്കാൻ പറ്റിയോ? സുനാമി ദുരന്തം വന്നു. യു.ഡി.എഫ്. കൂടിയാലോചിച്ചതിനുശേഷം പിന്നീട് വിളിച്ചോ? ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഒരുപാട് ആക്ഷേപങ്ങൾ വരുന്നുണ്ട്. അത് കൂട്ടായി ആലോചിച്ചാൽ എന്താ കുഴപ്പം? സ്വീകരിക്കാൻ പറ്റുന്നത് സ്വീകരിക്കുക. ജുഡീഷ്യൽ എൻക്വയറി രണ്ടു മന്ത്രിമാർക്കെതിരായിട്ട് ഓർഡർ ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയിലും ചില സാംഗത്യങ്ങൾ കിടക്കുകയല്ലേ? ഇവിടെയുണ്ടായ മറ്റൊരു പ്രശ്നം, ആരെങ്കിലും അഭിപ്രായങ്ങൾ പറഞ്ഞാൽ, അഭിപ്രായങ്ങൾ പറഞ്ഞവർക്കെതിരെ നടപടി സ്വീകരിക്കുന്നു. ഇത് ശരിയാണോ? ബി.എഡ്. കോളേജിന്റെ ഇഷ്യൂ ഉണ്ടായി. കുരിയാർകുറ്റി-കാരപ്പാറ കേസിന്റെ ഫർദർ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് അതിന്റെ ഫൈനൽ റിപ്പോർട്ട് കഴിഞ്ഞ അഞ്ചാം തീയതി കോഴിക്കോട് വിജിലൻസ് കോടതി ഫയൽ ചെയ്തിരിക്കുകയാണ്. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് അതിന്റെ ഫൈനൽ റിപ്പോർട്ട് കൊടുത്തു. അതിൽ ഒൻപതാം പ്രതിയാണ് ഞാൻ. എനിക്കതിൽ യാതൊരു ഭയവുമില്ല. ഈ കേസ് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് സി.സി. 2/99 ആയിട്ടാണ് രജിസ്റ്റർ ചെയ്തത്. അന്ന് കോടതിയിൽ വന്നു. കോടതിയിൽ ഒരുപാട് നടപടികൾ ഉണ്ടായി. ഞാനും എന്റെ കക്ഷിയും ഇപ്പോൾ യു.ഡി.എഫ്.-ൽ ആണെന്നാണല്ലോ വയ്പ്. പ്രസംഗം കേൾക്കുന്ന യു.ഡി.എഫ്.-ന്റെ ആളുകൾ പറയട്ടെ, ഈ സഭാതലത്തിൽ ഈ പ്രശ്നം വന്നപ്പോൾ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. എ. കെ. ആന്റണി സ്വീകരിച്ച നിലപാട് നമുക്കറിയാം. സർക്കാരിന്റെ നടപടികളിൽ പ്രതിഷേധിച്ച് അന്നത്തെ പ്രതിപക്ഷം ഈ സഭയിൽനിന്നും വോക്കൗട്ട് നടത്തിയപ്പോൾ എന്റെകൂടെ ഇറങ്ങിപ്പോന്ന ആളാണ് ശ്രീ. ഉമ്മൻ ചാണ്ടി. ആന്റണിയോടൊപ്പം ഞങ്ങളെല്ലാം ഇറങ്ങി. പത്താം നിയമസഭയുടെ പ്രൊസീഡിംഗ്സ് എടുത്ത് പരിശോധിച്ചാൽ കാണാം. ബി.എഡ്. കോഴക്കേസിൽ ഞാൻ കോടതിയിൽ മൊഴി കൊടുത്തു. ബി.എഡ്. കോഴക്കേസിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അവിടെപ്പോയി മൊഴി കൊടുത്തതല്ല. കോടതി എന്നെ സമൻ ചെയ്തു. ഞാൻ പോയില്ലെങ്കിൽ എനിക്ക് വാറണ്ട് വരും. രണ്ടാമത്തെ പ്രാവശ്യമാണ് എന്നെ വിളിക്കുന്നത്. ആദ്യം ഉമ്മൻ ചാണ്ടിയേയും തിരുമേനിയേയും വിളിച്ചു. രണ്ടാമത് വിളിക്കുമ്പോൾ ഒന്നാം സാക്ഷിയാണ് ഞാൻ. രണ്ടാം സാക്ഷി പി. സി. ജോർജ്. മൂന്നാം സാക്ഷി രജി പുത്തയത്ത്. നാലാം സാക്ഷി ചീഫ് മിനിസ്റ്റർ. അഞ്ചാം സാക്ഷി ജോമോൻ പുത്തൻപുരയ്ക്കൽ. ആറാം സാക്ഷി യൂഹാനോൻ മാർപീലാക്സിനോസ് തിരുമേനി. ആറ് സാക്ഷികളെയും വിസ്തരിച്ചു. ഫെബ്രുവരി പതിനാലാം തീയതി കോഴിക്കോട് വിജിലൻസ് ജഡ്ജി പുറപ്പെടുവിച്ച ജഡ്ജ്മെന്റിന്റെ ഫോട്ടോ കോപ്പി എന്റെ കൈയിലുണ്ട്. ആ ജഡ്ജ്മെന്റിൽ എന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇതാണ്. "The first witness examined on the side of the complainant is Mr. T. M. Jacob, presently a Member of the Legislative Assembly and former Minister of Irrigation. According to him, the Metropolitan had told him that Messrs. P. C. Ahammed, P. P. V. Moossa and N. Mammootty demanded money for the construction of the District Committee Office of Muslim League, from the Metropolitan, as a motive for exercising personal influence on the Minister of Education in giving sanction for a B.Ed. College, which the Metropolitan had applied for". ഇതാണ് ജഡ്ജുമെന്റിലെ നാലാം പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന കാര്യം. അതിന്റെ ഏഴാം പാരഗ്രാഫിൽ, "Witnesses No. 4 is Mr. Oommenchandy, the Chief Minister of Kerala. He says that he had received a copy of Ext. A1 letter from the Bishop" എന്നാണ് പറയുന്നത്. അതായത് ബിഷപ്പ് അന്നത്തെ ചീഫ് മിനിസ്റ്റർ എ. കെ. ആന്റണിക്ക് അയച്ച കത്ത് ഉമ്മൻചാണ്ടിക്ക് കിട്ടിയെന്ന്. അതു കഴിഞ്ഞ് പറയുന്നത് "He further says that he was sad, on hearing the B.Ed. College applied for by the Metropolitan was not given 'No Objection Certificate'. He further says that the Metropolitan had not told him regarding the demand of bribe". എന്നാണ്. ഇത് രണ്ടുമാണ് കോടതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനകത്ത് ഉമ്മൻചാണ്ടി എന്തിന് കളവു പറഞ്ഞു? മെത്രാപൊലീത്ത തിരുമേനിയാക്കോബായ സഭയുടെ സീനിയർ മെത്രാപൊലീത്തയാണ്. അദ്ദേഹം പാമ്പാടിക്കാരനാണ്. ഉമ്മൻചാണ്ടിക്ക് വളരെ അടുത്തറിയാം. ഞങ്ങളുടെ സഭയുടെ ബിഷപ്പാണ്. അദ്ദേഹത്തിന്റെ മൊഴി വായിച്ച് എന്നെ കേൾപ്പിച്ചിട്ട് ജഡ്ജി തന്നെ ചോദിച്ചു, അദ്ദേഹം പറഞ്ഞത് ശരിയാണോ? ഞാൻ പറഞ്ഞു ശരിയാണെന്ന്. അടുത്ത ഭാഗത്ത് പറയുന്നത് ഉമ്മൻചാണ്ടിയോട് ബിഷപ്പ് പറഞ്ഞകാര്യമാണ്. എന്നോട് കോടതി ചോദിച്ചു, ഉമ്മൻചാണ്ടിയും നിങ്ങളും തമ്മിൽ ഇക്കാര്യം സംസാരിച്ചിട്ടുണ്ടോ? ഒന്നല്ല നൂറുവട്ടം സംസാരിച്ചിട്ടുണ്ട് എന്ന് ഞാൻ കോടതിയിൽ സത്യമാണ് പറഞ്ഞത്. ഞാൻ പറയുന്നു ക്രൈസ്തവ സഭയിലെ ഒരു മേൽപ്പട്ടക്കാരൻ കഴുത്തിൽ കുരിശുംതൂക്കി ഒരു കോടതിയിലും, ഒരു സ്ഥലത്തും കളവ് പറയില്ല. സത്യവിരുദ്ധമായ പ്രസ്താവനയാണ് കോടതിയിൽ നടത്തിയതെന്ന് ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പറയട്ടെ. അദ്ദേഹവുമായി സംസാരിക്കാൻ ഞാൻ തയ്യാറാണ്. തിരുമേനിയെക്കൂടി വിളിക്കട്ടേ. ഞങ്ങൾ തമ്മിൽ സംസാരിക്കാം. ഉമ്മൻചാണ്ടി ഇതുവരെ എന്നോട് കാര്യങ്ങൾ ചോദിച്ചോ? എന്തൊക്കെയാണ് മൊഴി കൊടുത്തതെന്ന്? ഡെപ്പോസിഷനുണ്ടല്ലോ? അങ്ങ് വക്കീലായിരുന്ന ആളല്ലേ? ഞാൻ തരാം കോടതി രേഖകൾ. ലീഗ് ആരുടെ കൈയിൽ നിന്നും കൈക്കൂലിമേടിച്ചു എന്ന് പറഞ്ഞില്ല. മെത്രാപൊലീത്ത ഉമ്മൻചാണ്ടിയോട് പറഞ്ഞോയെന്ന് എനിക്കറിയില്ല. എവിഡൻസ് ആക്ട് അങ്ങേയ്ക്കറിയാമല്ലോ? എവിഡൻസ് ആക്ട് പ്രകാരം ഒരു സാക്ഷി അറിയാവുന്ന കാര്യങ്ങൾ നേരിട്ടു പറയുന്നതും മറ്റൊരാൾ പറഞ്ഞ കാര്യം കോടതിയിൽ പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ കോടതിയിൽ സത്യം പറഞ്ഞതിന് കുരിയാർകുറ്റി കാരപ്പാറ കേസിൽ എന്നെ പ്രതിയാക്കിയിരിക്കുകയാണ്. ഭയങ്കരമായ പ്രതികാരം. പക്ഷേ ഞാൻ എല്ലാ സ്നേഹ, ബഹുമാന, ആദരവുകളോടും എളിമയോടുംകൂടി പറയട്ടെ, ശ്രീ. ഉമ്മൻചാണ്ടി, നിങ്ങൾക്ക് എന്നെ ഒരു ചുക്കും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയില്ല. ഇത് ഈ സഭയിൽ ഞാൻ പറയുകയാണ്. ഞാൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയോട് 8-ാം തീയതി ഒരു ചോദ്യം ചോദിച്ചു. ചോദ്യം നമ്പർ (830), അത് അൺസ്റ്റാർഡ് ചോദ്യമാണ്. ചോദ്യം: "കുരിയാർകുറ്റി കാരപ്പാറ കേസ് ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡി.വൈ.എസ്.പി. ആരാണ്? ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥൻ എത്ര മാസം എടുത്തു?" ഉത്തരത്തിൽ ഈ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡി.വൈ.എസ്.പി.യുടെ പേരാണ് ആദ്യം പറയേണ്ടത്. അതിന് അദ്ദേഹം നൽകിയ മറുപടി "ഫർദർ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ സാദ്ധ്യമല്ല" എന്നാണ് മറുപടി അരി എത്ര എന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്നാണോ മറുപടി പറയേണ്ടത്? ഞാൻ ഇക്കാര്യത്തിന് 8-2-2005-ൽ സ്പീക്കർക്ക് ഒരു written complaint കൊടുത്തു. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇന്നലെ സഭയിൽ ഞാൻ വേറൊരു ചോദ്യം ചോദിച്ചു. അതിനും മറുപടി കിട്ടിയിട്ടില്ല. ചോദ്യം 3159, "കുരിയാർകുറ്റി കാരപ്പാറ കേസിന്റെ ആദ്യത്തെ എഫ്.ഐ.ആർ. എന്നാണ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്? ഇതിലെ പ്രതികൾ ആരെല്ലാമായിരുന്നു? രണ്ടാമത്തെ എഫ്.ഐ.ആർ. സമർപ്പിച്ചിരുന്നുവോ? എങ്കിൽ എന്നാണ്? 2001-ൽ അധികാരത്തിൽ വന്ന സർക്കാർ ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്താൻ ശ്രമിച്ചിരുന്നുവോ? ഇതുസംബന്ധമായി ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും ഉത്തരവുണ്ടായിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? കുരിയാർകുറ്റി കാരപ്പാറ കേസിന്റെ ആദ്യ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡി.വൈ.എസ്.പി. ദിനേശനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീണ്ടും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പ്രസ്തുത കേസുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും ചുമതല ഏൽപ്പിക്കുന്നതിനോ തീരുമാനിച്ചിരുന്നുവോ? എങ്കിൽ ഏതെല്ലാം കാര്യങ്ങൾക്കാണ്? ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?" ഇതിനൊന്നിനും മറുപടിയില്ല. മറുപടി പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല. സത്യം പറഞ്ഞാൽ അപ്പൻ അമ്മയെ തല്ലും, അല്ലെങ്കിൽ അപ്പൻ പട്ടിയിറച്ചി തിന്നും. ഈ ചോദ്യത്തിന്റെ മറുപടി ഇന്നലെയും ഇന്നും സഭയിൽ വന്നിട്ടില്ല. ഇതിന്റെ മറുപടി തരാതിരിക്കാൻ പറ്റില്ലല്ലോ? ഞാൻ ഇവിടെ സൂചിപ്പിച്ചത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികാരം ചെയ്യുന്നത് അവസാനിപ്പിക്കണം. ഇനിയും കോടതിയിൽ പോകണമല്ലോ? ബി.എഡ്. കോളേജ് കോഴക്കേസിൽ ഞങ്ങൾ രണ്ടുപേരും കോടതിയിൽ പോകണം. കേസിന്റെ കുറ്റപത്രം കൊടുത്തു, ഇനി സാക്ഷി വിസ്താരമാണ്. ഞാനും ശ്രീ. ഉമ്മൻചാണ്ടിയും പോകണം. ബിഷപ്പ് പോകണം. ഈ സാക്ഷികളെല്ലാം പോകണം. ഞങ്ങളെ വീണ്ടും ക്രോസ് എക്സാമിൻ ചെയ്യും. ഞാൻ പറയുന്നു, മുഖ്യമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ആ ഉന്നതമായ സ്ഥാനം വച്ചുകൊണ്ട് അദ്ദേഹം സത്യം കോടതിയിൽ ബോധിപ്പിക്കണം, സത്യം കോടതിയിൽ പറയണം. ഇന്ന് അദ്ദേഹം യു.ഡി.എഫ്.-ന്റെ കൺവീനറല്ല, അദ്ദേഹം കേരള സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. യു. ഡി. എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രിയാണ്. ഈ രാജ്യത്തോട് അദ്ദേഹത്തിന് ചില കടപ്പാടുകളുണ്ട്. ആ കടപ്പാടുകൾ നിർവ്വഹിക്കാൻ അദ്ദേഹം തയ്യാറാകണം. അതിന് തയ്യാറാകാതെ മുഖ്യമന്ത്രി യു.ഡി.എഫ്.-ന്റെ പുക കണ്ടേ അടങ്ങു എന്നാണ് തീരുമാനിച്ചിരിക്കുന്നതെങ്കിൽ എനിക്ക് എന്ത് ചെയ്യാൻ പറ്റും? എനിക്ക് ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഞങ്ങൾക്ക് കഴിഞ്ഞയാഴ്ച വിശുദ്ധ വാരമായിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വിശുദ്ധവാരം വളരെ പ്രധാനപ്പെട്ടതാണ്. അതെല്ലാം കഴിഞ്ഞ് ഇന്ന് മൂന്നാം ദിവസമാണ്. ഇന്ന് സഭ പിരിയുകയാണ്. ഇനി സഭ കൂടുമോ, എന്നാണ് കൂടുക, ആരൊക്കെ എവിടെയൊക്കെയാണ് ഇരിക്കുക, ആർക്കറിയാം? ഞാൻ പിറവത്ത് പോകുമ്പോൾ അവിടെ പാഴൂർ പടിപ്പുര എന്നൊരു സ്ഥലമുണ്ട്. അവിടെ ഒരു പ്രശ്നം വയ്പ്പിക്കാൻ ഉദ്ദേശിക്കുകയാണ്. എന്താണെങ്കിലും യു.ഡി.എഫ്.-ന്റെ മുന്നണി മര്യാദകൾ ഞങ്ങൾ ലംഘിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനിയെങ്കിലും പറയരുത്. കാരണം ഞങ്ങൾ മുന്നണി മര്യാദ ലംഘിച്ചിട്ടില്ലല്ലോ? കോൺഗ്രസ് പാർട്ടിയുടെ സംഘടനാ പ്രശ്നത്തിലേക്ക് കടക്കാൻ ഞാൻ ആളല്ല. ഞാൻ പറയുകയുമില്ല, പറയാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല. ശ്രീ. ഉമ്മൻചാണ്ടി കോൺഗ്രസ് പാർട്ടിയെ ഒറ്റക്കെട്ടായി മുന്നോട്ട് നയിക്കണം. അതിനുള്ള initiative എടുക്കണം. എന്നിട്ട് ഞങ്ങളെയൊക്കെ കുറ്റം പറഞ്ഞോ. ഞങ്ങളൊക്കെ ചെറിയ കക്ഷികളല്ലേ? മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് പാർട്ടിക്കകത്ത് ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം കാരണക്കാരൻ മുഖ്യമന്ത്രിയാണെന്ന് പലരും പറയുന്നു, പല നേതാക്കൻമാരും പറയുന്നു. പല കാര്യങ്ങളും ഘടകകക്ഷി നേതാക്കളുമായി ആലോചിക്കുന്നില്ലെന്ന് പറയുന്നു. അവർ തന്നെ പറയുന്നു, എനിക്കറിഞ്ഞുകൂടാ, പത്രങ്ങളിലും ടെലിവിഷനിലും നമ്മളെല്ലാവരും കേൾക്കുന്നതാണ്. ആരോടും ആലോചിക്കാതെ എങ്ങനെ മുന്നോട്ട് പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും? അതുകൊണ്ട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ നടപടിക്രമങ്ങളിൽ പാലിക്കേണ്ട മുന്നണി ബന്ധങ്ങൾ, മുന്നണി മര്യാദകൾ പാലിക്കാൻ initiative എടുക്കേണ്ട മുഖ്യമന്ത്രി initiative എടുക്കുന്നില്ല. കഴിഞ്ഞ മന്ത്രിസഭയിൽ അംഗമായിരുന്ന ഞാൻ ഇപ്പോൾ പ്രതിക്കൂട്ടിലായി. കഴിഞ്ഞ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ. ജി. കാർത്തികേയൻ പ്രതിക്കൂട്ടിലായി. ഇനി ശ്രീ. അടൂർപ്രകാശും ശ്രീ. രാമചന്ദ്രൻ മാസ്റ്ററും പ്രതിക്കൂട്ടിൽ വരും. ഒരു ജുഡീഷ്യൽ എൻക്വയറി നടത്തിയാൽ വിസ്തരിക്കാൻ വിളിക്കും. നരേന്ദ്രൻ കമ്മീഷന്റെ പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച ജുഡീഷ്യൽ എൻക്വയറി വന്നപ്പോൾ ഞാനും അന്നത്തെ മുഖ്യമന്ത്രി ശ്രീ. കരുണാകരനും പോയി. എന്നെ 5 ദിവസം വിസ്തരിച്ചു. കരുണാകരനായതുകൊണ്ട് അദ്ദേഹത്തെ ഒരു ദിവസം കൊണ്ട് വിട്ടയച്ചു. അതാണ് പഴയ കഥകൾ .....
.....(ബഹളം).....
വിളിപ്പിക്കും, ശ്രീ. രാമചന്ദ്രൻ മാസ്റ്ററെയും വിളിപ്പിക്കും. ശ്രീ. ജി. കാർത്തികേയനേയും വിളിപ്പിക്കും, ശ്രീ. ചന്ദ്രശേഖരൻനായരെയും വിളിപ്പിക്കും.....
.....(ബഹളം).....
അതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. പ്രീഡിഗ്രി ബോർഡ് എൻക്വയറിക്ക് മുമ്പിൽ പോയ ഒരാൾ എന്നുള്ള നിലയിലാണ് ഞാൻ അത് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജുഡീഷ്യൽ അന്വേഷണത്തിന് വിധേയരായിരിക്കുന്ന മന്ത്രിമാർ മന്ത്രി സ്ഥാനത്ത് ഇരിക്കുന്നത് ശരിയാണോ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അഭിപ്രായമൊന്നും പറയുന്നില്ല. അതൊക്കെ നിങ്ങൾ തമ്മിൽ തമ്മിൽ പറയുക. അതുകൊണ്ട് ഇന്നത്തെ ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കാൻ പരിണതപ്രജ്ഞനായ അങ്ങേയ്ക്ക് കഴിയുമെങ്കിൽ അങ്ങ് initiative എടുക്കണം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

ശ്രീ. പി. സി. ജോർജ്: സർ, സുനാമി ബാധിച്ച യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നു എന്ന് പറഞ്ഞിട്ട് കാര്യമില്ല. എതിർത്താലും ഫലമില്ല, എന്ത് ചെയ്തിട്ടും കാര്യമില്ല. ഈ മുന്നണിയെപ്പറ്റി ഈ മുന്നണിയുടെ കക്ഷിനേതാവ് പറയുന്നത് നമ്മളെല്ലാവരും കേട്ടുകൊണ്ടിരിക്കുകയാണ്. ഇതിൽപ്പരം ഒരു ഗതികേട് ഈ രാജ്യത്തുണ്ടാകാനുണ്ടോ? 2001-ൽ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതാക്കൻമാർ കേരളം മുഴുവൻ നടന്നുപറഞ്ഞു, യു.ഡി.എഫ്. എന്നുപറഞ്ഞാൽ ഇതാണ് സാധനം, ഇത് നന്നാകുന്ന കേസല്ല, നിങ്ങൾ വോട്ട് ചെയ്യരുതെന്ന് കേരളത്തിലെ ജനങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളെല്ലാവരും ഇത് പറഞ്ഞതാണ്. പക്ഷേ ജനം തെറ്റിദ്ധരിച്ച് നിങ്ങൾക്ക് വോട്ട് ചെയ്തു. ഇപ്പോൾ ഈ പരുവമായി. ഇതല്ലേ സത്യം? എന്തിനധികം പറയുന്നു ജനം ചെയ്ത ഈ മഹാപാപത്തിനുള്ള ശിക്ഷയാണ് ഞങ്ങളെല്ലാവരും അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ശ്രീ. ജേക്കബിനോട് എനിക്ക് ഒരു കാര്യംപറയാനുണ്ട്. ജേക്കബ് എവിടെയാണ്? യു.ഡി.എഫ്-ലാണോ എൽ.ഡി.എഫ്.-ലാണോ? അതോ ഇടവഴിയിലാണോ? ജേക്കബ് പറഞ്ഞ് പറഞ്ഞ് വന്നിട്ട് വേണമെങ്കിൽ യു.ഡി.എഫ്.-ൽ കയറാമെന്ന നിലയിലുള്ള രീതിയിൽ പറഞ്ഞു. അത് മോശമായിപ്പോയി. കുടുംബത്തിൽ പിറന്നവനാണെങ്കിൽ, അന്തസ്സുള്ളവനാണെങ്കിൽ മുഖത്തുനോക്കി നാല് വർത്തമാനം പറഞ്ഞിട്ട് ഇങ്ങോട്ട് വാ, നമുക്ക് ആലോചിക്കാം. അതല്ലേ അതിന്റെ മാന്യത? ജേക്കബ് അങ്ങോട്ടും ഇങ്ങോട്ടും അല്ലാതെ ഇടയിൽ നിന്ന് വർത്തമാനം പറയുകയാണ്. ജേക്കബ് ഇവിടെ വാ. നമുക്ക് ചർച്ച ചെയ്യാം. ആലോചിക്കേണ്ട പ്രശ്നമല്ലേ? ഈ ഗവൺമെന്റിനെപ്പറ്റി പറയുമ്പോൾ കൂടുതൽ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ ചോദിക്കട്ടെ,

.....(ബഹളം).....

എന്റെ അധികാരമൊക്കെ ഞാൻ നോക്കിക്കൊള്ളാം. നിങ്ങൾ വിഷമിക്കണ്ട.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പ്രധാനമായിട്ടും പറഞ്ഞത് കുരിയാർകുറ്റി കേസിനെ സംബന്ധിച്ചാണ്. അതിന്റെ ഗുണഭോക്താവാണ് ശ്രീ. അച്ചുതൻ. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ടാങ്കർ ലോറിയിൽ വെള്ളം കൊടുക്കേണ്ട. സുഭിക്ഷമായി നാട്ടുകാർക്ക് സൗജന്യമായി വെള്ളം കൊടുത്തു. നാട്ടുകാർ സൗജന്യമായി കൊടുത്ത 43 ഏക്കർ സ്ഥലത്ത് കൂടി 4 കിലോമീറ്റർ കനാൽ വെട്ടി. അദ്ദേഹം ഇപ്പോൾ നല്ലൊരു എം.എൽ.എ. ആയിട്ട് ജീവിക്കുകയാണ്. ഞാൻ ആ കാര്യങ്ങളൊക്കെയാണ് പറഞ്ഞത്.

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. കെ. അച്ചുതനെ നിങ്ങൾ സാക്ഷിയാക്കുന്നുണ്ടല്ലോ. അച്ചുതൻ കാലുവാരില്ലേന്നു നോക്കിക്കോണം. കോൺഗ്രസല്ലേ സാധനം. വേറെ കാര്യമൊന്നുമില്ല. എനിക്ക് പറയാനുള്ളത് ഈ
2.00 P.M] ഗവൺമെന്റ് എന്തിനുവേണ്ടി ഇത് ചെയ്യുന്നു? ഇനി എന്തിന് ഇങ്ങനെ ഭരിക്കുന്നു? ഞാൻ ചോദിക്കട്ടെ ഇവിടെ സുനാമി ബാധിച്ചു. ആയിരക്കണക്കിന് ജനങ്ങൾ ഇന്ത്യാരാജ്യത്തും ലോകത്തും മരിച്ചു. ഇവിടെ കേരളത്തിൽത്തന്നെ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ നമുക്കറിയാം. ക്രൈസിസ്സ് മാനേജുമെന്റ് എന്ന ഒരു വകുപ്പുണ്ടാക്കി. ആ വകുപ്പിന്റെ ഗതി എന്താണെന്നു ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. നിങ്ങൾക്ക് ഇഷ്ടപ്പെടില്ലല്ലോ. പക്ഷേ പാവപ്പെട്ടവർക്ക് വീടുണ്ടാക്കി കൊടുക്കുന്ന പദ്ധതിയുണ്ടാക്കിയിട്ട് ആ പദ്ധതിയിൽ അടിച്ചുമാറ്റൽ പ്രക്രിയയുമായിട്ടല്ലേ നിങ്ങൾ പോകുന്നത്? എനിക്ക് സ്ഥലമുണ്ടെങ്കിൽ ഞാൻ എവിടെ

LIBRARY ARCHIVES Kerala Legislative Assembly

വീടു വയ്ക്കണം എങ്ങനെ വീടു വയ്ക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം എനിക്കല്ലേ? നിങ്ങളത് തന്നിട്ടുണ്ടോ? സുനാമി ബാധിത പ്രദേശമായ ആലപ്പാട്ട് പഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന, താഴെപേരെഴുതി ഒപ്പിട്ടിരിക്കുന്ന ദുരിതബാധിതർ ഗവൺമെന്റിന് സമർപ്പിക്കുന്ന പരാതിയാണിത്. ഇത്തരത്തിൽ "സുനാമിയിലൂടെ നഷ്ടമായ ഞങ്ങളുടെ വീടിനുപകരം പുതുതായിട്ട് വീടുകൾ നിർമ്മിച്ചു നൽകാൻ തീരുമാനിച്ചതായി അറിയുന്നു. ഞങ്ങളുടെ സ്വന്തം ഭൂമിയിൽ പ്രസ്തുത വീടു നിർമ്മിക്കുന്നതിന് സന്നദ്ധസംഘടനയെ നിശ്ചയിച്ചത് ഞങ്ങളുടെ യാതൊരു അഭിപ്രായവും തേടാതെയാണ്. ഞങ്ങളുടെ ഭൂമിയിൽ ആരു വീട് വയ്ക്കണമെന്നു നിശ്ചയിക്കാനുള്ള നിയമപരമായ അവകാശം ഞങ്ങൾക്കാണ്. ഇപ്പോൾ നിശ്ചയിച്ചുകൊണ്ടിരിക്കുന്ന സംഘടനയെക്കൊണ്ട് ഞങ്ങളുടെ വസ്തുവിൽ വീട് പണിയിക്കാൻ അനുവദിക്കുന്നതല്ലെന്നു ഇതിനാൽ അങ്ങയെ അറിയിക്കുന്നതോടൊപ്പം ഞങ്ങളുടെ വീടു പണിയുന്നതിനുള്ള ചുമതല 'മാതാ അമൃതാനന്ദമയി മഠത്തെ' ഏല്പിക്കണമെന്നും അപേക്ഷിക്കുന്നു." ഒപ്പിട്ടിരിക്കുന്നത് ശശികുമാർ. വീട്ട് നമ്പർ 266/1 അവസാനത്തെയാള് ശാന്ത, തുണ്ടത്തിൽ. പഞ്ചായത്തിലെ 60 ആളുകളുടെ പരാതിയാണിത്. നിങ്ങൾക്ക് എന്തിന്റെ സുഖക്കേടാണ്? അവിടെ മാതാ അമൃതാനന്ദമയി വീട് പണിയിച്ചു കൊടുക്കാമെന്നു പറയുന്നു. അത് മതിയെന്നു ജനങ്ങൾ പറയുന്നു. നിങ്ങൾ സമ്മതിക്കുകയില്ല. നിങ്ങൾക്ക് ഇഷ്ടമുള്ളവരെക്കൊണ്ട് പണിയിപ്പിക്കണം. അതാണ് ഞാൻ പറയുന്നത് ഇതിൽ അടിച്ചുമാറ്റൽ പ്രക്രിയയുണ്ടെന്ന്. അതിൽ കമ്മീഷൻ അടിക്കാനാണോ? അടിച്ചോ, അനുഭവിച്ചേ തീരു, അധികം നാൾ ഇല്ലല്ലോ നിങ്ങൾക്ക്. നിങ്ങൾ പോകുന്നത് എങ്ങോട്ടാണ്? ഞാൻ ചോദിക്കട്ടെ, ഇവിടെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഗതി എന്താണ്? മോഹൻദാസ് എന്ന .....

ശ്രീ. ടി. കെ. ദേവകുമാർ : സർ, സുനാമി പ്രശ്നത്തിൽ ഞാൻ ഇവിടെ ഒരു ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നപ്പോൾ എന്നെ ആക്ഷേപിച്ച് അവഹേളിച്ച് ഞാൻ പറഞ്ഞതു മുഴുവൻ പച്ചക്കള്ളമാണെന്നു പറഞ്ഞു ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രിയെന്ന മാന്യദേഹം ഉൾപ്പെട്ടവർ. യു.ഡി.എഫ്. ന്റെ പഞ്ചായത്തു സമിതി, ആലപ്പാട്ട് പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ സെക്രട്ടേറിയറ്റിന്റെ വാതുക്കൽ അനിശ്ചിതകാല നിരാഹാരസമരം ഇന്ന് ആരംഭിച്ചിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ് : സർ, എനിക്കറിയാം. അവർ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹത്തിലാണ്. അദ്ദേഹത്തെ ഞാൻ എന്തെങ്കിലും പറഞ്ഞാൽ വ്യക്തിവൈരാഗ്യമാണെന്നു പറയും. അതുകൊണ്ടാണ് പറയാത്തത്. അദ്ദേഹം നിയമസഭയിൽ വന്ന് ഏത് വിധത്തിലും ന്യായീകരണം നടത്തുകയും ഏത് വൃത്തികേടും പറയുകയും ചെയ്യുന്ന വ്യക്തിയാണ് എന്നതിൽ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സംശയമൊന്നുമില്ല. ഞാൻ ഇത് പറയുമ്പോൾ വ്യക്തി വിരോധമാണെന്നു പറയും. ഇന്ന് ഇവിടെ കടവ് കമ്മിറ്റിയെ ഏല്പിച്ചു. നമ്മുടെ പ്രിയങ്കരനായ രാധാകൃഷ്ണൻ ഇവിടെയുണ്ട്. കോളിംഗ് അറ്റൻഷന് മറുപടി പറഞ്ഞപ്പോൾ കടവ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഞാൻ ടെൻഡർ ചെയ്തു എന്നു പറഞ്ഞു. ദൈവശിക്ഷ കിട്ടുന്ന നുണയാണ് പറഞ്ഞത്. എന്റെ നാട്ടിൽ ഈ കടവ് കമ്മിറ്റിയില്ല. അദ്ദേഹത്തിന്റെ പാർട്ടിയുടെ മൂന്നോ നാലോ ആളുകളെ ഒരുമിച്ചിരുത്തി ഒരു കമ്മിറ്റിയുണ്ടാക്കി ആ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ടെൻഡർ ചെയ്ത കളക്ടർമാരെ ഭീഷണിപ്പെടുത്തി. അതല്ലേ സത്യം? ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ അത് ചോദിച്ചതുകൊണ്ട് ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. ഞാൻ ചോദിക്കട്ടെ മോഹൻദാസ്, ഈ മോഹൻദാസ് എന്നു പറയുന്നത് ആരാണ്? പൊതുമേഖലാ സ്ഥാപനം..... .....(ബഹളം).....

ചെയർപേഴ്സൺ *(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)*: അദ്ദേഹം വഴങ്ങുന്നില്ല..... അദ്ദേഹം വഴങ്ങുന്നില്ല.....(ബഹളം).....

ശ്രീ. പി. സി. ജോർജ് : പുതുശ്ശേരിയെത്തന്നെ വേഗം നീക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ പറഞ്ഞു വന്നത് മറ്റൊന്നാണ്. മോഹൻദാസ് എന്ന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു എം.ഡി. ഇരിപ്പുണ്ട്. അയാൾ ട്രാക്കോ കേബിൾസിന്റെ എം.ഡി.യാണ്. ഈയാളുടെ പേരിൽ വിജിലൻസ് കേസ് നടക്കുകയാണ്. ഈയാളെ അവിടെ വയ്ക്കരുതെന്നു പറഞ്ഞ് ഞാൻ തന്നെ ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് കത്തു കൊടുത്തു. അദ്ദേഹം എന്റെ കത്തിന്റെ അടിസ്ഥാനത്തിലാണെന്നു ഞാൻ പറയുന്നില്ലെങ്കിൽപോലും അവിടെ എം.ഡി. യാക്കാതെ വച്ചുകൊണ്ടിരുന്നു. പുതിയ ഗവൺമെന്റു വന്നു അയാളെ പിടിച്ച് എം.ഡി.യാക്കി. കൂടുതൽ ഒന്നും പറയുന്നില്ല. ഇവിടെ മണ്ഡരി രോഗത്തിന് മരുന്നു തളിക്കാൻ വെയർഹൗസിംഗ് കോർപ്പറേഷനെ ഏല്പിക്കുന്നത്,.....ഈ ഗവൺമെന്റല്ലാതെ മറ്റാരെങ്കിലും ഏല്പിക്കുമോ? ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻജി. അങ്ങ് മാത്രമെ ഇവിടെ മന്ത്രിയായിട്ട് ഇരിപ്പുള്ളൂ. തിരുവഞ്ചൂർ വന്നിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന് എന്താണ് ഈ മരുന്നു തളിയുമായിട്ട് ബന്ധം. കേന്ദ്രത്തിൽനിന്നുതന്നെ 24 കോടി രൂപ നിങ്ങൾ അടിച്ചുമാറ്റിയില്ലേ? അത് നിങ്ങൾ ഒന്നു അന്വേഷിക്കൂ. എവിടെ മരുന്നു തളിച്ചു? മണ്ഡരി നിവാരണത്തിനുവേണ്ടി എവിടെ മരുന്നു തളിച്ചു? ഈ 24 കോടി രൂപ എവിടെ ചെലവഴിച്ചു? നിങ്ങൾ പറയണം. കേന്ദ്ര ഗവൺമെന്റു തന്ന പണമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുരുമുളക് റിഹാബിലിറ്റേഷൻ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് തന്നിട്ടുള്ള പണം ഉപയോഗിച്ച് ഇടുക്കി ജില്ലയിലും അതുപോലെ തന്നെ വയനാട് ജില്ലയിലും ഇപ്പോൾ വെയർഹൗസിംഗ് കോർപ്പറേഷനെയാണ് വളത്തിന്റെ വിതരണം ഏല്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട അദ്ദേഹം പറഞ്ഞ കാര്യമാണ് ഇന്നു ഞാൻ സബ്മിഷനായിട്ട് ഉന്നയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ തിരിഞ്ഞുപോയി. എനിക്ക് പരാതിയില്ല. അങ്ങ് അറിഞ്ഞുകൊണ്ട് ചെയ്തതല്ലെന്നു അറിയാവുന്നതുകൊണ്ട് യാതൊരു പിണക്കവും അങ്ങയോടില്ല. കുരുമുളകിന്റെ കാര്യം വന്നപ്പോഴും അതിന്റെ കാശും വെയർഹൗസിംഗ് കോർപ്പറേഷൻ കൊടുക്കണം. പക്ഷേ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മാന്യത കാണിച്ചു. ആ നടപടിയൊക്കെ നിർത്തിവച്ചിട്ടുണ്ട്. ഇങ്ങനെ ഈ രാജ്യത്ത് കൊള്ളക്കാരെന്നു തെളിയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ പിടിച്ചു സ്ഥാനത്തു വച്ചുകൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് കിട്ടേണ്ട പണം പോലും അടിച്ചുമാറ്റാൻ അവസരം ഒരുക്കിക്കൊടുക്കുന്നത് നീതിയാണോ? ഇത് തടയണം. ഒരു ചെറിയ കാര്യവും കൂടി. നമ്മുടെ കെ.എസ്.ടി.പി. പദ്ധതി, ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി ഇവിടെയില്ല. അദ്ദേഹത്തോട് ഞാൻ കഴിഞ്ഞ ആഴ്ച നേരിട്ട് പറഞ്ഞ കാര്യമാണ്. ഇത് മാധ്യമം പത്രമാണ്. മനോരമ, മാതൃഭൂമി തുടങ്ങി എല്ലാ പത്രത്തിലും വന്നിരിക്കുകയാണ്, നമ്മുടെ ഹൈക്കോടതിയിലെ അഡ്വ. അനിൽ തോമസിനെപ്പറ്റിയുള്ള വാർത്ത അങ്ങേയ്ക്ക് അറിയുമോ, അനിൽ തോമസിന്റെ ഭാര്യയാണ് ജാമ്യ മാഫിയായുടെ ആൾ. മണൽ മാഫിയ പോലെ ഒത്തിരി മാഫിയയുണ്ട്. ഇപ്പോൾ ഹൈക്കോടതി കേന്ദ്രമാക്കി എറണാകുളത്ത് ഒരു ജാമ്യ മാഫിയയുണ്ട്. ഗവൺമെന്റ് പ്ലീഡർ അനിൽ തോമസ് എന്ന ആരോപണ വിധേയനായ ആളുടെ ഭാര്യ ഇതിന്റെ കൺവീനറാണ്. ജാമ്യ മാഫിയ, ഗവൺമെന്റിനെതിരെ കേസ് നടത്തിയാൽ ഗവൺമെന്റിനുവേണ്ടി ഭർത്താവ് ഹാജരാവുക. അഡ്വക്കേറ്റ് ജനറൽ ആഫീസിൽ ഇരിക്കുക എന്നിട്ട് കമ്മീഷൻ പറ്റിക്കൊണ്ട് കേസ് ഒതുക്കുക. കെ.എസ്.ടി.പി.യിലെ 130 കോടി രൂപ അടിച്ചുമാറ്റാൻ നോക്കി. ഏതായാലും ഇന്നലെ അത് തടയപ്പെട്ടതിൽ സന്തോഷമുണ്ട്. ഈ ഇനം വക്കീലന്മാരെയൊക്കെ ജോലി നിർത്തി വീട്ടിൽ പറഞ്ഞു വിടണം. കേരളത്തിന്റെ സമ്പത്താണ് നശിപ്പിച്ചത്. ഈ കാര്യങ്ങൾ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നു മാത്രം ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട ടി. എം. ജേക്കബിന്റെ ആ വേദനയ്ക്ക് ഒരു പരിഹാരം യു.ഡി.എഫ്. എത്രയും വേഗം ഉണ്ടാക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ജേക്കബ് മാന്യമായ കടവിൽ നിന്നു ഏതെങ്കിലും കരയിലേക്ക് കയറാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഈ നിയമസഭാ സമ്മേളനം കേരള നിയമസഭയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സമ്മേളനമാണ്. ഫുൾ ബഡ്ജറ്റ് പാസാക്കിക്കൊണ്ടാണ് ഈ സഭ പിരിയുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ബഡ്ജറ്റ് പരിപൂർണ്ണമായി പാസാക്കാൻ കഴിയുക എന്നുള്ളത് വളരെ

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനകരമായ കാര്യമാണ്. കേരള സംസ്ഥാനത്തെപ്പോലെ പരിമിതമായ വിഭവശേഷിയും ഒരുപാട് ചെലവ് ഇനങ്ങളുമുള്ള ഒരു സംസ്ഥാനത്ത് ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നത് പലപ്പോഴും സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമാണ്; അപ്പോഴാണ് അതിന്റെ ആരംഭം കുറിക്കുന്നത്. അതിനു വിപരീതമായി ഈ സാമ്പത്തിക വർഷം കേരളത്തിന്റെ വികസന രംഗത്ത് നൂതന അദ്ധ്യായം എഴുതിച്ചേർക്കാം എന്ന് ഞാൻ പ്രത്യാശിക്കുകയാണ്. നിങ്ങൾ എന്ത് തീരുമാനം എടുക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരുടെ മുഖം മനസ്സിൽ കാണണമെന്നു പറഞ്ഞ നമ്മുടെ രാഷ്ട്രപിതാവിന്റെ ആ അഭിപ്രായം ഏതൊരു ഭരണകൂടത്തിനും മാർഗ്ഗദർശകമാണ്. കഴിഞ്ഞ നാല് വർഷം കൊണ്ട് എന്തെല്ലാം വിമർശനങ്ങളുണ്ടായാലും പരമാവധി ആ കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ സർക്കാരും പ്രവർത്തിച്ചതെന്നു ഞാൻ കരുതുകയാണ്. വിശക്കുന്നവന്റെ മുമ്പിൽ ദൈവം ആഹാരത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നു പറയുന്നതുപോലെ ഈ രാജ്യത്ത് വികസനത്തോടൊപ്പം പാവപ്പെട്ടവരുടേയും ദരിദ്രന്മാരുടേയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഒരുപാട് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ മുമ്പേ പ്രസംഗിച്ച ചിലർ ഇവിടെ പെൻഷന്റെ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. നാല് വർഷങ്ങൾക്കുമുമ്പ് ശ്രീ. എ. കെ. ആന്റണി അധികാരത്തിൽ വരുമ്പോൾ പാവപ്പെട്ടവന്റെ പെൻഷനുവേണ്ടി ചെക്കുകളുമായി ട്രഷറികളുടെ മുമ്പിൽ ക്യൂ നിന്നിരുന്ന പരിതാപകരമായ അവസ്ഥയായിരുന്നു നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. എന്നാൽ പലപ്പോഴും എല്ലാ ചെലവുകളും മാറ്റിവച്ച് പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ ഈ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഈ സർക്കാർ വിദ്യാഭ്യാസമേഖലയിലും വ്യവസായ മേഖലയിലും കാർഷികരംഗത്തുമൊക്കെ ഒരുപാട് കാര്യങ്ങൾ ചെയ്തു. പക്ഷേ പലപ്പോഴും പല കാരണങ്ങൾകൊണ്ട് അത് ജനങ്ങളുടെ ശ്രദ്ധയിൽ എത്താതെപോയി; പരസ്പരമുള്ള ആരോപണങ്ങൾ കൊണ്ടും പ്രത്യാരോപണങ്ങൾ കൊണ്ടും പല തരത്തിലുമുള്ള വിഷമതകൾ കൊണ്ടും ജനങ്ങളുടെ ഇടയിൽ എത്താതെ പോവുകയാണുണ്ടായത്. നൂറു ദിവസത്തെ കർമ്മ പരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയപ്പോൾ പലരും അതിനെ കളിയാക്കി. പാവപ്പെട്ടവർക്ക് നക്കാപിച്ച കാശ് കൊടുക്കുവാനാണ് മുഖ്യമന്ത്രി പോകുന്നത്, അത് സെക്രട്ടേറിയറ്റിൽ നിന്നും മണി ഓർഡർ അയച്ചാൽ പോരേ എന്നു വിമർശിച്ചവർ ഉണ്ട്. എന്നാൽ നമ്മുടെ രാജ്യം ഭരിക്കുന്ന മുഖ്യമന്ത്രി കേരളത്തിലെ പതിനാലു ജില്ലകളിലും ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ട് അവരുടെ വേദനയും യാതനയും കഷ്ടപ്പാടുകളും മനസ്സിലാക്കിക്കൊണ്ട് അവരുടെ ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനുള്ള തീരുമാനമെടുത്തു. കാർഷിക രംഗത്തുണ്ടായ പ്രത്യാഘാതങ്ങൾ ഈ ഗവൺമെന്റിന്റെ മാത്രം കുറ്റംകൊണ്ട് ഉണ്ടായതല്ല. കൊടിയ വരൾച്ച നമുക്ക് നേരിടേണ്ടതായി വന്നു. പക്ഷേ കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഭരണം നടത്തിയ ഏതു ഗവൺമെന്റിനേക്കാളും വരൾച്ചകൊണ്ട് ദുരിതമനുഭവിച്ച കൃഷിക്കാർക്ക് ഏറ്റവുമധികം നഷ്ടപരിഹാരം നല്കുകയും കാർഷിക രംഗത്ത് ഏറ്റവുമധികം തുക ചെലവഴിക്കുകയും ചെയ്തത് ഈ സർക്കാരാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഒരുപാട് മന്ത്രിമാർ കേരളത്തിലേക്ക് വ്യവസായം തുടങ്ങുവാൻ വിദേശികളെ ക്ഷണിക്കുന്നതിനുവേണ്ടി വിദേശരാജ്യങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. പക്ഷേ ഈ നാലു വർഷത്തെ ചരിത്രം എടുത്തു പരിശോധിച്ചാൽ ഏറ്റവുമധികം നിക്ഷേപം വ്യവസായ രംഗത്ത് ഈ സംസ്ഥാനത്ത് ആരംഭിക്കുവാൻ കഴിഞ്ഞത് ഈ ഗവൺമെൻറിന്റെ കാലത്താണ് എന്ന് കാണാം. നമ്മുടെ പ്രധാനമന്ത്രി വൈദ്യുതി രംഗത്തെക്കുറിച്ച് കേരളത്തിൽവന്നു പറയുകയുണ്ടായി. കേരളം വൈദ്യുതി രംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയത്. ഈ വർഷം പവർ കട്ടില്ല എന്നു പ്രഖ്യാപിക്കുവാൻ ധൈര്യംകാട്ടിയ ഒരു വൈദ്യുതി മന്ത്രിയാണ് നമ്മുടെ രാജ്യത്ത് ഭരണം നടത്തുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പതിനഞ്ചായിരം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഈ ഗവൺമെന്റ് പ്രഖ്യാപിച്ച നൂറു ദിന കർമ്മ പരിപാടി അവസാനിച്ചപ്പോൾ അതിന്റെ നാലിരട്ടിയോളം പേർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ കഴിഞ്ഞു. കേരളത്തിൽ മുടങ്ങിക്കിടന്ന ഒരുപാട് പദ്ധതികൾ പൂർത്തീകരിക്കുവാനായി. അങ്ങനെ എല്ലാ മേഖലകളിലും വളരെ പ്രധാനപ്പെട്ട നേട്ടങ്ങൾ കൈവരിക്കുവാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഗവൺമെന്റ് പ്രഖ്യാപിക്കുന്ന പദ്ധതിയുടെ ഗുണഫലങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ അതിൽ സുതാര്യത വേണം. നമ്മുടെ ഭരണകൂടത്തിന്റെ ചുവപ്പുനാട അവസാനിക്കണം. ഒരുപാട് ഗവൺമെന്റുകൾ മാറിമാറി ഇവിടെ പല പരിഷ്കാരങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. എങ്കിലും സാധാരണക്കാരുടെ മാനസിക പ്രശ്നങ്ങൾ ഇന്നും നമ്മുടെ സെക്രട്ടേറിയറ്റുകളുടേയും സർക്കാർ ഓഫീസുകളുടേയും ഇടനാഴിക്കകത്ത് ചുവപ്പുനാടയ്ക്കടിയിൽ ഒതുങ്ങിക്കിടക്കുകയാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ മറന്നുകൂടാ. രാജ്യത്തിലെ റവന്യൂ വരുമാനത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് നമുക്ക് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ സാധിക്കുന്നത്. ഗണ്യമായ ഭാഗം ശമ്പളം കൊടുക്കുവാനും ഇതര ചെലവുകൾക്കുമാണ് ചെലവഴിക്കേണ്ടിവരുന്നത്. ഇങ്ങനെ ചെലവഴിക്കേണ്ടിവരുമ്പോഴും ആരോഗ്യകരമായ ഒരു സിവിൽ സർവ്വീസെന്ന് അഭിമാനം കൊള്ളുമ്പോഴും നമ്മുടെ രാജ്യത്തെ സാധാരണ മനുഷ്യരുടെ ജനകീയ പ്രശ്നങ്ങൾക്കുമുന്നിൽ പുറംതിരിഞ്ഞു നില്ക്കുന്ന ഒരു സമീപനമാണ് ബ്യൂറോക്രസി പലപ്പോഴും കാണിക്കുന്നത് എന്നുള്ളതാണ് വാസ്തവം. എന്തിനാണ് നമ്മുടെ രാജ്യത്ത് ഇത്രമാത്രം തസ്തികകൾ? ഈ സംസ്ഥാനത്ത് ഒരുകാലത്ത് ഒരു പോലീസ് ഐ.ജി.യുടെ കീഴിൽ ആയിരുന്നു പോലീസ് സേന പ്രവർത്തിച്ചിരുന്നത്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

അനേകം ഡി.ജി.പി.മാരും അനേകം ഐ.ജി.മാരും അനേകം ഡി.ഐ.ജി.മാരും കേരളത്തിലുണ്ട്. കാട് കുറയുമ്പോഴും നമ്മുടെ രാജ്യത്ത് ഫോറസ്റ്റ് കൺസർവേറ്റർ മാരുടെ എണ്ണം വളരെ കൂടുതലാണ്. ഡി.എഫ്.ഒ.മാരുടെ എണ്ണം വളരെ കൂടുതലാണ്. ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ ജലവിഭവവും പി.ഡബ്ലിയു.ഡി.യും നാഷണൽ ഹൈവേയുമൊക്കെ ഒരുമിച്ചു പ്രവർത്തിച്ചിരുന്ന കേരളത്തിൽ ഇന്ന് അനേകം ചീഫ് എഞ്ചിനീയർമാരാണ്. പക്ഷേ ഇന്ന് ആരംഭിക്കുന്ന ഒരു പദ്ധതി പൂർത്തിയാക്കുവാൻ വർഷങ്ങൾ എടുക്കുന്നു എന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് നാടിനെ മുടിപ്പിക്കുന്ന, സർക്കാരിൽ ആവശ്യമില്ലാത്ത, അനാവശ്യമായ തസ്തികകൾ വെട്ടിച്ചുരുക്കുവാൻ ഈ ഗവൺമെന്റ് ധീരത കാട്ടണമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവരുടെ ജോലി എന്താണെന്നുള്ളതിനെക്കുറിച്ചും ഗവൺമെന്റ് പുനർചിന്തനം നടത്തണം എന്ന് ഞാൻ ആവശ്യപ്പെടുകയണ്. അഴിമതിക്കെതിരായി പ്രവർത്തിക്കുന്ന, ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റ് ആണെങ്കിലും ഭരണകൂടത്തിന്റെ സിരാകേന്ദ്രങ്ങൾപോലും ഇന്നും അഴിമതി മുക്തമാണെന്ന് പറഞ്ഞുകൂടാ. കടുവായെ കിടുവ പിടിച്ചതുപോലെ ചീഫ് സെക്രട്ടറിയുടെ വീട്ടുസാധനങ്ങൾ കയറ്റിവന്ന ലോറിക്ക് വാളയാർ ചെക്ക് പോസ്റ്റിൽ ഉണ്ടായ അനുഭവം നമുക്കറിയാം. അതുകൊണ്ട് അഴിമതിക്കെതിരായ യുദ്ധം ഈ ഗവൺമെൻറ് കൂടുതൽ സജീവമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഭരണകൂടത്തിലുള്ള ചലനം ധൃതഗതിയിൽ ആക്കുന്നതിനുവേണ്ടി മോഡേണൈസേഷൻ പ്രോഗ്രാം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. ഈ ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ അടുത്ത തെരഞ്ഞെടുപ്പിനെക്കുറിച്ചല്ല അടുത്ത തലമുറയെക്കുറിച്ചാണ് ചിന്തിക്കേണ്ടതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പലപ്പോഴും നമ്മുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങളും തെരഞ്ഞെടുപ്പിലുള്ള ജയ-പരാജയങ്ങളുമാണ്. ഇവിടെ ബഡ്ജറ്റിനേയും ഡിമാന്റിനേയും കുറിച്ച് അപ്പുറത്തുള്ള പല സുഹൃത്തുക്കളും എതിർത്തു സംസാരിക്കുകയുണ്ടായി. അതോടൊപ്പം അവരുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മന്ത്രിമാരോട് അഭ്യർത്ഥനയും നടത്തി. ധനാഭ്യർത്ഥനയെ എതിർത്ത് പരാജയപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നവർ എന്ത് അടിസ്ഥാനത്തിലാണ് തങ്ങളുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുന്നത് എന്ന് നമുക്ക് അറിഞ്ഞുകൂടാ. ഇത് രാഷ്ട്രീയ രംഗത്തെ പരമ്പരാഗതമായ അന്ധവിശ്വാസമാണ്. പ്രതിപക്ഷത്തായാൽ എന്തിനെയും എതിർക്കുക, എന്തിനെയും കണ്ണടച്ച് എതിർക്കുക എന്നുള്ള ശൈലി നമുക്ക് മാറ്റേണ്ടിയിരിക്കുന്നു. വിമർശനത്തിനുവേണ്ടിയുള്ള വിമർശനമാണ് ഇവിടെ നടന്നത്. പൂമണം കേട്ടാൽ അത് ഏതു ശവപ്പെട്ടിമേലുള്ള പൂവാണ് എന്നു ചോദിക്കുന്ന രീതിയിലാണ് ഇവിടെ വിമർശനങ്ങൾ ഉണ്ടായത്. ഇവിടെ ധനവിനിയോഗ ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണോ അധികവും നടന്നത്? ഇവിടെ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളെക്കുറിച്ചാണ് ചർച്ച നടന്നത്? കോൺഗ്രസ്സിന്റെ റാലിയെക്കുറിച്ച് ചിലർ പറഞ്ഞു. ദണ്ഡിയാത്രയുടെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ അനുസ്മരണമായി ദണ്ഡിയാത്ര അനുസ്മരണ സമ്മേളനങ്ങൾ, കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും നടക്കുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. പക്ഷേ എന്റെ സ്നേഹിതൻ സുപാൽ മഹാത്മാ ഗാന്ധിയുടെ അനുയായികൾ ആരൊക്കെയാണെന്നു പറഞ്ഞു, മുഖ്യമന്ത്രിതൊട്ട് ശ്രീ. കെ. ബാബുവിനെവരെ കളിയാക്കി. വാർദ്ധയിലെ കള്ള സന്യാസി എന്നു പറഞ്ഞു ഗാന്ധിജിയെ ഒരുകാലത്തു കുറ്റം പറഞ്ഞവർ മഹാനായ നേതാജി സുഭാഷ് ചന്ദ്രബോസിനെ നേതാവല്ല, അവൻ ചെറ്റ ജാപ്പാൻകാരുടെ ചെരുപ്പുനക്കി എന്നുപറഞ്ഞ് ചെറുകാടിനെക്കൊണ്ട് പാട്ട് എഴുതിപ്പിച്ചു. ആ ചെറുകാടുതന്നെ തന്റെ ജീവിതപാതയിൽ താൻ അത് എഴുതിയപ്പോൾ മനസ്സാക്ഷി എന്നോട് തിരിച്ചു പറഞ്ഞു എന്നുപറഞ്ഞ് വേദനയോടെ വിലപിച്ചു; ചെറുകാട് മാപ്പിരന്നു. ആ പാർട്ടിക്ക് ഇപ്പോൾ നല്ല വാക്ക് പറയാൻ കഴിയുന്നുവെങ്കിൽ കാര്യങ്ങൾ മുൻകൂട്ടി തെറ്റായി കണ്ട് പിന്നീട് തിരുത്തിപ്പറയുന്ന ആ ഒരു സ്വഭാവം ഇവിടെ ആവർത്തിച്ചു എന്നു മാത്രമേ പറയുന്നുള്ളൂ. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദേശീയ പാർട്ടിയാണ്. അതിന്റെ പ്രസിഡന്റ് ശ്രീമതി സോണിയാഗാന്ധിയാണ്. ആ സോണിയാഗാന്ധി തീരുമാനിക്കുന്ന കാര്യങ്ങൾ പാർട്ടിയിൽ നടക്കും. ആ സോണിയാഗാന്ധി അംഗീകരിക്കുന്ന റാലികൾ ഈ പാർട്ടിയിൽ നടക്കും. ആ സോണിയാഗാന്ധി പറയുന്നതും ആ സോണിയാഗാന്ധി നേതൃത്വം കൊടുക്കുന്ന ഹൈക്കമാന്റ് പറയുന്നതുമേ ഈ പാർട്ടിയിൽ നടക്കുകയുള്ളൂ. സ്വന്തം കണ്ണിലെ കോലിനെ കാണാതെ അന്യരുടെ കണ്ണിലെ കരടിനെ കണ്ട് കുറ്റം പറയുന്നവരോട് ഞാനൊന്നും പറയുന്നില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പോളിറ്റ് ബ്യൂറോയിലിറങ്ങി ഫൗൾ കളിച്ചു. അങ്ങനെയാണ് പരാജയപ്പെട്ടതെന്ന് മലപ്പുറം സമ്മേളനത്തിലെ വാർത്താമാദ്ധ്യമങ്ങൾ ശ്രദ്ധിച്ചവർക്ക് എല്ലാവർക്കും അറിയാം. അതുകൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ച് ആരും ഉത്കണ്ഠാകുലരാകേണ്ടതില്ല. അത് ഞങ്ങൾതന്നെ സ്വയം ചികിത്സിക്കും. വൈദ്യരേ നിങ്ങൾതന്നെ സ്വയം ചികിത്സിക്കുക എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. ഇവിടെ പലരും പല കാര്യങ്ങളും പറഞ്ഞു. കഴിഞ്ഞ കാലഘട്ടത്തിൽ നാല്പതു പേരുടെ ഫിക്സഡ് ഡിപ്പോസിറ്റുമായി ഉമ്മൻചാണ്ടി സർക്കാരിനു മുമ്പ് ഭരിച്ച ആന്റണി ഗവൺമെന്റിനെ പൊളിക്കുവാനുള്ള ഒരു ശ്രമം നടന്നു. പലപ്പോഴും ആ വിഷയത്തിൽ പരാജയപ്പെട്ടു എന്നുള്ളത് സത്യമാണ്. ഇന്ന് ശ്രീ. പി. സി. ജോർജ്ജ് ചിലരെ ഇടതുപക്ഷജനാധിപത്യ മുന്നണിയിലേക്കു ക്ഷണിക്കുന്നത് ഞാൻ കേട്ടു. പാറായി തരകന്റെ വീട്ടിലെ കല്യാണത്തിന് പാറായി തരകന്റെ വീട്ടിലെ വേലക്കാരൻ ക്ഷണിച്ചാൽ പോര, മാർക്സിസ്റ്റ് പാർട്ടി ക്ഷണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മുസ്ലീങ്ങളുടെ പ്രവാചകനായ മുഹമ്മദ് നബി സത്യവിശ്വാസമുള്ള ഒരാളെ ഒരു മാളത്തിൽനിന്ന് രണ്ടു തവണ പാമ്പ് കടിക്കുകയില്ല എന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

നാല്പതു പേരുടെ ഫിക്സഡ് ഡെപ്പോസിറ്റുമായി നടന്ന് മാർക്സിസ്റ്റ് പാർട്ടിയെ ഇളിഭ്യരാക്കിയ ആളുകളെ മാർക്സിസ്റ്റ് പാർട്ടിക്ക് ബുദ്ധിയുണ്ടെങ്കിൽ,—സത്യമുണ്ട് എന്നു ഞാൻ പറയുന്നില്ല,—ബുദ്ധിയുണ്ടെങ്കിൽ വീണ്ടും വിശ്വസിക്കുമെന്ന് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. വിജിലൻസ് കോടതിയല്ല ഈ സഭ എന്നുള്ളതുകൊണ്ടും, ബഹുമാനപ്പെട്ട ചെയർ വിജിലൻസ് ജഡ്ജ് അല്ല എന്നുള്ളതുകൊണ്ടും, ഞാൻ പ്രോസിക്യൂഷൻ അഭിഭാഷകനല്ല എന്നുള്ളതുകൊണ്ടും ഞാനത് വിടുകയാണ്. പണ്ടൊരിക്കൽ ഈ നിയമസഭയിൽ നടന്ന അദ്ദേഹത്തിന്റെ പ്രസംഗത്തേക്കാൾ പുരോഗതിയുണ്ട്. അദ്ദേഹം എ. കെ. ജി. സെന്ററിൽ പോകുമെന്നല്ല പറഞ്ഞത്. അദ്ദേഹം അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലുള്ള പാഴൂർ പടിപ്പുരയിലേക്ക് പോകുമെന്നാണ് പറഞ്ഞത് എന്നുള്ളതുകൊണ്ട് എനിക്ക് പ്രത്യേകം സന്തോഷമുണ്ട്. നമ്മുടെ രാജ്യത്ത് മാറി മാറി പല മുന്നണികൾ വന്നുകൊണ്ടിരിക്കുകയാണ്. ആ മുന്നണികളിലൊക്കെ അഭിപ്രായ വ്യത്യാസം ഉണ്ടാകാറുണ്ട്. ഇവിടെ കോൺഗ്രസ്സ് മുന്നണിയിലെ പ്രശ്നത്തെക്കുറിച്ച് ആക്രോശിച്ച ഡോ. കെ. സി. ജോസഫും ശ്രീ. പി. സി. ജോർജ്ജും ഞാൻ വരുമ്പോൾ ഒരേ പാർട്ടിക്കാരായിരുന്നു. അവർ രണ്ടായി മാറിയ ചരിത്രം നോക്കുമ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ പോലുള്ള 62 അംഗങ്ങളുള്ള ഒരു പാർട്ടിയിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ അതിൽ അത്ഭുതമൊന്നും ഞാൻ കാണുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ചെറുകിട കക്ഷികളുടെ അനുഭവമൊന്നും ഞാൻ പറയുന്നില്ല. പക്ഷേ എന്ത് അനുഭവമുണ്ടായാലും തെരഞ്ഞിവാൽ കൊണ്ട് പട്ടിയെ തച്ചതുപോലെ വീണ്ടും അങ്ങോട്ട് ചെല്ലുന്നു എന്നതാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചിട്ടുള്ളത്. കേരളത്തിലെ മുന്നണി സംവിധാനത്തിൽ ശ്രീ. ടി.എം. ജേക്കബ് ഒരുപാട് സംഭാവന നൽകിയ ആളാണ്. പക്ഷേ ഈ നാല് വർഷത്തിനിടയിൽ കേരളത്തിലെ മുന്നണി സംവിധാനത്തിലെ രാഷ്ട്രീയ സദാചാരത്തിന് നിരക്കാത്ത ചില സംഭവങ്ങൾ കേരളത്തിൽ ഉണ്ടായപ്പോൾ സ്വാഭാവികമായും യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ചില തീരുമാനങ്ങളെടുത്തു. ശ്രീ. ഉമ്മൻചാണ്ടി ഇവിടെ മുഖ്യമന്ത്രി ആകുന്നതിനു മുമ്പ് യു.ഡി.എഫ്.-ന്റെ കൺവീനറാണ്. യു.ഡി.എഫ്. കൺവീനറായിരുന്നപ്പോൾ യു.ഡി.എഫ്. സംവിധാനം നയിച്ചതിനെക്കുറിച്ച് ഇവിടെ ആരും അഭിപ്രായ വ്യത്യാസം പറഞ്ഞിട്ടില്ല. മുന്നണി സംവിധാനത്തിനകത്ത് കഴിഞ്ഞ ആന്റണി ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്. യോഗം വിളിക്കാറുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് എൽ.ഡി.എഫ്. ഏകോപന സമിതിയും വിളിക്കാറുണ്ട്. അവിടെ പല കാര്യങ്ങളും ചർച്ച ചെയ്യാറുണ്ട്. ചർച്ച ചെയ്യാത്ത കാര്യങ്ങൾ നിയമസഭപോലുള്ള വേദിയിൽ ഉന്നയിക്കുന്നത് ജനാധിപത്യ സദാചാരത്തിനും മുന്നണി സംവിധാനത്തിന്റെ സദാചാരത്തിനും ചേർന്ന കാര്യമാണോ എന്ന് ചോദിക്കാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. കോൺഗ്രസ്സിലെ ഐക്യത്തെക്കുറിച്ച് ആരും ബേജാറാകേണ്ട. മറ്റ് മുന്നണികളിലെന്നപോലെ ചെറുകിട കക്ഷികളോടോ ഇതര കക്ഷികളോടോ ഏകാധിപത്യ മനോഭാവം കോൺഗ്രസ്സ് ഒരിക്കലും പുലർത്തിയിട്ടില്ല. ഈ രാജ്യത്ത് കോൺഗ്രസ്സ് മുന്നണിയിൽനിന്ന് മന്ത്രിമാരായവർക്കും എം.എൽ.എ.മാരായവർക്കും അക്കാര്യം അറിയാം. ഈ മുന്നണി സംവിധാനത്തിൽ തങ്ങൾക്ക് കിട്ടിയ വകുപ്പുകളിൽ ഒരു വല്യേട്ടൻ നയമോ അതിരുകവിഞ്ഞ ഇടപെടലോ കോൺഗ്രസ്സ് പാർട്ടി നടത്തിയിട്ടില്ലെന്ന് മന്ത്രിമാർക്ക് അറിയാം. അന്നും ഇന്നും കോൺഗ്രസ്സ് പാർട്ടിയുടെ സദാചാരത്തെക്കുറിച്ചുള്ള ഉത്ക്കണ്ഠ പുതിയ എം.എൽ.എ.മാർക്കുണ്ടായിരുന്നു എന്നല്ലാതെ മന്ത്രിമാർക്കാർക്കും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ ആ മുന്നണി സംവിധാനത്തിനകത്തുള്ള കാര്യങ്ങളെക്കുറിച്ച് പരിമിതമായ ബോധം ഉൾക്കൊണ്ടുകൊണ്ട് മാത്രമേ ഇവിടെ സംസാരിക്കുന്നുള്ളൂ. അതിനപ്പുറത്തുള്ളകാര്യത്തിന് ഈ നിയമസഭാവേദി ഒരിക്കലും ഉപയോഗിക്കുന്നില്ല. വലിയ കക്ഷിയായത് വലിയ കക്ഷിയുടെ കുഴപ്പംകൊണ്ടല്ല. ചെറിയ കക്ഷിയായത് ചെറിയ കക്ഷിയുടെ കുഴപ്പംകൊണ്ടുമല്ല. ശ്രീ. ടി. എം. ജേക്കബ് ദീർഘകാലമായി കേരള നിയമസഭയിൽ അംഗമാണ്. ആസേതു ഹിമാചലം വരെ വിശാലമായി കിടക്കുന്ന ഒരു പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. പനമ്പിള്ളി ഗോവിന്ദമേനോന്റെ ശൈലിയിൽ പറഞ്ഞാൽ മൂവാറ്റുപുഴ മുതൽ പിറവം വരെയുള്ള ഇൻഡ്യയുടെ വിശാലമായ ഭൂപ്രദേശത്ത് വ്യക്തമായ സ്വാധീനമുള്ള പാർട്ടിയാണ് ശ്രീ. ടി. എം. ജേക്കബിന്റെ പാർട്ടി. പക്ഷേ ഇവിടെ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴും ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോഴും ഒരു വലിയ കക്ഷി എന്നുള്ള വല്യേട്ടൻ മനോഭാവം, ഇടതുപക്ഷ മുന്നണി ഭരിക്കുമ്പോൾ അതിലെ ഘടകകക്ഷികളോട് കാണിക്കുന്ന സമീപനവുമായി താരതമ്യപ്പെടുത്തി, ഈ പാർട്ടി കാണിച്ചുവെന്ന് ശ്രീ. ടി. എം. ജേക്കബിന് ഒരിക്കലും പറയാൻ സാധിക്കുകയില്ല. വ്യക്തിപരമായ ഒരുപാട് വിമർശനങ്ങൾ ഇവിടെ നടത്തി. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ തന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിച്ചതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. വർഷങ്ങളായി ഒരു പാലസ് പോലുള്ള ക്ലിഫ് ഹൗസ് റിപ്പയർ ചെയ്തപ്പോൾ പി.ഡബ്ല്യു.ഡി. ടൂറിസം വകുപ്പ് ഉണ്ടാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അനുസരിച്ച് പണം ചെലവഴിച്ചു എന്നുള്ളത് ശരിയാണ്. എന്ന് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി ആ സ്ഥാനത്തു നിന്ന് ഇറങ്ങിപ്പോകുന്നുവോ അന്ന് ശ്രീ. വക്കം പുരുഷോത്തമന് ആ വീട് നഷ്ടപ്പെടുകയും ചെയ്യും. പക്ഷേ പാവപ്പെട്ടവരുടെ പാർട്ടിയുടെ നേതാക്കൻമാർ അനന്തപുരിയിൽ താമസിക്കാൻ എ.കെ.ജി. സെന്ററിലെ മുറികളിൽ ക്ലിഫ് ഹൗസ് മോടിപിടിപ്പിച്ചതിനേക്കാളും കൂടുതൽ ചെലവ് ചെയ്തു, വലിയ പഞ്ചനക്ഷത്ര സംവിധാനത്തോടുകൂടി സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ട് ഗവൺമെന്റ് ഉടമയിലുള്ള ഒരു വീടിന് അൽപ്പം പണം ചെലവഴിച്ചു എന്നുള്ളത് അത്രമാത്രം പറയാൻ ഉണ്ടോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ

GPM. 2/257/2012.—32

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവിയുടെ ആർ.എസ്.എസ്.-മായുള്ള സംഭാഷണത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. വയലാർ രവി തന്നെ അത് നിഷേധിച്ചിട്ടുണ്ട്. പക്ഷേ അത് ആക്ഷേപിച്ചവർക്ക് ഇതു പറയാൻ എന്ത് അർഹതയാണുള്ളത്? 1977-ൽ ആർ.എസ്.എസുമായി ഒരുമിച്ച് ജയിലിൽ കിടന്നു എന്നുപറഞ്ഞ് ലോകാരാധ്യയായ ഇന്ദിരാഗാന്ധിയെ പരാജയപ്പെടുത്താൻ ഇൻഡ്യയിൽ മാത്രമല്ല കേരളത്തിന്റെ എല്ലാ തെരുവീഥികളിലും പൊതുയോഗം നടത്തിയവരാണ് ഇത് പറയുന്നത്. അതുപോലെ രാജീവ്ഗാന്ധിയെ പരാജയപ്പെടുത്താൻ ശ്രീ. അടൽ ബിഹാരി വാജ്പേയിയുടേയും ശ്രീ. എൽ. കെ. അദ്ധ്വാനിയുടേയും ഒപ്പം മുന്നണി ഉണ്ടാക്കിയവരാണ് ഇവിടെ പറയുന്നത്. ഞാൻ ബഹുമാനപ്പെട്ട നാണുവേട്ടനെ വളരെയധികം ബഹുമാനിക്കുന്ന ആളാണ്. അദ്ദേഹം കൊക്കകോളയെക്കുറിച്ച് പറഞ്ഞു. കൊക്കകോള കമ്പനിക്ക് പെരുമാട്ടി പഞ്ചായത്തും കേരള സർക്കാരും അനുവാദം കൊടുത്തപ്പോൾ ശ്രീ. അച്ചുതൻ എം.എൽ.എ.യുടെ ചിറ്റൂർ നിയോജകമണ്ഡലവും ചന്ദ്രേട്ടന്റെ പ്രദേശവും മഴക്കാലത്തുപോലും കുടിവെള്ളം കിട്ടാത്ത പ്രദേശമായി. അവിടെ ഭൂഗർഭജലമുണ്ടോയെന്ന് പരിശോധിക്കേണ്ടേ? അതോ ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും വന്നതിനുശേഷമാണോ അവിടെ ഭൂമിക്ക് ഗർഭമുണ്ടായത് എന്ന് നിങ്ങൾ വ്യക്തമാക്കണം. ചുവപ്പ് പരവതാനി വിരിച്ച് കേരളത്തിലേക്ക് കൊക്കകോളയെ കൊണ്ടുവന്ന് അവരെക്കൊണ്ട് ഇൻവെസ്റ്റുമെന്റ് നടത്തിച്ച്, വെള്ളം സപ്ലൈ ചെയ്യുന്ന കരാർ വരെ ഉണ്ടാക്കി അന്നത്തെ നേതാക്കന്മാർ അവരുടെ സ്വന്തം ആശ്രിതന്മാർക്ക് ജോലിയും കൊടുത്തു. ഞാൻ കൊക്കകോളയെ അനുകൂലിക്കുന്ന ആളൊന്നുമല്ല. ആറ് രൂപയ്ക്ക് ഇളനീർ വിറ്റ് പത്ത് രൂപയ്ക്ക് പെപ്സികോളയും കൊക്കകോളയും കുടിക്കുന്നത് ശരിയല്ലെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അതുകൊണ്ട് കൊക്കകോളയെ കൊണ്ടുവന്നത് ആര് അംഗീകരിച്ചാലും ബഹുമാനപ്പെട്ട നാണുവേട്ടനെപ്പോലുള്ള ആളുകൾ അംഗീകരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്ത് ശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. അവരെക്കൊണ്ട് പരിശോധിപ്പിക്കാമായിരുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. വികാരത്തിന് അടിമപ്പെടുന്നവൻ തലകുത്തി നിൽക്കുമെന്ന് കേട്ടിട്ടുണ്ട്. അങ്ങനെ രാഷ്ട്രീയമായി തലകുത്തി നിൽക്കുന്നവർ പറയുന്ന തലതിരിഞ്ഞ എല്ലാ അഭിപ്രായങ്ങളോടും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ഗവൺമെന്റ് നാല് വർഷങ്ങൾ കൊണ്ട് തീർത്ത നേട്ടങ്ങളുടെ രാജപാതയിൽ പുരോഗതിയുടെ നാഴികക്കല്ല് കാണുമ്പോൾ അതിനെതിരെ കൊഞ്ഞനം കുത്തുന്നവരോട് സഹതപിക്കാൻ മാത്രമേ കഴിയുകയുള്ളൂ. ഈ ധനവിനിയോഗ ബിൽ ഇവിടെ പാസ്സാക്കാൻ കഴിഞ്ഞാൽ, ഈ ബഡ്ജറ്റിൽ പറഞ്ഞ ജനക്ഷേമകരമായ കാര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നിശ്ചിത സമയത്തിനകത്ത് പൂർത്തീകരിക്കാനുള്ള ഇച്ഛാശക്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയും കാണിച്ചാൽ മാത്രമേ ഇതുകൊണ്ട് പ്രയോജനമുള്ളൂ. നമ്മുടെ പൊതുമുതൽ പലപ്പോഴും ധൂർത്തടിക്കുന്നു. ഉദാഹരണമായി കാഞ്ഞിരപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള പത്ത് കോടി രൂപയ്ക്ക് തീർക്കേണ്ട നമ്മുടെ ഇറിഗേഷൻ പ്രോജക്ടുകൾ പൂർത്തീകരിക്കുമ്പോൾ 450-ഉം 500-ഉം കോടി രൂപ ചെലവഴിക്കേണ്ട ദുഃസ്ഥിതി ഉണ്ടാകുന്നു. അതുകൊണ്ട് സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികളുണ്ടാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. അതിനപ്പുറമുള്ള രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് എനിക്ക് പറയാൻ അറിയാത്തതുകൊണ്ടല്ല. അത് ആർ.എസ്.എസുമായുള്ള ബന്ധത്തെക്കുറിച്ചായാലും ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതിനെക്കുറിച്ചായാലും ഒരു കാര്യം മാത്രം ഞാൻ അപ്പുറത്തുള്ള ബഞ്ചുകാരോട് പറയാൻ ആഗ്രഹിക്കുന്നു. മതേതരത്വത്തിന്റെ കുത്തക നിങ്ങൾ അവകാശപ്പെടേണ്ട. എവിടെ ലൈഫ്ബോയ് ഉണ്ടോ അവിടെ ആരോഗ്യമുണ്ട് എന്നുപറയുന്നതുപോലെ നിങ്ങൾ എവിടെ ഉണ്ടോ അവിടെ മതേതരത്വമുണ്ടെന്ന നിങ്ങളുടെ വായ്ത്താരി അനുഭവങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾക്ക് മനസ്സിലായ കാര്യമാണെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്ന് ഏറ്റവും ഒടുവിൽ പ്രസംഗിച്ച ശ്രീ. പി. സി. ജോർജ്ജ് 2001-ൽ കേരളം മുഴുവൻ ഇടതുപക്ഷ മുന്നണിയുടെ ആളുകൾ യു.ഡി.എഫ്.-നെക്കുറിച്ച് പറഞ്ഞതാണ് എന്നിട്ടും യു.ഡി.എഫ്. ജയിച്ചു എന്നുപറഞ്ഞു. നിങ്ങൾ പറഞ്ഞാൽ ജനങ്ങൾ വിശ്വസിക്കില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവല്ലേ അത്? അടുപ്പം ഏറി വരുമ്പോൾ മതിപ്പ് കുറയുന്നു എന്നുള്ള ഒരു ധാരണയുണ്ട്. മലയാള തനിമയുള്ള നല്ലൊരു പഴഞ്ചൊല്ലുണ്ട്. "ഇട് വല കൊട് വല കൊണ്ടക്കൊട് വല ഇത വല അത വല ഇല്ല വല." ഇത് ഇടതുപക്ഷ മുന്നണിയിലെ ശ്രീ. പി. സി. ജോർജ്ജ് അടക്കമുള്ള ആളുകൾക്ക് ബോദ്ധ്യപ്പെടേണ്ട കാര്യമാണ്. അതിഥികളെ ആദ്യം കാണുമ്പോൾ വളരെ ബഹുമാനപുരസ്സരം ആതിഥേയൻ ഇരിപ്പിടം നൽകി സ്വീകരിക്കും. അതിഥി ഒരു ഒഴിയാബാധയായി മാറുമ്പോൾ ഇല്ല വല എന്നുള്ള നിലയിലാണ് ആതിഥേയൻ സ്വീകരിക്കാറുള്ളത്. ഈ അനുഭവമല്ലേ ഇടതുപക്ഷ മുന്നണിക്കുള്ളത്? 2001-ൽ എല്ലായിടത്തും നടന്ന് പ്രസംഗിച്ചെന്നുപറഞ്ഞു. പക്ഷേ ജനം വിശ്വസിക്കില്ല. 1957-ൽ എൽ.ഡി.എഫ്.-നെ എട് വല എന്നുള്ള രീതിയിൽ ജനങ്ങൾ സ്വീകരിച്ചതാണ്. അതുകഴിഞ്ഞ് അനുഭവങ്ങൾ ഓരോന്നോരോന്ന് ആയപ്പോൾ ഇല്ല വല എന്ന് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ മുന്നണിയോട് പറയുന്ന സ്ഥിതിയാണുണ്ടായത്. അത് അവർ ഉൾക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ഇവിടെ ബഹുമാന്യനായ ശ്രീ. ജോസഫ് എം. പുതുശ്ശേരി യു.ഡി.എഫ്.-ന്റെ സ്ഥിതിയെപ്പറ്റി പറഞ്ഞു. മുൻപ് പ്രസംഗിച്ച ശ്രീ. ടി. എം. ജേക്കബും സി. പി. മുഹമ്മദുമൊക്കെ യു.ഡി.എഫ്.-ന്റെ അവസ്ഥ ഇവിടെ വർണ്ണിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ യു.ഡി.എഫ്. എന്നുപറയുന്ന സംവിധാനത്തിൽ ഇതിന്റെ കമ്മിറ്റി കൂടാൻപോലും പറ്റിയിട്ടില്ല. യു.ഡി.എഫ്. എന്നുപറഞ്ഞാൽ Useless Divided Front എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇതൊക്കെ പറഞ്ഞ് സാജു പോളിന് ഒരുപക്ഷെ സമാശ്വസിക്കാം. യു.ഡി.എഫ്. ഭരണം കേരളത്തിൽ ജനങ്ങൾക്ക് ഗുണമേ ഉണ്ടാക്കിയിട്ടുള്ളൂ. ക്ഷേമപ്രവർത്തനങ്ങൾ സമ്മാനിച്ചിട്ടുള്ള ഭരണം എന്തെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കെല്ലാവർക്കുമറിയാം. വരും കാലങ്ങളിൽ ബോധ്യപ്പെടാൻ പോകുകയാണ്. സംശയാലുക്കൾക്ക് മാത്രമേ ഇതു സംബന്ധിച്ച് ആശങ്കയുള്ളൂ. യു.ഡി.എഫ്. ശക്തമായിത്തന്നെ മുന്നോട്ട് പോകും. ജനങ്ങളുടെ അംഗീകാരത്തോടുകൂടി മുന്നോട്ട് പോകാൻ കഴിയും. അതനുസരിച്ച് മുന്നോട്ട് പോകുമ്പോൾ ശ്രീ. സാജു പോളിനടക്കം ദുഃഖിക്കേണ്ടിവരും. യു.ഡി.എഫ്. തുടർച്ചയായി കേരളത്തിൽ അധികാരത്തിൽ ഇരുന്നാൽ ഈ നാട് ഭാരതത്തിന്റെ പ്രതിരൂപമായിമാറും. മിണ്ടാപ്രാണികൾ സംസാരിക്കുകയും ദുർബലരായ വർക്കിടയിൽ നിന്ന് ചിരി പൊട്ടുകയും ചെയ്യുന്ന കേരളത്തെ സൃഷ്ടിക്കാൻ യു.ഡി.എഫിന് കഴിയും എന്നുള്ള കാര്യം സാജു പോൾ അടക്കമുള്ള ആളുകൾ ഓർത്തിരിക്കുന്നത് നല്ലതാണ്. ഈ നിലയിൽ ഇവിടെ പി.സി. ജോർജ്ജ് അടക്കമുള്ള ആളുകൾ ഇടതുപക്ഷ മുന്നണിയിലേക്ക് യു.ഡി.എഫ്.-ലെ കക്ഷികളെ ക്ഷണിക്കുകയാണ്. പി. സി. ജോർജ്ജിന്റെ മുന്നണിയിലെ സ്ഥിതിയെന്താണെന്നുള്ളതിനെക്കുറിച്ച് ഒരു വൈറ്റ് പേപ്പർ ഇറക്കേണ്ട സ്ഥിതിയാണ്. പാലായിതരകന്റെ മകളുടെ കല്യാണത്തിന് കുടികിടപ്പുകാരൻ ക്ഷണം നടത്തുന്നതു പോലെയല്ലേ യു.ഡി.എഫ്.-ലെ കക്ഷികളെ പി.സി. ജോർജ്ജ് ഇടതുപക്ഷ മുന്നണിയിലേക്ക് ക്ഷണിക്കുന്നത്. അതിനെക്കുറിച്ച് ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കടവ് കമ്മിറ്റികളെക്കുറിച്ച് പറഞ്ഞു. ശ്രീ. പി. സി. ജോർജ്ജിനൊന്നും ഒരു കാര്യവും മനസ്സിലാകില്ല. നിയമാനുസൃതമായി തീരുമാനിച്ചിട്ടുള്ള കമ്മിറ്റികളുണ്ട്. ആ കമ്മിറ്റികളുടെ തീരുമാനങ്ങൾ .....

ശ്രീ. പി. ജെ. ജോയി: സി.പി.എം.-ന്റെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ശ്രീ. അച്ചുതാനന്ദന് തോൽവി സംഭവിച്ചത് പി. സി. ജോർജ്ജിന്റെ രാഷ്ട്രീയ അന്ത്യം കുറിക്കുന്ന ഒരു കാര്യമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അതുമാത്രമല്ല മാർക്സിസ്റ്റ് പാർട്ടിയിലെ ആളുകൾ തന്നെ അടക്കം പറയുന്നത് കേൾക്കാൻ ഇടയായി. കേരളത്തിലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട വാരികയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. അച്ചുതാനന്ദനും ശ്രീ. പി. സി. ജോർജ്ജും കൂടെ നടക്കുന്ന ഒട്ടേറെ ചിത്രങ്ങൾ കൊടുത്തുകൊണ്ട്, പൊരുതുന്നവർ വി. എസ്. അച്ചുതാനന്ദനും പി. സി. ജോർജ്ജും മാത്രമാണെന്നും പിണറായിയും ശ്രീ. കോടിയേരിയും അടക്കമുള്ള ആളുകൾ മാർക്സിസത്തെ അപമാനിക്കുന്നവരാണെന്നും പറഞ്ഞുകൊണ്ടുള്ള ഒരു ലേഖനം ഒരു വാരിക സംസ്ഥാന സമ്മേളനത്തിന് മുൻപ് പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ഫോട്ടോയും അതിൽ പറയുന്ന വിവരങ്ങളും ഒരു വാരികയ്ക്ക് എത്തിച്ചു കൊടുത്തതും ശ്രീ. പി. സി. ജോർജ്ജാണെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ ആളുകൾ തന്നെ അടക്കം പറയുന്ന കാര്യം എന്റെ ചെവികൊണ്ട് കേട്ടു. അദ്ദേഹം അദ്ദേഹത്തിന്റെ കാര്യം സുരക്ഷിതമാക്കട്ടെ. അദ്ദേഹത്തിന് ഞാൻ സർവ്വ ഭാവുകങ്ങളും ആശംസിക്കുന്നു. ഇത്തരം കാര്യങ്ങളൊന്നും പറഞ്ഞ് യു.ഡി.എഫ്.-നെ തോൽപ്പിക്കാമെന്നൊന്നും വിചാരിക്കേണ്ട. വലിയ സ്വപ്നം കണ്ടുകൊണ്ട് നടക്കുകയാണ്. ഒരു വർഷം കഴിഞ്ഞ് ഇക്കാര്യങ്ങളൊക്കെ അവസാനിപ്പിച്ച് യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ട് പോയി തിരിച്ചു വരുമെന്ന് ആത്മവിശ്വാസം യു.ഡി.എഫ്.-നുണ്ട്. ജനങ്ങൾക്ക് ഇത്തരത്തിൽ യു.ഡി.എഫ്. നെക്കുറിച്ച് വിശ്വാസം ഉണ്ട്. ഇവിടെ ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച നടക്കുകയുണ്ടായി. അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യത്തിന് തുക അനുവദിക്കാനും വിനിയോഗിക്കാനും കഴിയണം. സമയാസമയങ്ങളിൽ നൽകാൻ കഴിയണം. ഇപ്പോൾത്തന്നെ ബഡ്ജറ്റ് വിഹിതത്തിനപ്പുറത്ത് നെൽ സംഭരണത്തിന് വേണ്ടി തുക ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇക്കാര്യത്തിൽ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. മുഖ്യമന്ത്രി ഇവിടെ വളരെ വ്യക്തമായി പലതവണ ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ കർഷകരുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട, നിർണായകമായ കാര്യം എന്ന നിലയിൽ ഇക്കാര്യം പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് വിഹിതത്തിനപ്പുറത്ത് ഒരു അടിയന്തിരമായ വിഷയം എന്ന നിലയിൽ കൂടുതൽ തുക നൽകാനും ഈ ഗവൺമെന്റ് മുന്നോട്ട് വന്നു. അത്യാവശ്യഘട്ടങ്ങളിൽ വരൾച്ചയുടെ കാര്യത്തിലും അതുപോലെയൊക്കെയുള്ള കാര്യങ്ങളെ സംബന്ധിച്ചും ഉണർന്ന് പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിയണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ മറ്റൊരു കാര്യം, അത്തരം കാര്യങ്ങളിൽ തുക ചെലവഴിക്കുമ്പോൾത്തന്നെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ കാര്യക്ഷമമായ അച്ചടക്കം പാലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ വളരെ വീഴ്ചയുണ്ടാകുന്നു. അറുപത് കോടിക്ക് തുടങ്ങിയ കല്ലട പദ്ധതി 600 കോടി കഴിഞ്ഞാണ് തീർന്നത്. ആക്ഷേപങ്ങൾ ധാരാളമായി ഉണ്ടാകുകയാണ്. അതുപോലെ എല്ലാ കാലഘട്ടത്തിലും ആക്ഷേപങ്ങൾ നിലനിൽക്കുന്നു. ഏറ്റെടുക്കുന്ന പദ്ധതികൾ വളരെ തുക കൂടുതലായി മുന്നോട്ട് പോകുന്ന സാഹചര്യം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ പരാമർശം ഉണ്ടാകുന്നു. ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. W.P.(C) No. 16452/04 ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നമ്പ്യാരുടെ ബഞ്ചിൽ ഉണ്ടായ വിധിയാണ്. ഈ വിധിയിൽ നിരവധി പരാമർശങ്ങൾ നടക്കുന്നുണ്ട്. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കെ. ബാലകൃഷ്ണൻനമ്പ്യാർ നടത്തിയിരിക്കുന്ന പ്രസ്താവന ഇതാണ്. "Most of the cases filed in the Court alleging irregularities in the award of contracts, emanates from the office of the Water Resources Department in Muvattupuzha and Piravom. The allegations are normally ignored by this Court on the ground that they are disputed questions. But I think, whether the 3rd respondent refused to accept the tender documents delivered by an employee of a courier service, is a matter which requires further enquiry." ഹൈക്കോടതിയുടെതന്നെ പരാമർശം ഉണ്ടാക്കുന്നതരത്തിൽ ഇക്കാര്യങ്ങൾ മുന്നോട്ട് പോകുന്നു. അതുകൊണ്ട് ഇത്തരം കാര്യത്തിൽ കർശനമായി അച്ചടക്കം പാലിക്കണം. ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടത്തണം. ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു തീർപ്പ് എടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ നിർണ്ണായകമായ, ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുന്ന ഒരു ഗവൺമെന്റിനെ നയിക്കുന്ന ജനകീയനായ, ജനങ്ങളോടൊപ്പം നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേരളത്തിലെ എത്ര ദുർബലരായ ആളുകൾക്കും അംഗവൈകല്യം ഉള്ളവർക്കും ഒക്കെയാതൊരു ബുദ്ധിമുട്ടും കൂടാതെ മുഖ്യമന്ത്രിയുടെ അടുത്ത് ചെല്ലാനും പ്രശ്നങ്ങൾ അവതരിപ്പിക്കാനും അവയ്ക്ക് പരിഹാരം കാണാനും ഇന്ന് കഴിയും. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് തുടങ്ങിവച്ച ഒട്ടേറെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും അന്നും ഈ കാലഘട്ടത്തിലും ഈ നടപടികളെയൊക്കെ പ്രതിപക്ഷം അടച്ചാക്ഷേപിക്കുകയാണ്. ആ കാലഘട്ടത്തിൽ തുടങ്ങിവച്ച ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനും വരുന്ന ഒരു വർഷക്കാലം ജനങ്ങളുടെ വിശ്വാസം കൂടുതൽ ആർജ്ജിച്ചുകൊണ്ട് യു.ഡി.എഫ്.-നെ വീണ്ടും കേരളത്തിന്റെ ഭരണാധികാരത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുമുള്ള, ഫലപ്രദമായ നടപടികൾ സ്വീകരിക്കാനുമുള്ള ഒരു ധനവിനിയോഗം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ കേരള സംസ്ഥാനത്തെ നിലവിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ എല്ലാ നല്ല പ്രവർത്തനങ്ങളേയും യാതൊരു തത്വദീക്ഷയുമില്ലാതെ എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ബഞ്ചുകളിൽനിന്നും ഇപ്പോഴും കേൾക്കുന്നത്. പണ്ട് ഒരു വിമാനം പറന്ന് പോയ്ക്കൊണ്ടിരിക്കുമ്പോൾ അപകടത്തിൽപ്പെട്ടു. ഭാരം കൂടുതലാണെന്ന് പറഞ്ഞ് അതിന്റെ പൈലറ്റ് മൂന്ന് പേരെ പുറത്തേക്ക് ചാടണമെന്ന് പറഞ്ഞു. ഒരു ഇംഗ്ലണ്ട്കാരൻ രാജ്ഞി നീണാൾ വാഴട്ടെയെന്നുപറഞ്ഞ് പുറത്തേക്ക് ചാടി മരിച്ചു. ഒരു ഫ്രഞ്ച്കാരൻ എഴുന്നേറ്റ് നിന്ന് ഫ്രാൻസിസ് നീണാൾ വാഴട്ടെയെന്ന് പറഞ്ഞ് ചാടി. ഉടൻ ഒരു ഇൻഡ്യാക്കാരൻ മഹാത്മാഗാന്ധി നീണാൾ വാഴട്ടെയെന്ന് പറഞ്ഞ് മെക്സിക്കോക്കാരനെ പിടിച്ച് പുറത്തേക്കിട്ടു—എന്നുപറഞ്ഞമാതിരി എന്തു സംഭവം വന്നാലും അതിന് ഉത്തരവാദപ്പെട്ടത് ഒരു യു.ഡി.എഫ്. ഗവൺമെന്റാണെന്നമട്ടിലാണ് പ്രതിപക്ഷത്തുള്ള ആളുകൾ ഇന്ന് പെരുമാറി ക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള എല്ലാ നല്ല പദ്ധതികളേയും എല്ലാകാലത്തും എതിർത്തതായിട്ട് കഴിഞ്ഞകാല ചരിത്രങ്ങൾ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വന്നപ്പോഴും വിദേശ മൂലധനം ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തിയപ്പോഴും അതിനെ എതിർത്തു. അതുപോലെ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടു വന്നപ്പോൾ അതിനെ എതിർത്തു, എക്സ്പ്രസ് ഹൈവേ ഉൾപ്പെടെയുള്ള റോഡ് വികസന പദ്ധതികൾ ആരംഭിക്കാൻ ശ്രമിച്ചപ്പോൾ അതിനെ എതിർത്തു. ഇപ്പോൾ ഇൻഡ്യയിലാകെ മൂല്യവർദ്ധിത നികുതി നടപ്പിലാക്കാനുള്ള ശ്രമം വന്നപ്പോൾ അതിനെ എതിർത്തു. അങ്ങനെ എല്ലാ കാര്യങ്ങളേയും എതിർക്കുന്ന നിലപാട് ശരിയാണോയെന്ന് ആലോചിക്കണമെന്നാണ് അവരോട് പറയാനുള്ളത്. ഇത് ഒരു ട്രാൻസിഷണൽ പീരിയേഡാണ്. എല്ലാ കാര്യങ്ങളും ഒരു രാജ്യത്തുതന്നെ തീരുമാനിക്കപ്പെടത്തക്കവിധമുള്ള ഗ്ലോബലൈസേഷൻ പ്രക്രിയയുടെ ഭാഗമായി ഗാട്ട് കരാറിൽ ഒപ്പിട്ടിട്ടുള്ള ലോകത്തിലെ 153-ൽ ഏറെ വരുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇപ്പോൾ Trade Related Investment Measures (TRIMS) എന്നു പറയുന്ന മൂലധന നിക്ഷേപ വ്യവസ്ഥയുണ്ട്. Trade Related Intellectual Property Rights (TRIPS) എന്നു പറയുന്ന വ്യവസ്ഥ നിലവിലുണ്ട്. General Agreement on Trading Service (GATS) എന്ന വ്യവസ്ഥ നിലവിലുണ്ട്. ഈ വ്യവസ്ഥകളൊക്കെ ഉൾക്കൊള്ളുന്ന ഒരു കരാറിൽ ഇൻഡ്യാ ഗവൺമെന്റ് ഒപ്പുവയ്ക്കുമ്പോൾ ഇൻഡ്യയുടെ ഭാഗമായി നിൽക്കുന്ന കേരളത്തിന് ഇത് തീരെ കണ്ടില്ലെന്ന് നടിക്കാൻ ആവുകയില്ല എന്ന് നാം മനസ്സിലാക്കേണ്ടതാണ്. അതുപോലെ രാഷ്ട്രീയ രംഗത്തുള്ള കക്ഷി രാഷ്ട്രീയത്തിന്റെ അമിതവൽക്കരണം നമ്മെ ബാധിച്ചിട്ടുള്ള ഒരു പ്രധാന പ്രശ്നമാണ്. ഏത് ഗവൺമെന്റ് വന്നു എന്നു മാത്രമല്ല, ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടോ, നാളെ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാകുമോ എന്നുള്ളതല്ല പ്രശ്നം. ഏത് ഗവൺമെന്റ് ആയാലും രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ ഒരു സമഗ്രമായ വീക്ഷണം വച്ചുപുലർത്തണം. ഭരണ കക്ഷി ആയാലും പ്രതിപക്ഷമായാലും എവിടെ ഇരിക്കുമ്പോഴും കേരളത്തിന്റെ വികസനം എന്ന ലക്ഷ്യം സമഗ്രമായി കാണാൻ സാധിച്ചെങ്കിൽ മാത്രമേ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു പോകാൻ സാധിക്കുകയുള്ളു. Value Added Tax-നെപ്പറ്റി ആലോചിക്കുന്ന, അത് നടപ്പിലാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന കമ്മിറ്റിയുടെ ചെയർമാനായ ബംഗാളിലെ മന്ത്രി അസിംദാസ് ഗുപ്ത 'വാറ്റ്'-നെക്കുറിച്ച് റേഡിയോയിൽ നടത്തിയ ഒരു പ്രഭാഷണം ഞാൻ കേട്ടു. ഇവിടെ എന്റെ ചില സ്നേഹിതന്മാർ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു, ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും കേരളാ ഗവൺമെന്റും വ്യാപാരികളുമായി ഒത്തുകളിക്കുകയാണെന്ന്. വ്യാപാരികളുമായി ഒത്തുകളിച്ചാൽ ഇവിടെ എന്താ പ്രശ്നം? വ്യാപാരികൾ ഏറ്റവും ശക്തമായി ഈ ഗവൺമെന്റിനെ എതിർക്കുകയാണ്. അപ്പോൾ അതിനെ എതിർത്തുകൂടാ അത് സുതാര്യമാണ്, ട്രാൻസ്പേരന്റാണ്, അത് കോംപ്ലിക്കേറ്റഡ് അല്ല, സിമ്പിൾ ആണ് എന്നൊക്കെ അസിംദാസ് ഗുപ്ത പ്രസംഗിച്ചത് ഞാൻ റേഡിയോയിലും ടി.വി.യിലും കേട്ടു. ഒരു മാറ്റത്തിന് വിധേയമാകാൻ, പരിവർത്തനത്തിന് നേതൃത്വം കൊടുക്കാൻ തയ്യാറുള്ള ഒരു നിലപാട് അസിംദാസ് ഗുപ്തയെപ്പോലുള്ള ആളുകൾ സ്വീകരിക്കുന്നു. അത് നല്ല കാര്യമാണ്. അതുപോലെ ചൈനയുടെ കാര്യം പറഞ്ഞാൽ മാർക്സിസ്റ്റുകാരായ സ്നേഹിതർ വിഷമിക്കരുത്. നമ്മൾ ആക്ഷേപമായി പറയുകയല്ല. അവരിപ്പോൾ പാർട്ടി കോൺഗ്രസ്സ് ചേർന്ന് പാർട്ടിയിൽ മാറ്റങ്ങളൊക്കെ വരുത്തിക്കഴിഞ്ഞപ്പോൾ അവിടുത്തെ മുതലാളിമാർക്കും മെമ്പർഷിപ്പ് കൊടുക്കും എന്ന മാറ്റത്തിന് അവർ സന്നദ്ധരായി. അപ്പോൾ അത്യാവശ്യമായ പരിവർത്തനങ്ങൾക്ക് സംസ്ഥാനത്തെ വിധേയമാക്കാതെ ഒരിഞ്ച് നമുക്ക് മുന്നോട്ടു പോകാൻ സാധിക്കാത്ത സാഹചര്യം വരുമ്പോൾ, ആ വസ്തു ശരിയായ രീതിയിൽ വിലയിരുത്താനും മനസ്സിലാക്കാനും കഴിയേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ആവശ്യമാണ്. അതിന് പുതിയ ചിന്തകൾ വരുമ്പോൾ ആ ചിന്തകൾ സ്വീകരിക്കേണ്ടിവരും. അതുകൊണ്ട് അസിംദാസ് ഗുപ്തയ്ക്കുണ്ടായ മാറ്റം, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ചൈനീസ് ഗവൺമെന്റിനും ഉണ്ടായ മാറ്റം, അതുപോലെയുള്ള പല മാറ്റങ്ങളും ഇവിടത്തെ പാർട്ടിക്കകത്തും ഉണ്ടാകണം. ഈ ഗവൺമെന്റിനേയും യു.ഡി.എഫ്. നേയും മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇന്ന് എല്ലാ രാഷ്ട്രീയകക്ഷികളും പഴയമാതിരിയാണോ? രാഷ്ട്രീയ പാർട്ടികളൊക്കെ അവരുടെ സമ്മേളനം നടത്തുന്നതൊക്കെ ഒരു വ്യവസായവൽക്കൃതമായ രീതിയിൽ അല്ലെങ്കിൽ വാണിജ്യവൽക്കൃതമായ രീതിയിലാണ്, പഴയ മാതിരിയല്ല. കൂലിപ്പണിക്കാരും കരാറുകാരുമൊക്കെയാണ് ഇന്ന് ബോർഡുകളൊക്കെ വയ്ക്കുന്നത്. ഡിജിറ്റൽ ബോർഡുകൾ വയ്ക്കുന്നു, ഫ്ളെക്സ് ബോർഡുകൾ വയ്ക്കുന്നു. അങ്ങനെ കൊമേഴ്സ്യലൈസേഷന് ലോകത്തെ എല്ലാ സംഘടനകളും രാഷ്ട്രീയ കക്ഷികളുമൊക്കെ വിധേയമായിക്കൊണ്ടിരിക്കുകയാണ്. പുതിയ ചിന്തകൾ നാട്ടിൽ വളർന്നു വരുന്നു, പാർട്ടിയിൽ വളർന്നു വരുന്നു. ഇപ്പോൾ അങ്ങനെയുള്ള ചിന്ത ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ വരുന്നുണ്ട്. എം. പി. പരമേശ്വരന്റെ നാലാം ലോക സിദ്ധാന്തം, അത് പൂർണ്ണമായും ശരിയാണെന്നല്ല ഞാൻ പറയുന്നത്. അത്

LIBRARY ARCHIVES Kerala Legislative Assembly

അമൂർത്തമായ ഒരു അന്വേഷണമാണ്. അതുപോലെയുള്ള അന്വേഷണങ്ങൾ മുമ്പും നടന്നിട്ടുണ്ട്. പല ആളുകളും, കോഹൻ ബൻഡിക്ട്, ഹെർബർട്ട് മാർക്യൂസ്, യൂറോ കമ്മ്യൂണിസത്തിന്റെ വക്താക്കൾ—ഇങ്ങനെയുള്ള ആളുകളൊക്കെ ചില മാറ്റങ്ങളേക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നമുക്ക് എന്തു ചെയ്യാൻ പറ്റും? കേരളത്തിലെ ഗവൺമെന്റോ രാഷ്ട്രീയ കക്ഷികളോ വിചാരിച്ചിട്ടല്ലല്ലോ. ലോകത്ത് മുതലാളിത്തം ശക്തിപ്പെടുകയാണ്. സാമ്രാജ്യത്വം ശക്തിപ്രാപിച്ചു വരികയാണ്. സോഷ്യലിസമാണെന്ന് നമ്മൾ കരുതിയിരുന്ന പ്രസ്ഥാനങ്ങളും അവരുടെ ഭരണ കൂടങ്ങളും ഒക്കെ തകരുകയാണ്. ഈ നഗ്നമായ യാഥാർത്ഥ്യം നമ്മൾ കാണണ്ടേ? ഒരു പുതിയ ലോകം സാധ്യമാണ്. ഒരു പുതിയ ഇൻഡ്യയും പുതിയ കേരളവും സാധ്യമാണ് എന്ന ചിന്താഗതി പ്രതിപക്ഷത്തിരിക്കുന്നവരുടെ പാർട്ടികളിൽ ഉയർന്നു വരികയാണ്. ഇങ്ങനെയൊരു ചിന്താഗതി ഡോ. പരമേശ്വരൻ ഉയർത്തിക്കൊണ്ടു വന്നപ്പോൾ ആ ചിന്താഗതി ഒന്നു പരിശോധിക്കാതെ തന്നെ റിജക്ട് ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായി. അത് തീരെ ബുദ്ധിപരതയില്ലാത്ത സ്വഭാവമാണ്. കോടതിയിൽ ഏറ്റവും പ്രധാനമായ ഒരു കാര്യത്തിന് ഹർജി കൊടുത്താൽ ചില ജഡ്ജിമാർ സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ല എന്നു പറഞ്ഞ് റിജക്ട് ചെയ്യും. On technical reasons എന്നാണ്? പെറ്റീഷന്റെ ഉള്ളടക്കം വളരെ അത്യാവശ്യമുള്ള കാര്യമാണ്. പക്ഷേ സ്റ്റാമ്പ് ഒട്ടിക്കാത്തതുകൊണ്ട് തള്ളുകയാണ്. എന്ന മാതിരിയാണ് നാലാം ലോക സിദ്ധാന്തം വന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടി അത് ടെക്നിക്കൽ റീസണിൽ ഡിസ്മിസ് ചെയ്യുകയാണ്.

ചെയർപേഴ്സൺ : അങ്ങ് വിഷയത്തിലേക്ക് വരൂ.

ശ്രീ. കെ. എൻ. എ. ഖാദർ : ഞാൻ മാത്രം എന്തിനാണ് വരുന്നത്? എല്ലാവരും വിഷയമാണോ പറഞ്ഞത്? എനിക്ക് മാത്രമായി ഒരു വിഷയം എന്തിനാണ്? ബാക്കിയുള്ളവരൊക്കെ പറഞ്ഞത് വിഷയമാണോ? ഇവിടെ അലൂമിനിയം പട്ടേലിന്റെ കാര്യമൊക്കെ പറഞ്ഞു. അതൊക്കെ വിഷയമാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെ. എൻ. എ. ഖാദറിന്റെ പ്രസംഗം കേട്ടാൽ എം. പി. പരമേശ്വരനെ മുസ്ലീംലീഗിൽ ചേർക്കാൻ പോകുന്നുണ്ടോ? അത്ര നല്ല ആശയമാണെങ്കിൽ നിങ്ങൾ ചേർത്താൽ പോരേ?

ശ്രീ. കെ. എൻ. എ. ഖാദർ : ബഹുമാനപ്പെട്ട കോടിയേരിയോട് എനിക്ക് വലിയ ബഹുമാനമുണ്ട്. ഒരാളെ അദ്ദേഹം മുസ്ലീംലീഗിലേക്ക് ഉണ്ടാക്കിത്തന്നാൽ സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. യാതൊരു കുഴപ്പവുമില്ല. ഞങ്ങൾ ബർലിൻ കുഞ്ഞനന്തൻനായരെ മലപ്പുറം ജില്ലാ സമ്മേളനത്തിന് വിളിച്ചിരുന്നു. ഇവർ ഭീഷണിപ്പെടുത്തിയിട്ടാണ് സമ്മേളനത്തിന് വരാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതുപോലെയുള്ള ആളുകൾക്ക് പറ്റിയ പാർട്ടി മുസ്ലീംലീഗാണെന്ന് മനസ്സിലായി.

ശ്രീ. കെ. എൻ. എ. ഖാദർ : ഈ ആളുകളെ എന്തുകൊണ്ടാണ് ഇപ്പോൾ നിങ്ങൾക്ക് പറ്റാത്തത് എന്ന് എനിക്കും മനസ്സിലായി. എന്നു മുതലാണ് പറ്റാത്തത് എന്നും മനസ്സിലായി.

ശ്രീ. സി. മമ്മൂട്ടി : മുസ്ലീംലീഗിൽ നിന്ന് പുറത്താക്കിയ ആളിനെ കോടിയേരിയുടെ നാട്ടിലെ സി.പി.എം.-കാർ ഏറ്റെടുത്ത കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ : അങ്ങനെ പലരുമുണ്ട്. ടി. കെ. ഹംസ കോൺഗ്രസ് അല്ലായിരുന്നോ? ആരാണ് കേരളത്തിലും ഇൻഡ്യയിലും കോൺഗ്രസ് അല്ലാതിരുന്നത്? എല്ലാവരും കോൺഗ്രസിൽ നിന്ന് വന്നവരല്ലേ? ഇ. എം. എസ്. നമ്പൂതിരിപ്പാട് കോൺഗ്രസ് അല്ലേ? ആരാണ് കോൺഗ്രസ് അല്ലാത്തത്? ഇവിടെ കോൺഗ്രസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കി പാർട്ടികളൊക്കെ അതിൽ നിന്ന് വന്നതാണ്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയിൽ നിൽക്കുന്നവരൊക്കെ പഴയ കോൺഗ്രസുകാരാണ്. അപ്പോൾ അവരെ ആരേയും എടുക്കില്ല എന്നു പറയാൻ ഒരു ന്യായവുമില്ല.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ബഹുമാനപ്പെട്ട പാർലമെന്റ് മെമ്പർ ടി. കെ. ഹംസ അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിലെ ഡി.സി.സി. പ്രസിഡന്റായിക്കൊണ്ട് അടിയന്തിരാവസ്ഥയെ ന്യായീകരിച്ച് പോലീസിനെ ഉപയോഗിച്ചുകൊണ്ട് പലരേയും ദ്രോഹിച്ചത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ : ആ കാര്യമൊക്കെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മൾ വിഷയം മാറ്റരുത്. ഞാൻ ചോദിക്കുന്നത്, എം. പി. പരമേശ്വരൻ ഉൾപ്പെടെ ഉയർത്തിയ പുതിയ വിഷയങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാനെങ്കിലും എന്തുകൊണ്ടാണ് ഇടതുപക്ഷ പാർട്ടികൾ തയ്യാറാകാത്തത് എന്നാണ്. ലോകത്തിൽ പുതിയ സാഹചര്യങ്ങൾ ഉണ്ടാകുകയാണ്. ലോകത്തിലെ പുതിയ ഭൗതിക സാഹചര്യങ്ങളിൽ നിന്ന് മാറാൻ നമുക്ക് പറ്റുകയില്ല. കേരളത്തിലെ ഗവൺമെന്റ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലും വളരെ ശക്തമായ നിശ്ചയദാർഢ്യത്തോടെ പല വികസന പദ്ധതികളും നടപ്പിലാക്കാൻ വേണ്ടി ശ്രമിച്ച ഗവൺമെന്റാണ്. എല്ലാം നല്ല പ്രഗൽഭരായ മന്ത്രിമാർ. കേരളത്തിൽ ഇനി ഇന്ന് പോകുന്ന രീതിയിൽ മുന്നോട്ടു പോകാൻ കഴിയുകയില്ല. അത് മനസിലാക്കി ആവിഷ്കരിച്ച കർമ്മ പദ്ധതികളെ ആദ്യം മുതൽ എതിർത്തു പോരുന്ന ഒരു നിലപാടാണ് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചത്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി അത് മാറ്റണമെന്നാണ് ഞാൻ പറയുന്നത്. അല്ലാതെ രാഷ്ട്രീയ കാരണങ്ങളാലല്ല. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ഇന്ന് നമ്മൾ സ്വീകരിച്ചിരിക്കുന്ന പല സംഗതികളും ശരിയല്ല. എക്സ്പ്രസ്സ്വേ നമുക്ക് ആവശ്യമാണ്. പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്ക് ആവശ്യമാണ്. Foreign direct investment നടന്നോട്ടെ. വിദേശ മൂലധനംകൊണ്ട് ഇവിടെ ഉണ്ടാക്കുന്ന വ്യവസായങ്ങളുമായി മുതലാളിമാർ മടങ്ങിപ്പോകാൻ പോകുന്നില്ലല്ലോ. ഇവിടെയുള്ള ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സാധ്യത ഉണ്ടാകുന്നില്ലേ? തൊഴിൽ സാധ്യത ഉണ്ടാക്കാൻ മാത്രമേ ഈ ഗവൺമെന്റിന് സാധിക്കുകയുള്ളു. തൊഴിൽ കൊടുക്കുക എന്നുള്ളതിനേക്കാൾ ഉപരിയായി തൊഴിൽ ലഭിക്കുന്ന ഒരു നല്ല സാഹചര്യം സൃഷ്ടിക്കുക എന്നുള്ള ഒരു സ്ഥിതിവിശേഷത്തിലേക്ക് കേരളം മാത്രമല്ല ലോകം മുഴുവൻ പൊയ്ക്കൊണ്ടിരിക്കുമ്പോൾ, നാം മാത്രം ഏതോ ഒരു പ്രത്യേകമായ ലോകത്തിലിരുന്ന് ഒരിഞ്ച് മുന്നോട്ടു പോകാനാകാത്തവിധം പ്രവർത്തിക്കുന്നത്, കേരളത്തെ മുന്നോട്ട് നയിക്കുകയില്ല. അത് മനസ്സിലാക്കി നമ്മളെല്ലാവരും ഒന്നിച്ചു നിന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വ്യക്തമായ ധാരണകൾ ഉണ്ടാക്കണം. രാഷ്ട്രീയ പ്രവർത്തകർ ഉൾപ്പെടെ .....

ശ്രീ. ടി. കെ. ദേവകുമാർ : ഒരു ഘടക കക്ഷിയുടെ നേതാവ് ഇവിടെ ഒരു പരാമർശം നടത്തി. അതേക്കുറിച്ച് അങ്ങയുടെ അഭിപ്രായം പറഞ്ഞാൽ നന്നായിരുന്നു. കുരിശ് നെഞ്ചിലേറ്റിയ ഒരു മേൽപ്പട്ടക്കാരൻ യാതൊരു കാരണവശാലും കള്ളം പറയില്ല എന്ന് നടത്തിയ പരാമർശത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ : ഞാൻ എല്ലാ പരാമർശങ്ങളേയുംക്കുറിച്ച് അഭിപ്രായം പറയാനല്ല ഇവിടെ നിൽക്കുന്നത്. അതിന് എനിക്ക് സമയം ഇല്ല. അതേപ്പറ്റി അഭിപ്രായം പറയുക എന്നുള്ളത് എന്റെ ചുമതലയല്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. എന്റെ അഭിപ്രായം വേണമെങ്കിൽ എഴുതുകയോ മറ്റോ ചെയ്യാമായിരുന്നു. ഞാൻ പറയുന്നത്, കേരള സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രവർത്തകർ ഉൾപ്പെടെയുള്ള ആളുകൾ അവരുടെ ചിന്താഗതികൾ പരിഷ്കരിക്കുകയും അതിൽ മാറ്റം വരുത്തുകയും പുതിയ ലോക സാഹചര്യത്തെക്കുറിച്ച് മനസ്സിലാക്കാൻ തയ്യാറാകുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ് ഇത്രയും. പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ആത്മാർത്ഥമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

പ്രൊഫ. കെ. വി. തോമസ്: സർ, ധനവിനിയോഗബില്ലിനെ ഞാൻ പിൻതാങ്ങുകയാണ്. രണ്ടു മാസം നീണ്ടുനിന്ന സമ്മേളനത്തിലെ അവസാന മണിക്കൂറുകളിലാണ് നമ്മൾ. ആദ്യമായിട്ടാണ് ഞാനൊരു എം. എൽ. എ. ആകുന്നത്. പക്ഷെ 3 പ്രാവശ്യം പാർലമെന്റ് അംഗമാകാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ജനാധിപത്യ ഭരണവ്യവസ്ഥയിൽ പാർലമെന്റും, നിയമസഭകളുമാണ് ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അതിന് പരിഹാരം കാണുകയും ചെയ്യേണ്ടത്. ഈ നിയമസഭയിൽ അംഗമായി പ്രവർത്തനമാരംഭിച്ചപ്പോൾ ഞാൻ മന്ത്രിയായി. പക്ഷെ കഴിഞ്ഞ 4 വർഷക്കാലം ഞാൻ കാണുകയും എനിക്ക് അൽപ്പം ദു:ഖം ഉണ്ടാക്കുകയും ചെയ്തത് ഈ സഭയിൽ ജനകീയ പ്രശ്നങ്ങൾ, നിയമ നിർമ്മാണങ്ങൾ എന്നിവ വിശദമായി ചർച്ച ചെയ്യാൻ കഴിയാതെ സഭ വളരെ മുൻക്കൂട്ടി തന്നെ പിരിയേണ്ട അവസ്ഥ വന്നപ്പോഴാണ്. പക്ഷേ ഈ ബഡ്ജറ്റ് സമ്മേളനം 2 മാസക്കാലം നീണ്ടുനിൽക്കുകയും, വാറ്റ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. ഇതിൽ ബഹുമാനപ്പെട്ട സ്പീക്കറും, സഭാനേതാവെന്ന നിലയിൽ മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവുമൊക്കെ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. 'വാറ്റ്' സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നികുതി സമ്പ്രദായമാണ്. വാറ്റ് ഏതെങ്കിലും ഒരു ദിവസം തുടങ്ങിവച്ച ഒരു നികുതിഘടനയല്ല. 1984-ൽ ഞാൻ ആദ്യമായി പാർലമെന്റിൽ ചെല്ലുമ്പോൾ അന്നത്തെ ധനകാര്യവകുപ്പുമന്ത്രി ആയിരുന്ന ശ്രീ. വി. പി. സിംഗ് ആണ് 'വാറ്റ്' എന്ന ആശയം കൊണ്ടുവന്നത്. തുടർന്ന് വളരെ വർഷക്കാലം ഈ വാറ്റിനെ കുറിച്ച് ചർച്ചകൾ നടന്നു. അവസാനം ഡോ. മൻമോഹൻ സിംഗ് ഗവണ്മെന്റ് ആണ് ഇന്ത്യയിൽ വ്യാപകമായി 'വാറ്റ്' നടപ്പിലാക്കുന്നതിന് നടപടി എടുത്തത്. ഇത് കോൺഗ്രസ്സിന്റെയോ അല്ലെങ്കിൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെയോ ഒരു നികുതി ഘടനയേയല്ല. ഇതിന്റെ Empowered Committee Chairman പശ്ചിമബംഗാൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അസീംദാസ് ഗുപ്തയാണ്. കഴിഞ്ഞ ആഴ്ച ഞാൻ ഡൽഹിയിൽ ഉണ്ടായിരുന്നു. അന്ന് അവിടത്തെ പത്രങ്ങളിൽ വന്ന പ്രധാനപ്പെട്ട 2 വാർത്തകളിൽ ഒന്ന് ശ്രീ. അസീം ദാസ് ഗുപ്ത ഇന്ത്യയുടെ ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ വാറ്റ് നടപ്പിലാക്കുന്നതിനെക്കുറിച്ച് വളരെ ശക്തമായി നടത്തിയ പ്രസംഗം, മറ്റൊന്ന് രാഷ്ട്രീയ കാരണങ്ങളാൽ വാറ്റ് നടപ്പിലാക്കില്ല എന്ന് പിടിവാശി പിടിച്ചിട്ടുള്ള പല സംസ്ഥാനങ്ങളിലൊന്നായ യു. പി. യിലെ മുഖ്യമന്ത്രി ശ്രീ. മുലായം സിംഗിനെ കണ്ട് അസീംദാസ് ഗുപ്ത വാറ്റിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചത്. വാറ്റിന്റെ Empowered Committee-യിൽ ഇന്ത്യയിൽ മുഴുവൻ ധനകാര്യ മന്ത്രിമാരുമില്ലായിരുന്നു. പക്ഷെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അതിൽ അംഗമാണ്. പുതിയ taxation structure-ലേക്ക് കടന്നുവരുന്ന സന്ദർഭത്തിൽ, കേരളത്തിന്റെ സാമ്പത്തിക മേഖലയെ കുറിച്ച് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച നടക്കുന്ന ഈ അസംബ്ലിയിൽ, ചർച്ചകൾക്ക് എല്ലാം ഒരു back ground ആയി നാം ഇന്ത്യയുടെ സാമ്പത്തിക മേഖലയെ അവലോകനം ചെയ്യണം. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് 58 വർഷങ്ങളായി. 58 വർഷങ്ങൾക്കു മുൻപ് 40 കോടി ജനങ്ങളാണ് ഉണ്ടായിരുന്നത്. ഞാനിന്ന് എക്കണോമിക്ക് റിവ്യൂ നോക്കി. നമ്മുടെ ജനസംഖ്യ 100 കോടി കഴിഞ്ഞു. 58 വർഷങ്ങൾക്കുമുൻപ് 40 കോടി ജനങ്ങളുണ്ടായിരുന്നു. അത് നിങ്ങളൊക്കെ ഓർക്കുന്നുണ്ടാകും. അരിക്കുവേണ്ടി നാം ബർമ്മയിലേക്ക് നോക്കിയിരിക്കണം. അവിടെനിന്ന് കപ്പലുകൾ വരണം, തുണിക്ക് ലങ്കാഷെയറിൽ നിന്ന് കപ്പലുകൾ വരണം. ഈ രാജ്യത്ത് ഒരു മൊട്ടുസൂചിപോലുമുണ്ടാക്കിയിരുന്നില്ല. ഇന്ന് 58 വർഷം കഴിയുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ വികസിത രാഷ്ട്രമായ ചൈനയോടൊപ്പം ഇന്ത്യ കുതിക്കുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. ഈ വലിയ കുതിപ്പിൽ സ്വതന്ത്ര ഇന്ത്യയുടെ 58 വർഷത്തെ ചരിത്രത്തിൽ 48 വർഷക്കാലം ഈ രാജ്യത്തിന് ഭരണനേതൃത്വം കൊടുത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ആർക്കും വിസ്മരിക്കാൻ കഴിയില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ ഡോ. മൻമോഹൻ സിംഗ് വരെ ഈ രാജ്യത്ത് ഭരണനേതൃത്വം കൊടുത്ത എല്ലാ രാഷ്ട്രീയനേതാക്കന്മാരും ഭരണകർത്താക്കളും ഇന്ത്യയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ലോകം മുഴുവൻ ഇന്ന് ഒരു വലിയ ഇൻഫ്ളേഷന്റെ മുമ്പിലാണ് നിൽക്കുന്നത്. പക്ഷേ ഇന്ത്യൻ സാമ്പത്തിക മേഖലയിലെ ഇൻഫ്ളേഷൻ കഴിഞ്ഞ ജനുവരി 15-നു 5.42 ശതമാനത്തിൽ പിടിച്ചുനിർത്താൻ കഴിഞ്ഞു. സ്റ്റെബിലൈസേഷന്റെ ഒരു സിഗ്നലാണ് കാണുന്നത്. അതുപോലെത്തന്നെ സെൻസെക്സ് 28-1-2005-ൽ 6419.09-ൽ നിൽക്കുകയാണ്. ഇന്ത്യൻ എക്കണോമി ഒരു റിക്കാർഡ് വളർച്ചയിലാണ് . Overall growth 8.1% ആണ്. അതിൽ പ്രത്യേകിച്ച് അഗ്രിക്കൾച്ചർ മേഖലയിൽ നമുക്ക് 9.1% വളർച്ചയുണ്ടായിട്ടുണ്ട്; ഇൻഡസ്ട്രീസിൽ 6.7 % വളർച്ചയുണ്ടായിട്ടുണ്ട്; സർവ്വീസ് സെക്ടറിൽ 8.7% വളർച്ചയുണ്ടായിട്ടുണ്ട്. ഈ വർഷവും G.D.P. 7.4% ആണ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 3.1% കൂടുതലാണ്. സർ, ഇന്ത്യ വലിയ രാജ്യമാണ്. 100 കോടി ജനങ്ങളുണ്ട്. ഈ നാട്ടിലെ ജനങ്ങൾക്ക് ഭക്ഷണം നൽകുന്നതാണ് ഒരു ഗവണ്മെന്റിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം. ഒരു റിക്കോർഡ് ഭക്ഷ്യശേഖരമാണ് ഇന്ന് ഇന്ത്യയ്ക്കുള്ളത്. 200 മില്യൻ ടൺ ഭക്ഷണപദാർത്ഥങ്ങൾ നമ്മളിന്ന് ശേഖരിച്ചിട്ടുണ്ട്. അത് നമുക്കുവേണ്ട buffer stock-നേക്കാൾ 10% കൂടുതലാണ് എന്ന് കാണുമ്പോൾ നമുക്കഭിമാനിക്കാം. അതുപോലെത്തന്നെ Foreign Exchange Reserve 31.18 ബില്ല്യൺ ഡോളർ ആയി നിൽക്കുകയാണ്. ഇങ്ങനെ ഇന്ത്യയുടെ സാമ്പത്തികമേഖല ശക്തി പ്രാപിക്കുന്ന ഒരു സന്ദർഭത്തിലാണ് കേരളത്തെക്കുറിച്ച് നാം ചർച്ച ചെയ്യുന്നത്. അഭിമാനകരമായ നേട്ടങ്ങൾ കേരളം ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും, ആരോഗ്യ രംഗത്തും, ഐ.ടി. രംഗത്തും, ടൂറിസം രംഗത്തും ഒക്കെ ഇന്ത്യക്ക്

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം, കൊടുക്കുന്ന വിധത്തിൽ കേരളത്തിന് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇതൊക്കെയാണെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വികസന മേഖല എന്നു പറയുന്നത് കാർഷികമേഖല തന്നെയാണ്. കാർഷിക മേഖലയിൽ വളർച്ചയുണ്ടായാൽ മാത്രമെ കേരളത്തിന് മുന്നോട്ടു കുതിക്കാൻ കഴിയൂ. ഐ.ടി:, ടൂറിസം, ബയോടെക്നോളജി എന്നിവയുണ്ട്. പക്ഷേ അതോടൊപ്പം നമ്മുടെ അടിസ്ഥാനമേഖല എന്നു പറയുന്നത് കാർഷികമേഖലയാണ്. കാർഷിക മേഖലയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുറെക്കൂടി വിശാലമായ, ഉദാരമായ ഒരു സമീപനം നമുക്കുണ്ടാക്കാൻ കഴിയണം. ഇന്ന് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നെല്ലു സംഭരണത്തെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു 17.8 കോടി രൂപയാണ് ഈ വർഷം നെല്ലുസംഭരണത്തിന് മാത്രമായി കൊടുത്തത് എന്ന്. നമ്മുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സബ്സിഡി കൊണ്ടു മാത്രം തീർക്കാൻ കഴിയുമോ എന്ന് ഉള്ളുതുറന്നു ചിന്തിക്കണം. പാലക്കാട് ക്വിന്റലിന് 750 മുതൽ 800 രൂപയ്ക്ക് വരെ നെല്ല് എടുക്കുന്നു. തൊട്ടടുത്ത് തമിഴ്നാട്ടിൽ ക്വിന്റലിന് 400 മുതൽ 500 രൂപ വരെയാണ്. ഇങ്ങനെ സഹായം കൊടുക്കുമ്പോൾ ഈ സഹായം യഥാർത്ഥ കർഷകർക്ക് എത്തുന്നുണ്ടോ എന്നാണ് നാം പരിശോധിക്കേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: നെൽപ്പാടങ്ങളുടെ അതിർത്തി കുറയുന്നതിന്റെ ഉത്ക്കണ്ഠ നമുക്കുണ്ട്. നെൽപ്പാടങ്ങളുടെ അതിർത്തി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. അതേസമയം ഉത്പാദിപ്പിക്കുന്ന നെല്ല് വാങ്ങാനാളില്ലാത്ത അവസ്ഥ ഒരു ഭാഗത്ത്. നെൽപ്പാടങ്ങളുടെ അതിർത്തി കുറയുന്നതിന് സമരങ്ങൾ നടത്തുന്നു. മറുഭാഗത്ത് ഉണ്ടാകുന്ന നെല്ല് വാങ്ങാനാളില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം നെല്ലിന്റെ ഉത്പാദന ചെലവ് കുറയ്ക്കാതെ ഒരു മോചനമില്ല. അത് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

പ്രൊഫ. കെ. വി. തോമസ് : അതിലേക്കാണ് ഞാൻ വരുന്നത്. നമുക്ക് കാതലായ പ്രശ്നങ്ങൾ പരിശോധിക്കാൻ കഴിയണം. യു.ഡി.എഫ്. എന്തുചെയ്തു എൽ.ഡി.എഫ്. എന്തു ചെയ്യുന്നു എന്നതല്ല പ്രശ്നം. നെല്ലിന്റെ സംഭരണമാണ് പ്രശ്നം. ഒരു കാലഘട്ടത്തിലും കൊടുക്കാത്ത സഹായം കർഷകർക്ക് ഇപ്പോൾ കൊടുത്തു. കൊപ്രസംഭരണത്തിനുവേണ്ടി എ. കെ. ആന്റണി ഗവൺമെന്റ് വലിയൊരു തുകയാണ് അന്ന് കൊടുത്തത്. പക്ഷേ ആ കൊപ്ര സംഭരണം കേരളത്തിലെ കർഷകർക്ക് ഗുണകരമായിരുന്നില്ല. ആ സംഭരണത്തിന്റെ ഗുണം കിട്ടിയത് തമിഴ്നാട്ടിലെ തെങ്ങുകർഷകർക്കാണ്. ഇവിടെ കരിക്കിനെക്കുറിച്ചു പറഞ്ഞു, പെപ്സി കോളയെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ വിൽക്കുന്ന കരിക്ക് തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരുന്ന കരിക്കാണ്. കേരളം ഒരു കാലഘട്ടത്തിൽ തെങ്ങുകൃഷിയിൽ മുന്നിൽ നിന്ന സംസ്ഥാനമാണ്. ഇന്ന് തെങ്ങുകൃഷിയെക്കുറിച്ച് ചില കണക്കുകൾ പരിശോധിച്ചാൽ നെൽകൃഷിയുടെ സ്ഥലം കുറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ തെങ്ങുകൃഷിയുടെ വിസ്തീർണ്ണവും കുറയുന്നു എന്നു കാണാം. ഒരു കാലഘട്ടത്തിലും തെങ്ങുകൃഷി ഇല്ലാതിരുന്ന വെസ്റ്റ് ബംഗാളിലും, ഒറീസ്സയിലും, ആന്ധ്രയിലും തമിഴ്നാട്ടിലും ഇന്ന് തെങ്ങ് കൃഷി ഊർജ്ജിതമായി നടക്കുന്നു. ഇവിടെ തെങ്ങുകൃഷി കുറയുന്നു. സബ്സിഡി കൊടുത്തുമാത്രം നമുക്കിതിന് പരിഹാരം കണ്ടെത്താൻ കഴിയുമോ? ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. കുട്ടനാട്ടിലെ എന്റെ ചില സുഹൃത്തുക്കളോട് ഞാൻ സംസാരിച്ചു. അവിടെ 750 രൂപയ്ക്ക് നെല്ല് എടുക്കുന്നു. പക്ഷേ അത് കർഷകർക്ക് കിട്ടുന്നുണ്ടോ, മറ്റു ചില ആളുകളുടെ കൈകളിലേക്ക് പോകുന്നു. സഹകരണ സംഘങ്ങളുടെ കൈകളിലേക്ക് പോകുന്നു; ഇത് കർഷകർക്ക് ഗുണകരമാണോയെന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. കേരളത്തിൽ പതിനഞ്ചു വിളകളാണ് സാധാരണ കാണുന്നത്. അതിൽ നെല്ലുമുതൽ റബർ വരെയുള്ള കാർഷിക ഉത്പന്നങ്ങൾ ഓരോന്നും എടുത്തു നോക്കുമ്പോൾ നമുക്ക് കൃഷി സ്ഥലങ്ങൾ കുറയുന്നതായും ഉത്പാദനം കുറയുന്നതായും കാണാം. നെല്ലിനെക്കുറിച്ച് പറയുമ്പോൾ 2002-2003-ൽ നമുക്ക് 31,521 ഹെക്ടർ സ്ഥലമാണ് നെൽകൃഷിക്കുണ്ടായിരുന്നത്. 2003-2004-ൽ അത് 2,87,340 ഏക്കർ ആയി കുറഞ്ഞു. നെൽപ്പാടങ്ങൾ എല്ലാം നികത്തപ്പെടുന്നു. ഉത്പാദനം 2002-03-ൽ 6,88,859 ആയിരുന്നുവെങ്കിൽ അത് 2003-2004 ൽ 5,70,000 ആയി കുറഞ്ഞു. ഉത്പാദനം കുറയുന്നു, ഉത്പാദനച്ചെലവ് കൂടുന്നു. എങ്ങനെ നമുക്ക് ഈ മേഖലയെ പിടിച്ചുനിർത്താൻ കഴിയും? നാണ്യവിളകൾ—റബ്ബറിനെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ റബ്ബർമേഖല ഒരു ക്രൈസിസിൽ ആയിരുന്നു. ഇപ്പോൾ ആ ക്രൈസിസ് മാറി. റബ്ബറിന്റെ വില കൂടി. ഇപ്പോൾ കേരളമാണ് ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്നത്. പെപ്പർ, കോഫി, എന്നിവയിലും നാളികേരം ഉത്പാദനത്തിലും ഇപ്പോൾ കേരളമാണ് മുന്നിൽ. പക്ഷേ നമ്മുടെ ഉത്പന്നങ്ങൾ value added products ആക്കാൻ നമുക്ക് സാധിക്കുന്നില്ല. ഇവിടുത്തെ നാച്ചുറൽ റബ്ബർ കേരളത്തിൽ നിന്ന് ഫരീദാബാദിൽ കൊണ്ടുപോയി അവിടെ റബ്ബർ ഉത്പ്പന്നങ്ങൾ ഉണ്ടാക്കി വീണ്ടും കേരളത്തിൽ തിരിച്ചുകൊണ്ടുവരുന്നു. കൊപ്രയുടെ വില നിശ്ചയിക്കുന്നത് മുംബയിലെ ഓയിൽ മുതലാളിമാരാണ്. അതുകൊണ്ട് തീർച്ചയായും ഈ മേഖലയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വളരെ ഗൗരവതരമായി ഈ പ്രശ്നത്തെ കാണണം. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കണം. ഉദാഹരണമായി കാഷ്യൂ. ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ ഉത്പാദിപ്പിച്ചിരുന്നതും, കയറ്റുമതി ചെയ്തിരുന്നതും ഇൻഡ്യയിലും കേരളത്തിലുമായിരുന്നു. ഇന്ന് കാഷ്യൂവിന്റെ സ്ഥിതി എന്താണ്? ഈ വർഷം കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന് 25 കോടി രൂപ കൊടുത്തു. കടലിൽ കായം കലക്കുംപോലെയാണത്. അതുകൊണ്ട് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല. അതുപോലെ കയർ മേഖല, കയർ മേഖലയെ രക്ഷപ്പെടുത്താൻ നമുക്കു കഴിയുന്നുണ്ടോ? ഗവൺമെന്റ് ഇങ്ങനെ പണം പമ്പുചെയ്യുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും വ്യവസായ സ്ഥാപനത്തെ നിലനിർത്താൻ പറ്റുമോ? അടുത്ത കാലത്ത് പശ്ചിമബംഗാൾ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം എടുത്തു. അവിടെ Great Eastern Hotel 1857-നു മുൻപു തുടങ്ങിയ ഇൻഡ്യയിലെ ഏറ്റവും പുരാതനമായ ഹോട്ടലാണ്. ബ്രിട്ടീഷുകാർ തുടങ്ങിയ ഹോട്ടൽ. ആ ഹോട്ടൽ പശ്ചിമ ബംഗാൾ ഗവൺമെന്റ് privatise ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. കഴിഞ്ഞയാഴ്ച ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ അസംബ്ളിയിൽ പറഞ്ഞത് "It is not morally correct for a Government to run a hotel. It is not the Government business; it is the time for the Government to check out of the Hotel Industry." എന്നാണ്. ഇത് ധീരമായ ഒരു തീരുമാനമാണ്. ഇങ്ങനെ ധീരമായ തീരുമാനങ്ങൾ എടുത്തുകൊണ്ടേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. അതിൽ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. നമ്മൾ പുതിയ ഒരു സാമ്പത്തിക മേഖലയിലാണ് നമ്മുടെ സംസ്ഥാനങ്ങളുടെ വരുമാനം നിശ്ചിത ലെവലിൽ നിൽക്കുന്നു. അതേസമയം ഈ സംസ്ഥാനങ്ങൾ വാങ്ങിച്ച കടങ്ങളുടെ interest, കൊടുക്കേണ്ടേ? ഭാരിച്ച പെൻഷൻ, ശമ്പളം ഒക്കെ ആകുമ്പോൾ ഒരു സംസ്ഥാനത്തിന് പിടിച്ചുനിൽക്കാൻ കഴിയില്ല. എല്ലാ സംസ്ഥാനങ്ങളും വലിയ കടക്കെണിയിലാണ്. ആ കടക്കെണിയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ധീരമായ തീരുമാനങ്ങൾ എടുക്കാൻ കഴിയണം. ശ്രീ. വക്കം പുരുഷോത്തമൻ, അദ്ദേഹത്തെക്കുറിച്ച് നമുക്ക് ചിലപ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവാം, പക്ഷേ അദ്ദേഹം തീരുമാനങ്ങൾ ധീരമായി എടുക്കുന്നയാളാണ്. VAT-ന്റെ കാര്യത്തിൽ ധീരമായ തീരുമാനങ്ങൾ എടുക്കുന്നു. രാഷ്ട്രീയമായി അഭിപ്രായവ്യത്യാസങ്ങൾ പറയാം. പക്ഷേ കേരളത്തെപ്പോലെ ഒരു സംസ്ഥാനം നാളെ രക്ഷപ്പെടണമെങ്കിൽ നമുക്ക് ധീരമായ തീരുമാനങ്ങൾ വേണം. VAT-നെക്കുറിച്ച് പറഞ്ഞു. VAT-ൽ വ്യാപാരികളുടെ പ്രശ്നങ്ങൾ, ന്യായമായി പരിഹരിക്കുന്നതിനുള്ള ഒരു ശ്രമം ഉണ്ടായിട്ടുണ്ട്. അതിൽ പങ്കാളിയായ ആൾ എന്ന നിലയിൽ, കൊച്ചിയെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധി എന്ന നിലയിൽ എന്റെ സാന്നിദ്ധ്യത്തിൽ പല ചർച്ചകൾ നടന്നു. വ്യാപാരി സമൂഹവും സഹകരിച്ചേ പറ്റൂ. രണ്ടുകൂട്ടർക്കും പങ്കാളിത്തമുണ്ട്. അപ്പുറത്തിരിക്കുന്നവർക്കും വ്യാപാരി സമൂഹവുമായി ബന്ധമുള്ളവരാണ്. വ്യാപാരികൾ VAT സിസ്റ്റത്തിലേക്ക് കടന്നുവരണം. ചെറുതും വലുതുമായ പ്രശ്നങ്ങൾ, VAT നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. അത് നമ്മുടെ എല്ലാവരുടെയും ബാധ്യതയാണ്. VAT-ൽ നിന്ന് ഒളിച്ചോടുക, അതൊരു രാഷ്ട്രീയ പ്രശ്നമാക്കി മാറ്റുക, ജനങ്ങൾക്കെതിരായ വെല്ലുവിളിയായി മാറ്റുക—അത് പാടില്ല. ഗവൺമെന്റിനെ ബലഹീനമാക്കാൻ ഒരു സമൂഹത്തിനേയും അനുവദിച്ചുകൂടാ, ഗവൺമെന്റ് ശക്തമായി മുന്നോട്ടു പോകണം. അതിന് ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവണം. നമ്മുടെ കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ആ മേഖലയിൽ നമുക്ക് വലിയ മാറ്റങ്ങൾ ഉണ്ടാകണം. ഇന്ന് ലോകമെമ്പാടും ജൈവകൃഷിക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

നൽകിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഈ രംഗത്ത് നമുക്ക് വലിയ സംഭാവന നൽകാൻ കഴിയും. കുട്ടനാട്ടിലും പാലക്കാടുമൊക്കെ നമുക്ക് ജൈവകൃഷി ആരംഭിക്കാൻ കഴിയും. അലങ്കാര പുഷ്പക്കൃഷി ആരംഭിക്കാൻ കഴിയും അങ്ങനെ ഈ രംഗത്തുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു വെല്ലുവിളിയായി സ്വീകരിച്ച് മുന്നോട്ടുപോവുകയല്ലാതെ കാർഷിക മേഖലയുടെ എല്ലാ പ്രശ്നങ്ങളും ജാഥകൾ നടത്തിയതുകൊണ്ടോ ബന്ദുനടത്തിയതുകൊണ്ടോ, ഹൈവേ പിക്കറ്റുചെയ്തതുകൊണ്ടോ പരിഹാരം കാണാൻ കഴിയില്ല. നമുക്കൊരു പരിധിവരെ മാത്രമേ സബ്സിഡി കൊടുക്കാൻ കഴിയുകയുള്ളൂ. അതിനെക്കാളുപരി കാർഷിക മേഖലയിൽ Productivity കൂട്ടാൻ ഉത്പാദന ചെലവുകുറയ്ക്കാൻ, കർഷകർക്കും കർഷക തൊഴിലാളികൾക്കും ന്യായമായ വേതനം ലഭിക്കാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് നാം ആലോചിക്കണം. സർ, മറ്റൊന്ന് മൽസ്യ മേഖലയാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം മൽസ്യമേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. മൽസ്യത്തൊഴിലാളികൾ നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ സഹതാപം അർഹിക്കുന്ന ഒരു വിഭാഗമാണ്. അവരുടെ സാമൂഹ്യമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കഴിഞ്ഞ വർഷം ഡിസംബർ 26-നാണ് സുനാമി ദുരന്തമുണ്ടായത്. അന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം എറണാകുളത്തായിരുന്നു. 100 വർഷത്തിനുശേഷം ആദ്യമായി ഉണ്ടായ സുനാമി ദുരന്തം, ആ ദുരന്തം കൈകാര്യം ചെയ്യുന്നതിൽ ആത്മാർത്ഥമായ പരിശ്രമം ഈ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായി എന്നു പറയുന്നതിൽ സന്തോഷമുണ്ട്. അതിൽ ഞാൻ രാഷ്ട്രീയം കാണുന്നില്ല. അതിൽ എല്ലാവരും സഹകരിച്ചു. എറണാകുളം മേയറുൾപ്പെടെയുള്ളവർ സഹകരിച്ചിട്ടുണ്ട്. ഡിസംബർ 26-നുണ്ടായ സുനാമി ദുരന്തത്തിനുശേഷം ഒരു മാസം കഴിഞ്ഞപ്പോൾ, ജനുവരിയിൽ എറണാകുളത്തൊക്കെ ഭവനങ്ങൾ പണിയാൻ കഴിഞ്ഞു. പക്ഷേ ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് വീടുകൾ സമയബന്ധിതമായി വച്ചുകൊടുക്കണം. അവർക്ക് നഷ്ടപ്പെട്ട മൽസ്യബന്ധനോപകരണങ്ങൾ കൊടുക്കണം, യുദ്ധകാലാടി സ്ഥാനത്തിൽ അവർക്ക് കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മാത്രമല്ല, സുനാമി പ്രവർത്തനങ്ങൾ, അതിന്റെ റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ കുറേക്കൂടി സുതാര്യമായി നടത്തണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളേയും രാഷ്ട്രീയ പ്രസ്ഥനങ്ങളേയുമൊക്കെ വിശ്വാസത്തിലെടുത്തുകൊണ്ട് സുനാമി ദുരന്തബാധിത മേഖലയിൽ ഗവൺമെന്റ് ആശ്വാസ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. മാത്രമല്ല, വീണ്ടും സുനാമി ഭീഷണികൾ വിവിധ പ്രദേശങ്ങളിൽ നിന്നുണ്ടായ സാഹചര്യത്തിൽ ഇതൊരു ദേശീയ പ്രശ്നമായി കണ്ടുകൊണ്ട് നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ട്. മറ്റൊന്ന്, കുടിവെള്ള പ്രശ്നമാണ്. ഇന്നലെ എറണാകുളം ജില്ലയിലെ എം.എൽ.എ.-മാർ, മറ്റു ജനപ്രതിനിധികൾ, കോർപ്പറേഷൻ മേയർ എന്നിവർ ഇക്കാര്യത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിച്ചുകൂടുകയുണ്ടായി. അവിടത്തെ ഏറ്റവും വലിയ പ്രശ്നം കുടിവെള്ളമാണ്. 44 നദികളുള്ള കേരളത്തിൽ, ലോകത്തിൽ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന കേരളത്തിൽ, ഒരു ലിറ്റർ വെള്ളത്തിന് ഒരു ലിറ്റർ പാലിനേക്കാൾ വില കൂടിയിരിക്കുന്നത് ലജ്ജാകരമാണ്. ഈ സംസ്ഥാനം ഭരിച്ച എല്ലാ ഗവൺമെന്റുകൾക്കും ഈ കാര്യത്തിൽ തുല്യ ഉത്തരവാദിത്വമുണ്ട്. നമ്മുടെ നദികൾ മലിനമായിക്കൊണ്ടിരിക്കുന്നു. ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഗവൺമെന്റിന്റെ ഏറ്റവും പ്രാഥമികമായ ഒരു ഉത്തരവാദിത്വം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കലാണ്. മറ്റൊന്ന് ആരോഗ്യ രംഗമാണ്. ആരോഗ്യ രംഗത്ത് കേരളം വളരെ മുന്നിലാണെങ്കിലും ഇന്ന് പാവപ്പെട്ട ആളുകൾക്കും മൽസ്യത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കുമൊന്നും ആധുനിക ആരോഗ്യ സംവിധാനവുമായി ബന്ധപ്പെടാൻ കഴിയുന്നില്ല. പ്രൈവറ്റ് ആശുപത്രികളിൽ അവർക്ക് കയറാൻ പോലും കഴിയുന്നില്ല. സ്കാനിംഗ് ചെയ്യണമെങ്കിൽ ആയിരക്കണക്കിന് രൂപ വേണം. അതുകൊണ്ട്, പ്രൈവറ്റ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം തന്നെ സംസ്ഥാന സർക്കാർ ഉടമയിലുള്ള മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പ്രവർത്തനം കൂടുതൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയണം. നമ്മുടെ ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമെല്ലാം ആധുനികമായ ചികിൽസാ സമ്പ്രദായങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു സമയബന്ധിതമായ പരിപാടിക്ക് ഗവൺമെന്റ് രൂപം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് വിദ്യാഭ്യാസമേഖലയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ധാരാളം സ്വാശ്രയ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ വിദ്യാഭ്യാസ മേഖലയെ കച്ചവടചരക്കാക്കാൻ അനുവദിക്കരുത്. കേരളത്തിന്റെ ഏറ്റവും വലിയ വളർച്ച വിദ്യാഭ്യാസ മേഖലയിൽ ആയിരുന്നുവെങ്കിൽ അതിനു കാരണം അത് സേവനസന്നദ്ധമായ ഒരു മേഖലയായതുകൊണ്ടാണ്. അതിൽ നിന്ന് മാറി കച്ചവടക്കണ്ണോടുകൂടി വിദ്യാഭ്യാസ മേഖലയെ കാണുന്നുണ്ടെങ്കിൽ അതിന് ചില പരിമിതികൾ ഉണ്ടാക്കിയേ പറ്റൂ. പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവരുന്നതിനുള്ള സമഗ്രമായ പരിപാടികൾക്ക് രൂപം കൊടുത്തേ പറ്റൂ. മറ്റൊന്ന് ഐ.ടി. മേഖലയാണ്. വളർന്നു വരുന്ന ഒരു മേഖലയാണ് ഐ.ടി. മേഖല. ഐ.ടി. മേഖലയിലും സാധാരണക്കാരുടെ കുഞ്ഞുങ്ങൾക്ക് കടന്നുവരാനും ഐ.ടി. വിദ്യാഭ്യാസം നടത്താനുമുള്ള സന്ദർഭം ഉണ്ടാക്കിയേ മതിയാകൂ. അതുപോലെ ഇലക്ട്രിസിറ്റി, കെ.ഡബ്ളിയു.എ. തുടങ്ങിയ സ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുള്ള പുതിയ സംവിധാനങ്ങൽ ഉണ്ടാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സപ്പോർട്ട് ചെയ്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. നാലു വർഷത്തെ യു.ഡി.എഫ്. ഭരണം അഴിമതിയുടേയും അധികാര ദുർവിനിയോഗത്തിന്റേയും കെടുകാര്യസ്ഥതയുടേയും മരുമക്കൾ രാഷ്ട്രീയത്തിന്റേയും പര്യായമായി മാറിയിരിക്കുകയാണ്. മന്ത്രിപദവി ദുരുപയോഗം ചെയ്ത് മറയില്ലാതെ അഴിമതി നടത്തുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടേത്. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ആ കാര്യത്തിൽ റവന്യൂ മന്ത്രിയുമായി മൽസരിച്ച് ആർക്കും ജയിക്കാൻ കഴിയുമെന്ന് കരുതുന്നില്ല. ദീർഘകാലം മന്ത്രിയായ ശ്രീ. കെ. എം. മാണിക്ക് ഉദ്യോഗസ്ഥരെ പിടിച്ച് അഴിമതിയും അധികാരദുർവിനിയോഗവും സ്വന്തം ബന്ധുജനങ്ങൾക്കുവേണ്ടി നടത്താൻ വലിയ പ്രയാസമുണ്ടായിക്കാണുന്നില്ല. മന്ത്രിയുടെ മരുമകനും എറണാകുളം ആസ്ഥാനമായിട്ടുള്ള 'ഇസോഡികോകോ' എന്ന പ്രൈവറ്റ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമാണ് ഡോ. സേവ്യർ മാത്യു. അദ്ദേഹം നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ വില്ലേജിൽ ബ്ളോക്ക് നമ്പർ 46-ൽ റീ-സർവ്വേ 258/1-ാം നമ്പർ സ്ഥലത്ത് നെയ്യാറിന്റെ തീരത്ത് ആറ്റു പുറമ്പോക്കിൽ 'ഇസോഡികോകോ ആയുർവ്വേദിക് ഹെറിറ്റേജ് ബീച്ച് റിസോർട്ട്' നടത്തുന്നുണ്ട്. ഈ റിസോർട്ട് ആരംഭിച്ചത് 2001 അവസാനമാണ്. റിസോർട്ട് പണിയാൻ നാലേമുക്കാൽ ഏക്കർ സർക്കാർ ഭൂമി കയ്യേറുകയാണ് ചെയ്തത്. വ്യാജരേഖ കെട്ടിച്ചമച്ചും റവന്യൂ-സർവ്വേ ഉദ്യോഗസ്ഥരിൽ ചിലരുടെ ഒത്താശയോടുകൂടിയും റവന്യൂമന്ത്രി അധികാരദുർവിനിയോഗം ചെയ്തുമാണ് ഈ ഭൂമി ഇടപാട് നടത്തിയത്. എല്ലാ നിയമങ്ങളും കാറ്റിൽ പറത്തിയിരിക്കുകയാണ്. ഞാൻ അവിടെ പോയിരുന്നു. പോയപ്പോൾ ഞാൻ എടുത്ത ഫോട്ടോഗ്രാഫുകൾ എന്റെ കൈവശമുണ്ട്. ഒരു ഫോട്ടോഗ്രാഫറേയും കൂടി ഞാൻ കൊണ്ടുപോയിരുന്നു. ആ ഫോട്ടോകൾ ഞാൻ അങ്ങേയ്ക്കും, ബഹുമാനപ്പെട്ട മന്ത്രിക്കും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും തരാം. 'ഇസോഡികോകോ' എന്നു പറയുന്നത് ആ റിസോർട്ടിന്റെ നെയിം ബോർഡാണ്. റവന്യൂ പുറമ്പോക്കു ഭൂമി എന്നു തെളിയിക്കുന്ന സർവ്വേ ക്കല്ലുകളാണ് ഇതിലുള്ളത്. ഈ ഫോട്ടോഗ്രാഫാണ് സാക്ഷ്യപത്രം. അവിടത്തെ ദൃശ്യങ്ങൾ ഫോട്ടോയിൽ നിങ്ങൾക്കും കാണാം. പുറമ്പോക്കു ഭൂമിയിൽ നിർമ്മിച്ച റിസോർട്ടിന്റെ ദൃശ്യങ്ങളാണിത്. മനോഹരമാണിവ. 52 ഫാമിലി കോട്ടേജുകൾ, ഇന്റർനാഷണൽ ആഡിറ്റോറിയം, റെസ്റ്റോറന്റ്, ആയുർവ്വേദിക് ഹെറിറ്റേജ് ഹോം എന്നിങ്ങനെ പോകുന്നു. നദിയിൽ അനധികൃതമായ കോൺക്രീറ്റ് പില്ലറുകൾ കൊണ്ട് പണിത ഫ്ളോട്ടിംഗ് റിസോർട്ടാണ്. ഈ നദികൾ ആരുടെയാണ്? റവന്യൂ പുറമ്പോക്ക് എന്ന് തെളിയിക്കുന്ന സർവ്വേക്കല്ലുകളുടെ വിവിധ ആംഗിളിൽ നിന്നെടുത്ത ഫോട്ടോഗ്രാഫുകളാണ് എന്റെ കയ്യിലുള്ളത്. റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച റിസോർട്ടിന്റെ വിവിധ ദൃശ്യങ്ങൾ എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ കയ്യിലുള്ള ഫോട്ടോഗ്രാഫിന്റെ എൻലാർജ് ചെയ്ത കോപ്പികൾ കൊടുക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. സേവ്യർ മാത്യു 9-1-2002-ന് അഡീഷണൽ ലാൻഡ് സർവ്വേ ഡയറക്ടർക്ക് ഒരു ഹർജി നൽകിക്കൊണ്ടാണ് കോടികളുടെ അഴിമതിക്ക് തുടക്കം കുറിച്ചുകൊണ്ട് ഈ സർക്കാർ ഫയൽ ആരംഭിക്കുന്നത്. സർക്കാർ ഫയൽ എന്റെ കയ്യിലുണ്ട്. അന്നത്തെ ഡയറക്ടർ ശശിധര ഐ.എ.എസ്. എന്നയാളാണ്. അയാൾക്ക് അപേക്ഷ നൽകിയിട്ടില്ല. അഡീഷണൽ ഡയറക്ടർക്കാണ് അപേക്ഷ നല്കുന്നത്. ഈ അഴിമതി പുറത്തുകൊണ്ടുവരുന്നതിന്റെ സാക്ഷ്യപത്രമാണ് അയാൾക്ക് അപേക്ഷ നൽകാത്തത്. ഡയറക്ടർക്ക് എന്തുകൊണ്ട് അപേക്ഷ നൽകിയിട്ടില്ല? അദ്ദേഹം ഫയൽ കണ്ടുമില്ല. പ്രസ്തുത ഹർജിയിൽ ഡോ. സേവ്യർ മാത്യു പറയുകയാണ്, എന്റെ പേരിൽ കമ്പനിക്കുവേണ്ടി കുളത്തൂർ സബ് രജിസ്ട്രാർ ഓഫീസിലെ 1926/01 നമ്പർ വിലയാധാരപ്രകാരം ജന്മാവകാശം കിട്ടിയിട്ടുള്ളതും മുൻ സർവ്വേ നമ്പർ പ്രകാരം, നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ 306/1-ൽ ഉൾപ്പെട്ട ഒരേക്കർ അറുപത്തിയൊമ്പതു സെന്റ് പുരയിടം റീ സർവ്വേ പ്രകാരമുള്ളതും കുളത്തൂർ വില്ലേജിൽ ബ്ളോക്ക് നമ്പർ 46-ൽ റീ സർവ്വേ 358/1-ലും 214/5-ലും സബ്ഡിവിഷനിൽ ഉൾപ്പെട്ടതുമായ വസ്തുവിന്റെ വിസ്തീർണ്ണക്കുറവിനാണ് അപേക്ഷ എന്നാണ്. ഇത്തരമൊരു അപേക്ഷ ആർക്കാണ് ആദ്യം നൽകേണ്ടത്? ചട്ടപ്രകാരം തഹസിൽദാർക്കോ ആർ.ഡി.ഒ.-യ്ക്കോ ആണ് കൊടുക്കേണ്ടത്. അവർക്കൊന്നും കൊടുത്തിട്ടില്ല. എന്തുകൊണ്ടാണ്? തങ്ങളുടെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കുന്ന ആർ.ഡി.ഒ.-യും തഹസിൽദാരും അന്ന് ഉണ്ടായിരുന്നില്ല എന്നതുകൊണ്ടാണ്. 1-6-1999-ന് സർവ്വേ വകുപ്പ് റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയ ഭൂമിയാണിത്. അന്ന് ആ ഭൂമിയുടെ കൈവശക്കാർ കുളത്തൂർ വില്ലേജിൽ പൊഴിയൂർ ദേശത്ത് ഷൈനി കോട്ടേജിൽ അന്തോണിയാർ പിച്ചയും മറ്റ് ഏഴു പേരുമാണ്. റീ-സർവ്വേ നടത്തുന്ന സമയത്തോ പിന്നീടോ കൈവശക്കാർ ഒരു പരാതിയും നൽകിയിട്ടില്ല. അവർ 1995 ജനുവരി 13-ന് പൂവാർ സ്വദേശിയായ ടൈറ്റസിനും നിർമ്മലയ്ക്കും ഈ ഭൂമി കൈമാറി. രേഖ ഇതാണ്. റീസർവ്വേ രേഖ വില്ലേജാഫീസിലുണ്ട്. പിന്നീട് ലഭിച്ച പരാതികളെല്ലാം പരിശോധിച്ചിട്ട് അതിന്മേലെല്ലാം തീർപ്പുണ്ടാക്കിയിരുന്നു. അതിനുശേഷം സർവ്വേ വകുപ്പ് പ്രസ്തുത സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം അതിര് തിരിച്ച് നൽകുകയും അതനുസരിച്ച് നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. പുഴയുടേയും സമുദ്രത്തിന്റേയും തീരമായതിനാൽ സർവ്വേക്കല്ല് സ്ഥാപിക്കുകയും റവന്യൂ പുറമ്പോക്ക് അവിടെ വേർതിരിച്ച് സംരക്ഷിക്കുകയും ചെയ്തു. അവിടെയാണ് കയ്യേറിയത്. ഡോ. മാത്യുവിന്റെ ഹർജിയിൽ വീണ്ടും പറയുന്നു, മുൻ സർവ്വേ നമ്പർ 306 തിരുപുറം വില്ലേജിൽ നെയ്യാർ നദിയുമാണ്. പട്ടികയിലെ വസ്തു നെയ്യാറിന്റെ മറുകരയിലാണ്. അക്കരെയാണ്. റീസർവ്വേ പ്രകാരം നെയ്യാറിന്റെ മിഡ് ലൈൻ പ്രകാരം വില്ലേജ് ബൗണ്ടറി ആക്കിയപ്പോൾ പട്ടിക വസ്തു കുളത്തൂർ വില്ലേജിൽപ്പെടുത്തി റീസർവ്വേ നടത്തി. 306/1-ൽ പെട്ട സ്ഥലം നദിയിൽ ചേർത്ത് സർവ്വേ ചെയ്തു. തൻനിമിത്തം വിസ്തീർണ്ണക്കുറവു

LIBRARY ARCHIVES Kerala Legislative Assembly

വന്നു. കുളത്തൂർ വില്ലേജിൽ വിസ്തീർണ്ണം ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഇത് ചട്ടങ്ങളും മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടുള്ള ഹർജിയാണെന്ന് ഈ വാദം വായിച്ചാൽ തെളിയും. കുളത്തൂർ വില്ലേജിൽ സ്ഥലമില്ലാത്തതിനാൽ തിരുപുറം വില്ലേജിൽ സ്ഥലം അനുവദിക്കണമെന്നാണ് ഹർജിയിലെ ആവശ്യം. മാത്രമല്ല നദി ഉൾപ്പെടുന്ന സ്ഥലത്തിന്റെമേലും അവകാശവാദം ഉന്നയിച്ചിരിക്കുകയാണ്. അതിന്റെ ഫോട്ടോ എന്റെ കൈയിലുണ്ട്, നദിയിലാണ് ഇവിടെ floating restaurant പണിതിട്ടുള്ളത്. വില്ലേജിലെ ലാൻഡ് സർവ്വേ രേഖകൾ തെളിയിക്കുന്ന ഒരു കാര്യം നെയ്യാർ midline boundary ആയി കണക്കാക്കി സർവ്വേ നടത്തിയെന്നാണ്. 2001 സെപ്റ്റംബറിൽ ശ്രീ. കെ. എം. മാണിയുടെ മരുമകൻ ഭൂമി വാങ്ങിയപ്പോൾ സുനാമിയുണ്ടായോ? മാത്രമല്ല അതിരുകളും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2001 സെപ്റ്റംബർ 25-ന് ആധാരം രജിസ്റ്റർ ചെയ്തപ്പോൾ, മാത്യു വാങ്ങിയ ആധാരമാണ് ഞാൻ വ്യക്തമാക്കുന്നത്, അതിലൊന്നും മുൻ സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സെപ്റ്റംബറിലെ ആധാരമാണിത്. ഇന്നലെ ഞാൻ രജിസ്ട്രാർ ഓഫീസിൽ പോയി പകർത്തിയെടുത്തതാണിത്. ഇതിലൊന്നും 306/1 ഇല്ല. 9-1-2002-ൽ വിസ്തീർണ്ണക്കുറവ് പരിഹരിച്ചു തരണമെന്ന് അപേക്ഷിച്ചതിനുശേഷം വീണ്ടും ഒരു രേഖയുണ്ടാക്കി. 2003 ജനുവരി 16-ന് സർവ്വേ അളന്നു തിട്ടപ്പെടുത്തിയിട്ട് വിസ്തീർണ്ണക്കുറവ് പരിഹരിച്ചു തരണമെന്നുള്ള അപേക്ഷ കൊടുത്തതിനുശേഷം ഒരു കള്ളരേഖയുണ്ടാക്കി. ഈ വസ്തുവിന്റെ മുൻ കൈവശക്കാരുണ്ട്. അവരുടെയെല്ലാം പേര് സമയമില്ലാത്തതുകൊണ്ട് ഞാൻ ഇവിടെ പറയുന്നില്ല. റഹിമാബീവി, അന്തോണി ആർ. പിച്ച, ടൈറ്റസ്, നിർമ്മല അവരൊന്നുംതന്നെ വിസ്തീർണ്ണക്കുറവ് പരിഹരിച്ചുതരണമെന്നു പറഞ്ഞ് അധികൃതർക്ക് അപേക്ഷ കൊടുത്തില്ല. അവർക്കറിയാം ഇത് റവന്യൂ പുറംപോക്കാണെന്ന്. അവർ അവകാശപ്പെട്ടില്ല എന്നുമാത്രമല്ല, അവരുടെ സർവ്വേ രേഖകളിൽ, അവരുടെ വസ്തു രേഖകളിൽ 358(1), 214(5) എന്നെല്ലാമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആ രേഖകളെല്ലാം പൂർണ്ണമായി ഇവിടെ കാണാൻ കഴിയും. നികുതിയടച്ച രസീത് എന്റെ കൈയിലുണ്ട്. അതിലും ഈ പറയുന്ന വിധത്തിൽ 306-ാം നമ്പർ സർവ്വേ നമ്പരില്ല. ഇങ്ങനെ ഒരു അഡീഷണൽ ഡയറക്ടർക്കു കിട്ടിയ ഹർജി 9-1-2002-ന് അദ്ദേഹം ഒരു കുറിപ്പോടുകൂടി അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ചു. ഫയൽ എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത് ഇപ്രകാരമാണ്. "Forwarded to the Assistant Director of Survey and Land Records, Resurvey Neyyattinkara for immediate action." എന്നാണ്. അസിസ്റ്റന്റ് ഡയറക്ടർ അത് സർവ്വേ സൂപ്രണ്ടിന് കൈമാറി. സർവ്വേ സൂപ്രണ്ട് 21-1-2002-ന് സർവ്വേയർ ഗ്രേഡ്-2-നോട് ഈ പരാതിയെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞു. അതിനുശേഷം സർവ്വേയർ ഗ്രേഡ്-2 22-3-2002-ന് സ്ഥലം പരിശോധിച്ചു. റവന്യൂ വകുപ്പുമന്ത്രിയുടെ മരുമകനുവേണ്ടി അന്നവിടെ ഹാജരായത് റോമി ജോർജായിരുന്നു. റോമി ജോർജ് സേവ്യർ മാത്യുവിന്റെ മരുമകനാണ്. മരുമക്കൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ പോവുകയാണ്. അന്വേഷണ ഉദ്യോഗസ്ഥൻ സമീപ സ്ഥലവാസികൾക്കും കക്ഷിക്കും നോട്ടീസ് നൽകിയിട്ടാണ് അവിടെ പോയത്. അന്നുരാവിലെ ഒരു കാറിൽ സേവ്യറും മറ്റുചിലരും ഈ അന്വേഷണ ഉദ്യോഗസ്ഥന്റെ വീട്ടിൽ പോവുകയുണ്ടായി. 500 രൂപയുടെ നോട്ടിന്റെ കെട്ടുകൾ ഉദ്യോഗസ്ഥന്റെ കൈയിലേക്ക് കൊടുക്കാൻ നോക്കുകയാണ്, ഉദ്യോഗസ്ഥൻ അത് വാങ്ങിയില്ല. സത്യസന്ധനായ ഉദ്യോഗസ്ഥൻ ആ അഴിമതിക്ക് കൂട്ടുനിന്നില്ല. 2-4-2002-ന് ആ ഉദ്യോഗസ്ഥൻ തന്റെ മേലുദ്യോഗസ്ഥനായ ഹെഡ് സർവ്വേയർക്ക് ഒരു റിപ്പോർട്ട് കൈമാറി. ഹെഡ് സർവ്വേയർക്ക് കൊടുത്ത റിപ്പോർട്ടിന്റെ കോപ്പി എന്റെ കൈയിലുണ്ട്. ഹെഡ് സർവ്വേയർ ആ റിപ്പോർട്ടിൽ മേലൊപ്പുവച്ചു. എന്താണ് ആ റിപ്പോർട്ടിൽ പറയുന്നത്? "സ്ഥലപരിശോധനയിൽ അപേക്ഷയ്ക്ക് അടിസ്ഥാനമായ സ്ഥലം മുൻ സർവ്വേ നമ്പർ 515 (2), (3), 306 എന്നീ നമ്പരുകൾ ഉൾപ്പെട്ടുവരുന്നതായി കാണുന്നു. ടി 515 (2), (3) നമ്പരുകളുടെ ഭാഗം റീസർവ്വേയിൽ 315 (5), (6) നമ്പർ സബ്ഡിവിഷനുകളും 306 മുൻ സർവ്വേ നമ്പർ റീസർവ്വേ 358-ഉം ആണെന്നു കാണുന്നു. മുൻ സർവ്വേ നമ്പർ 306 ആറ്റുപുറംപോക്കാണ്." ഇതെല്ലാം ആ റിപ്പോർട്ടിൽ പറയുന്ന കാര്യമാണ്. റീസർവ്വേ 358, മുൻ സർവ്വേ നമ്പർ 306. അപേക്ഷിച്ച കക്ഷിക്ക് ഏതാനും ഭാഗം കൈവശമുണ്ടെങ്കിലും അപേക്ഷകനോ മുൻപ്രമാണകക്ഷിയോ ഈ സ്ഥലം പതിച്ചു കിട്ടിയതായ ഒരു രേഖയും പട്ടയമോ പതിവു സ്കെച്ചോ ഹാജരാക്കിയിട്ടില്ല. അപേക്ഷകന്റെ ആധാരമായ 1926/2001 നമ്പർ പ്രമാണത്തിൽ മുൻസർവ്വേ നമ്പർ സൂചിപ്പിച്ചിട്ടുമില്ല. ഇതാണ് റിപ്പോർട്ട്. അന്വേഷണ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്ന കാര്യം നാലേക്കർ 75 സെന്റ് സ്ഥലം റവന്യൂ പുറംപോക്കാണ് എന്നാണ്. ഈ സ്ഥലം മരുമകൻ അപേക്ഷ കൊടുക്കുന്നതിനുമുമ്പുതന്നെ കയ്യേറി കൈവശപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് 22-4-2002-ന് സൂപ്രണ്ടുതന്നെ കുറിപ്പോടുകൂടി അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ചു. ഫയൽ എന്റെ കൈയിലുണ്ട്, ഫയൽ നമ്പർ 37/02. അതിൽ പറയുന്നത് "സൂചന 1 പ്രകാരമുള്ള അപേക്ഷ അന്വേഷിച്ച് സൂചന 3 പ്രകാരം ഹെഡ് സർവ്വേയർ റിപ്പോർട്ട് നൽകിയിരിക്കുന്നു. വിശദമായി പരിശോധിച്ചതിൽ ഒറിജിനൽ ആധാരം കക്ഷി ഹാജരാക്കി കാണുന്നില്ല. അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന പ്രമാണത്തിന്റെ പകർപ്പിൽ ഒന്നാംപേജിലെ എസ്.ആർ.ഒ. യിൽ സീൽ കാണുന്നു. മറ്റു പേജുകളിൽ സീൽ കാണുന്നില്ല. എഴുതിക്കൊടുത്ത ആളുകളുടെ ഒപ്പും കാണുന്നില്ല. ആധാരത്തിൽ വെട്ടുതിരുത്തലുകളില്ലെന്ന് എഴുതിയിട്ടുണ്ട്. എന്നാൽ മൂന്ന്, നാല് പേജുകളിൽ തിരുത്തലുകളുണ്ട്. 1926/01 എന്ന നമ്പർ ആധാരത്തിന്റെ പകർപ്പിൽ ഏതോ കൃത്രിമത്വമുള്ളതായി കാണാവുന്നതാണ്" എന്നാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടാണിത്. ഇനി ആധാരം ശരിയാണെന്നു കരുതിയാൽ തന്നെ എഴുതിക്കൊടുത്ത കക്ഷിക്ക് മുൻസർവ്വേ നമ്പർ 306/1-ൽ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവകാശവുമുള്ളതായി കാണുന്നില്ല. ഹെഡ് സർവ്വേയർ ഗ്രേഡ്-2-ന്റെ റിപ്പോർട്ടിൽ "മറ്റു കാര്യങ്ങൾ കൂടി വിശദമായ പരിഗണനയ്ക്കും പരിശോധനയ്ക്കും വ്യക്തമായ നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു—സൂപ്രണ്ട്." ആ ഫയലിൽ കാര്യങ്ങളൊക്കെ പരിശോധിച്ചതിനുശേഷം അസിസ്റ്റന്റ് ഡയറക്ടർ രേഖപ്പെടുത്തി. ആ കോപ്പിയും എന്റെ കൈയിലുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ എന്താണ് രേഖപ്പെടുത്തിയത്? "ഈ സാഹചര്യത്തിൽ അദാലത്തു പരിധിയിൽ വരികയില്ലെന്നും റീസർവ്വേയിൽ അപാകത സംഭവിച്ചിട്ടില്ലെന്നും കാണുകയാൽ പരാതി തള്ളി തീരുമാനിക്കാവുന്നതാണ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നെ ഈ ഫയലിന് എന്തു സംഭവിച്ചു? ഡോ. സേവ്യർ മാത്യു നാലേമുക്കാൽ ഏക്കർ റവന്യൂ പുറംപോക്ക് ഭൂമി എങ്ങനെ അനധികൃതമായി കൈവശപ്പെടുത്തി? റിസോർട്ട് പണിയാൻ കഴിഞ്ഞു? അതൊരു ഫ്ളാഷ് ബാക്കാണ്. സത്യസന്ധരായി പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരേയും അവിടെനിന്നും മാറ്റി. 2003-ൽ വീണ്ടും അപേക്ഷ കൊണ്ടുവന്നു. നാഗർകോവിലിൽ ഇപ്പോൾ താമസിക്കുന്ന മുൻകൈവശക്കാരി റഹിമാബീവി 80 വയസ്സുകഴിഞ്ഞ ഒരാളാണ്. നാഗർകോവിൽവരെ ഇന്നലെ പോകാൻ പറ്റുമോയെന്ന് നോക്കി, സമയം കിട്ടിയില്ല. അവരുടെ കള്ള ഒപ്പിട്ട ഹർജി വീണ്ടും മന്ത്രിയുടെ മരുമകൻ ഉദ്യോഗസ്ഥർക്ക് നൽകുകയാണ്. അങ്ങനെ റവന്യൂ പുറംപോക്കുഭൂമി, ആറ്റുപുറംപോക്കുഭൂമിയായ നാലേമുക്കാൽ ഏക്കർ ഭൂമി മന്ത്രിയുടെ മരുമകന്റെ കൈവശവുമായി. ഇവിടെ ഏതുവലിയ കള്ളനും പറ്റുന്നതുപോലെ, സാധാരണ അമ്മാവന്മാർക്ക് പറ്റുന്ന ഒരു അമളിപോലെ ഒരു അബദ്ധം ഈ അമ്മാവനുംപറ്റി. വിസ്തീർണ്ണ കുറവ് പരിഹരിക്കാനുള്ള ഹർജി നൽകിയതിനുശേഷമാണ് സർവ്വേനമ്പർ തിരുത്തിക്കിട്ടാൻ കുളത്തൂർ സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ നൽകിയത്. കൃത്യമായി പറഞ്ഞാൽ ഒരുവർഷത്തിനുശേഷമാണ് അപേക്ഷ നൽകുന്നത്. 2003 ജനുവരി 16-ന് 101/03 നമ്പരായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഡോ. സേവ്യർ മാത്യു അഡീഷണൽ ഡയറക്ടർക്ക് അപേക്ഷ കൊടുക്കുന്നത് 2002 ജനുവരി മാസം 9-ാം തീയതിയാണ്. അപ്പോൾ ഒരു വർഷവും ഏതാണ്ട് 7 ദിവസവും കഴിഞ്ഞിട്ടാണ് വീണ്ടും ഈ രേഖയിൽ കൃത്രിമം വരുത്താനുള്ള അപേക്ഷ കൊടുക്കുന്നത്. അങ്ങനെ ഒരു പുതിയ പ്രമാണമുണ്ടാക്കി. ഡോ. സേവ്യർ മാത്യുവിന് ടൈറ്റസും നിർമ്മലയും എഴുതിക്കൊടുത്ത പിഴതിരുത്തൽ ആധാരത്തിൽ 2001-ൽ 1926-ാം നമ്പർ രേഖയിലെ ടൈറ്റസിന്റെ ഒപ്പും 2003 ജനുവരി 16-ലെ 101-ാം നമ്പർ രേഖയിലെ ഒപ്പും രണ്ടും വ്യത്യസ്തമാണ്. കള്ളരേഖയുണ്ടാക്കുന്നത് എത്ര എളുപ്പമാണ്?

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

2003-ലെ രേഖയിൽ പറയുന്നത് "1926-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തു കൊടുത്ത വിലയാധാരത്തിൽ റീ സർവ്വേ എഴുതി പോയിട്ടുള്ളതും ഇപ്പോൾ ബോദ്ധ്യം വന്നിട്ടുള്ളതുമനുസരിച്ച് ഈ പിഴ തിരുത്താൻ, ആധാരം എഴുതി കൊടുക്കാനിടയായതുമാകുന്നു" എന്നാണ്. ഇപ്പോഴാണോ തെറ്റ് ബോദ്ധ്യമായത്? 1994-ൽ റീ സർവ്വേ നടത്തിയതാണ്. പതിനൊന്നു കൊല്ലമായി. അന്നൊന്നും ഇവർക്ക് ആർക്കും അവകാശമില്ല. റഹ്മാബീവിക്കു മാത്രമാണ് അവകാശം. അന്നവർ ചെയ്തില്ല. എന്നിട്ട് ഈ നാലേമുക്കാൽ ഏക്കർ റവന്യൂ പുറംപോക്ക് കൈവശപ്പെടുത്താൻ വേണ്ടി വ്യാജ രേഖയുണ്ടാക്കി. 1989-ലേയും 1995-ലേയും രേഖകളിൽ യാതൊരു തിരുത്തലുകളും വരുത്തിയിട്ടില്ല. അപ്പോൾ ഒരേ വസ്തുവിന് രണ്ടു രേഖ. ഒരു രേഖയിലെ വിസ്തീർണ്ണം ഒരു ഏക്കർ എഴുപത്തിയഞ്ചു സെന്റ് സ്ഥലം, മറ്റേ രേഖയിലെ വിസ്തീർണ്ണമാകട്ടെ ആറ് ഏക്കർ മുപ്പതു സെന്റ് സ്ഥലം. എങ്ങനെയുണ്ട്? "കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി." ടൈറ്റസ്സിൽ നിന്നും മരുമകൻ എഴുതി വാങ്ങിയ ആദ്യ പ്രമാണം തന്നെ നിയമവിരുദ്ധമാണ്. ആദ്യ പ്രമാണത്തിലെ ചില ഉള്ളടക്കങ്ങൾ ഞാൻ പറയാം. അതിൽ പറയുകയാണ്. "പട്ടിക വസ്തുവിലെ വിസ്തീർണ്ണം വ്യത്യാസം വരുത്തുന്നതിനുവേണ്ടി ഞങ്ങൾ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതും നാളിതുവരെ ആയതിനു പരിഹാരം ഉണ്ടായിട്ടില്ലാത്തതും ആയത് ടി കമ്പനിക്കുവേണ്ടി ടിയാൻ തന്നെ എടുത്തു നടത്തി കൊള്ളേണ്ടതുമാണ്" എന്നാണ്. മുൻ കൈവശക്കാരനായ ടൈറ്റസ് ഇങ്ങനെ ലാന്റ് സർവ്വേ പുതുക്കി തരണമെന്നു പറഞ്ഞ് ഒരു അപേക്ഷ ഒരു ഉദ്യോഗസ്ഥനും, ഒരു ഓഫീസിലും കൊടുത്തിട്ടില്ല. 1994-ലാണ് സർവ്വേ പൂർത്തിയാക്കിയതെന്നു പറഞ്ഞത്. 1995-നു ശേഷമാണ് ടൈറ്റസ്സിന്റെ കൈവശം ഈ ഭൂമി വരുന്നത്. പിന്നെ എങ്ങനെയാണ് നേരത്തെ ഹർജി കൊടുക്കുക? രേഖയിൽ മറ്റൊരു ഭാഗത്തു പറയുന്നത് എന്താണ്? "പട്ടിക വസ്തുവകകളുടെ പൂർണ്ണവിവരങ്ങളിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ ആയത് ടി കമ്പനിയുടെ പേരിൽ പോക്കുവരവിലും റീ സർവ്വേ സ്റ്റേറ്റുമെന്റിലും ശരിപ്പെടുത്തി പട്ടയം പിടിച്ചുകൊള്ളേണ്ടതുമാണ്" എന്നാണ്. അപ്പോൾ സേവ്യർ മാത്യുവിനു എൻ.ഒ.സി. കൊടുക്കുകയാണ്. ഒരാളുടെ കൈവശമുള്ള ഭൂമിയുടെ വിവരങ്ങളിൽ പിശകുണ്ടെങ്കിൽ ആരെങ്കിലും അയാളുടെ വസ്തു വാങ്ങുമോ? നിയമാനുസൃതം ഇങ്ങനെയൊരു രേഖ ഉണ്ടാക്കിയാൽ നിലനിൽക്കില്ല എന്നു ഡോ. സേവ്യർ മാത്യുവിനറിയാം. അപ്പോൾ നിയമാനുസൃതം പുറംപോക്കു ഭൂമി വാങ്ങണമെങ്കിൽ എന്തു ചെയ്യണം? ലീസിനു വാങ്ങണം. പ്രമാണത്തിലെ പേജ് 5-ൽ പറയുന്നത് എന്താണ്? "കമ്പനിക്ക് വല്ല നഷ്ടവും സംഭവിച്ചാൽ ഞങ്ങളും ഞങ്ങളുടെ വക ഇതര സ്വത്തുക്കളും സഹിതം എക്കാലവും നിങ്ങൾക്കുണ്ടാകുന്ന നഷ്ടവും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വവും ഞാൻ വഹിച്ചുകൊള്ളുന്നതാണ്." ഏതെങ്കിലും ഒരു പ്രമാണത്തിൽ, ഒരു വസ്തു ഒരാൾക്ക് എഴുതി കൊടുക്കുകയും ആ ആൾക്ക് മേലിൽ നിങ്ങൾ കൈവശം വച്ച് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ, ആ നഷ്ടത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഞാൻ ഏറ്റെടുത്തുകൊള്ളാമെന്ന് ആരെങ്കിലും പറയുമോ? ഇന്നലെ ഞാൻ ടൈറ്റസ്സിനെ കുളത്തൂരിൽ പോയി കണ്ടു. ടൈറ്റസ്സ് ഒരു മൽസ്യത്തൊഴിലാളിയാണ്. 100 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ആ റിസോർട്ടിൽ, ഡോ. സേവ്യർ മാത്യുവിനുണ്ടാകുന്ന എല്ലാ നഷ്ടവും നികത്തിക്കൊടുക്കാൻ ഞാൻ ഒരുക്കമാണെന്നു പൂവാറിലെ ഒരു പാവപ്പെട്ട മൽസ്യത്തൊഴിലാളി പറഞ്ഞു എന്നു പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്? ഈ ആധാരം തന്നെ പുറംപോക്കു ഭൂമിയിൽ കയറാനുള്ള ഒരു ഏണിയായിരുന്നു. പുറംപോക്കു ഭൂമിയുടെ ജന്മം സർക്കാരിൽ നിക്ഷിപ്തമാണ്. ഡോ. സേവ്യർ മാത്യു ലീസിനുവേണ്ടി അപേക്ഷിച്ചിട്ടേയില്ല. മാർക്കറ്റ് വില കൊടുക്കേണ്ടിവരും. അങ്ങനെ ഭൂമി വാങ്ങുകയാണെങ്കിൽ, പൂവാർ കുളത്തൂർ പ്രദേശത്തെ മാർക്കറ്റു വില എത്രയാണ്? ഒരു സെന്റിന് 35,000 രൂപ. അപ്പോൾ നാലേമുക്കാൽ ഏക്കർ ഭൂമിക്ക് എത്ര വരും? 1,65,25,000 രൂപ വരും. ഡോ. സേവ്യർ മാത്യു ഒരു നയാ പൈസ ചെലവഴിക്കാതെ, തന്റെ അമ്മാവന്റെ മന്ത്രി പദവി ഉപയോഗിച്ച് ഭൂമിയും റിസോർട്ടും അവിടെ നേടാനായി വൻ അഴിമതിയാണ് നടത്തിയിരിക്കുന്നത്. കോടിക്കണക്കിനു രൂപയുടെ നഗ്നമായ അഴിമതിയാണ്. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ അധികാര ദുർവിനിയോഗവും സ്വജന പക്ഷപാതവുമാണ് ഇവിടെ നടന്നത്. ഈ അഴിമതിയെക്കുറിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. എല്ലാ രേഖകളും തെളിവുകളും ഞാൻ തരാൻ ഒരുക്കമാണ്. ഇവിടെ സേവ്യർ മാത്യുവിന്റെ ഈ റിസോർട്ട് പ്രസിദ്ധീകരിച്ച പാംഫ്ലറ്റാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. (പാംഫ്ലറ്റ് ഉയർത്തിക്കാട്ടി) എത്ര മനോഹരം. 52 ഫാമിലി റിസോർട്ട്. ഇന്ന് തിരുവനന്തപുരത്ത് ഏറ്റവും കൂടുതൽ ആളുകൾ പോകുന്നത് ഇവിടെയാണ്. ബഹുമാനപ്പെട്ട മാണിസാറിനു ഞാൻ കോംപ്ലിമെന്റ് തരുന്നു. ഈ തീരം വളരെ മനോഹരമാണ്. അതിൽ ഒരു തർക്കവുമില്ല. അവിടെ പണിത ഫാമിലി കോട്ടേജിനകത്തുള്ള തടി നോക്കണം. മതികെട്ടാനിൽ നിന്നും കൊണ്ടുവന്ന എട്ടു ലോഡ് തടിയാണ് . . . .(ബഹളം). . . . . .കണ്ടിട്ടുണ്ടോ എന്നല്ലേ ചോദിക്കുന്നത്? കണ്ടവരുണ്ട്. റോബിൻസൺ എന്ന പൂവാർ സ്വദേശി, അയാൾ കണ്ടതാണ്. . . (ബഹളം). . . .അയാൾ കോൺഗ്രസ്സുകാരനാണ്; അയാൾ തന്ന കത്ത് ഞാൻ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കു അയച്ചു കൊടുത്തു. എട്ടു ലോഡ് തടി കൊണ്ടു വരുന്നതുകണ്ട ഇതുപോലുള്ള സാക്ഷികളുടെ മൊഴികൾ നിങ്ങൾ വിശ്വസിക്കുമെങ്കിൽ ഈ മനോഹര തീരം. . . . . .(ബഹളം). . . . . കുമ്പളങ്ങ കട്ടവന്റെ തലയിൽ ചാരം എന്നു പറഞ്ഞാൽ, അതു കട്ടവനല്ലേ തപ്പി നോക്കൂ. അല്ലാത്തവൻ തപ്പി നോക്കില്ല. കൂക്കി വിളിക്കുന്നതിലും വലിയ ഉറപ്പല്ലേ ഇത്? ഈ തട്ടിപ്പിനു

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കൂട്ടു നിൽക്കുമോ? നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അങ്ങേയ്ക്കു വിഷമമാണെങ്കിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള രണ്ടു സീനിയർ മെമ്പർമാർ അവിടെ പോകട്ടെ. ഞാൻ നെയ്യാറിന്റെ തീരത്തു നിന്നും ഒരു ഫോട്ടോഗ്രാഫറെക്കൊണ്ട് എടുത്ത ഫോട്ടോഗ്രാഫിലെ ദൃശ്യങ്ങൾ കാണുമ്പോൾ നിങ്ങൾക്കു ബോധ്യമാകും. പുറംപോക്കു ഭൂമി കയ്യേറി, നാലേമുക്കാൽ ഏക്കർ ഭൂമിയിൽ, 100 കോടി രൂപ ഇൻവെസ്റ്റു ചെയ്തുണ്ടാക്കിയ റിസോർട്ടാണ്. ഈ ഫോട്ടോ സംഘടിപ്പിക്കാനും കാര്യങ്ങൾ കണ്ടുപിടിക്കാനും വേണ്ടി, കഴിഞ്ഞ രണ്ടു ദിവസമായി ഇതിന്റെ പിന്നാലെ ആയിരുന്നു. അവിടെയുള്ള ഓട്ടോറിക്ഷാ തൊഴിലാളികളോടും ടാക്സി തൊഴിലാളികളോടും ചോദിച്ചാൽ അവർ പറയും. ഞാൻ ഒരാളോടു ഹോട്ടലിലേയ്ക്കു പോകണമെന്നു പറഞ്ഞു, അപ്പോൾ മറുപടി വന്നു, മാണിയുടെ ഹോട്ടലിലേക്കാണോ എന്ന്. ഞാൻ അന്തം വിട്ടുപോയി. അവിടെയുള്ള ഒരു ഇന്റർനാഷണൽ റിസോർട്ട്, അതു മാണിയുടെ ഹോട്ടലാണെന്ന് സാധാരണക്കാരായ തൊഴിലാളികൾ വരെ പറയുന്നു. നിങ്ങൾക്ക് വേണമെങ്കിൽ പോകാം. ഇവിടത്തെ ഒരു ദിവസത്തെ നിരക്ക് എത്രയാണ്? 14,990 രൂപ. ഇതിനെക്കാൾ വലിയ അഴിമതിയാണ് വനം വകുപ്പിൽ നടന്നത്. വനംവകുപ്പിൽ നമ്മുടെ മുൻമന്ത്രിമാരുടെ നേതൃത്വത്തിൽ, കള്ളക്കടത്ത്, കറുപ്പത്തോൽ, ആനക്കൊമ്പ് ഇടപാട്, ഫോറസ്റ്റ് മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ബിനാമി കരാർ ഏർപ്പാട്, ഒലവക്കോട് തളിപ്പറമ്പ് സ്ട്രോംഗ് റൂമിലെ ചന്ദന മോഷണത്തിനുത്തരവാദികളായ വനം ഉദ്യോഗസ്ഥരിൽ ചിലരെ മാത്രം തെരഞ്ഞെടുക്കുന്നതിലെ അഴിമതി, അവർക്ക് പ്രൊമോഷൻ നൽകുന്നതിലെ അഴിമതി, ഉദ്യോഗസ്ഥരുടെ കൂട്ട സ്ഥലംമാറ്റം തുടങ്ങിയ ചട്ടവിരുദ്ധമായ നടപടികളിലൂടെ ആറു കോടി രൂപയുടെ അഴിമതിയാണ് ഇവിടെ നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അങ്ങയുടെ അനുയായിയായ, മലപ്പുറം ജില്ലയിലെ ഐ.എൻ.ടി.യു.സി. നേതാവ്, മലപ്പുറം ജില്ലാ വാച്ചേഴ്സ് യൂണിയൻ സെക്രട്ടറി തോമസ്കുട്ടി ചാലിയാർ 18-11-2004-ൽ ഒരു കത്തയച്ചിട്ടുണ്ട്. എന്താണ് ആ കത്തിൽ? ആ കത്ത് എന്റെ കയ്യിലുണ്ട്. ആ കത്തിലെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം. "മന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും മുമ്പിൽ പല തവണ വ്യക്തമായ തെളിവുകളോടെ ഞാൻ പരാതികൾ നൽകിയെങ്കിലും അതൊന്നും കണ്ടെന്നു നടിക്കുവാൻ പോലും ഇവരൊന്നും തയ്യാറായില്ല. പണച്ചാക്കുകളെയും വനംകൊള്ളക്കാരേയും പിണക്കാൻ ഇവർക്കൊക്കെ മടിയാണെന്നല്ലേ എന്നെപ്പോലെയുള്ളവർ മനസ്സിലാക്കേണ്ടത്? കോൺഗ്രസ്സ് ഭരണത്തിൽ ഒരു കോൺഗ്രസ്സ് പ്രവർത്തകന്റെ ഗതികേടാണ്." വനം വകുപ്പിൽ എന്താണ് നടക്കുന്നത്? 200 പാസ്സാണ് വയനാട് ജില്ലയിലെ നോർത്ത് ഫോറസ്റ്റ് ഡിവിഷനിൽ കറുപ്പത്തോൽ വെട്ടാൻ കൊടുത്തത്. കേരളത്തിൽ കറുപ്പത്തോൽ വെട്ടാൻ പാസ്സ് കൊടുക്കുന്ന ഒരേ ഒരു ഫോറസ്റ്റ് ഡിവിഷൻ നോർത്ത് വയനാടാണ്. ഒരു പാസ്സിനു ഒരു ലക്ഷം രൂപ. ഒരു പാസ്സ് നിങ്ങൾ കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർ പത്തു പാസ്സ് വേറെയുണ്ടാക്കും. ഇതെല്ലാം ബാംഗ്ലൂരിലേക്കു കടത്തിക്കൊണ്ടുപോകുകയാണ്. ആരാണ് ഇതിനു സമാധാനം പറയുക? വനം മുഴുവനും വെളുപ്പിക്കുകയല്ലേ? ആ കാര്യത്തിൽ ശ്രീ. കെ. പി. വിശ്വനാഥനും ശ്രീ. കെ. സുധാകരനും തമ്മിൽ തർക്കമാണല്ലോ? ശ്രീ. കെ. പി. വിശ്വനാഥൻ പറയുന്നു ഇതൊക്കെ നടന്നത് ശ്രീ. കെ. സുധാകരന്റെ കാലത്താണ് എന്ന്. ശ്രീ. കെ. സുധാകരൻ പറയുന്നു എന്റെ കാലത്തല്ല ഇതൊക്കെ നടന്നത് എന്ന്. കേരളത്തിലെ വനം മുഴുവൻ വെളുപ്പിച്ചേ അടങ്ങൂ എന്ന മട്ടിൽ വനം മാഫിയക്കാരെ സംരക്ഷിക്കുന്നതാരാണ്? ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ, "ഏക് ദിൻ കാ സുൽത്താൻ" എന്നു പറയുന്നതുപോലെ മന്ത്രി പദവിയെടുത്തു പോയില്ലേ? അങ്ങനെ ഞാൻ അഭിനന്ദിക്കുന്നു. അവിടെ ഫോറസ്റ്റ് കേസിൽ പ്രതിയായ വാച്ചർമാരിൽ ഒൻപതു പേരെ സസ്പെന്റു ചെയ്തു. 61 പേരുടെ ലിസ്റ്റിൽ നിന്നാണ് 9 പേരെ സസ്പെന്റു ചെയ്തിരിക്കുന്നത്. അങ്ങ് മറയൂരിൽ പോയപ്പോൾ എല്ലാ പത്രഫോട്ടോഗ്രാഫർമാരും അങ്ങയോടൊപ്പമുണ്ടായിരുന്നല്ലോ? ആ ഫോട്ടോ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ ഫോട്ടോയിൽ അങ്ങയുടെ തൊട്ടടുത്തു നിൽക്കുന്നയാൾ വനം കയ്യേറ്റത്തിനു നേതൃത്വം കൊടുക്കുന്ന ഒരു നേതാവാണ്. ഇല്ല എന്നു അങ്ങു പറഞ്ഞാൽ ഞാൻ ഫോട്ടോ ഹാജരാക്കാം.

വനംകൈയ്യേറ്റത്തെ നാം പ്രോൽസാഹിപ്പിച്ചുകൂടാ. അങ്ങനെ യു.ഡി.എഫ്. മന്ത്രിസഭയിൽ അടിമുതൽ മുടിവരെ അഴിമതിയാണ്. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർ ജുഡീഷ്യൽ അന്വേഷണം നേരിടുകയാണ്. ശ്രീ. ഉമ്മൻചാണ്ടി ജുഡീഷ്യൽ അന്വേഷണം നേരിടുന്ന രണ്ട് മന്ത്രിമാരെ എങ്ങനെയാണ് നയിക്കുക? തന്റെ മന്ത്രിസഭയിലെ മന്ത്രിമാർ അഴിമതിക്കാരാണെന്ന് ബോദ്ധ്യമായിക്കൊണ്ടാണ് അദ്ദേഹം നിൽക്കുന്നത്. ഇതിൽ ഒരുകാര്യം മാത്രമേ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളൂ. ഇതുപോലൊരു അഴിമതി കേരളത്തിൽ ഇതിനുമുൻപ് നടന്നിട്ടില്ല. വ്യാജരേഖ സൃഷ്ടിച്ചുകൊണ്ടാണ് അഴിമതി നടത്തിയിരിക്കുന്നത്. കോടികളുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. അതുകൊണ്ട് ഇത് നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ആ നിയമസഭാ സമിതിയുടെ മുൻപാകെ എനിക്ക് ലഭിച്ച എല്ലാ രേഖകളും ഹാജരാക്കാൻ ഞാൻ ഒരുക്കമാണ്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : സർ, ശ്രീ. എം. വി. ജയരാജന്റെ പ്രസംഗം കേട്ടപ്പോൾ കുടുകുടായെന്ന് മനസ്സിലൊരു ചിരി വന്നുപോയി. അഴിമതിയാരോപണം. ടൂറിസ്റ്റ് ഹോട്ടലിന്റെ ഒരു ഫോട്ടോ എടുത്തിട്ട്, കണ്ടോ നിങ്ങൾ കണ്ടോ ഇത് അൻപത് അൻപത്തിരണ്ട് മുറികളുള്ള ഒരു ടൂറിസ്റ്റ് ഹോട്ടലാണ്, അതിന്റെ സൗകര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. ഇത്

ഒരു രാഷ്ട്രീയമായ കാര്യമല്ല. ഇതൊരു ലിമിറ്റഡ് കമ്പനിയാണ്. എന്റെ മരുമകൻ എം.ഡി. ആയിട്ടുള്ള ഇറ്റാലിയൻ കമ്പനി, അദ്ദേഹത്തിന്റെ uncle ഇറ്റലിയിലുണ്ട്. അവിടെ ഒരു ഇറ്റാലിയൻ കമ്പനിയുമായി കൊളാബറേഷനോടുകൂടിയുള്ള എന്റെ മരുമകന്റെ കമ്പനിയാണ്. അവിടെ 25 ഏക്കർ ഭൂമിയാണുള്ളത്. അഞ്ച് ഏക്കറൊന്നുമല്ല. 25 ഏക്കർ സ്ഥലം ആ കമ്പനി വാങ്ങിയിട്ടുണ്ട്. കേരളത്തിലെ വലിയ റെസ്റ്റോറന്റുകളിൽ ഒന്നായി അത് പ്രവർത്തിക്കുന്നു. അതിന് ഇവിടെക്കൊണ്ടുവന്ന് ഫോട്ടോ കാണിക്കുകയാണ്. ഞാൻ ഇന്നലെ വളരെ ബുദ്ധിമുട്ടി. അഴിമതി ആരോപണങ്ങൾക്ക് നാടകീയത വേണ്ട. അങ്ങയുടെ നോട്ടീസ് എന്താണ്? എന്റെ മരുമകന് കേരളത്തിൽ പലയിടത്തും റെസ്റ്റോറന്റുകളുണ്ട്. ഇ.വി.എം. കമ്പനി കേരളത്തിലെ പ്രമുഖമായ ഒരു ട്രേഡിംഗ് കമ്പനിയാണ്. എക്സ്പോർട്ടിംഗ് കമ്പനിയാണ്, പ്ളാന്റേഷൻ കമ്പനിയാണ്. എന്റെ മരുമകൻ ഒരു ബിസിനസ് സ്ഥാപിച്ചാൽ എനിക്കെന്താ? സത്യത്തിൽ പറഞ്ഞാൽ ഞാൻ അല്ല മറുപടി പറയേണ്ടത്. ഒരു പൗരന് ഗവൺമെന്റിൽ നിന്ന് നീതി കിട്ടുന്നതിന് വെറും 25 രൂപയ്ക്ക് ഹൈക്കോടതിയിൽ പോയാൽ public interest litigation കൊടുത്താൽ എന്റെ മരുമകൻ കോടതിയിൽ വരും. അതുകൊണ്ട് ഇതിന് ഞാനല്ല മറുപടി പറയേണ്ടത്. എന്റെ മരുമകൻ അഴിമതി നടത്തിയിട്ടില്ല, അവർക്ക് ഒരിഞ്ച് സ്ഥലം അനാവശ്യമായി വേണ്ട, അതിന്റെ ആവശ്യമില്ല, അങ്ങനെ ചെയ്യുന്നവരല്ല, അങ്ങനെ ചെയ്തിട്ടില്ല. പക്ഷേ എനിക്ക് സങ്കടകരമായിട്ടുള്ളകാര്യം അഴിമതിയാരോപണം എഴുതിക്കൊടുത്താൽ മാത്രം പോരാ. ഒരു propriety വേണം, etiquette വേണം. റൂൾ (285) അനുസരിച്ച് എഴുതിക്കൊടുത്താൽ incriminating statement -നെക്കുറിച്ച് explanation മന്ത്രിക്ക് മുൻപിൽ കൊടുക്കണം. Generalise ചെയ്തു പറഞ്ഞാൽ പോരാ. അങ്ങയുടെ ലെറ്ററിൽ പറഞ്ഞിരിക്കുന്നത് എന്റെ മരുമകൻ Dr. Xavier Mathew നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജിൽ ഒരു കോടി അറുപത്തിയാറ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ വിലവരുന്ന നാലേമുക്കാൽ ഏക്കർ ആറ്റുപറമ്പ് ഭൂമി വ്യാജരേഖ സമ്പാദിച്ച് എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് കൈവശപ്പെടുത്തി എന്നാണ്. ഇനിയാണ് പ്രധാനം. മരുമകൻ കൊലയാളിയാകട്ടെ എന്തുമാകട്ടെ അതിനൊക്കെ റെമഡിയുണ്ട്. ഇനിയുള്ളതാണ് പ്രധാനം. നിയമസഭയെ സംബന്ധിച്ച് ഇനിയുള്ള സെന്റൻസുകളാണ് പ്രധാനം. മരുമകൻ Dr. Xavier Mathew-ന് ടൂറിസ്റ്റ് റിസോർട്ട് പണിയുവാൻ വകുപ്പുമന്ത്രിയെന്ന നിലയിൽ റവന്യൂസർവേ വകുപ്പ് ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ച് ഒത്താശ ചെയ്തുകൊടുത്ത് സ്വജനപക്ഷപാതവും അഴിമതിയും നടത്തിയ റവന്യൂ വകുപ്പുമന്ത്രി എന്നാണ് പറഞ്ഞത്. അതിന്, is there any paper to prove my nexus with this? നിയമസഭയിൽ വന്ന് generalise ചെയ്തിട്ട് ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. എന്ത് വ്യാജരേഖയ്ക്ക് ഞാൻ കൂട്ടുനിന്നു? ഏത് ഉദ്യോഗസ്ഥനെ ഞാൻ സ്വാധീനിച്ചു? ഏത് ഫയൽ ഞാൻ കണ്ടു?

LIBRARY ARCHIVES Kerala Legislative Assembly

ഏത് ഫയലിൽ ഞാൻ ഉത്തരവിട്ടു? ഇതൊന്നുമില്ലാതെ വ്യാജരേഖ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി കൂട്ടുനിന്നു എന്നു പറഞ്ഞുകൊണ്ട് generalise ചെയ്ത് ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ട് ഈ നിയമസഭയിൽ വന്ന് കുറേ ചരിത്രം വായിച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഞാൻ ഇനി വിനയാന്വിതനായി വരുകയാണ്. പക്ഷെ ശ്രീ. എം. വി. ജയരാജൻ ഇങ്ങനെ നാടകീയമായി ..... (ബഹളം) ..... (ബഹളം).....

മി. സ്പീക്കർ : പ്ളീസ് ശ്രീ. ടി. കെ. ദേവകുമാർ..... ശ്രീ. എം. വി. ജയരാജൻ പറഞ്ഞ ആരോപണത്തെ ചെറുതാക്കാൻ നിങ്ങൾ ഉദ്ദേശിക്കുകയാണോ? നിങ്ങൾ ഇരിക്കണം.You sit down, take your seat. Maximum leniency കാണിച്ചിട്ടുണ്ട്. അങ്ങ് ഇരിക്കണം. ഇങ്ങനെ violent ആകരുത്.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട എം. വി. ജയരാജൻ ചൂണ്ടിക്കാണിച്ചത് എന്റെ മരുമകൻ സർവേ ഡിപ്പാർട്ടുമെന്റിൽ കൊടുത്ത ഒരു അപേക്ഷയെക്കുറിച്ചാണ്. രാവിലെ ഇത് എഴുതിക്കൊടുത്തപ്പോൾ ഞാൻ തിരക്കി. എന്റെ മരുമകനുമായി ടെലിഫോണിൽ സംസാരിച്ചു. എനിക്ക് ശേഖരിക്കാവുന്നിടത്തോളം വിവരങ്ങൾ ഞാൻ ശേഖരിച്ചു. സർവേ ഉദ്യോഗസ്ഥൻമാരുമായും ഡിസ്ക്കസ് ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ഞാൻ ആധികാരികമായി പറയുകയാണ്. ആ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ട് എന്റെ കൈയിലുണ്ട്. കുളത്തൂർ രജിസ്ട്രാർ ഓഫീസിലെ 25-9-2001-ലെ 1926-ാം നമ്പർ ആധാരപ്രകാരം വാങ്ങിയ ഒരേക്കർ 69 സെന്റ് സ്ഥലത്തെ സംബന്ധിച്ചാണ് എന്റെ മരുമകൻ അപേക്ഷ കൊടുത്തു എന്നുപറയുന്നത്. ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം ഈ ഭൂമി എഴുപത് വർഷമായി പട്ടയഭൂമിയാണ്. 70 വർഷമായി തണ്ടപ്പേരുള്ള ഭൂമിയാണ്. 1934 മുതൽ കൈമറിഞ്ഞ് കൈമറിഞ്ഞ് പലരും വാങ്ങി വാങ്ങി 2000-ലോ 2001-ലോ എന്റെ മരുമകന്റെ കമ്പനി, എന്റെ മരുമകൻ അതിൽ ഷെയർ ഹോൾഡറാണ്. ഇൻഡ്യയിലെ ലിമിറ്റഡ് കമ്പനിയിൽ ആരൊക്കെ ഷെയർ ഹോൾഡറാണെന്ന് അതിൽ നോക്കാമല്ലോ. എന്റെ മരുമകൻ അതിന്റെ എം.ഡി-യാണ്. എം.ഡി. എന്നുള്ള നിലയിൽ അദ്ദേഹം ഒരു ഏക്കർ അറുപത്തിയൊൻപത് സെന്റിനെ സംബന്ധിച്ചിടത്തോളം റീസർവേ റിക്കാർഡിൽ പിശക് വന്നിട്ടുണ്ട് തിരുത്തിത്തരണമെന്നുപറഞ്ഞ് അപേക്ഷിച്ചു. ഇതെന്താണ്? റീസർവേ റിക്കാർഡിൽ പിശകുവന്നു, തിരുത്തിത്തരണമെന്ന് പറയാൻ ഏതൊരു പൗരനും അവകാശമുണ്ട്. അതനുസരിച്ച് റീസർവേ റിക്കാർഡിൽ തിരുത്തിക്കൊടുത്തു. അതിനെയാണ് പർവ്വതീകരിച്ചു കൊണ്ടുവന്ന് ഫോട്ടോയൊക്കെ കാണിച്ചത്. ഈ ഫോട്ടോ കാണിക്കേണ്ട ഒരു കാര്യവുമില്ലല്ലോ? ഒരേക്കർ അറുപത്തിയൊൻപത് സെന്റ് സ്ഥലം പട്ടയവസ്തുവാണ്. ഇതിൽ സംഭവിച്ചത്, ഈ ഭൂമി 1995-ൽ റീസർവേ ചെയ്തപ്പോൾ വില്ലേജുകളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് ഒരു പുതിയ മാനദണ്ഡമുണ്ടായി. ആ മാനദണ്ഡമുണ്ടായപ്പോൾ തിരുപുറം വില്ലേജിലായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഈ വസ്തു. പുതിയ റീസർവേ വന്നപ്പോൾ ഇത് കുളത്തൂർ വില്ലേജിലായി. ഒരേക്കർ 69 സെന്റ് സ്ഥലം കുളത്തൂർ വില്ലേജിലേക്കായി. പക്ഷെ റീ സർവേ പ്രകാരം വില്ലേജ് മാറി വേറൊരു വില്ലേജിലേക്കായി. പക്ഷെ ആ വില്ലേജിൽ, കുളത്തൂർ വില്ലേജിൽ ഇതുസംബന്ധിച്ച് തണ്ടപ്പേര് ഇല്ല, ഇതുസംബന്ധിച്ചുള്ള സർവേ നമ്പരുമില്ല. വാസ്തവത്തിൽ അവിടെ സംഭവിച്ചത്, ഇതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ രേഖ റീസർവേയിൽ ഇല്ലാതെ വന്നു. അങ്ങനെ ഈ വസ്തു ഒരു വില്ലേജിൽ നിന്ന് വേറൊരു വില്ലേജിലേക്ക് മാറിയപ്പോൾ തത്തുല്യമായ മാറ്റം കുളത്തൂർ വില്ലേജിലെ റിക്കാർഡിൽ വന്നില്ല. കുളത്തൂരിലെ റീസർവേ റിക്കാർഡിൽ പട്ടയ വസ്തുവായി പ്രത്യേകം സബ്ഡിവിഷനായി ചെയ്യേണ്ടിയിരുന്നു. ഇത് പ്രത്യേകം ചെയ്യേണ്ടിയിരുന്നു. ഇപ്രകാരം വരാത്ത സ്ഥിതിക്ക് പട്ടയ വസ്തുവിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ലാതെവന്നു. അതിന്റെ ഫലമായി വിസ്തീർണ്ണത്തിൽ കുറവു വന്നു. അപ്പോൾ റീസർവേയിൽ വന്ന പിശകുകൊണ്ട് വസ്തുവിൽ വന്ന കുറവ് തിരുത്തണമെന്നു പറഞ്ഞുകൊണ്ട് എന്റെ മരുമകൻ സർവേ ഡിപ്പാർട്ടുമെന്റിൽ അപേക്ഷ കൊടുത്തതാണ്. 1995-ൽ ഗവൺമെന്റ് ഒരു ഓർഡർ ഇട്ടിട്ടുണ്ട്. ഇത് 2001-ലെ സംഭവമാണ്. 1995-ൽ ഗവൺമെന്റ് ഒരു ഓർഡർ ഇട്ടത് എന്താണെന്ന് അറിയണോ, "It has come to the notice of the Government that large number of complaints have come against re-survey records given effect to in the revenue administration during the recent years. The land owners experienced much difficulties in getting rectified the defects of the re-survey records due to the large number of complaints. Government considered that the defects, and omission in the re-survey records are to be rectified on a war footing". 1995-ൽ കേരളത്തിലെ ഗവൺമെന്റ് ഓർഡർ ഇറക്കിയതാണ്. അതുപ്രകാരം സർവേ അദാലത്തുകൾ നടന്നു. ഈ ഗവൺമെന്റിന്റെ മുൻപിൽ 13 ലക്ഷം സർവേ അദാലത്ത് അപേക്ഷകൾ ഉണ്ടെന്നു പറഞ്ഞാൽ, സർവേയിൽ വ്യാപകമായ ക്രമക്കേടുകളുണ്ടെന്നതുതന്നെയാണ്. 13 ലക്ഷം സർവേ അദാലത്ത് അപേക്ഷകൾ ഈ ഗവൺമെന്റിന്റെ മുന്നിലുണ്ട്. അതിൽ പന്ത്രണ്ട് ലക്ഷത്തി എൺപത്തയ്യായിരം അപേക്ഷകൾ തീർത്തുകൊടുത്തു. പതിമൂന്ന് ലക്ഷത്തോളം ആളുകൾക്ക് ഈ പ്രശ്നത്തിൽ അപേക്ഷ കൊടുക്കാമെങ്കിൽ എന്റെ മരുമകന് സർവേ റിക്കാർഡിൽ വന്ന ഒരു പിശകിന് അപേക്ഷ കൊടുത്തുകൂടാ എന്നുപറഞ്ഞാൽ ഇതെവിടത്തെ നീതിയാണെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും അങ്ങനെ അത് തിരുത്തിക്കൊടുക്കാൻ അപേക്ഷ കൊടുത്തപ്പോൾ അന്നത്തെ അവിടത്തെ സർവേ സൂപ്രണ്ടിന്റെ ഭാഗത്തുനിന്ന് misconduct ഉണ്ടായി. അയാൾ ചില ടേംസ് വച്ചു. ആ ടേംസിന് എന്റെ മരുമകൻ വഴങ്ങിയില്ല. Misconduct വന്നപ്പോൾ എന്റെ മരുമകൻ നേരെ ലോകായുക്തയിലേക്ക് പോയി. അത് എന്തുകൊണ്ട് ശ്രീ. എം. വി. ജയരാജൻ പറഞ്ഞില്ല? Misconduct- ന് എതിരെ ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻവേണ്ടിയും

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ മരുമകൻ എന്റെ അടുത്തു വന്നിട്ടില്ല. നേരെ ലോകായുക്തയിൽ പോയി. ആ ഉദ്യോഗസ്ഥന്റെ misconduct അതിൽ പറഞ്ഞിട്ടുണ്ട്. എന്തൊക്കെയാണ് misconduct? എന്തിനൊക്കെയാണ് അയാൾ വഴങ്ങാതിരുന്നത് എന്നൊക്കെ പറഞ്ഞിട്ടുണ്ട്. 'ഇതാ ഈ ഉദ്യോഗസ്ഥൻ ഇന്നയിന്ന രീതിയിൽ misconduct കാണിച്ചിരിക്കുന്നു, ഇയാളെ ശിക്ഷിക്കണം, എനിക്ക് നിയമപ്രകാരം കിട്ടേണ്ടതായിട്ടുള്ള സർവ്വേ റിക്കാർഡ് തിരുത്തിക്കിട്ടേണ്ടത് തിരുത്തിക്കിട്ടണം' എന്ന് പറഞ്ഞ് അപേക്ഷ കൊടുത്തു. ആ അപേക്ഷ കൊടുത്തപ്പോൾ, 'റീ സർവ്വേ നടന്നപ്പോൾ ഇയാൾ വസ്തുവിന്റെ ഉടമസ്ഥനല്ല, ഇയാൾ വസ്തു വാങ്ങിയത് 2001-ലാണ്, അതുകൊണ്ട് മുൻ ആധാരക്കാരൻ അന്ന് റീസർവ്വേ നടത്തുമ്പോൾ ആരായിരുന്നോ ആ വസ്തു ഉടമസ്ഥൻ റീസർവ്വേയുടെ പിശക് തിരുത്തണമെന്ന് പറഞ്ഞ് പരാതി തന്നാലേ പരിഗണിക്കാൻ പറ്റുകയുള്ളൂ' എന്ന് റീസർവ്വേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻ സ്റ്റാന്റ് എടുത്തു. ആ രീതിയിൽ അദ്ദേഹം അവിടെ സ്റ്റേറ്റുമെന്റും കൊടുത്തു; മുൻ ആധാരക്കാരൻ അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് ലോകായുക്ത ചോദിച്ചപ്പോൾ, മുൻ ആധാരക്കാരൻ ഈ പിശക് തിരുത്തണമെന്ന് പറഞ്ഞ് അപേക്ഷ നൽകിയിട്ടുണ്ട് എന്ന് എന്റെ മരുമകൻ പറഞ്ഞപ്പോൾ മുൻ ആധാരക്കാരൻ നൽകിയ അപേക്ഷയിൻമേൽ തീരുമാനം എടുത്തിട്ടില്ല അതുകൊണ്ട് മുൻ ആധാരക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമപരമായി നിങ്ങൾ പ്രൊസീഡ് ചെയ്യൂ എന്ന് ലോകായുക്ത അദ്ദേഹത്തോട് പറഞ്ഞു. ലോകായുക്തയുടെ ജഡ്ജുമെന്റിന്റെ കോപ്പി ഞാൻ വായിക്കാം. "Wednesday, Second day of April, 2005"-ന്റെ relevant portion വായിക്കാം. "The Petitioner's complaint was regarding certain mistakes in Survey records." ഭൂമി തട്ടിയെടുക്കാനല്ല, പതിച്ചെടുക്കാനല്ല. "The Petitioner's complaint was regarding certain mistakes in the Survey records. An Interim Order was passed on 8th January, 2003 in which it is recorded that the Assistant Director, Survey has already inspected and noticed the mistake in the interim survey records. He has sworn in the Court that he inspected the property and he has come across the mistake in the revenue records." കോടതി പറയുകയാണ്. After proper notice, the final order has been issued by the Assistant Director, Survey on 13-1-2003. This has been brought to our notice. The Petitioner's grievance is thus redressed. No further investigation is required. The Petitioner may, if necessary, claim damage or compensation for making false allegations against him etc." എന്താണ് സംഭവിച്ചതെന്ന് അറിയാമോ? ഒരു ഉദ്യോഗസ്ഥൻ പല മീഡിയയിലും പരസ്യം കൊടുത്തു. ഇതാ- മാണിയുടെ മരുമകൻ ഈ ഭൂമി കയ്യേറാൻ ശ്രമിക്കുന്നു, മാണിയുടെ മരുമകൻ അനധികൃതമായി ഭൂമി എടുക്കുന്നു എന്ന് പല മീഡിയായിൽക്കൂടിയും സ്റ്റേറ്റുമെന്റ് വരുത്തിയപ്പോൾ അപമാനംകൊണ്ട് ആ ഉദ്യോഗസ്ഥന്റെ പ്രവൃത്തിക്കെതിരെ കോടതിയിൽപ്പോയി. അപ്പോൾ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കുറവ് റീസർവ്വേയിൽ കാണിച്ചിരിക്കുന്നു. ആ കുറവ് പരിഹരിച്ചുതന്നിരിക്കുന്നു, എന്ന് ലോകായുക്ത പറഞ്ഞതിനുശേഷം ആ ഉദ്യോഗസ്ഥനെ നിങ്ങൾക്ക് വേണമെങ്കിൽ പ്രോസിക്യൂട്ട് ചെയ്തു പോകാമെന്ന് പറഞ്ഞു. പിന്നെ അയാളുടെ പുറകേ കേസുമായി പോകണ്ട എന്ന് കരുതി കേസിനൊന്നും പോയില്ല. ഇതാണ് നടന്നത്. ഇപ്പോൾ റീസർവ്വേയിൽ നടന്ന മിസ്റ്റേക്ക് ഫോർമലായി താഴെനിന്നും പരിഹരിച്ചു തരേണ്ടത് പരിഹരിച്ചുതരാതെ കാലവിളംബം വരുത്തി ദുർവ്യയം ഉണ്ടാക്കിയപ്പോൾ അതിനെതിരെ ലോകായുക്തയിൽ പോയി സകല നടപടിയും പൂർത്തീകരിച്ചുകൊണ്ട് ലോകായുക്തയിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് സർവ്വേ ഡിപ്പാർട്ടുമെന്റിൽനിന്നും ഇൻസ്പെക്ട് ചെയ്ത പിശക് കണ്ട് ആ പിശക് പരിഹരിച്ചശേഷം കോടതി പറഞ്ഞു പിശക് പരിഹരിച്ചിരിക്കുന്നു എന്ന്. ഇതിന്റെ ഉത്ഭവം എവിടെയെന്ന് അറിയാമോ? (ബഹളം.....) ഇതിന്റെ ഉത്ഭവത്തെ സംബന്ധിച്ച് ഞാൻ ഒരു വാക്ക് പറയട്ടെ. ഈ നിയമസഭയിലുള്ള എല്ലാവരും കേൾക്കണം. എന്റെ പ്രിയ ആത്മമിത്രമായ ശ്രീ. ടി. എം. ജേക്കബും എന്റെ ശിക്ഷ്യനായ ശ്രീ. ജോണി നെല്ലൂരും നിയമസഭയിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2924 തീയതി : 17-3-2005—ഇതിനെ സംബന്ധിച്ച് മറുപടി നൽകുന്നതിനായി ഒരു ചോദ്യം ചോദിച്ചിരുന്നു. എറണാകുളം ജില്ലാ ആസ്ഥാനമായുള്ള ഇക്കോളെ ദി കൊക്കൊ പോളിഡേയിംഗ് പ്രൈവറ്റ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽനിന്നും എറണാകുളം, ഇടുക്കി, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിൽ വിലയാധാരപ്രകാരം അവകാശം കിട്ടിയിട്ടുള്ള ഭൂമിയിൽ വിസ്തീർണ്ണക്കുറവുണ്ടെന്ന് കണ്ടു. പ്രസ്തുത വിസ്തീർണ്ണം പരിഹരിച്ചുതരണമെന്ന് ആവശ്യപ്പെട്ട് 2002-ൽ സർവ്വേ ഭൂരേഖയിൽ അഡീഷണൽ ഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ? എന്നതായിരുന്നു ചോദ്യം. അന്ന് മൂന്ന് ജില്ലകളുടെ സ്റ്റാറ്റിസ്റ്റിക്സ് എടുക്കേണ്ടതുള്ളതുകൊണ്ട് അന്ന് ഞാൻ "വിവരം ശേഖരിച്ചുവരുന്നു" എന്ന മറുപടിയാണ് കൊടുത്തിരുന്നത്. പക്ഷേ എനിക്ക് ഇന്ന് നിയമസഭ പിരിയുന്നതിനുമുമ്പ് അതിനുള്ള ഉത്തരം നൽകണമെന്ന് നിർബന്ധമുള്ളതുകൊണ്ട് രാവിലെ ഉത്തരം നിയമസഭയിൽ കൊടുത്തു.

ഉത്തരം : (എ) ഇല്ല. എന്നാൽ, എറണാകുളം ആസ്ഥാനമായുള്ള ഇക്കോളെ ദി കൊക്കൊ പോളിഡേയിംഗ് പ്രൈവറ്റ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽനിന്നും തിരുവനന്തപരും ജില്ലയിൽ അവർ വിലയ്ക്കുവാങ്ങിയ പട്ടിക വസ്തുവിനെ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു.

(ബി) *ചോദ്യം*: ഈ അപേക്ഷയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്?

ഉത്തരം : റീസർവ്വേയിലെ പിശക് നിമിത്തം പട്ടയ ഭൂമിയുടെ വസ്തുവിൽ വന്ന കുറവ് പരിഹരിക്കണമെന്നാണ് ശ്രീ. സേവ്യർ മാത്യു ആവശ്യപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) *ചോദ്യം* : അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവ്വേ ഡിപ്പാർട്ടുമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം: അപേക്ഷ നെയ്യാറ്റിൻകര അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ടിന് കൈമാറുകയും ചെയ്തു.

(ഡി) *ചോദ്യം*: നെയ്യാറ്റിൻകര സർവ്വേ സൂപ്രണ്ട് എ.എസ്.ഇ. നം.1 ആഫീസർ ഈ അപേക്ഷ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം : അപേക്ഷകൻ റീസർവ്വേ കാലത്തെ ഉടമസ്ഥൻ അല്ലാത്തതുകൊണ്ടും വസ്തുവിന്റെ ആധാരം അതിനുശേഷം നടന്നതായതുകൊണ്ടും അപേക്ഷ നിരസിക്കപ്പെട്ടു. തുടർന്ന് റീസർവ്വേ കാലത്തെ ഉടമസ്ഥനായ മുൻ ആധാരക്കാരൻ സമർപ്പിച്ച അപേക്ഷയിൻമേൽ സർവ്വേ സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുകയും കുളത്തൂർ വില്ലേജിൽ പട്ടയവസ്തുവായി ചേർക്കാതിരുന്ന അപേക്ഷകന്റെ വസ്തു അപ്രകാരം ഉൾപ്പെടുത്തിക്കൊണ്ട് റിക്കോർഡിൽ തെറ്റുതിരുത്തി അപേക്ഷകന്റെ പരാതി പരിഹരിച്ചുകൊടുക്കുകയും ചെയ്തു.

ചോദ്യം: സർവ്വേ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അപേക്ഷകന് കൂടുതൽ ഭൂമി ലഭിച്ചിട്ടുണ്ടോ?

ഉത്തരം: നിയമപരമായി അവകാശപ്പെട്ടതല്ലാതെ കൂടുതൽ ഭൂമി ലഭിച്ചിട്ടില്ല.

ആ ചോദ്യത്തിനുള്ള ഉത്തരം ഞാൻ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. അപ്പോൾ ഇതൊക്കെ നാടകമല്ലേ? എന്റെ മരുമകന് റീ സർവ്വേ ഡിപ്പാർട്ടുമെന്റിൽനിന്നും പറഞ്ഞ പിശക് തിരുത്തി കിട്ടുന്നതിനുവേണ്ടി അപേക്ഷിക്കാനുള്ള അവകാശമുണ്ട്. അത് അവിടെ ചെയ്യേണ്ടതായിരുന്നു. പക്ഷേ ചെയ്തില്ല. ലോകായുക്തയിൽ പോയി പരിഹാരമുണ്ടായി. സർവ്വേ റിക്കോർഡിൽ തിരുത്തി. ഇതാ സർവ്വേ ഡയറക്ടർ നിയമസഭയിൽ വയ്ക്കുന്നതിലേക്ക് തന്നിരിക്കുന്ന ഉത്തരത്തിൽ പറയുന്നു, ഇതുകൊണ്ട് സർക്കാരിന്റെ ഒരു ഭൂമിയും നഷ്ടപ്പെട്ടിട്ടില്ല. നിയമപ്രകാരം അവകാശപ്പെട്ടത് കൊടുത്തു. അതുകൊണ്ട് ഞാൻ ശ്രീ. ജയരാജനോട് പറയുകയാണ്, ജയരാജൻ കണ്ണൂരിൽ അഞ്ച് ഏക്കർ സ്ഥലം തട്ടിയെടുത്തു എന്ന് പറഞ്ഞാൽ എത്ര ശരിയാണോ ഇതിൽ അത്രമാത്രമേ ശരിയുള്ളൂ. അതുകൊണ്ട് ഇങ്ങനെയുള്ള wild ആയിട്ടുള്ള allegation വയ്ക്കാതെ നിങ്ങൾ നിയമപരമായി നോക്കൂ. അതുകൊണ്ട് ഇത് അവാസ്തവമാണ്. അടിസ്ഥാനരഹിതമാണ് എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ജയരാജൻ ഇവിടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നം അവിടെ അനധികൃതമായിട്ട് പുറമ്പോക്ക് ഭൂമി കയ്യേറി എന്നുള്ളതാണ്. ആ കയ്യേറിയ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു. 4.00 P.M.] ഈ കയ്യേറി എന്നുപറയുന്ന സ്ഥലം ഞാനും പോയി പരിശോധിച്ചിട്ടുണ്ട്. അവിടെ പോയിട്ട് നോക്കിയാൽ വ്യക്തമായിട്ട് കാണാം. റവന്യൂ പുറംമ്പോക്ക് ഭൂമി എന്നുതെളിയിക്കുന്ന സ്ഥലത്ത് സർവ്വേക്കല്ല് ഇട്ടിട്ടുണ്ട്. ആ സർവ്വേകല്ലിട്ട സ്ഥലത്ത്, റവന്യൂ പുറംമ്പോക്ക് ഭൂമിയാണെന്ന് തെളിയിക്കപ്പെടുന്ന സ്ഥലത്ത്, കെട്ടിടം എടുക്കാൻ ആര് അനുവാദം കൊടുത്തു എന്നതു സംബന്ധിച്ച് പരിശോധിക്കണമെന്നാണ് ശ്രീ. ജയരാജൻ ആവശ്യപ്പെട്ടത്. അതുകൊണ്ട് നിയമസഭയിലെ എല്ലാ കക്ഷികളിലുംപെട്ട ആളുകൾ അടങ്ങുന്ന ഒരു നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി മാണി ഇക്കാര്യത്തിൽ ഒരു കുറ്റവും ചെയ്തിട്ടില്ല എങ്കിൽ ഇതുസംബന്ധിച്ച് പരിശോധിക്കുന്നതിനു വേണ്ടി എന്തുകൊണ്ടാണ് അങ്ങ് തയ്യാറാകാത്തത്? നിയമസഭാ കമ്മിറ്റി അത് അന്വേഷിക്കട്ടെ, അതിനുശേഷം നമുക്ക് മറ്റ് അന്വേഷണം വേണമോ എന്ന് തീരുമാനിക്കാം. ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നം ആയതുകൊണ്ട് ഈ നിയമസഭയിലെ ഏറ്റവും സീനിയറായിട്ടുള്ള ഒരു നേതാവ് എന്നുള്ള നിലയിൽ അങ്ങ് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. മാണി: ഞാൻ ഒരു കാര്യം പറയട്ടെ ബഹുമാനപ്പെട്ട കോടിയേരീ, നിങ്ങൾ നിയമസഭയ്ക്ക് കൊടുക്കുന്ന നോട്ടീസിൽ ഒന്ന് പറയുക, ഇവിടെ വേറൊന്ന് പറയുക, അങ്ങ് വേറൊന്ന് പറയുക—ഈ ഏർപ്പാട് പറ്റുകയില്ല. ഇതിൽ എവിടെയെങ്കിലും ഭൂമി കയ്യേറിയെന്ന് ഇതിനകത്ത് ഒരു വാക്ക് ഉണ്ടോ? ഇതിനകത്ത് ഭൂമി കയ്യേറിയതായി ഒരു അലിഗേഷൻ നിങ്ങൾ റൂൾ 285 അനുസരിച്ച് എഴുതിത്തരാതെ നിങ്ങൾ ഇവിടെവന്ന് വേറെ വൈഡർ അലിഗേഷൻ നടത്തിയതിനുശേഷം അവസാനം എന്റടുത്ത് ഈ വേല വേണ്ട. ഞാൻ ഇതൊക്കെ ഒരുപാട് കണ്ടിട്ടുള്ള ആളാണ്. അപ്പോൾ ഇതിനൊന്നിനും ഒരു കമ്മിറ്റിയും വേണ്ട.

(ബഹളം . . . . . ബഹളം. . . . .)

ശ്രീ. കെ. സുധാകരൻ: സർ, മുൻ വനം വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ശ്രീ. എം. വി. ജയരാജൻ എഴുതിക്കൊടുത്ത അഴിമതിയാരോപണം അദ്ദേഹം എഴുതിക്കൊടുത്ത രീതിയിൽ ഒന്നും ഇവിടെ പറഞ്ഞുകണ്ടില്ല. നേരം കിട്ടാഞ്ഞിട്ടാണോ, വസ്തുത ഇല്ലാഞ്ഞിട്ടാണോ എന്ന് ജയരാജനറിയാം. ഏതായാലും നിയമസഭാ ചട്ടങ്ങളും നിയമസഭയിലെ അഴിമതിയാരോപണങ്ങളും ഒക്കെ ഒരുപാട് കണ്ടവരാണ് ഈ നിയമസഭയിലെ അംഗങ്ങൾ എല്ലാവരും.

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു എം.എൽ.എ. ഇത്ര flimsy ആയി ബാലിശമായി അർത്ഥശൂന്യമായി ആറ് കോടി രൂപ സമ്പാദിച്ചു എന്നൊരു ആരോപണം ഉന്നയിക്കാൻ പാടില്ല. ശ്രീ. ജയരാജനെപ്പോലുള്ള ഒരു എം.എൽ.എ. യിൽ നിന്ന് ഞാൻ ഒരിക്കലും ഇത് പ്രതീക്ഷിച്ചില്ല. അദ്ദേഹം എന്താ പറഞ്ഞത്, അദ്ദേഹം ഒരു പാരാ വായിക്കുകയുണ്ടായി. "ചന്ദന കള്ളക്കടത്ത്, കറുപ്പത്തോൽ, ആനക്കൊമ്പിടപാട്, വനം കയ്യേറ്റം, വനമേഖലയിലെ ചട്ടവിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് വനം മാഫിയയ്ക്ക് ഒത്താശ ചെയ്തുകൊടുത്തതിന് മുൻ മന്ത്രിമാരായ കെ. സുധാകരനും, വിശ്വനാഥനും ആറു കോടി രൂപ സമാഹരിച്ചിരിക്കുന്നു" എന്ന്. എന്നുപറഞ്ഞാൽ ഇത്ര വിവരംകെട്ട ഒരു അലിഗേഷൻ അങ്ങ് ഈ നിയമസഭയിൽ ഉന്നയിച്ചു എന്നുപറഞ്ഞാൽ അങ്ങയുടെ തൊലിക്കട്ടി മാത്രമാണ് അതിൽ അങ്ങേയ്ക്ക് ആത്മവീര്യം പകർന്നത് എന്നാണ് എന്റെ അഭിപ്രായം. ആകെ പറഞ്ഞ ഒരു കാര്യമാണ് ഇതിനകത്ത് കറുപ്പത്തോല് കൊടുക്കുന്നതിന് പാസ് കൊടുക്കുന്നു, അതിന് ഒരു ലക്ഷം രൂപ വാങ്ങുന്നു. എന്നുള്ളകാര്യം സൗത്ത് വയനാട് ഡിവിഷനിൽ കറുപ്പത്തോലിന് പാസ്സ് കൊടുക്കാറുണ്ട്. അത് വനം വകുപ്പിന്റെ മരത്തിൽ നിന്നല്ല. സ്വകാര്യ വ്യക്തികളുടെ വനത്തിൽ നിന്ന് കറുപ്പത്തോൽ കളക്ട് ചെയ്യാൻ പാസ്സ് കൊടുക്കുന്ന സമ്പ്രദായം സൗത്ത് വയനാടിൽ ഉണ്ട്. സ്വന്തം ഭൂമിയിലെ കറുപ്പത്തോൽ കളക്ട് ചെയ്യാൻ പാസ്സ് വാങ്ങുന്നതിന് ഒരു പാസ്സിന് ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങുന്നു എന്നുപറഞ്ഞാൽ ഇത്ര ബാലിശവും നിന്ദ്യവും, നീചവുമായ ഒരു ആരോപണം ജയരാജനെപ്പോലുള്ള ആളിൽ നിന്ന് ഈ നിയമസഭ ഒരിക്കലും പ്രതീക്ഷിക്കുന്നില്ല. അടിസ്ഥാന രഹിതമാണ്, വസ്തുതയ്ക്ക് വിരുദ്ധമാണ്, സത്യവിരുദ്ധമാണ് ബാലിശമായ ഈ ആരോപണം ഞാൻ നിഷേധിക്കുന്നു.

(ബഹളം . . . . . ബഹളം. . . . .)

ശ്രീ. എം. വി. ജയരാജൻ: സർ, 200 പാസ്സ് അവിടെ കൊടുത്തു, പാസ് സ്വന്തം വീട്ടിൽ നിന്ന് മുറിക്കാനാണ്, പക്ഷേ അവരെല്ലാം കാട്ടിൽ കയറുകയാണ്. കാട്ടിൽ കയറിയിട്ടാണ് കറുപ്പത്തോൽ കൊണ്ടുപോകുന്നത്. വയനാട് ജില്ലയിൽ കറുപ്പത്തോല് സ്വകാര്യ വ്യക്തികളുടെ പറമ്പിൽ ഒരിടത്തുമില്ല. ശ്രീ. സുധാകരന് നാളെ അവിടെ പോകാം, ഞാനും ശ്രീ. സുധാകരന്റെ കൂടെ വരാം. ഒരു വീട്ടിൽ കറുപ്പത്തോൽ കണ്ടെത്താൻ പറ്റുമോ? ഒരു സ്ഥലത്തുമില്ല. കാട്ടിൽ കയറിയിട്ടാണ്, കള്ളൻമാരാണ് അവരാണ് കൊണ്ടുപോകുന്നത്.

(ബഹളം . . . . . ബഹളം. . . . .)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, വളരെ ഭംഗിയായിട്ട് കാര്യങ്ങൾ പോകുകയാണ്, പറയാനുള്ള ആളുകൾ പറയണം, കേൾക്കാനുള്ളത് കേൾക്കണം. അതല്ലാതെ വെറുതേ ബഹളം കൂട്ടിയിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ജയരാജൻ എഴുതിക്കൊടുത്ത കടലാസിൽ എന്റെ പേരും കൂടി ചേർത്തതുകൊണ്ട് ഞാൻ പറയാം, എന്നെക്കുറിച്ച് അദ്ദേഹം ഒന്നും പറഞ്ഞില്ല, പക്ഷെ എനിക്ക് ഒരു അഭ്യർത്ഥനയുള്ളത് എന്റെ പേര് അതിൽ ചേർത്തത് ബഹുമാനപ്പെട്ട സ്പീക്കർ ഒന്ന് പരിശോധിക്കണം. എന്നാണ്. ഞാനിതൊന്നും അറിഞ്ഞിട്ടുമില്ല, ഇതുമായി യാതൊരു ബന്ധവും എനിക്കില്ല. എന്നെക്കുറിച്ച് പറയാത്തതുകൊണ്ട് എനിക്ക് നിഷേധിക്കേണ്ട കാര്യമില്ല. വേറെ ഒരു തർക്കമാണ് അദ്ദേഹം എന്നെക്കുറിച്ച് പ്രതിപാദിച്ചത്. ഞങ്ങൾ തമ്മിൽ യാതൊരു തർക്കവുമില്ല; ജയരാജൻ അതുകൊണ്ട് യാതൊരു വിഷമവും വിചാരിക്കേണ്ട കാര്യമില്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): സർ, സത്യം പറഞ്ഞാൽ ശ്രീ. ജയരാജൻ എന്നെക്കുറിച്ച് പറഞ്ഞത് വളരെ മാർദ്ദവമുള്ള ഒരു വാക്കാണ്. അദ്ദേഹം പറഞ്ഞത് ഈ വകുപ്പിനകത്ത് ഞാൻ 'ഏക് ദിൻ കി രാജയാണ്' എന്നാണ്. ഞാൻ ഒരു ചെറിയ തിരുത്ത് നടത്തുന്നു. ഞാൻ 'ഏക് ദിൻ കി പ്രജ'യാണ്. ഞാൻ ഒരിക്കലും രാജാവാകുന്ന ആളല്ല, എന്റെ സ്വഭാവം അനുസരിച്ച് എനിക്ക് ഒരു പ്രജയായിട്ട് നിൽക്കാനേ പറ്റൂ. അതുകൊണ്ട് ദയവായി അങ്ങ് എന്നെ 'ഏക് ദിൻ കി രാജ' എന്നുള്ളത് വിടുക. ഞാൻ 'ഏക് ദിൻ കി പ്രജ'യായിട്ട് ഇതിനകത്ത് നിൽക്കുകയാണ്. ഇവിടെ ചെയ്തിട്ടുള്ള ഒരു നടപടിയെക്കുറിച്ച് പറഞ്ഞു, ഇവിടെ ഫോറസ്റ്റ് ഒഫൻഡേഴ്സായിട്ടുള്ള ചില ആളുകൾ, അവർ 51 പേർ ഉണ്ടെന്നാണ് അങ്ങ് പറഞ്ഞത്. പക്ഷെ അത് ശരിയല്ല. ഞങ്ങൾ ആ റിക്കോർഡ്സ് എല്ലാം നോക്കി, റിക്കോർഡ്സ് പരിശോധിച്ചപ്പോൾ മറയൂരിൽ ഫോറസ്റ്റ് ഒഫന്റേഴ്സായിട്ടുള്ള 8 ആളുകൾ ഉണ്ടായിരുന്നു. അവിടെ വാച്ചർമാരായി ഉണ്ടായിരുന്ന ആ എട്ടുപേരെയും പിരിച്ചുവിട്ടു. സസ്പെൻഷനല്ല, എട്ടുപേരേയും പിരിച്ചുവിട്ടു. അത് വയ്ക്കാനായ സാഹചര്യത്തെക്കുറിച്ച് നോക്കി, ആ സാഹചര്യമൊക്കെ നോക്കിയപ്പോൾ അവർ ചില ചില്ലറ നടപടികളും എടുത്തു, അതൊന്നും ഞാൻ പെരുപ്പിച്ചൊന്നും പറയുന്നില്ല. അതൊക്കെ ഭംഗിയായിട്ട് പോകട്ടെ, മാത്രമല്ല 22-ാം തീയതി നമുക്കെല്ലാവർക്കും കൂടി മറയൂർക്ക് ഒരുമിച്ച് പോകാം. ഞാൻ ശ്രീ. ജയരാജനേയും ക്ഷണിക്കുകയാണ്. ഞാൻ പ്രതിപക്ഷ നേതാവിനെ നേരത്തെ വിളിച്ചിരുന്നു, ഉപനേതാവ് വരുമെന്നുള്ളതാണ് എന്റെ പ്രതീക്ഷ. മാർക്സിസ്റ്റു പാർട്ടിയുടെ നല്ല ഒരു സംഘം അതിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പ്രകൃതി സ്നേഹികളായിട്ടുള്ള ആളുകൾ, ചന്ദന സംരക്ഷണത്തിനുവേണ്ടി താൽപ്പര്യമുള്ള ആളുകൾ—അവരെല്ലാവരും ഉണ്ടാകുന്ന രൂപത്തിൽ നമ്മളെല്ലാവരും ഒരുമിച്ച് ചേരുന്ന ഒരു സംഗമം അവിടെ നടത്താൻ ശ്രമിക്കുകയാണ്. അത് ഒരു ബോധവൽക്കരണ ജാഥ കൂടിയാണ്. ബോധവൽക്കരണ ജാഥ നടത്താൻ കാരണം ഈ ഒഫൻസ് നിർത്തലാക്കണമെങ്കിൽ അതിനെതിരായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പൗരപ്രതിരോധം നമുക്ക് ഉണ്ടാക്കാൻ കഴിയണം. ആ പൗരപ്രതിരോധം ഉണ്ടാക്കുന്നത് ഗവൺമെന്റിന്റെ പേരിലും അല്ല. സുഗതകുമാരി ടീച്ചറിനെപ്പോലുള്ള, എം. പി. ദേവിനെപ്പോലുള്ള, ഡോ. കെ. എസ്. രാധാകൃഷ്ണനെപ്പോലുള്ള, ഡോ. സുകുമാരൻനായരെപ്പോലുള്ള ഈ സമൂഹത്തിലെ അത്യുന്നതരായിട്ടുള്ള ആളുകൾ എല്ലാവരും കൂടിചേർന്ന് വേണ്ടവിധത്തിൽ ഒരു പൗരപ്രതിരോധം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ശ്രമത്തിലാണ്. ഇവിടെ മറ്റു കാര്യങ്ങളെ ക്കുറിച്ചൊന്നും പറയുന്നില്ല. ഒരു കാര്യം വളരെ തെറ്റായിപ്പോയി, അങ്ങ് ഇവിടെ പറഞ്ഞു 2004 ആഗസ്റ്റ് മാസത്തിൽ ഏതാണ്ട് 51 പേരെ അവിടെനിന്ന് മാറ്റി എന്ന്. നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് 2004 ആഗസ്റ്റ് മാസത്തിൽ വനം വകുപ്പിലെ 52 അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ സ്ഥലംമാറ്റത്തിൽ അന്നും വലിയ പ്രശ്നം ഉണ്ടായിരുന്നു എന്നാണ് പറഞ്ഞത്—എന്റെ കൈയിൽ രേഖയുണ്ട്, ഞാൻ 'ഏക് ദിൻ കി പ്രജ'യാണെങ്കിലും എന്റെ കൈയിൽ അതിന്റെ റിക്കോർഡ്സുണ്ട്. ആഗസ്റ്റ് മാസത്തിൽ അവിടെയല്ല, ഈ കേരളത്തിൽ മൊത്തത്തിൽ ഒരാളിനെ മാത്രമാണ് മാറ്റിയിട്ടുള്ളത്. വേറെ അങ്ങ് പറഞ്ഞതു പോലെ ഒരു കാര്യവും ഉണ്ടായിട്ടില്ല.

സർ, രണ്ടു കാര്യം ഇവിടെ പറയാതെ അവസാനിപ്പിച്ചാൽ ഇതിന്റെ ഇതിവൃത്തം പൂർത്തിയാവുകയില്ല. അങ്ങുപറഞ്ഞാൽ ഞാൻ നിർത്തും. എന്നെക്കുറിച്ച് എന്ത് ആരോപണമാണ് പറയാനുള്ളത്. എന്നാലും ഇത് റിക്കോർഡിൽ കിടക്കുകയല്ലേ, അങ്ങേയ്ക്കും തിരക്കുണ്ട്, ഇവിടെയിരിക്കുന്ന ആളുകൾക്കെല്ലാം തിരക്കുണ്ട്. ഞാനാണെങ്കിൽ ഉച്ചയ്ക്ക് ഉണ്ടിട്ടുമില്ല. എന്നാൽപോലും ഈ പറഞ്ഞതൊന്ന് പൂർത്തിയായില്ലായെങ്കിൽ റിക്കോർഡിൽ ഈ ഭാഗമെല്ലാം കിടക്കുകയല്ലേ. അതുകൊണ്ടുമാത്രം ഞാൻ പറയുന്നു എന്നേയുള്ളൂ. സർ, ചന്ദനതൈലം സംബന്ധിച്ച് തളിപ്പറമ്പിലെ ഒരു കാര്യം അദ്ദേഹം എഴുതികൊടുത്തിട്ടുണ്ട്. അത് രേഖയിൽ വരുന്നതുകൊണ്ട് അതിന്റ മറുഭാഗം എനിക്ക് പറയാതിരിക്കാൻ കഴിയില്ല. കസ്റ്റഡിയിൽ നിന്ന് ചന്ദനതൈലം മോഷണം പോയതാണ്, അന്ന് 12 ആളുകളെ സസ്പെൻഡ് ചെയ്തിരുന്നു. അവർക്ക് എതിരായിട്ട് സ്ട്രോങ് ആയിട്ടുള്ള നടപടികൾ എടുത്ത് അവരെ സസ്പെന്റ് ചെയ്തിരുന്നു. ഒലവക്കോടിനെ സംബന്ധിച്ച് നേരത്തേയും നമ്മുടെ ഈ സഭയിൽ പല പ്രാവശ്യം ചർച്ചയ്ക്ക് വന്നിട്ടുള്ള വിഷയമാണ്. സ്ട്രോങ് റൂമിൽ നിന്ന് ചന്ദനതൈലം പോയതുസംബന്ധിച്ചു പറഞ്ഞാൽ, അതിലും നടപടി ഉണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല, ഇതിൽ ഒരു കേസ് സി.ബി.ഐയ്ക്ക് വിടണമെന്നും അന്ന് ഗവൺമെന്റ് പറഞ്ഞിരുന്നു. കേരളത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. സുധാകരൻ വനം വകുപ്പുമന്ത്രിയും ആയിരുന്ന സമയത്ത് ഈ ഗവൺമെന്റുതന്നെ recommend ചെയ്താണ് സി.ബി.ഐ.യ്ക്കു വിട്ടത്. ആ അന്വേഷണം സി.ബി.ഐ.യുടെ തലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായിട്ട് ആക്ഷേപം വരാനുള്ള ഒന്നുമില്ല. അതുകൊണ്ട് ഞാൻ കടുത്ത ഭാഷകൾ ഒന്നും പറയുന്നില്ല. പക്ഷെ ഇതുപോലുള്ള കാര്യത്തിൽ ഇന്ററസ്റ്റഡ് പാർട്ടീസ് മുന്നോട്ട് വരുന്നത് സ്വാഭാവികമാണ്. വനത്തിൽ താൽപ്പര്യമുള്ള അത്തരക്കാർ ഒത്തിരിയിളകും. അത് കേട്ട് നമ്മൾ ഇളകാൻ പോകരുത്. കാരണം അവരിൽ പലരും നമ്മെ മിസ്‌ലീഡ് ചെയ്യുകയായിരിക്കും ചെയ്യുക. അതുകൊണ്ട് വനത്തിന്റെ സ്ഥാപിത താൽപ്പര്യക്കാരോട് ചരിഞ്ഞോ, ചാഞ്ഞോ, ഭീതിയോ, ഒന്നുമില്ലാതെ ഭംഗിയായി കൊണ്ടുപോകുന്നതിനുവേണ്ടി ഈ സമൂഹം ഒരുമിച്ചു നിൽക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. സർ, ഇവിടെ ആനക്കൊമ്പിനെ സംബന്ധിച്ച് 21 കേസുകൾ എടുത്തിട്ടുണ്ട്. 46 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ ഇവിടെ പാസുകളെക്കുറിച്ച് പറഞ്ഞു, കറുപ്പത്തോലിനെക്കുറിച്ച് ഇവിടെ നേരത്തെ സംസാരിച്ചതുകൊണ്ട് ഞാൻ അത് വീണ്ടും ഒന്നുകൂടി പറയുന്നില്ല. പക്ഷെ എന്നാലും ആ പാസുകൾ ദുർവിനിയോഗം ചെയ്തതിനെ സംബന്ധിച്ച് കേസുകൾ എടുത്തതിന്റെ റിക്കോർഡുകളുടെ നമ്പരുകൾ എന്റെ കയ്യിലുണ്ട്. അതിനെല്ലാം അതതുകാലത്ത് ആരെങ്കിലും ദുർവിനിയോഗം ചെയ്തിട്ടുണ്ടെങ്കിൽ അതിനെതിരായിട്ടുള്ള കേസുകളും എടുത്തിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇവിടെ വനമായതുകൊണ്ട് ഞാൻ വനാംശം ചേർത്തുകൊണ്ട് ഒരു വാക്കു പറയുകയാണ്. ആ കാലത്ത് എടുത്ത കേസുകളാണ് ഞാൻ പറഞ്ഞത്. ജയരാജൻ, അങ്ങ് ബഹളമുണ്ടാക്കരുത്. അങ്ങ് എനിക്ക് അടുപ്പമുള്ള ആളാണ്. ഞാൻ പറഞ്ഞത് ഇതൊക്കെ ആ കാലഘട്ടത്തിൽ എടുത്ത കേസുകളാണ്; ഗവൺമെന്റ് എടുത്ത നടപടികളാണ്. ഗവൺമെന്റ് സ്ട്രോങ്ങ് ആയിട്ടുള്ള നടപടികളെടുത്തു. അതുകൊണ്ട് പണ്ടാരോ പറഞ്ഞതുപോലെ ഞങ്ങളിൽ ഔഷധഗുണമില്ല. അതുകൊണ്ട് ഞങ്ങളെ വെറുതെ വിടണമെന്ന് മാത്രമേ എനിക്ക് ഇതിനകത്ത് ഓർമിപ്പിക്കാനുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മറുപടിയിലേക്ക് കടക്കുന്നതിനുമുൻപ് ഞങ്ങൾക്ക് ഒരു കാര്യം അറിയണം. ശ്രീ. ജയരാജൻ വളരെ ഗുരുതരമായിട്ടുള്ള ഒരു ആരോപണം തയ്യാറാക്കി ഇവിടെ അവതരിപ്പിക്കുകയും അതിന് ബഹുമാനപ്പെട്ട മന്ത്രി മാണി മറുപടി പറയുകയും ചെയ്തു. ഈ പറയുന്ന രേഖകളെല്ലാം, ഇവിടെ അവതരിപ്പിച്ച രേഖകളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നു പരിശോധിക്കാൻ തയ്യാറാണോ? വേറെ ഒന്നും വേണ്ട, ഈ അവതരിപ്പിച്ച രേഖകളാകെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു തരാം, നിയമസഭാ കമ്മിറ്റി അന്വേഷിക്കുന്നില്ലായെങ്കിൽ മുഖ്യമന്ത്രി അത് പരിശോധിച്ചുകൊണ്ട് ഒരു നിലപാട് എടുക്കുമോ? ഇവിടെ നിയമസഭയിൽ ഉന്നയിച്ച ഒരു പ്രശ്നമെന്നുള്ളനിലയിൽ, വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമെന്നുള്ള നിലയിൽ ഇതിലെങ്കിലും മുഖ്യമന്ത്രിയുടെ നിലപാടെന്തെന്ന് ഞങ്ങൾക്ക് അറിയണം. ഒരു നിയമസഭാകമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കനേഡിയൻ കമ്പനിയിൽനിന്ന് നൂറു കോടി രൂപ കൈക്കൂലി വാങ്ങിയെന്ന് ഞാൻ പറഞ്ഞാൽ പാർലമെന്ററി പാർട്ടിയെക്കൊണ്ട് അന്വേഷിപ്പിക്കാമെങ്കിൽ ഇതും അന്വേഷിക്കാൻ തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെ വാങ്ങിയിട്ടുണ്ടെങ്കിൽ അതും നിങ്ങൾ അന്വേഷിച്ചുകൊള്ളൂ. നിയമസഭാകമ്മിറ്റി അത് അന്വേഷിച്ചല്ലോ, അത് അന്വേഷിച്ചോ. (ബഹളം).....

മി. സ്പീക്കർ: മുഖ്യമന്ത്രി പറയും, (ബഹളം).....മുഖ്യമന്ത്രി പറയും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* പല നല്ല പരിപാടികളും കഴിഞ്ഞാൽ വെളുപ്പാൻകാലത്ത് ഒരു വെടിക്കെട്ടുണ്ട്. അതുപോലെയാണ് നമ്മൾ കുറച്ചു ദിവസമായി നിരന്തരമായി സമ്മേളിച്ച് പതിവിന് വിപരീതമായി ഒരു നല്ല അന്തരീക്ഷത്തിൽ അവസാനം വരെ നമ്മൾ ഒന്നിച്ചുകൂടുകയും ചർച്ച ചെയ്യുകയും....., പരിഹാസമല്ല, എന്താ പരിഹാസം? ..... (ബഹളം) ..... എന്റെ ജയരാജാ, ഇതിൽ എന്താ പരിഹാസം? ജയരാജൻ കാണിച്ചതിന് തക്കവണ്ണമുള്ള കാര്യമൊന്നും ഞാൻ പറയുന്നില്ല, ഞാൻ അത് പറയുകയും ഇല്ല. അതുകൊണ്ട് പരിഹസിക്കുകയല്ല. സൗമ്യമായി ചില കാര്യങ്ങൾ പറയാനായിട്ടാണ് ഞാൻ നിൽക്കുന്നത്. ഇദ്ദേഹത്തിന് എന്തും പറയാൻ ലൈസൻസ് അങ്ങ് കൊടുത്തിട്ടുണ്ടോ? (ബഹളം)..... *മി. സ്പീക്കർ:* പ്ലീസ്, പ്ലീസ്,.....

ശ്രീ. വക്കം പുരുഷോത്തമൻ: ഇദ്ദേഹത്തിന് എന്തുംപറയാൻ ലൈസൻസ് കൊടുത്തിട്ടുണ്ടോ? ഈ ഹൗസിന്റെ മാന്യതയും മര്യാദയും നോക്കണ്ടേ? സർ, ഇവിടെ ധാരാളം ചർച്ചകൾ നടന്നതുകൊണ്ടും ഞാൻ മറുപടി പറയേണ്ടതായ വലിയ കാര്യങ്ങളൊന്നും അവതരിപ്പിക്കാത്തതുകൊണ്ടും പതിവിന് വിപരീതമായി ഇവിടെ ഇന്നു നടന്ന ചർച്ചകൾ കൂടുതൽ രാഷ്ട്രീയമായതുകൊണ്ടും വളരെ ചുരുങ്ങിയ വാക്കുകളിൽ മറുപടി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 'വാറ്റി'നെക്കുറിച്ച് ഇവിടെ പല മെമ്പർമാരും പറഞ്ഞു. അത് ഞാൻ അവസാനം പറയാം. ചില കാര്യങ്ങൾ deny ചെയ്യണമെന്നുള്ളതുകൊണ്ടുമാത്രം ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുകയാണ്. ശ്രീ. വയലാർ രവി ആർ.എസ്.എസ്. കേന്ദ്രത്തിൽ പോയി എന്ന് പല പ്രതിപക്ഷ അംഗങ്ങളും പറഞ്ഞു, അത് അദ്ദേഹം deny ചെയ്തിട്ടുണ്ട്. അതുമാത്രമല്ല ആ ആരോപണം വന്നത് നിങ്ങൾക്ക് അറിയാം ചിലർ പറയുന്നു, കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പാണെന്ന്, ചിലർ പറയുന്നു 1991-ൽ ആണെന്ന്. എവിടെവച്ച് കണ്ടു എന്നുള്ളതിനെപ്പറ്റി ഭിന്നാഭിപ്രായം നിലനിൽക്കുന്നുണ്ട്. അപ്പോൾ നിങ്ങൾക്കുതന്നെ ബോദ്ധ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ, ശരിയല്ല, സത്യവിരുദ്ധമാണെന്ന് ബോദ്ധ്യമുള്ള കാര്യങ്ങൾക്ക് നിയമസഭയുടെ വിലപ്പെട്ട സമയം നമ്മൾ കളയണമോയെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആലോചിക്കണം. അതുപോലെ അഡ്വക്കേറ്റ് ജനറലിന്റെ ഇന്നുവന്ന വാർത്തകളെക്കുറിച്ച് പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്, അദ്ദേഹം അതിനെക്കുറിച്ച് എന്തെങ്കിലും മറുപടിപറയും. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പല അംഗങ്ങളും ഇന്ന് ഇന്നത്തെ പത്രത്തിലെ വാർത്തകൾ വായിക്കുകയുണ്ടായി. അത് അദ്ദേഹം പറയും. പിന്നെ ബാലൻ പറഞ്ഞത് ടാക്സസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മിനറൽ വാട്ടറിന് ടാക്സ് എക്സംപ്ഷൻ കൊടുത്തതിനെ സംബന്ധിച്ചാണ്. അതിൽ എന്തെങ്കിലും അഴിമതി ഉണ്ടായിട്ടോ എന്തെങ്കിലും പ്രത്യേകം താൽപ്പര്യം ഉണ്ടായിട്ടോ അല്ല. വെള്ളത്തിന് ഒരു കാലഘട്ടത്തിൽ നികുതി വേണ്ടെന്ന് ഗവൺമെന്റ് തീരുമാനിച്ചു, അങ്ങനെ കാബിനറ്റ് അതിന് ഒരു എക്സംപ്ഷൻ കൊടുത്തു. പക്ഷെ അതിനുശേഷം അതിനെപ്പറ്റി അഴിമതി ആരോപണംപോലും ഉണ്ടായി. അതുകൊണ്ട് ഗവൺമെന്റ് അതിനെപ്പറ്റി പരിശോധിച്ചു. അങ്ങനെ എക്സംപ്ഷൻ കൊടുക്കേണ്ടെന്ന് ഗവൺമെന്റ് തീരുമാനിച്ചു. അതുകൊണ്ട് ഇപ്പോൾ അങ്ങനെ ഒരു സ്ഥിതിവിശേഷം ഇല്ല. അദ്ദേഹം പറഞ്ഞ ഒരു സ്ഥിതിവിശേഷവും ഇപ്പോഴില്ല. ശ്രീ. സുപാൽ ക്ലിഫ് ഹൗസിൽ ഒരു ഇരുപത്തിയഞ്ചു ലക്ഷം രൂപ ചെലവഴിച്ചു എന്നുപറഞ്ഞു. ഞാൻ ഇതുവരെ അതിനെപ്പറ്റി ഒന്നും പറയാതിരിക്കുകയായിരുന്നു. പലയിടത്തു നിന്നും പല ആരോപണങ്ങൾ വന്നുവെങ്കിലും ഞാൻ മറുപടിപറഞ്ഞിട്ടില്ല. കാരണം, ഞാൻ അവിടെയൊന്നും ചെലവാക്കിയിട്ടില്ല. ക്ലിഫ് ഹൗസ് എനിക്ക് അലോട്ടുചെയ്തു. ക്ലിഫ് ഹൗസിൽ നിങ്ങളെല്ലാം പോയിട്ടുള്ളതാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അവിടെ താമസിച്ചു, അദ്ദേഹത്തിന്റെ സ്വഭാവം നിങ്ങൾക്കെല്ലാമറിയാം. അന്നേ അദ്ദേഹത്തോട് പലരും ഉപദേശിച്ചതാണ്. അപകടമാണ്. വയറെല്ലാം തൂങ്ങിക്കിടക്കുകയാണ്. പ്ലാസ്റ്ററെല്ലാം ഇളകിയതാണ് എന്നുപറഞ്ഞിട്ടുപോലും അദ്ദേഹം അവിടെ ഒന്നും ചെയ്യാൻ സമ്മതിച്ചില്ല. അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹം അവിടെ താമസിക്കുമ്പോൾ ഒരു പൈസയും ചെലവാക്കേണ്ട എന്നുള്ള അഭിപ്രായമായിരുന്നു അദ്ദേഹത്തിന്. എനിക്ക് ആ അഭിപ്രായമില്ല. ക്ലിഫ്ഹൗസ് എന്നുപറയുന്നത് എന്റെ അഭിപ്രായത്തിൽ അത് ഇവിടത്തെ സമ്പത്താണ്. അത് അവിടെ മെയിന്റെയിൻ ചെയ്തുവയ്ക്കണമെന്നുള്ളതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ട് അത് മെയിന്റയിൻ ചെയ്തു നല്ലതുപോലെ ആക്കണമെന്നുള്ളതല്ലാതെ ഞാൻ അവിടെ ഒന്നും ചെയ്തിട്ടില്ല. പക്ഷെ നിങ്ങളുടെ അറിവിലേക്കായി ഞാൻ പറയുന്നു; ഒരു സ്റ്റൂൾപോലും ഒരു ടീപ്പോയ്പോലും അതിനകത്ത് അധികമായിട്ടില്ല, ഉള്ള സാധനം മോടിപിടിപ്പിച്ചു അവിടെ വച്ചു എന്നുള്ളതല്ലാതെ അവിടെ അധികമായിട്ട് ഒരു സ്റ്റൂളോ, കട്ടിലോ, കസേരയോ പോലും കൊണ്ടുവന്നിട്ടില്ല. കെട്ടിടം നശിച്ചുപോകാതെ സൂക്ഷിച്ചു എന്നുള്ളതുമാത്രമാണ്. അതിന് എത്ര രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവായി എന്നുള്ളതൊന്നും എനിക്കറിഞ്ഞുകൂടാ. കാരണം ഞാനല്ല ചെലവാക്കുന്നത്. ഞാൻ കാലാവധി കഴിയുമ്പോൾ പോകും. ഒരു പ്ലാസ്റ്ററും ഞാൻ എടുത്തുകൊണ്ടുപോകില്ല. ഒന്നും എടുത്തുകൊണ്ടു പോകില്ല. അതാണ് പറയാനുള്ളത്. ഞാൻ അതിൽ ഒരു തെറ്റും കാണുന്നില്ല. ആ കെട്ടിടം നശിച്ചുപോകാൻ പാടില്ല. ക്ലിഫ് ഹൗസ് എന്നുപറയുന്നത് വാസ്തവത്തിൽ നമ്മുടെ സമ്പത്താണ്. അത്ര മനോഹരമായ കെട്ടിടം. അത് നശിച്ചുപോകാൻ പാടില്ല. അതുകൊണ്ടുമാത്രം. ഇവിടെ സുപാൽ ബിയറിനെപ്പറ്റി പറഞ്ഞപ്പോൾ ഞാൻ തന്നെ എടുത്തു ചോദിച്ചു, കാലത്ത് രാമകൃഷ്ണൻ പറഞ്ഞപ്പോഴും മദ്യലോബിക്കുവേണ്ടി പോളിസി മാറ്റുന്നു എന്നുപറഞ്ഞു, രാമകൃഷ്ണന്റെ അടുത്തും ഞാൻ ചോദിച്ചു. ഏത് പോളിസിയാണ് മദ്യലോബിയെ സഹായിക്കാനുള്ളത് എന്ന് അദ്ദേഹം മറുപടി പറഞ്ഞില്ല.

ശ്രീ. പി. എസ്. സുപാൽ ചോദിച്ചു, ബിയർ പാർലർ എല്ലാപേർക്കും കൊടുക്കാൻ തീരുമാനിച്ചോ എന്ന് ബിയർ ലൈസൻസ് എല്ലാപേർക്കും കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിലുള്ള ചട്ടം അനുസരിച്ച് ത്രീ സ്റ്റാർ ഉള്ള എല്ലാ ഹോട്ടലുകൾക്കും ബാർ ലൈസൻസ് കൊടുക്കാമെന്നാണ്. ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസല്ലാതെ ബിയർ, വൈൻ ലൈസൻസ് കൊടുക്കൽ ചട്ടം നിലവില്ലായിരുന്നു. വിസ്കിയും ബ്രാൻഡിയും എല്ലാം കൊടുക്കാം. ബിയർ കൊടുക്കാൻ ലൈസൻസ് കൊടുക്കുന്ന പ്രൊവിഷനില്ലായിരുന്നു. വീര്യംകൂടിയ മദ്യം ഒഴിവാക്കിക്കൊണ്ട് ബിയറും വൈനും എടുക്കാൻ തയ്യാറാണെങ്കിൽ അതിനുകൂടി ലൈസൻസ് കൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. അത് മദ്യലോബിയെ സഹായിക്കുന്നതിനല്ല. മനുഷ്യർ വീര്യം കൂടിയ ഡ്രിങ്ക് കഴിക്കുന്നതിനേക്കാൾ വീര്യം കുറഞ്ഞ ഡ്രിങ്ക് കഴിച്ചോട്ടേ എന്നു കരുതിയതാണ്. ത്രീസ്റ്റാറിന് മുകളിലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇതല്ലാതെ വേറൊരു കാര്യവും കൂടുതലായി ചെയ്തില്ല. കഴിഞ്ഞ കൊല്ലത്തെ അതേ കാര്യങ്ങൾ തന്നെയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. മുരളി ഇവിടെ സംസാരിച്ചപ്പോൾ ബാങ്കിൽനിന്നും കിട്ടുന്ന പൈസയുടെ ചെറിയ അംശം മാത്രമാണ് ചെലവാക്കുന്നതെന്ന് പറഞ്ഞു. അത് ശരിയല്ല. 2004 ഡിസംബർ 31 വരെയുള്ള കണക്ക് നോക്കുമ്പോൾ 56.17 ശതമാനം ഇവിടെ ചെലവഴിച്ചിട്ടുണ്ട്. ലേറ്റസ്റ്റായിട്ടുള്ള കണക്കാണ്.

ശ്രീ. ടി. എം. ജേക്കബ് പല കാര്യങ്ങളും പറഞ്ഞു. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. പഞ്ചായത്തു തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഇവിടെ നടത്തുമെന്നു തന്നെയാണ് ഗവണ്മെന്റിന്റെ തീരുമാനം. അതിൽ കൂടുതലായി ഒന്നും പറയുന്നില്ല. ശ്രീ. കെ. വി. തോമസിന്റെ വിലപ്പെട്ട നിർദ്ദേശങ്ങൾക്കു നന്ദി. ഇതിൽ കൂടുതലായിട്ടൊന്നും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഉണ്ടായത് വാറ്റിനെക്കുറിച്ചാണ്. വാറ്റ് ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പാക്കും. കേരളത്തിലുള്ള നികുതി തരുന്ന ഒരു സംഘടന ഒഴിച്ച് ബാക്കിയുള്ള എല്ലാ സംഘടനകളും ഇതിനെ വെൽക്കം ചെയ്തിട്ടുണ്ട്. വ്യാപാരി വ്യവസായി സംഘടനയ്ക്ക് മാത്രമാണ് വാറ്റ് നടപ്പാക്കുന്നതിൽ തർക്കമുണ്ടായിരുന്നത്. നിരവധി തവണ അവരെ വിളിച്ചു സംസാരിച്ചു. അവർക്കെന്ത് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും പറഞ്ഞാൽ പരിഹരിക്കാമെന്ന് ഗവണ്മെന്റ് പറഞ്ഞു. അവരുടെ നിലപാട് വാറ്റ് നടപ്പാക്കാൻ പാടില്ലെന്നാണ്. പല ചർച്ചകളും നടത്തിയതിനുശേഷം അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി. അവിടെയും അവർ ഉന്നയിച്ചത് രണ്ട് കാര്യങ്ങൾ മാത്രമാണ്. ഒന്ന്, ഭൂരിപക്ഷം സംസ്ഥാനങ്ങളും വാറ്റ് നടപ്പിലാക്കുന്നെങ്കിൽ മാത്രമേ കേരളത്തിലും നടപ്പാക്കാവൂ എന്നാണ്. ഞങ്ങൾ സമ്മതിച്ചു. ഒന്നാം തീയതി മറ്റു സംസ്ഥാനങ്ങൾ തുടങ്ങുന്നില്ലെങ്കിൽ ഞങ്ങൾ പോസ്റ്റ്പോൺ ചെയ്യാൻ തയ്യാറാണ്. മറ്റൊരു കാര്യം പറഞ്ഞത്, വാറ്റ് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റി ഉണ്ടാകണം എന്നുള്ളതാണ്. അതിൽ അവരുടെ പ്രതിനിധികൾ വേണം. വാറ്റ് നടപ്പാക്കുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളത് സത്യമാണ്. അതിനൊരു എംപവേർഡ് കമ്മിറ്റി തന്നെ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും അതിന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ കമ്മിറ്റി ഉണ്ടാക്കണം. ആ കമ്മിറ്റിയിൽ അവരുടെ പ്രതിനിധികളെ എടുക്കുമെന്ന് പറഞ്ഞു. അവർക്ക് ഡിമാന്റൊന്നുമില്ല. അവർ ഓൾ ഇൻഡ്യാ ലെവലിലുള്ള സമരത്തിന്റെ ഭാഗമായിട്ട് നടത്തുന്നു എന്നാണ് പറഞ്ഞത്. ഉടൻതന്നെ അവരെപിടിച്ച് അകത്തിടണം, എസ്മ പ്രയോഗിക്കണം എന്ന രീതിയിൽ പ്രതിപക്ഷം സംസാരിച്ചു. ഗവണ്മെന്റ് അങ്ങനെയൊന്നും ചെയ്യാനുദ്ദേശിക്കുന്നില്ല. നിയമം ലംഘിച്ചാൽ നടപടി എടുക്കും.

ശ്രീ. ടി. കെ. ബാലൻ: കേരളാ ഗവണ്മെന്റിന്റെ കീഴിലാണ് കേരളത്തിന്റെ ചെക്ക് പോസ്റ്റുകളും പ്രൊമിസസുകളും വരുന്നത്. അവിടെ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ലോറികൾ തടഞ്ഞുനിർത്തി ചെക്ക് ചെയ്യാനുള്ള അധികാരം ആരാണ് നാസറുദ്ദീന്റെ കമ്പനിക്ക് കൊടുത്തത്?

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെ കൊടുത്തിട്ടില്ല. ആദ്യം ഒരു ദിവസം ഇവർ ചെയ്തു. അവർ വണ്ടി തിരിച്ചു വിട്ടിട്ടില്ല. നിങ്ങൾ ഇനി വരരുതെന്നും സമരമാണെന്നും പറഞ്ഞു. അതറിഞ്ഞ അന്നുതന്നെ പോലീസിന് നിർദ്ദേശം കൊടുത്തു. മേലാൽ വണ്ടി ചെറുക്കാൻ പാടില്ലെന്ന് പോലീസിന് നിർദ്ദേശം കൊടുത്തു. അതിനുശേഷം വണ്ടി തടഞ്ഞിട്ടില്ല. ഒരു സംഘടനയും വണ്ടി തടുത്തിട്ടില്ല; ഇവിടെ വലിയ ക്ഷാമമൊന്നുമില്ല; ഇന്നലേയും സാധനങ്ങൾക്ക് വില കൂടിയില്ല. മുടക്കായതുകൊണ്ട് വെജിറ്റബിൾസിന് മാത്രം അൽപം വില കൂടിയിട്ടുണ്ട് എന്നുള്ളതല്ലാതെ ക്ഷാമമൊന്നുമില്ല. ഇന്നലെ കടകളിൽ ഭയങ്കര തെരക്കായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവർക്കൊക്കെ കൊടുക്കാൻ ഇഷ്ടംപോലെ സാധനങ്ങൾ കടയിലുണ്ടായിരുന്നു. ആർക്കും സാധനങ്ങൾ കിട്ടാതെ തിരിച്ചു പോകേണ്ടി വന്നിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിനുവേണ്ട മുൻകരുതലുകളെല്ലാം എടുത്തിട്ടുണ്ട്. ആവശ്യമുള്ള സ്റ്റോക്കെടുത്തിട്ടുണ്ട്. വെജിറ്റബിൾസ്വരെ ഡിസ്ട്രിബ്യൂട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വോളന്റിയറായിട്ട് അടച്ചിടുന്നെങ്കിൽ ഇടട്ടേ; വിരോധമില്ല. പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബലാൽക്കാരമായി കട അടപ്പിക്കാൻ പാടില്ല. അങ്ങനെ അടപ്പിക്കാൻ ശ്രമിച്ചാൽ നടപടി എടുക്കണമെന്ന് പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പോലീസ് അത് ചെയ്യുകയും ചെയ്യും. ഞാൻ ആവർത്തിക്കുന്നു, അവരെയെല്ലാം അറസ്റ്റ് ചെയ്യും. കൺഫ്രണ്ടേഷന്റെ സിറ്റുവേഷൻ ഉണ്ടാക്കണമെന്ന് ഗവണ്മെന്റിന് താൽപര്യമില്ല. നിലവിലുള്ള നിയമം നടപ്പിലാക്കുന്നതിൽ അലസത ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. നിയമലംഘനം നടത്താൻ ആരേയും അനുവദിക്കില്ല. അതിനുള്ള സിറ്റുവേഷനില്ല. ഗവണ്മെന്റ് കർശനമായ നടപടി സ്വീകരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത്തരത്തിൽ നിയമം ലംഘിക്കുന്ന വൻകിട കച്ചവടക്കാരെ അറസ്റ്റ് ചെയ്യില്ല. കർശനമായ നടപടി സ്വീകരിക്കില്ലെന്ന് ഗവണ്മെന്റ് പറഞ്ഞാൽ പിന്നെ ആരാണ് വില വയ്ക്കാൻ പോകുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: കട തുറന്നില്ല എന്ന് പറഞ്ഞ് അറസ്റ്റ് ചെയ്യില്ല. നേരേമറിച്ച് നിയമം ലംഘിക്കുന്ന, കട അടപ്പിക്കുന്നവരെ അറസ്റ്റ് ചെയ്ത് കേസെടുക്കും. ബലാൽക്കാരമായി കട അടപ്പിക്കാൻ ശ്രമിച്ചാൽ നിർബ്ബന്ധമായും കേസെടുക്കും. നിർവ്വാഹമൊന്നുമില്ല. കർശനമായ നടപടി ഉണ്ടാകും. provocative movement എന്നുള്ള രീതിയിൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. ഒരുപാട് ചെറുകിട കച്ചവടക്കാരുണ്ട്. അവരെ സംബന്ധിച്ച് ഗവൺമെന്റ് വളരെ കൺസിഡറേറ്റാണ്. അതുകൊണ്ടാണ് ഇതുവരെ ചെയ്യാത്തത്. പണ്ട് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും 5 ലക്ഷം രൂപവരെ വിറ്റുവരവുള്ള കച്ചവടക്കാരെയാണ് എക്സംപ്റ്റ് ചെയ്തിരുന്നതെങ്കിൽ ആദ്യമായി 10 ലക്ഷം രൂപ വരെ ഉയർത്തിയത് കേരളത്തിലാണ്. എന്നു മാത്രമല്ല അതിനുശേഷം കൂടിയ എംപവേർഡ് കമ്മിറ്റിയിൽ എല്ലാ സംസ്ഥാനങ്ങളിലും 10 ലക്ഷം രൂപ വരെ എക്സംപ്റ്റ് ചെയ്യണമെന്ന് പറഞ്ഞിട്ടുപോലും അവർ ചെയ്തില്ല. എന്നാൽ ഇരുപത്തിനാലാം തീയതി കൂടിയ യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളും 10 ലക്ഷം രൂപ എക്സംപ്റ്റ് ചെയ്യാൻ തീരുമാനിച്ചു. ചില പുതിയ തീരുമാനങ്ങൾ ഇരുപത്തിനാലാം തീയതി കൂടിയ കമ്മിറ്റി എടുത്തിട്ടുണ്ട്. അവരുടെ തീരുമാനങ്ങളും ഇവിടത്തെ പ്രശ്നങ്ങളും എല്ലാം കണക്കിലെടുത്തുകൊണ്ട് ചില പുതിയ ആനുകൂല്യങ്ങൾകൂടി ഇവർക്ക് നൽകാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. വാറ്റ് നിയമം പാസ്സാക്കിയതിനുശേഷം ചില ഭേദഗതികൾ വരുത്തണമെന്ന വിവിധ വ്യാപാരി

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പുതിയ നികുതി സമ്പ്രദായം ഏറ്റവും സുതാര്യവും പ്രയാസരഹിതവുമാക്കണമെന്നാണ് സർക്കാരിന്റെ താൽപര്യം. കഴിഞ്ഞ ഇരുപത്തിനാലാം തീയതി നടന്ന ധനകാര്യ വകുപ്പുമന്ത്രിമാരുടെ ഉന്നതാധികാര യോഗത്തിലും ചില മാറ്റങ്ങൾ വരുത്താൻ തീരുമാനമായിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് വാറ്റ് നിയമത്തിൽ ഇനി പറയുന്ന ഭേദഗതികൾ വരുത്തുന്നതാണ്. 10 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപവരെ വിറ്റുവരവുള്ള ചെറുകിട വ്യാപാരികൾ അടയ്ക്കേണ്ട നികുതി ഒരു ശതമാനത്തിൽനിന്നും 0.50 ശതമാനമായി കുറയും. രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള പരിധി ഇപ്പോൾ രണ്ടു ലക്ഷം രൂപയാണ്. അത് 5 ലക്ഷം രൂപയായി ഉയർത്തും. അപ്പോൾ ചോദിക്കും, 10 ലക്ഷം രൂപവരെ എക്സംപ്റ്റ് ചെയ്തിട്ടുണ്ടല്ലോ; പിന്നെ 5 ലക്ഷം രൂപ രജിസ്ട്രേഷൻ എടുക്കുന്നതെന്തിനെന്ന്? രജിസ്ട്രേഷൻ അവർക്കാവശ്യമാണ്. ഇവരെ എവിടെയെങ്കിലും തടുക്കുകയോ മറ്റെന്തെങ്കിലുമോ ചെയ്താൽ രജിസ്ട്രേഷൻ കാർഡ് കാണിച്ചാൽ അവരെ വിടും. അവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടിയാണ് അഞ്ചു ലക്ഷം രൂപ മുതലുള്ളവർക്ക് രജിസ്ട്രേഷൻ കൊടുക്കുന്നത്. അതാണ് നേരത്തെ 2 ലക്ഷം രൂപയായിരുന്നത് 5 ലക്ഷം രൂപയായി ഉയർത്തിയത്.

മരുന്നുകളുടെ സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് മെഡിക്കൽ ഷോപ്പുകൾക്ക് നികുതി ചുമത്തുന്ന സമ്പ്രദായം എറ്റവും ലളിതമാക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ നികുതി മാക്സിമം റീട്ടെയിൽ പ്രൈസിൻമേൽ കണക്കാക്കി ആദ്യഘട്ടത്തിൽത്തന്നെ ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ്. വാറ്റ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുമ്പോൾ നികുതിയും പലിശയും അടച്ചു തീർക്കാനായി നികുതിദായകർക്ക് ഒരു അവസരം നൽകുന്നതാണ്. അപ്രകാരം ചെയ്തില്ലെങ്കിൽ മാത്രമേ മറ്റു നടപടികൾ എടുക്കുകയുള്ളൂ. അനുമാനാടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടിവരുമ്പോൾ അത് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. നേരത്തെയുണ്ടായിരുന്ന പീനലുകൾ ഇപ്പോൾ ഒഴിവാക്കുകയാണ്. വിറ്റുവരവിന്റെ ഏതെങ്കിലും ഭാഗമായി നികുതി ചുമത്തേണ്ടിവന്നാൽ-escape of turn over-.ഇതേ നടപടിക്രമം ബാധകമായിരിക്കും. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മുഴുവൻ തെളിയിക്കപ്പെടാതെ വന്നാൽ അപ്രകാരം കുറയുന്ന സംഖ്യയ്ക്കു മാത്രമേ നികുതി ചുമത്തുകയുള്ളൂ. അവർക്ക് ടാക്സ് ചുമത്തുമ്പോൾ ഇൻപുട്ട് ടാക്സ് സെറ്റോഫ് കൊടുക്കും. നേരത്തേ കൊടുത്ത നികുതി സെറ്റോഫ് ചെയ്തു കൊടുക്കും. അതിന് തെളിവ് തരണം. ഇല്ലെങ്കിൽ ഇപ്പോഴത്തെ നികുതി നിയമം അനുസരിച്ച് പെനാൽറ്റി, കൂടുതൽ നികുതി തരണം. അതിനിവേണ്ട. തെളിവ് തരാൻ കഴിഞ്ഞില്ലെങ്കിൽ തെളിവ് തരാൻ കഴിയാത്ത അത്രയും സാധനത്തിനു മാത്രമേ നികുതി ചുമത്തൂ.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: അങ്ങ് പറഞ്ഞതിന്റെ അർത്ഥം മരുന്നുകൾ "വാറ്റ്"-ന് പുറത്തായി എന്നാണോ?

ശ്രീ. വക്കം പുരുഷോത്തമൻ: അല്ല. മരുന്നുകൾക്കും നികുതിയുണ്ട്. ആദ്യനികുതിയേയുള്ളു, രണ്ടാമത്തെ നികുതിയില്ല. മരുന്നുകൾക്ക് മാത്രമേ ഇത് ബാധകമാവുകയുള്ളൂ. പല മെഡിക്കൽ സ്റ്റോറുകളിലും മരുന്നുകളല്ലാത്ത ഒരുപാട് സാധനങ്ങൾ വിൽക്കുന്നുണ്ട്. പൗഡർ, സോപ്പ്, ഹോർലിക്സ് വരെ വിൽക്കുന്നുണ്ട്. കൂടുതലും മറ്റ് സാധനങ്ങൾ വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകളുണ്ട്. ആ സാധനങ്ങൾക്ക് ഇത് ബാധകമായിരിക്കില്ല. മരുന്നിന് മാത്രം ഇത് ബാധകമായിരിക്കും. ട്രേഡ് ഡിസ്കൗണ്ടായി വ്യാപാരികൾക്ക് ലഭിക്കുന്ന വസ്തുക്കൾക്ക് അവ വിൽപ്പന നടത്തുമ്പോൾ മാത്രമേ നികുതി ചുമത്തുകയുള്ളൂ. സ്റ്റാർ ഹോട്ടലുകളും ബാർ ഹോട്ടലുകളും ഒഴിച്ചുള്ള ഹോട്ടലുകൾക്ക് 0.5% നിരക്കിൽ നികുതി ചുമത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. "വാറ്റ്" നിയമത്തിലും ഇതേ നിരക്ക് ഏർപ്പെടുത്തുന്നതാണ്. സ്റ്റാർ ഹോട്ടലിനും ബാർ ഹോട്ടലിനും ഇല്ല. സംസ്ഥാനത്തിന് പുറത്തുനിന്ന് വസ്തുക്കൾ കൊണ്ടുവന്ന് കോൺട്രാക്റ്റ് വർക്കുകൾ നടത്തുന്നവർക്ക് കോമ്പൗണ്ടിംഗ് നിരക്ക് നാല് ശതമാനമായി ഭേദഗതി ചെയ്യുന്നതാണ്. ഈ പുതിയ ഭേദഗതികളോടുകൂടി വാറ്റ് ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പിലാക്കും. ഗവൺമെന്റിന്റെ അറിവ് യൂണിയൻ ടെറിറ്ററി ഉൾപ്പെടെ 25 സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കുന്നു എന്നാണ്. മറ്റ് സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. Empowered Committee-യുടെ ചെയർമാൻ ഈ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഏപ്രിൽ ഒന്നാം തീയതി തൊട്ട് കേരള സംസ്ഥാനത്ത് വാറ്റ് നടപ്പിലാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. നിങ്ങളെല്ലാവരും കൂടി സഹകരിച്ച് ഈ ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* 2005-06-ലെ ബഡ്ജറ്റ് ചർച്ച ഇന്നുകൊണ്ട് സമാപിക്കുകയാണ്. അനേക വർഷങ്ങൾക്ക് ശേഷമാണ് ആദ്യമായി ഫുൾ ബഡ്ജറ്റ് പാസ്സാക്കുന്നത്. ഇതോടൊപ്പം തന്നെ ചില നിയമനിർമ്മാണങ്ങൾ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചിരുന്നുവെങ്കിലും നമ്മൾ അൽപ്പം നേരത്തെ പിരിയുകയാണ്. ഞാൻ ഈ സഭയ്ക്കും അങ്ങേയ്ക്കും ഉറപ്പ് നൽകിയതുപോലെ തന്നെ ജൂൺ മാസം ആദ്യം ഒരു സമ്മേളനം നിയമനിർമ്മാണത്തിന് വേണ്ടി കൂടുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ഇന്ന് ഇവിടെ നടന്ന ചർച്ചകളിൽ വളരെ ചുരുക്കത്തിൽ ഒന്ന്, രണ്ട് കാര്യങ്ങളിൽ മാത്രം ഇടപെടാൻ ഞാൻ ആഗ്രഹിക്കുന്നു. അക്കൂട്ടത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെ ബന്ധപ്പെടുത്തി ഇന്ന് വന്ന വാർത്ത സജീവമായ ചർച്ചയ്ക്ക് വന്നു. അതുസംബന്ധിച്ച റിപ്പോർട്ട് അഡ്വക്കേറ്റ് ജനറലിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഔദ്യോഗികമായിട്ടുള്ള വിശദീകരണം കൂടി കിട്ടിയതിനുശേഷം മാത്രമേ ഗവൺമെന്റിന് അതുസംബന്ധിച്ച് ഒരു അവസാന തീരുമാനം പറയാൻ സാധിക്കുകയുള്ളു. ഇതുസംബന്ധിച്ച് ഗവൺമെന്റിന് ഒരു നഷ്ടവും വന്നിട്ടില്ല. കുറേയധികം അതിശയോക്തിപരമായി വന്നിട്ടുള്ള ചില കാര്യങ്ങൾ, ചില കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് മാത്രമാണ് ഞങ്ങൾക്ക് ഇതുവരെ അന്വേഷിച്ചതിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അഡ്വക്കേറ്റ് ജനറലിൽ നിന്ന് റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശദമായ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ഔദ്യോഗികമായിട്ടുള്ള കാര്യം പറയാൻ സാധിക്കു. പക്ഷേ ഗവൺമെന്റിന് ഏതെങ്കിലും വിധത്തിൽ നഷ്ടം വരുന്ന, ഗവൺമെന്റിന്റെ താൽപ്പര്യത്തിന് ഹാനികരമായിട്ടുള്ള യാതൊന്നും സംഭവിക്കാൻ അനുവദിക്കില്ല. അതുസംബന്ധിച്ച വ്യക്തമായ ഉറപ്പ് തരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനോടകം നടത്തിയ അന്വേഷണത്തിൽ ചില കമ്മ്യൂണിക്കേഷൻ ഗ്യാപ്പിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ചില വാർത്തകളും കാര്യങ്ങളുമൊക്കെ ഉണ്ടെന്നുള്ളതാണ് മനസ്സിലാകുന്നത്. നമ്മുടെ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വളരെയേറെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനകത്ത് ഒരു വിധത്തിലും അഴിമതി നടക്കാൻ പാടില്ല, ഒരുവിധത്തിലും ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാതെ പോകരുത് എന്നതിൽ ഗവൺമെന്റിന് അധിക താൽപ്പര്യമുണ്ട്. അതുപോലെതന്നെ വിവാദങ്ങളിൽ കുരുങ്ങി നമ്മുടെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടരുത് എന്നതിലും ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കാനും ഗവൺമെന്റിന് നഷ്ടം വരാൻ പാടില്ല എന്നുള്ള കാര്യത്തിലും യാതൊരു വിട്ടുവീഴ്ചയുമില്ല. ആ നല്ല അർത്ഥത്തോടുകൂടി ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ, വികാരങ്ങൾ ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതേസമയം നമ്മുടെ സംസ്ഥാനത്ത് വിപുലമായിട്ടുള്ള വികസന പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണം കടമെടുത്തുകൊണ്ട് വളരെ വേഗത്തിൽ നടക്കുകയാണ്. അത് വിവാദങ്ങളിൽ കുരുങ്ങി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകരുത് എന്ന് താൽപ്പര്യമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ അഡ്വക്കേറ്റ് ജനറൽ യഥാസമയം ഇടപെടാത്തതുകൊണ്ടാണ് ഇത് നടക്കാതെ പോയതെന്നാണ് പത്രത്തിൽ വന്ന വാർത്ത. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഇല്ലാതെ വന്നിരിക്കുന്നത് എന്നുള്ളതാണ് മുഖ്യമന്ത്രി പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്. പക്ഷേ ഇതിൽ ഒരു വക്കീൽ ഇടപെട്ട് ഇങ്ങനെ ചെയ്തു എന്നുള്ളതും ഉന്നത ഉദ്യോഗസ്ഥൻമാർ ഇതിൽ ഇടപെട്ടു എന്നുള്ളതും ഗൗരവപരമായ കാര്യമല്ലേ? അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: എന്നെക്കൊണ്ട് ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ അന്വേഷിക്കാവുന്ന കാര്യങ്ങൾ അന്വേഷിച്ചു. അത് കുറേയധികം അതിശയോക്തി പരമായവാർത്തയാണ്. കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് അതിനകത്തുണ്ടായിട്ടുണ്ട്. എന്നാലും അഡ്വക്കേറ്റ് ജനറലിന്റെ വിശദീകരണം കൂടി കിട്ടിയതിനുശേഷമേ ഒരു അവസാന തീരുമാനത്തിലേക്ക് എത്തുകയുള്ളൂ. പക്ഷേ ഈ സഭയ്ക്ക് ഞാൻ ഉറപ്പുതരുന്നു, ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്ക് ഹാനികരമായ യാതൊന്നും സംഭവിക്കാൻ അനുവദിക്കില്ല, അതേസമയം നമ്മുടെ നാട്ടിൽ വളരെ വേഗത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെങ്കിലും വിധത്തിലുള്ള വിവാദങ്ങളിൽ കുടുങ്ങി അതിന്റെ വേഗത കുറയാനും സമ്മതിക്കില്ല. ശ്രീ. ടി. എം. ജേക്കബ് ഇവിടെ സംസാരിച്ചപ്പോൾ കുരിയാർകുറ്റി കാരപ്പാറ കേസിനെ സംബന്ധിച്ച് പറഞ്ഞു. ഒരു കേസന്വേഷണത്തിലും ഞാൻ ഇടപെടാറില്ല. പ്രതിപക്ഷത്തിന്റെ കാര്യത്തിൽപ്പോലും ഞാൻ സ്വീകരിച്ചിട്ടുള്ള സമീപനം അതാണ്. അതിനകത്ത് രാഷ്ട്രീയമായിട്ടുള്ള വേർതിരിവോ മറ്റ് കാര്യങ്ങളോ ഒന്നുമില്ല. അദ്ദേഹം എന്നെക്കുറിച്ച് നടത്തിയിട്ടുള്ള ചില പരാമർശങ്ങളിൽ എനിക്ക് ഏതെങ്കിലും വിധത്തിൽ വിരോധമുണ്ടായി അതെനിക്ക് മാനസികമായി ബുദ്ധിമുട്ടുണ്ടായിട്ട് എന്തെങ്കിലും ചെയ്യുമോ എന്ന് അദ്ദേഹം ഭയപ്പെടുന്നുണ്ടെങ്കിൽ ഞാനൊരു കാര്യം പറയുന്നു, എനിക്ക് അതിനെ സംബന്ധിച്ചിടത്തോളം യാതൊന്നുമില്ല. ഞാൻ അതിനെ അതിന്റെ മെറിറ്റിൽ, നല്ല അർത്ഥത്തിൽ മാത്രമേ എടുക്കുകയുള്ളൂ. ഞാൻ ഈ സ്ഥാനത്ത് ഇരിക്കുമ്പോൾ പലവിധത്തിലുള്ള വിമർശനങ്ങളും കേൾക്കാൻ ബാദ്ധ്യസ്ഥനാണ്. അതിനകത്ത് യാതൊരു സംശയവും വേണ്ട. പക്ഷേ ഞാൻ ഒരു കാര്യം വിശ്വസിക്കുന്നത് അധികാരത്തിൽ ഇരിക്കുന്നവർ ശരി ചെയ്താൽ പോരാ, അത് മറ്റുള്ളവരെ കൂടി ബോദ്ധ്യപ്പെടുത്താൻ സാധിക്കണം എന്നാണ്. ഞാൻ ഇപ്പോൾ പറയുകയാണ്, ഞാൻ ഇടപെടാറില്ല, ഞാൻ ഈ കാര്യങ്ങളൊക്കെ നീതിപൂർവ്വമായി ചെയ്യുന്നുവെന്ന് പറഞ്ഞാലും ശ്രീ. ടി. എം. ജേക്കബിനെ പോലുള്ള ഒരു സഹപ്രവർത്തകന് എത്രമാത്രം സംശയവും വേദനയും ഉണ്ടായിട്ടായിരിക്കും അദ്ദേഹം ഇവിടെ പറഞ്ഞത് എന്നെനിക്കറിയാം. അതുകൊണ്ട് അദ്ദേഹത്തിന് എന്റെ കീഴിൽ നടക്കുന്ന അന്വേഷണം തൃപ്തികരമല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിന് അക്കാര്യത്തിൽ വിശ്വാസ മില്ലെങ്കിൽ ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരുന്നു, അദ്ദേഹം എഴുതിത്തന്നാൽ ഞാൻ ആ കേസ് സി.ബി.ഐ.-ക്ക് വിടാൻ തയ്യാറാണ്. കാരണം എന്നിൽ വിശ്വാസം ഇല്ലെങ്കിൽ പിന്നെ ഞാൻ പറഞ്ഞതുകൊണ്ട് മാത്രമായോ? ആ കേസിൽ ഞാൻ ഇടപെട്ടിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് എന്റെ പേര് എടുത്തുപറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്, സാധാരണ നമുക്ക് എല്ലാ കാര്യങ്ങൾക്കും ചില നടപടിക്രമങ്ങളുണ്ട്. കോടതിയിൽ ഫർദർ ഇൻവെസ്റ്റിഗേഷൻ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് നടത്തി. ആ റിപ്പോർട്ട് സബ്മിറ്റ് ചെയ്തതിനുശേഷം ഫൈനൽ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ മാസം അഞ്ചാം തീയതി വിജിലൻസ് കോടതിയിൽ സബ്മിറ്റ് ചെയ്ത് കഴിഞ്ഞു, ഇനിയിപ്പോൾ കേസ് കോടതിയുടെ പരിഗണനയിലാണ്. അതിൻമേൽ ഒരു സി.ബി.ഐ. എൻക്വയറിയുടെ ആവശ്യമില്ല. അത് കോടതിയിൽ തന്നെ കിടന്നോട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ആ റിപ്പോർട്ടിന്റെ കാര്യത്തിലൊന്നും ഇടപെട്ടിട്ടില്ല. ഏത് വിധത്തിൽ പരിശോധിച്ചാലും അത് മനസ്സിലാക്കാൻ പറ്റും. പക്ഷേ ഞാൻ പറഞ്ഞല്ലോ, ഞാൻ ശരി മാത്രം ചെയ്താൽ പോരാ, ശരിയാണെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെടുകകൂടി വേണം. അങ്ങേയ്ക്ക് അത് തോന്നിയിട്ടില്ല. എനിക്ക് അക്കാര്യത്തിൽ നല്ല വിഷമമുണ്ട്. കാരണം അങ്ങയെപ്പോലെയുള്ള ഒരു സഹപ്രവർത്തകൻ ഇവിടെ ഇത് പറയണമെങ്കിൽ എത്രമാത്രം അങ്ങേയ്ക്ക് അത് feel ചെയ്ത് കാണണം. വിജിലൻസിന്റെ അന്വേഷണത്തിൽ എനിക്ക് തൃപ്തി ഇല്ലാത്തതുകൊണ്ടോ, അത് കാര്യക്ഷമമായി നടക്കുമെന്ന വിശ്വാസമില്ലാത്തതുകൊണ്ടോ അല്ല. എനിക്ക് വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ പൂർണ്ണവിശ്വാസമാണ്. അത് നേരായ വിധത്തിൽ തന്നെ നടക്കുമെന്ന് എനിക്ക് പൂർണ്ണബോദ്ധ്യമുണ്ട്. പക്ഷേ ശ്രീ. ടി. എം. ജേക്കബിനെപ്പോലുള്ള ഒരു സഹപ്രവർത്തകൻ.....

ശ്രീ. ടി. എം. ജേക്കബ് : സർ, തെറ്റിദ്ധരിക്കരുത് ഞാൻ ഒരക്ഷരംപോലും പറയാതെ പുറകിൽ ഇരിക്കുകയായിരുന്നു എന്റെ പേര് പറഞ്ഞതുകൊണ്ട് മുന്നിൽ വന്നതാണ്. അങ്ങ് അറിവുള്ള ആളാണ്. നമുക്ക് എല്ലാവർക്കും സാമാന്യ കാര്യങ്ങളറിയാം. ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഫൈനലായിട്ട് റിപ്പോർട്ട് സബ്മിറ്റ് ചെയ്ത് കോടതിയിൽ എത്താൻവേണ്ടി മറ്റുള്ള പ്രതികൾക്ക് സമൻസ് അയയ്ക്കുവാൻവേണ്ടി പോവുകയാണ്. ആ സ്റ്റേജിൽ പോയിട്ട് അവിടെ നിന്ന് ഈ കേസ് ഇനി വിത്ഡ്രോ ചെയ്തുകൊണ്ടു പോകാൻ സാധ്യമല്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ അതിനു തയ്യാറാണ്. കാരണം ഇതേക്കുറിച്ച് അന്വേഷണത്തിൽ അങ്ങേയ്ക്ക് വിശ്വാസം ഇല്ലെങ്കിൽ നിശ്ചയമായിട്ടും അങ്ങേയ്ക്ക് പ്രയാസമുണ്ടാക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സത്യസന്ധമായതും വിശ്വസനീയമായിട്ടുള്ളതുമായ ഏതെങ്കിലും രീതി അങ്ങ് ആവശ്യപ്പെട്ടാൽ അതിനു തയ്യാറാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. കെ. എം. മാണിക്കെതിരായി ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എം. വി. ജയരാജനും കൊണ്ടുവന്ന അഴിമതിയാരോപണത്തെക്കുറിച്ച് മുഖ്യമന്ത്രിയുടെ അഭിപ്രായം ചോദിച്ചു. സർ, ഞാൻ ശ്രീ എം. വി. ജയരാജന്റെ അഴിമതിയാരോപണം മുഴുവൻ കേട്ടു. അദ്ദേഹം എഴുതിക്കൊടുത്ത ആരോപണത്തിൽ തന്നെ നിന്നുകൊണ്ട് ദീർഘനേരം സംസാരിച്ചു. അദ്ദേഹം മറ്റൊരു കാര്യവും പറഞ്ഞില്ല. അതുതന്നെ വിശദമായിട്ട് പറഞ്ഞു. മാണിസാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അത് ഓരോന്നും അക്കമിട്ട് നിഷേധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജന്റെ അഴിമതിയാരോപണവും അതിനുള്ള മറുപടിയും കേട്ട മുഴുവൻ ആളുകൾക്കും എന്താണ് അതിലെ സത്യാവസ്ഥയും യാഥാർത്ഥ്യവുമെന്നു ബോധ്യമായിട്ടുണ്ട്. പക്ഷേ ഞാൻ എടുക്കുന്നത് എനിക്ക് ബോധ്യമായ കാര്യം മാത്രമല്ല ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു ചോദ്യമാണ്. അദ്ദേഹം എഴുന്നേറ്റ് ചോദിച്ചു, അതൊക്കെ ഇരിക്കട്ടെ, അവിടെ ഗവൺമെന്റ് പുറമ്പോക്ക് ഭൂമിയിൽ കയ്യേറി കെട്ടിടം വച്ചതിനെക്കുറിച്ച് എന്തു പറയുന്നു എന്ന്. അതിന്റെ അർത്ഥം എന്താണ്? ശ്രീ. എം. വി. ജയരാജൻ പറഞ്ഞ എല്ലാ കാര്യങ്ങളും ഇവിടെ മാണി സാറിന്റെ മറുപടിയോടെ വ്യക്തമായി എന്നല്ലേ? ശ്രീ. എം. വി. ജയരാജൻ അവിടത്തെ രേഖകൾ ഉദ്ധരിച്ചുകൊണ്ട് അതിന്റെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഓരോന്ന് ഓരോന്ന് ഇവിടെ പറഞ്ഞു. ശ്രീ. എം. വി. ജയരാജൻ എഴുതിക്കൊടുത്തതും ഇവിടെ പറഞ്ഞതുമെല്ലാം മാണിസാറിന്റെ മറുപടിയോടുകൂടി അത് കേൾക്കുന്ന ആർക്കും ബോധ്യമാകും. അതിനകത്ത് അവിഹിതമായിട്ടുള്ള ഒരു ഇടപെടലോ ഒരു ഭരണാധികാരിയുടെ സാന്നിദ്ധ്യമോ പങ്കാളിത്തമോ ഉണ്ടായിട്ടില്ല എന്നു വ്യക്തമാകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാന്യനായ മുഖ്യമന്ത്രി സഭയെ മിസ്ലൈഡ് ചെയ്യുകയാണ്. റവന്യു പുറംപോക്ക് ഭൂമി കയ്യേറിക്കൊണ്ട് ശ്രീ. കെ. എം. മാണിയുടെ മരുമകൻ കെട്ടിടം നിർമ്മിച്ചതിനെക്കുറിച്ചാണ് ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ചിരുന്നത്. അതു സംബന്ധിച്ചു വ്യക്തമായ തെളിവ് ഇവിടെ സമർപ്പിച്ചു. ഇത് പരിശോധിക്കാൻ ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിക്കണമെന്നാണ് ശ്രീ. എം. വി. ജയരാജൻ ആവശ്യപ്പെട്ടത്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്നാണ് ഞാൻ ചോദിച്ചത്. ഇവിടെ ഒരു കാര്യം കൂടി, ഇവിടെ സിവിൽ സ്പ്ലൈസിനെക്കുറിച്ച് ചർച്ച നടന്ന സമയത്ത് ശ്രീ. അടൂർ പ്രകാശിനെതിരെ ഒരു ആരോപണം ഉന്നയിക്കപ്പെട്ടു. ആ ആരോപണം ഉന്നയിച്ചപ്പോൾ കാബിനറ്റ് തീരുമാനിച്ചത് 10 വർഷത്തെ കാലയളവിലേത് അന്വേഷിക്കാനാണ്. ഈ മന്ത്രിസഭയാണ് അങ്ങനെ തീരുമാനിച്ചത്; മാതൃകയാണത്. അത്തരം ഒരു ആരോപണം വന്നപ്പോൾ നിങ്ങൾ അംഗീകരിച്ചോ? ആ അന്വേഷണത്തിനകത്ത് ശ്രീ. ജി. കാർത്തികേയൻ പെടുന്നുണ്ട്, ശ്രീ. രാമചന്ദ്രൻ മാസ്റ്റർ വരെയുള്ള ആളുകൾ പെടുന്നുണ്ട്. നിങ്ങൾക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെ മാത്രമേ ഉൾപ്പെടുത്താൻ ഉദ്ദേശം ഉണ്ടായിരുന്നുള്ളുവെങ്കിൽ 5 കൊല്ലത്തെ അന്വേഷിച്ചാൽ മതിയായിരുന്നു. നിങ്ങൾ 10 കൊല്ലത്തെ അന്വേഷിക്കാൻ ആവശ്യപ്പെട്ടത് ശ്രീ. രാമചന്ദ്രൻ മാസ്റ്ററെക്കൂടി അന്വേഷണ വിധേയനാക്കാനാണ്. അങ്ങനെ നിങ്ങൾ എടുത്ത തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അങ്ങനെ തീരുമാനം എടുത്ത മന്ത്രിസഭയാണ് നിങ്ങളുടേത്. ശ്രീ. കെ. എം. മാണിക്ക് എതിരായി

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ പുറംപോക്ക് ഭൂമി കയ്യേറിയതിന് വ്യക്തമായ രേഖ ഹാജരാക്കിയിട്ട് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ടുപോലും അന്വേഷിപ്പിക്കാൻ തയ്യാറാകാത്തത് എന്തു കൊണ്ടാണെന്നാണ് ഈ സഭയ്ക്ക് അറിയേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിങ്ങൾ ഇപ്പോൾ ഇവിടെ ആരോപണം കൊണ്ടുവന്ന സമയത്ത് ശ്രീ. അടൂർ പ്രകാശ്, അവിടെ ഞങ്ങൾക്ക് ഒന്നും മറച്ചു വയ്ക്കാനില്ല, ഞങ്ങൾ ഏത് വിധത്തിലുള്ള അന്വേഷണത്തിനും തയ്യാറാണെന്നു പറഞ്ഞ ഒരു തുറന്ന മനസ്സോടുകൂടിയുള്ള സമീപനമെടുത്തപ്പോൾ നിങ്ങൾ സ്വീകരിച്ച സമീപനം എന്താണ്? അതിനെ ആ അർത്ഥത്തിൽ കണ്ടോ? നിങ്ങൾ ഇന്നലെ പറഞ്ഞത് ആ മൂന്നു മന്ത്രിമാർ രാജിവയ്ക്കണം, ശ്രീ. അടൂർ പ്രകാശ് രാജിവയ്ക്കണം, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ രാജിവയ്ക്കണം. ശ്രീ. ജി. കാർത്തികേയൻ. മാപ്പ് പറയണം എന്നാണ്. അതാണോ മര്യാദ? അപ്പോൾ നിങ്ങളോട് ഏറ്റവും മാന്യമായിട്ടുള്ള സമീപനം സ്വീകരിച്ചാലും; തുറന്ന സമീപനം സ്വീകരിച്ചാലും, നിങ്ങൾ സ്വാഗതം ചെയ്യുന്ന നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചാൽപ്പോലും അതിനെ വ്യത്യസ്തമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നവരാണ്. ഈ കാര്യത്തിൽ ആരോപണം ഉന്നയിക്കുന്നതും ആരോപണത്തിന്റെ മറുപടിയും മുഴുവനായും ഇവിടെയിരുന്നു ഞാൻ കേട്ടതാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി പൂർണ്ണമായും തൃപ്തികരമാണ്. അതിൽ മറ്റ് എന്തിനെക്കാളും കൂടുതലായിട്ട് എന്നെ ബോധ്യപ്പെടുത്തിയ ഘടകം, അങ്ങയുടെ ചോദ്യമാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഇനി ഒരു നടപടിയും ആവശ്യമില്ലെന്നുള്ള ഗവൺമെന്റിന്റെ തീരുമാനം ഞാൻ വ്യക്തമാക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, റവന്യൂ പുറംപോക്ക് ഭൂമി കയ്യേറിയ ശ്രീ. കെ. എം. മാണിയുടെ മരുമകനെ സംരക്ഷിക്കാൻവേണ്ടി മുഖ്യമന്ത്രി കൂട്ടുനിൽക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ഒന്നരക്കോടിയിൽപ്പരം രൂപവിലവരുന്ന ഭൂമിയാണ് ബഹുമാനപ്പെട്ട മന്ത്രി മാണിയുടെ മരുമകൻ കയ്യേറിയിരിക്കുന്നത്. നിങ്ങൾ അവിടെ പോയി പരിശോധിച്ചാൽപ്പോലും അത് മനസ്സിലാകും. ഇതു സംബന്ധിച്ച് ഒരു അന്വേഷണവും അവിടെ നടത്താൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നടപടിയിൽ ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധമുണ്ട്. ഇന്ന് നിയമസഭാ സമ്മേളനം അവസാനിക്കുന്ന അവസാന ദിവസമാണ്. ഞങ്ങൾക്ക് അവസാനം വരെ സഹകരിച്ചിരിക്കണമെന്നു താൽപര്യമുണ്ട്. പക്ഷേ ഗവൺമെന്റിന്റെ ഈ നിലപാടിനോട് ഞങ്ങൾക്ക് യോജിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്ന ഈ നലപാടിൽ അഴിമതിക്കാരനായ ബഹുമാനപ്പെട്ട മന്ത്രി മാണിക്ക് കൂട്ടുനിൽക്കുന്ന മുഖ്യമന്ത്രിയുടെ ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യാൻ നിർബന്ധിക്കപ്പെടുകയാണ്. ഇതിനെതിരെ നിയമസഭയ്ക്ക് പുറത്ത് ഞങ്ങൾ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്. ന്റെ നിയമസഭാ കമ്മിറ്റി അവിടെ പോയി കാര്യങ്ങൾ പരിശോധിക്കും അതുസംബന്ധിച്ച എല്ലാ റിപ്പോർട്ടും മുഖ്യമന്ത്രിക്ക് സമർപ്പിക്കും. ഇത് നിയമസഭയ്ക്കകത്ത് നിങ്ങൾ പരിശോധിക്കുന്നില്ലെങ്കിൽ നിയമസഭയ്ക്ക് പുറത്ത് വമ്പിച്ച ബഹുജന പ്രക്ഷോഭം ഞങ്ങൾ സംഘടിപ്പിക്കാൻ നിർബന്ധിക്കപ്പെടും എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി).

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ സമാപന ദിവസം അഴിമതിയുടെ ഒരു പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം ശ്രമിച്ചു. അതിൽ ദയനീയമായി പരാജയപ്പെട്ടതു കൊണ്ടാണ് ഈ വാക്കൗട്ട്.

മി. സ്പീക്കർ : 2005-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രിതകൂലിക്കുന്നവർ.....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, 2005-ലെ കേരള ധനകാര്യ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (*ശ്രീ. ആര്യാടൻ മുഹമ്മദ്*) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2005-ലെ കേരള ധനകാര്യ (9-ാം നമ്പർ) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിക്കുന്നു; ബിൽ പാസായിരിക്കുന്നു.

XIII. അവകാശലംഘന പ്രശ്നങ്ങൾ

(1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : പതിനൊന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ മാറാട് സംഭവം ഒത്തുതീർപ്പാക്കിയതിന്റെ വ്യവസ്ഥകൾ സംബന്ധിച്ച് 19-1-2004-ലെ നക്ഷത്രചിഹ്നമിട്ട 8-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടി മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ 5-5-2004-ൽ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഈ പ്രശ്നം വിശദമായി പരിശോധിക്കുകയുണ്ടായി. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 156 (ii) അനുസരിച്ച് അടുത്ത

LIBRARY ARCHIVES Kerala Legislative Assembly